<u>നിയമനിർമ്മാണ കാര്യം</u>

(1) <u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ</u>

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി <u>(ശ്രീ. വി. എസ്. ശിവകുമാർ)</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവും ഖാദി-ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി <u>(ശ്രീ. സി. എൻ. ബാലകൃഷ്ണൻ):</u> സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഈ വിഷയം ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ ഉന്നയിച്ചതു തന്നെയാണ്. അവിടെ പറഞ്ഞതെങ്കിലും അതു സംബന്ധിച്ച് സഭയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് തോന്നിയതുകൊണ്ടാണ് ഇപ്പോൾ ഉന്നയിക്കുന്നത്. ഇവിടെ 34-ാം നമ്പർ ഓർഡിനൻസിന് പകരമുള്ള ഒരു ബില്ല് കഴിഞ്ഞ നിയമസഭയിൽ അവതരിപ്പിച്ചു. ആ ബില്ല് സബ്ജക്ട് കമ്മിറ്റിക്ക് വിട്ടു.

<u>മി. സ്പീക്കർ</u>: ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ഇടപെടുകയല്ല, അന്ന് ശ്രീ. എ. കെ. ബാലൻ ഇതുമായി ബന്ധപ്പെട്ട് ക്രമപ്രശ്നം ഉന്നയിക്കുകയും നമ്മൾ ഇവിടെ ചർച്ച ചെയ്യുകയും ചെയ്തു.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, അതിനുശേഷം ആ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് വിട്ട് ഇപ്പോൾ ലൈവായി നിൽക്കുന്നുണ്ട്. ഭരണഘടനയിലെ 196 അനുച്ഛേദം 3 പ്രകാരം നിയമസഭാ സമ്മേളനം ഇല്ലാതായാലും

സഭയിൽ വന്നുകഴിഞ്ഞത് ഒഴിവായി പോകുന്നില്ല, അത് നിലനിൽക്കുകയാണ്. അത് നിലനിൽക്കേ നിയമസഭാ സമ്മേളനം കഴിഞ്ഞപ്പോൾ മറ്റൊരു ഓർഡിനൻസ് പുറപ്പെടുവിച്ചു – ഓർഡിനൻസ് 42. നേരത്തെയുള്ള അതേ വ്യവസ്ഥകൾ തന്നെ ചേർത്തുകൊണ്ടാണ് ഈ പുതിയ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളത്. അത് യഥാർത്ഥത്തിൽ നേരത്തെയെടുത്ത നടപടികൾക്ക് അംഗീകാരം കിട്ടുന്നതിനുവേണ്ടി എടുത്ത ഒരു നടപടിക്രമം മാത്രമാണ്. അങ്ങനെ ചെയ്തതുകൊണ്ട് നിയമസഭയെ മറികടക്കുകയാണ് ചെയ്തിരിക്കുന്നത്. നിയമസഭയുടെ അധികാരത്തെ മറികടക്കത്തക്കവിധത്തിൽ ഇങ്ങനെയൊരു ഓർഡിനൻസ് പുറപ്പെടുവിച്ചത് ശരിയല്ല. ഗവൺമെന്റിന് വേറൊന്നും സംഭവിക്കാനില്ല. ഇതു പ്രകാരം ദേവസ്വം ബോർഡുകളിൽ സ്ത്രീകളുടെ പ്രാതിനിധ്യം ഒന്നും വേണ്ട എന്നു തീരുമാനിച്ചതാണ് ഒരു നേട്ടം. സ്ത്രീകൾക്ക് എല്ലാ സ്ഥലത്തും പ്രാതിനിധ്യം കൊടുക്കണമെന്നു പറയുമ്പോൾ ദേവസ്വം ബോർഡിൽ സ്ത്രീ പ്രാതിനിധ്യം വേണ്ട എന്നു പറയുന്നത് ഒരു മഹത്വമായിട്ടാണ് ഓർഡിനൻസ് പുറപ്പെടുവിച്ചിരിക്കുന്നത്. മുഴുവൻ നിയമനങ്ങളും പി.എസ്.സി.ക്ക് വിട്ടത് എടുത്തുകളഞ്ഞുകൊണ്ട് അതൊരു ബോർഡിനുകൊടുക്കുന്നതിന് റൂൾസുണ്ടാക്കാൻ അനുമതി കൊടുത്തുകൊണ്ടുള്ള വ്യവസ്ഥകളും ഇതിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. ഇത്തരത്തിൽ വളരെയധികം വിമർശനവിധേയമായിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കാൻ വീണ്ടുമൊരു ഓർഡിനൻസ് പുറപ്പെടുവിച്ചത് എന്തിനാണ്? മുമ്പുണ്ടായിരുന്നതുതന്നെ ഇവിടെ പാസ്സാക്കിയെടുക്കാൻ ഗവൺമെന്റിന് ഭൂരിപക്ഷമുണ്ടല്ലോ. അതു ചെയ്യുന്നതിനുപകരം വളഞ്ഞ വഴിയിൽക്കൂടി നിയമസഭയെ മറികടക്കുന്ന ഒരു നടപടി ഇവിടെ ഉണ്ടായിരി

ക്കുകയാണ്. ഇങ്ങനെ മുമ്പൊരിക്കലുണ്ടായി എന്നു പറഞ്ഞു, അന്നൊരു റൂളിംഗുണ്ടായിട്ടുണ്ട്. ഞാനത് നിഷേധിക്കുന്നില്ല. പക്ഷേ, ഇങ്ങനെയുള്ള നടപടികളുണ്ടാകാൻ പാടില്ല, ഇത് ആവർത്തിക്കരുതെന്ന് അന്നത്തെ സ്പീക്കർ പറഞ്ഞിട്ടുണ്ട്. ഇങ്ങനെ വരുന്നത് നിയമസഭയ്ക്കുള്ള അധികാരങ്ങൾ കവർന്നെടുക്കലാണ്. ഇത് ആവർത്തിക്കുന്ന സ്ഥിതിയുണ്ടാകും. അതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കർ ഈ പ്രശ്നത്തിൽ ഇടപെടണം. ഇത് അവതരിപ്പിക്കാൻ അനുമതി കൊടുത്തു. ഓർഡിനൻസ് നിരാകരിക്കാനുള്ള പ്രമേയത്തിനും അങ്ങ് അനുമതി നൽകിയിട്ടുണ്ട്. സംസാരിക്കാനുള്ള അനുമതിയും തന്നിട്ടുണ്ട്. ബഹുമാനപ്പെട്ട ചെയർ അങ്ങനെയുള്ള സമീപനമെടുത്തിട്ടുണ്ട്. പക്ഷേ, ഈ പ്രശ്നം സഭയുടെ ശ്രദ്ധയിൽപ്പെടുത്താതെ പോകുന്നത് ശരിയല്ല എന്നുള്ളതുകൊണ്ടാണ് ഞാൻ അത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. അങ്ങ് ഇക്കാര്യത്തിൽ ഒരു നിലപാട് പ്രഖ്യാപിക്കുമെന്ന് ഞാൻ കരുതുന്നു.

ശ്രീ. മാത്യൂ ടി. തോമസ്: സർ, ഇവിടെയുള്ള നിയമപരമായ, സാങ്കേതികമായ പ്രശ്നം മാത്രമാണ് ഞാൻ പറയുന്നത്. 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്ന ഘട്ടത്തിൽ അതിന്റെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണം 7-ാം ഖണ്ഡികയിൽ പറയുന്നുണ്ട്. 2013-ലെ 34-ാം നമ്പർ ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയിൽ ഒരു ആക്ട് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചാണ് ഈ ബിൽ. അപ്പോൾ 34-ാം നമ്പർ ഓർഡിനൻസിന് പകരം കൊണ്ടുവരുന്ന ഒരു ബിൽ സബ്ജക്ട്കമ്മിറ്റിയുടെ പരിഗണനയ്ക്ക് പോയിവന്നപ്പോൾ അതിന്റെ 17-ാ

മത്തെ ഖണ്ഡികയിൽ പറയുന്നത്, 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദു മതസ്ഥാപനങ്ങൾ (ഭേദഗതി) ഓർഡിനൻസ് 2013-ലെ 34-ാം നമ്പർ ഓർഡിന ൻസിനാൽ റദ്ദാക്കിയിരിക്കുന്നു എന്നാണ്. അപ്പോൾ 34-ാം നമ്പർ ഓർഡി നൻസിനുപകരം ഒരു ബിൽ അവതരിപ്പിച്ച് ആ ബിൽ ചർച്ചചെയ്ത് സബ്ജക്ട് കമ്മിറ്റിക്ക് അയച്ച് തിരിച്ചുവന്നിരിക്കുകയാണ്. 42-ാം നമ്പർ ഓർഡിനൻസിനുപകരമായി ഒരു ബിൽ ഇവിടെ അവതരിപ്പിച്ചിട്ടില്ല. 34-ാം നമ്പർ ഓർഡിനൻസിനുപകരമുള്ള ബിൽ ചർച്ചചെയ്യുന്നതിനിടയ്ക്ക് 42-ാം നമ്പർ ഓർഡിനൻസിനെ സംബന്ധിച്ച് പകരം ഒരു ബിൽ ഇവിടെ അവതരി പ്പിക്കപ്പെട്ടിട്ടില്ല എന്നതാണ് പ്രശ്നം. ഇക്കാര്യത്തിൽ നിയമവകുപ്പ് നൽകിയി ട്ടുള്ള ഉപദേശം എന്താണ്? എങ്ങനെയാണ് ഇത് സാധ്യമായത്. പഴയ കീഴ്വഴക്കം മാത്രം പറഞ്ഞാൽ പോരാ. നിയമപരമായി നിയമവകുപ്പ് ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ, 42-ാം നമ്പർ ഓർഡിനൻസിനു പകരമായി ഒരു നിയമം സഭയിൽ അവതരിപ്പിച്ചിട്ടുണ്ടോ; 34-ാം നമ്പർ ഓർഡിനൻസിനു പകരമായി അവതരിപ്പിച്ചിരിക്കുന്ന ബിൽ ചർച്ചചെയ്യുമ്പോൾ ഒരു അമെന്റ്മെന്റ് കൊണ്ടുവന്ന് ഈ ഓർഡിനൻസിന്റെ നമ്പർ മാറ്റിയാൽ അതിന് നിയമപരമായി സാധുതയുണ്ടോ എന്നുള്ള നിയമപ്രശ്നമാണ് ഞാൻ ഉന്നയി ക്കുന്നത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ഓർഡിനൻസ് 2013-ലെ 34-ാം നമ്പർ ഓർഡി നൻസിന് പകരം കൊണ്ടുവന്നിട്ടുള്ള ബില്ലാണ് (ബിൽ നമ്പർ 227). മേൽപ്പ

റഞ്ഞ ഓർഡിനൻസ് ലാപ്സായിട്ടുള്ളതിനാൽ അതിനു പകരം 2013–ലെ 42–ാം ഓർഡിനൻസ് ഗവർണർ വിളംബരം ചെയ്തു. അങ്ങനെയുള്ള സാഹചര്യത്തിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങളും കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 75(2)–ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിയമനിർമ്മാണം അടിയന്തിരമായി ആവശ്യമാക്കിത്തീർത്ത സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള ഒരു പ്രസ്താവന പ്രസ്തുത ചട്ടമനുസരിച്ച് മേശപ്പുറത്ത് വച്ചിട്ടുണ്ട്. മാത്രമല്ല സഭയുടെ പരിഗണനയിലുള്ള ബില്ലുകൾ പിൻവലിക്കുന്നത് സംബന്ധിച്ചുള്ള 94–ാം ചട്ടത്തിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഒരു സാഹചര്യം ഇപ്പോൾ നിലനിൽക്കുന്നില്ല. ബില്ലിൽ റദ്ദാക്കലും ഒഴിവാക്കലുമെന്ന വ്യവസ്ഥയിൽ ഓർഡിനൻസിന്റെ നമ്പരിൽ മാത്രമേ വ്യത്യാസം വരുത്തേണ്ടതുള്ളൂ. ആയതിനാൽ ഔദ്യോഗിക ഭേദഗതി കൊണ്ടുവരുന്നുണ്ട്. ബില്ലിലെ മറ്റു വ്യവസ്ഥകളിലൊന്നും മാറ്റം വരുത്താൻ ഉദ്ദേശിച്ചിട്ടില്ലാത്തതിനാൽ സഭയുടെ പരിഗണനയിലുള്ള ബിൽ പിൻവലിച്ച് മറ്റൊരു ബിൽ കൊണ്ടുവരേണ്ട ആവശ്യം ചട്ടപ്രകാരം നിലവിലില്ല എന്നുള്ളതാണ് പറയാനുള്ളത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇവിടെ ചർച്ച ചെയ്യപ്പെടാൻ പോകുന്നത് ഓർഡിനൻസ് 42 പ്രകാരമുള്ളതാണോ ഓർഡിനൻസ് 34 പ്രകാരമുള്ളതാണോ. 43–ാം ഓർഡിനൻസ് പോയെങ്കിൽ 42 പ്രകാരം എന്തുകൊണ്ട് ഒരു ബിൽ കൊണ്ടുവരുന്നില്ല.

ശ്രീ. വി. എസ്. ശിവകുമാർ: 2012 നവംബർ 10–നാണ് ഓർഡിനൻസ് പുറപ്പെടുവിച്ചത്. അന്ന് അസംബ്ലിയുണ്ടായിരുന്ന സമയമായിരുന്നു. അതനുസരിച്ചുള്ള ഒരു ബോർഡ് നിലവിൽ വന്നു. പിന്നീട് ബിൽ പരിഗണിക്കാൻ

കഴിയാതിരുന്ന സമയത്തെല്ലാം ഓർഡിനൻസ് റീ-പ്രൊമുൽഗേറ്റ് ചെയ്തു. ബിൽ 2013 മാർച്ചിൽ ആരംഭിച്ച് ഏപ്രിൽ 10-ന് അവസാനിച്ച സഭയുടെ സമ്മേളന കാലത്താണ് ബിൽ പ്രസിദ്ധീകരിച്ചത്. പക്ഷേ, ബിൽ അന്ന് അവതരിപ്പിക്കാൻ കഴിഞ്ഞില്ല. വീണ്ടും ഏപ്രിൽ 25-ന് റീ-പ്രൊമുൽഗേറ്റ് ചെയ്തു. 11-6-2013-ൽ ഈ ബിൽ സഭയിൽ അവതരിപ്പിക്കുകയും 2013 ജൂൺ 20-ാം തീയതി സബ്ജക്ട് കമ്മിറ്റി പരിഗണിച്ച് റിപ്പോർട്ട് ചെയ്തു. കഴിഞ്ഞ പ്രാവശ്യം അത് സഭയിൽ പാസ്സാക്കാൻ കഴിഞ്ഞില്ല. അതിനാലാണ് വീണ്ടും ഓർഡിനൻസ് 2013 ജൂലൈ 18-ന് പുനഃപ്രസിദ്ധീകരിച്ചത്. 2013-ലെ ഓർഡിനൻസിന്റെ വ്യവസ്ഥകൾ നിലനിൽക്കുന്നതിനുവേണ്ടിയാണ് റീ-പ്രൊമുൽഗേറ്റ് ചെയ്തത്. ഇപ്രകാരം ചെയ്തപ്പോൾ നേരത്തെ സൂചിപ്പിച്ചതുപോലെ 75(2) അനുസരിച്ചുള്ള സ്റ്റേറ്റുമെന്റ് മേശപ്പുറത്ത് വച്ചിട്ടുണ്ട്. നമ്പറിൽ മാത്രമാണ് ഇതിനകത്ത് ഒരു വ്യത്യാസം വരുന്നത്. അത് ഒഫിഷ്യലായി അമന്റ്മെന്റ് കൊണ്ടുവരുന്നുണ്ട്.

<u>ശ്രീ. മാത്യു. റ്റി. തോമസ്</u>: ഇപ്പോൾ 75(2) പാലിച്ചു എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. ഭരണഘടനയുടെ 213-ാം അനുച്ഛേദം അതിന്റെ രണ്ടാം ഉപഅനുച്ഛേദം പറയുന്നത് അങ്ങനെ ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചാൽ ആ ഓർഡിനൻസ്സുതന്നെ മേശപ്പുറത്തുവയ്ക്കണം. അതുണ്ടായിട്ടില്ല. 213 (2) ലുള്ള സ്റ്റേറ്റുമെന്റ് ഞാൻ വായിക്കാം. An Ordinance promulgated under this article shall have the same force and effect as an Act of the Legislature of the State assented to by the Governor, but every such Ordinance shall be laid before the Legislative Assembly of the State, or

where there is Legislative Council in the State. ഈ സ്റ്റേറ്റുമെന്റ് നിയമ സഭാ നടപടി ക്രമത്തിൽ 75(2) പാലിച്ചു എന്നു പറഞ്ഞാൽ മതിയാകില്ല. ഭരണഘടനയുടെ 213(2) പാലിച്ചിട്ടുണ്ടോ എന്ന പ്രശ്നം കൂടി ഇവിടെ വരികയാണ്. ഇവിടെ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ചോദിച്ചതു പോലെ 42-ാം നമ്പർ ഓർഡിനൻസിന് പകരമായി ഒരു നിയമം അവതരിപ്പിച്ചിട്ടുണ്ടോ? അങ്ങനെ ഒരു നിയമമുണ്ടോ? ആ ഓർഡിനൻസ് മേശപ്പുറത്തു വച്ചിട്ടുണ്ടോ?

ശ്രീ. വി. എസ്. ശിവകുമാർ: സബ്ജക്ട് കമ്മിറ്റിക്ക് അയച്ച് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുള്ള ബില്ലാണിത്. ഇതിനകത്ത് മറ്റ് വ്യത്യാസങ്ങളോ മാറ്റങ്ങളോ ഒന്നുമില്ല. ഓർഡിനൻസിന്റെ നമ്പറിൽ മാത്രമേ മാറ്റമുള്ളു. അത് ഔദ്യോഗികമായിട്ടുള്ള ഭേദഗതിയിലൂടെ കൊണ്ടുവരുന്നുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നമ്പറിൽ മാറ്റമുണ്ടെങ്കിലും സാങ്കേതികമായിട്ടുള്ള ഒരു പ്രശ്നമുണ്ട്. ഇത് ഒരു പുതിയ ഓർഡിനൻസാണ്. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് പ്രകാരമുള്ള പഴയ ഓർഡിനൻസ് ഇപ്പോൾ നിലനിൽക്കുന്നില്ല. 34-ാമത് ഓർഡിനൻസ് ലാപ്സായിപോയി. ഇപ്പോൾ 42-ാം ഓർഡിനൻസാണ് നിലനിൽക്കുന്നത്. അത് സഭയുടെ മേശപ്പുറത്ത് വച്ച് അതിനനുസരിച്ചൊരു ബിൽ എന്തുകൊണ്ടാണ് ഗവൺമെന്റ് കൊണ്ടുവരാത്തത്? അതാണ് ഞങ്ങൾ ഉന്നയിക്കുന്ന പ്രശ്നം. അതുകൊണ്ട് ലാ വകുപ്പിന് ഇതുസംബന്ധിച്ച് എന്തെങ്കിലും അഭിപ്രായമുണ്ടോ? ലാ മിനിസ്റ്ററെ ഇവിടെ കാണുന്നില്ല. ലാ ഡിപ്പാർട്ടുമെന്റ് എന്തെങ്കിലും കാര്യങ്ങൾ നിർദ്ദേശിച്ചിട്ടുണ്ടോ; ലാ ഡിപ്പാർട്ടുമെന്റ് അഭിപ്രായം തേടിയിട്ടുണ്ടോ? അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റ് വാങ്ങിയിട്ടുണ്ടോ? അതാണ് അങ്ങ് പറയേണ്ടത്.

ശ്രീ. വി. എസ്. ശിവകുമാർ : ലാ ഡിപ്പാർട്ടുമെന്റിന്റെ അഭിപ്രായമാണ് ഞാൻ ആദ്യം പറഞ്ഞത്. ഇവിടെ ചർച്ച ചെയ്ത ബിൽ സബ്ജക്ട് കമ്മിറ്റിയിൽ പോയി, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത ബിൽ, അതിനകത്ത് മറ്റൊരു മാറ്റവും വരുത്തിയിട്ടില്ല.

മി. സ്പീക്കർ : ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ലാ ഡിപ്പാർട്ടുമെന്റ് കൊടുത്ത അഡ്വൈസ് അദ്ദേഹം ഇവിടെ ആദ്യമേ പറഞ്ഞുകഴിഞ്ഞു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 42–ാം ഓർഡിനൻസ് കൊണ്ടുവരാൻ ബിൽ വേണ്ടെന്ന് ലാ ഡിപ്പാർട്ടുമെന്റ് പറഞ്ഞിട്ടുണ്ടോ; പഴയ ബില്ലു തന്നെ മതിയെന്ന അഭിപ്രായമാണോ ലാ ഡിപ്പാർട്ടുമെന്റിനുള്ളത്. അത് സഭയ്ക്കറിയേണ്ടേ?

ശ്രീ. എ. കെ. ബാലൻ : 32–ന്റെ ബില്ല് മതിയോ 42–ന്റെ ഓർഡിനൻസിന് എന്നതാണ് സാങ്കേതിക പ്രശ്നം.

ശ്രീ. വി. എസ്. ശിവകുമാർ: ലാ ഡിപ്പാർട്ടുമെന്റിന്റെ അഭിപ്രായം തന്നെയാണ് ഞാൻ ഇവിടെ പറഞ്ഞത്.

മി. സ്പീക്കർ : സ്വാഭാവികമായും ഇത്തരം കാര്യങ്ങളിൽ ലാ ഡിപ്പാർട്ടുമെന്റ് പറയുന്നതിനെ മന്ത്രിമാർ ആശ്രയിക്കാറുണ്ട്. ലാ ഡിപ്പാർട്ടുമെന്റിന്റെ അഭിപ്രായം അദ്ദേഹം പറഞ്ഞു കഴിഞ്ഞു. He is not a legal expert. Yes, please...

ശ്രീ. എ. കെ. ബാലൻ : അങ്ങനെയാണെങ്കിൽ ആ ഓർഡിനൻസ് നിരാകരിക്കണം.

മി. സ്പീക്കർ : ശ്രീ. ബാലൻ, ഈ ബില്ലിനുള്ള നിരാകരണ പ്രമേയം അവതരിപ്പിച്ചുകൊണ്ട് നാലുപേർ സംസാരിക്കുന്നുണ്ട്.

ശ്രീ. വി. എസ്. ശിവകുമാർ : ഇതിനെ സംബന്ധിച്ചുള്ള പുതിയ ഓർഡിനൻസ് സഭയിൽ വച്ചിട്ടുണ്ട്. അതുകൊണ്ട് പുതിയ ബിൽ ആവശ്യമില്ലെന്നുള്ളതാണ് നിയമവകുപ്പിന്റെ അഭിപ്രായമായി അവർ അറിയിച്ചിട്ടുള്ളത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഓർഡിനൻസ് നിരാകരിക്കുന്നതിനുള്ള അവകാശം സ്പീക്കർക്കുണ്ട്. ഞങ്ങൾക്ക് അറിയേണ്ടത് ഇതിനൊരു പുതിയ ബിൽ അവതരിപ്പിക്കേണ്ടതില്ലെന്ന് ലാ ഡിപ്പാർട്ടുമെന്റ് എഴുതിത്തന്നിട്ടുണ്ടോ? അങ്ങനെ ലാ ഡിപ്പാർട്ടുമെന്റ് ഒരു അഭിപ്രായം അറിയിച്ചിട്ടുണ്ടോ? അങ്ങനെ ഒരു അഭിപ്രായം ലാ ഡിപ്പാർട്ടുമെന്റ് അറിയിച്ചിട്ടുണ്ടെങ്കിൽ അത് മേശപ്പുറത്ത് വയ്ക്കണം.

ശ്രീ. വി. എസ്. ശിവകുമാർ : ഓർഡിനൻസിന്റെ കോപ്പി മേശപ്പുറത്ത് വച്ചിട്ടുണ്ട്. പുതിയ ബിൽ ആവശ്യമില്ലെന്നാണ് ലാ ഡിപ്പാർട്ടുമെന്റ് അറിയിച്ചിട്ടുള്ളത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ലാ ഡിപ്പാർട്ടുമെന്റ് തന്ന സ്റ്റേറ്റുമെന്റ് മേശപ്പുറത്തു വയ്ക്കണം. ഇതൊരു അക്കാദമിക് ഡിസ്കഷനല്ലെ; നിയമനിർമ്മാണസഭയല്ലേ?

മി. സ്പീക്കർ : തീർച്ചയായും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇത് ചരിത്രത്തിന്റെ ഭാഗമല്ലേ? നിയമനിർമ്മാണം എന്നുപറയുന്നത് ചരിത്രത്തിന്റെ ഭാഗമാണ്. ഭാവിതലമുറയും ഇത് പഠിക്കണം. ലാ സ്റ്റുഡൻസിന് ഇത് പഠിക്കേണ്ടിവരും. അതുകൊണ്ട് ലാ ഡിപ്പാർട്ടുമെന്റിന്റെ കോപ്പി മേശപ്പുറത്തുവയ്ക്കണം.

ശ്രീ. വി. എസ്. ശിവകുമാർ : ലാ ഡിപ്പാർട്ടുമെന്റിന്റെ അഭിപ്രായം മേശപ്പുറത്ത് വയ്ക്കുന്നതാണ്.

# റൂളിംഗ്

2013–ലെ തിരുവിതാംകൂർ–കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ, 2013–ലെ മദ്രാസ് ഹിന്ദു–മത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ എന്നിവ 2013 ജൂൺ 11–ാം തീയതി സഭയിൽ അവതരിപ്പിക്കുകയും ചർച്ചയ്ക്ക് ശേഷം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു. പ്രസ്തുത ബില്ലുകൾ 2013–ലെ 34–ഉം 35–ഉം നമ്പർ ഓർഡിനൻസുകൾക്ക് പകരമുള്ള ബില്ലുകളായിരുന്നു. സബ്ജക്ട് കമ്മിറ്റി പ്രസ്തുത ബില്ലുകൾ പരിഗണിച്ച് അതിന്റെ റിപ്പോർട്ട് ജൂൺ 20–ാം തീയതി സഭയിൽ സമർപ്പിച്ചു. ജൂലൈ 18 വരെ ചേരാൻ നിശ്ചയിച്ചിരുന്ന ഒൻപതാം സമ്മേളനം ജൂലൈ 9–ാം തീയതി സമാപിപ്പിച്ച സാഹചര്യത്തിലാണ് മേൽപ്പറഞ്ഞ ബില്ലുകൾ പരിഗണനയ്ക്ക് എടുക്കുവാൻ കഴിഞ്ഞ സമ്മേളനത്തിൽ കഴിയാതെ വന്നത്. പ്രസ്തുത ഓർഡിനൻസുകൾ ലാപ്സ് ആകുന്നതിനു മുമ്പ് അതിലെ നിർദ്ദേശങ്ങൾക്ക് തുടർ പ്രാബല്യം നല്കുന്നതിന് 2013 ജൂലൈ 19–ാം തീയതി 42–ഉം 43–ഉം നമ്പർ ഓർഡിനൻസുകൾ ഗവർണ്ണർ പ്രൊമുൽഗേറ്റ് ചെയ്തു. സഭ മുമ്പാകെ പെന്റിംഗ് ആയിട്ടുള്ള ബില്ലുകളിലെ വകുപ്പുകൾക്ക് യാതൊരു മാറ്റവും വരുത്താതെയാണ് ഓർഡിനൻസ് നമ്പർ 42–ഉം 43–ഉം പുറപ്പെടുവിച്ചിട്ടുള്ളത്. നിയമസഭയുടെ മുമ്പാകെ നിലവിലുള്ള ബില്ലിലെ വ്യവസ്ഥകൾ മുഴുവനായോ ഭാഗീകമായോ അഥവാ ഭേദഗതിയോടുകൂടിയോ ഒരു ഓർഡിനൻസായി പ്രസിദ്ധപ്പെടുത്തുമ്പോൾ ഓർഡിനൻസ് പുറപ്പെടുവിച്ചതിന് തൊട്ടടുത്തുവരുന്ന സമ്മേളനത്തിന്റെ പ്രാരംഭത്തിൽ ഓർഡിനൻസു വഴി അടിയന്തര നിയമനിർമ്മാണം നടത്തുവാനു

ണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ബന്ധപ്പെട്ട മന്ത്രി നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്ന് നിയസഭാ നടപടിചട്ടം 75(2) അനുശാസിക്കുന്നുണ്ട്. 42-ഉം 43-ഉം നമ്പർ ഓർഡിനൻസുകളെ സംബന്ധിക്കുന്ന ചട്ടം 75(2) പ്രകാരമുള്ള സ്റ്റേറ്റ്മെന്റുകൾ 2014 ജനുവരി 6-ാം തീയതി സഭയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ട്. സഭ മുമ്പാകെ പെന്റിംഗ് ആയിട്ടുള്ള ഒരു ബിൽ സംബന്ധിച്ച് ഓർഡിനൻസ് പുറപ്പെടുവിക്കുന്ന സാഹചര്യത്തിൽ ചട്ട പ്രകാരം കൈക്കൊള്ളേണ്ട നടപടി ഇതിനകം തന്നെ എടുത്തിട്ടുണ്ട്. 2003 ഫെബ്രുവരി 13-ാം തീയതി സഭ പരിഗണിച്ച് പാസ്സാക്കിയ 2002-ലെ കേരള കോർട്ട് ഫീസും വ്യവഹാരസല (ഭേദഗതി) ബില്ലും കഴിഞ്ഞ സഭയുടെ കാല യളവിൽ പരിഗണനയ്ക്ക് എടുത്ത് പാസ്സാക്കിയ 2006-ലെ കേരള റോഡ് സേഫ്റ്റി അതോറിറ്റി ബില്ലും 2006-ലെ മത്സ്യത്തൊഴിലാളികളുടെയും അനു ബന്ധ തൊഴിലാളികളുടെയും ക്ഷേമസെസ്സ് ബില്ലും ഇക്രാരം സഭ ഇതിനു മുമ്പ് പരിഗണിച്ച് പാസ്സാക്കിയതായി കാണുന്നു. 2006-ലെ 35-ാം നമ്പർ ഓർഡിനൻസ്, 2006-ലെ 57-ാം നമ്പർ ഓർഡിനൻസ് എന്നിവയ്ക്കു പകര മുള്ള ബില്ലുകൾ സഭ ചർച്ച ചെയ്ത് സബ്ജക്ട് കമ്മിറ്റിക്ക് അയച്ചശേഷം 2007-ലെ 18-ാം നമ്പർ ഓർഡിനൻസ്, 2007-ലെ 19-ാം നമ്പർ ഓർഡിനൻസ് എന്നിവ യഥാക്രമം മേൽപ്പറഞ്ഞ ബില്ലുകളെ സംബന്ധിച്ച് പുറപ്പെടുവിക്കുക യുണ്ടായി. 2007-ൽ പുറപ്പെടുവിച്ച ഓർഡിനൻസിന് പകരമുള്ള ബില്ലുകളല്ല സഭ അന്ന് പരിഗണിച്ച് പാസ്സാക്കിയത്. 2014 ജനുവരി 1-ാം തീയതി ചേർന്ന കക്ഷിനേതാക്കന്മാരുടെ യോഗത്തിലും 2014 ജനുവരി 3-ാം തീയതി ചേർന്ന കാര്യോപദേശക സമിതി യോഗത്തിലും ഇക്കാര്യം ചർച്ച ചെയ്യുകയും അഭി

പ്രായ സമന്വയം ഉണ്ടായതിന്റെയും അടിസ്ഥാനത്തിലാണ് നിലവിലുള്ള ഓർഡിനൻസിനു പകരം പുതിയ ബിൽ അവതരിപ്പിച്ച് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്നതിനുപകരം സഭ മുമ്പാകെ പെന്റിംഗ് ആയിട്ടുള്ള ഈ ബിൽ പരിഗണിക്കുവാൻ തീരുമാനിച്ചത്.

2013-ലെ തിരുവിതാംകൂർ - കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബില്ലിൽ ദേവസ്വം ബോർഡിലേക്കുള്ള നിയമനം പി.എസ്.സി.-ക്ക് വിട്ടുകൊണ്ട് നിയമസഭ നടത്തിയ നിയമനിർമ്മാണത്തെ അസ്ഥിരപ്പെടുത്തുന്നതായും ദേവസ്വം ബോർഡിൽ നിലവിലുണ്ടായിരുന്ന വനിതാ സംവരണം ഒഴിവാക്കിയതും ഭരണഘടനാ തിരസ്കാരമാണെന്നാണ് ശ്രീ കോടിയേരി ബാലകൃഷ്ണൻ ഉന്നയിച്ചിരിക്കുന്ന ക്രമപ്രശ്നം.

ബില്ലിൽ പി.എസ്.സി. നിയമനം അസ്ഥിരപ്പെടുത്തുന്നതും വനിതാ സംവരണം ഒഴിവാക്കുന്നതും ഗവൺമെന്റിന്റെ നയപമായ തീരുമാനമാണ്. നിയമസഭ പാസ്സാക്കിയ ഒരു നിയമത്തിന് ഭേദഗതി കൊണ്ടുവരുവാനുള്ള അധികാരം സഭയ്ക്കുണ്ട്. ബില്ലിൽ ഭരണഘടനാ ലംഘനം ഉൾപ്പെട്ടിട്ടുണ്ടോ എന്ന് ആത്യന്തികമായി തീരുമാനിക്കുന്നത് കോടതിയാണ്.

ബിൽ പരിഗണിക്കണമെന്ന പ്രമേയം ചർച്ച ചെയ്യുമ്പോൾ നിലവിലുള്ള 42-ഉം 43-ഉം നമ്പർ ഓർഡിനൻസുകൾ നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കുവാൻ അംഗങ്ങൾക്ക് അവസരം നല്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അതിനുള്ള അവസരവും നല്കിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിലും ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബില്ലും 2013

–ലെ മദ്രാസ് ഹിന്ദു–മത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബില്ലും സഭ പരിഗണിക്കുന്നതിൽ അപാകതയൊന്നുമില്ലെന്ന് ചെയർ റൂൾ ചെയ്യുന്നു, ഉന്നയിച്ചിട്ടുള്ള തടസ്സവാദങ്ങൾ തള്ളുന്നു.

## നിയമനിർമ്മാണകാര്യം

1. 2013–ലെ തിരുവിതാംകൂർ–കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, 2013–ലെ തിരുവിതാംകൂർ–കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി ( ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, ഞാൻ പ്രയേമത്തെ പിന്താങ്ങുന്നു.

ശ്രീ. വി. എസ്. ശിവകുമാർ: സർ, തിരുവിതാംകൂർ–കൊച്ചി ദേവസ്വം ബോർഡുകൾ 1950–ലെ തിരുവിതാംകൂർ–കൊച്ചി ഹിന്ദുമത സ്ഥാപന നിയമമനുസരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ്. 1950–ൽ കൊണ്ടുവന്ന ഈ നിയമത്തിന് 2007 –ൽ കൊണ്ടുവന്ന ചില ഭേദഗതികൾക്ക് മാറ്റം വരുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഇപ്പോൾ അവതരിപ്പിക്കുന്ന ബിൽ. ഇപ്പോൾ സമർപ്പിച്ചിട്ടുള്ള ബില്ലിലെ പ്രധാന ഭേദഗതികൾ താഴെ പറയുന്നവയാണ്.

(1) ബോർഡിലെ മൂന്ന് മെമ്പർമാരിൽ രണ്ടുപേരെ മന്ത്രിസഭയിലെ ഹിന്ദു അംഗങ്ങൾ നോമിനേറ്റ് ചെയ്യും

(2) മൂന്നാമത്തെ അംഗത്തെ നിയമസഭയിലെ ഹിന്ദു അംഗങ്ങൾ തെരഞ്ഞെടുക്കും. ഇത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളായിരിക്കും

(3) പുരുഷ മെമ്പർമാരുടെ പ്രായം 45 വയസ്സും സ്ത്രീ മെമ്പറുടേത് 60 വയസ്സും പൂർത്തിയായിരിക്കണം.

(4) ബോർഡിന്റെ കാലാവധി രണ്ട് വർഷം എന്നുള്ളത് 3 വർഷമായി വർദ്ധിപ്പിക്കണം.

(5) ചട്ടങ്ങളുണ്ടാക്കാനുള്ള ബോർഡിന്റെ അധികാരത്തിൽ സർക്കാറിന്റെ മുൻഅംഗീകാരത്തോടുകൂടി എന്ന് കൂട്ടിച്ചേർക്കണം.

(6) ബോർഡിന്റെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടാനുള്ള വകുപ്പ് റദ്ദ് ചെയ്യണം.

(7) സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകരിക്കേണ്ട ആവശ്യമില്ല.

മേൽപ്പറഞ്ഞ കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് 2012-ൽ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപന (ഭേദഗതി) ഓർഡിനൻസ് എന്ന പേരിൽ ഓർഡിനൻസ് പുറപ്പെടുവിച്ചത്. ഈ ഓർഡിനൻസ് 2012 ഡിസംബറിലും, 2013 - ജനുവരിയിലും, ഫെബ്രുവരിയിലും, ഏപ്രിലിലും, ജൂലൈയിലും പുതുക്കുകയുണ്ടായി. ഈ ബില്ലിൽ കൊണ്ടുവന്നിട്ടുള്ള ഭേദഗതികളിൽ ഒന്നാമത്തേത് മൂലനിയമത്തിനനുസൃതമാണ്. അതായത് സ്ത്രീകളെ മെമ്പറായി നിയമിക്കണമെന്ന ഒരു നിബന്ധന മൂലനിയമത്തിൽ ഇല്ലായിരുന്നു. മൂന്ന് മെമ്പർമാർ എന്നുമാത്രമെ ഉണ്ടായിരുന്നുള്ളൂ. 2007-ൽ ആണ് ഒരു മെമ്പർ വനിത ആയിരിക്കണമെന്ന നിബന്ധന കൂട്ടിച്ചേർത്തത്. ഈ വ്യവസ്ഥ മാറ്റി മൂലനിയമത്തിനനുസൃതമായിട്ടാണ് ദേഭഗതി കൊണ്ടുവന്നിട്ടുള്ളത്.

രണ്ട് മെമ്പർമാരിൽ സ്ത്രീയേയോ പുരുഷനേയോ നിയമിക്കാം. പട്ടികജാതിക്കാർക്ക് ഒരു മെമ്പർ സ്ഥാനം എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയത് 2007-ലെ ഭേദഗതിയിലാണ്. അത് നിലനിർത്തിയിട്ടുണ്ട്. എം.എൽ.എ.-മാരുടെ പ്രതിനിധിയാണ് പട്ടികജാതി മെമ്പറെ തെരഞ്ഞെടുക്കുന്നത്. ബോർഡിന്റെ ശരിയായ പ്രവർത്തനത്തിന് രണ്ടുവർഷക്കാലയളവ് തികച്ചും അപര്യാപ്തമാണെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിപോലും പലപ്പോഴും അഭിപ്രായപ്പെട്ടിട്ടുണ്ട്. കാലാവധി വർദ്ധിപ്പിക്കണമെന്ന പൊതു അഭിപ്രായം കണക്കിലെടുത്താണ് രണ്ടുവർഷമെന്നുള്ളത് മൂന്നുവർഷമായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചത്. ദേവസ്വം ബോർഡിലെ ജീവനക്കാരുടെ നിയമനങ്ങൾ ഹിന്ദുക്കളാൽ നികത്തപ്പെടും. ഒരു സെക്കുലർ സ്ഥാപനമായ പബ്ലിക് സർവ്വീസ് കമ്മീഷൻ ഒരു മതസ്ഥാപനമായ ദേവസ്വം ബോർഡിലേയ്ക്ക് നിയമനങ്ങൾ നടത്തുന്നതിലെ അനൗചിത്യം ചൂണ്ടിക്കാണിച്ചുകൊണ്ട് സർക്കാരിന് നിവേദനങ്ങൾ ലഭിച്ചിരുന്നു. കൂടാതെ തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അഴിമതി ആരോപണങ്ങളെക്കുറിച്ച് അന്വേഷണം നടത്തുവാൻ 2007-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി നിയോഗിച്ച ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷന്റെ റിപ്പോർട്ടിൽ കേരളത്തിലെ ദേവസ്വം ബോർഡുകൾക്കുവേണ്ടി ഒരു ഏകീകൃത റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചു. ഈ നിർദ്ദേശം ദേവസ്വം ബോർഡും മുൻസർക്കാരും അംഗീകരിക്കുകയും കോടതി അവ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതെല്ലാം കണക്കിലെടുത്താണ് തിരുവിതാംകൂർ-കൊച്ചി-മലബാർ ദേവസ്വം ബോർഡുകൾ ഗുരുവായൂർ ദേവസ്വം, കൂടൽമാണിക്യം എന്നീ സ്ഥാപനങ്ങളിലെ എല്ലാ വിഭാഗം നിയമനങ്ങൾക്കുവേണ്ടി ഒരു ഏകീകൃത റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരി

ക്കാൻ സർക്കാർ തീരുമാനിച്ചത്. അതിന്റെ കരട് നിയമം തയ്യാറാക്കിവരിക യാണ്. പബ്ലിക് സർവ്വീസ് കമ്മീഷനെപ്പോലെ സ്വയം ഭരണാധികാരമുള്ള ഒരു സ്ഥാപനമായിരിക്കും ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്. ഈ നിയമം പ്രാബല്യത്തിൽ വന്നുകഴിയുമ്പോൾ ദേവസ്വം ബോർഡ് നിയമനങ്ങൾക്ക് സുതാര്യത ഉറപ്പുവരുന്നതാണ്. നിലവിൽ ദേവസ്വം ബോർഡ് ചട്ടങ്ങൾ ബോർഡുതന്നെയാണ് തയ്യാറാക്കുന്നത്. നിയമത്തിലെ ഈ വ്യവസ്ഥകൾക്ക് നിലവിലെ ബില്ലിൽ ഒരു ഭേദഗതി ഉൾക്കൊള്ളിച്ചിട്ടുണ്ട്. ചട്ടങ്ങൾ പുറപ്പെടു വിക്കുന്നതിനുമുമ്പ് സർക്കാരിന്റെ മുൻകൂർ അംഗീകാരം വാങ്ങണമെന്ന വ്യവസ്ഥയാണ് കൂട്ടിച്ചേർത്തിട്ടുള്ളത്. ബോർഡിൽ മൂന്ന് മെമ്പർമാർ മാത്ര മാണുള്ളത്. കൂടുതൽ ബോർഡ് മെമ്പർമാർ ഉള്ള സ്ഥാപനങ്ങളിൽ എല്ലാ കാര്യങ്ങളും ബോർഡിൽ വിശദമായി ചർച്ച ചെയ്യാൻ പ്രായോഗിക ബുദ്ധിമു ട്ടുള്ളപ്പോഴാണ് സ്റ്റാന്റിംഗ് കമ്മിറ്റി പരിഗണിച്ചശേഷം ബോർഡിന് സമർപ്പി ക്കുന്നത്. ഇവിടെ മൂന്ന് മെമ്പർമാർ മാത്രമുള്ള ബോർഡിൽ പ്രത്യേകിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയെ നിയോഗിക്കേണ്ട ആവശ്യമുണ്ടെന്ന് സർക്കാർ കരുതു ന്നില്ല. അതുകൊണ്ടാണ് പ്രസ്തുത ഭേദഗതി ഒഴിവാക്കുന്നതിന് ബില്ലിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുള്ളത്. ബിൽ സഭ ഏകകണ്ഠമായി അംഗീകരി ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ചെയർമാൻ: ശ്രീ. ജി. സുധാകരൻ, അങ്ങേയ്ക്ക് നിരാകരണ പ്രമേയം അവതരിപ്പിച്ചുകൊണ്ട് സംസാരിക്കാവുന്നതാണ്.

ശ്രീ. ജി. സുധാകരൻ: സർ, വളരെ നിസ്സാരമായ തരത്തിൽ നമ്മുടെ സമൂഹം കടന്നുവന്ന ഇതപര്യന്തമുള്ള നവീകരണ പ്രക്രിയകളൊന്നുംതന്നെ കണക്കിലെടുക്കാതെ ഫ്യൂഡൽ കാലഘട്ടത്തിലേതുപോലെ തമ്പുരാക്കൻമാർ

ചമയുന്ന ചില സാമുദായിക പ്രമാണിമാർക്കുവേണ്ടി അവർ വിജയിപ്പിച്ചുവിട്ട തിനും അവർ അധികാരം നൽകിയതിനും പ്രത്യുപകാരമായി കൊണ്ടുവന്നിരിക്കുന്ന ഈ നിയമം അങ്ങേയറ്റം ഭരണഘടനാവിരുദ്ധമാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. മാത്യു റ്റി. തോമസും ഈ നിയമം കൊണ്ടുവന്നത് ചട്ടവിരുദ്ധമാണെന്നുപറഞ്ഞു. ചെറിയ ഭൂരിപക്ഷം അംഗീകരിച്ചാൽപോലും കേരളത്തിലെ സമൂഹ മനസ്സാക്ഷി ഇത് സ്വീകരിക്കുകയില്ല. .ഭരണകക്ഷിക്ക് യാതൊരു പ്രയോജനവുമുണ്ടാകില്ലെന്നുമാത്രമല്ല ഇത് രാഹുൽ ഗാന്ധി ഉൾപ്പെടെ പറയുന്ന മതേതരത്വത്തിന് കടുത്ത ഒരു തിരിച്ചടി കൂടിയായിരിക്കും. ഈ വക കാരണങ്ങളാൽ കേരളത്തിന്റെ, ഭാരതത്തിന്റെ നവോത്ഥാന മുന്നേറ്റത്തിന് അനുകൂലമായി കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്ന, അമ്പലംവിഴുങ്ങികൾ ഒഴികെ സർവ്വരാലും അംഗീകരിക്കപ്പെട്ട ആ നിയമമാണ് നിസ്സാരമായി ഒരു പ്രസംഗംപോലും നടത്താതെ ആരോ എഴുതിക്കൊടുത്ത ഒരു സ്റ്റേറ്റുമെന്റ് വായിച്ച്......പാർലമെന്റ് മെമ്പറായിരുന്ന, കോൺഗ്രസ്സിന്റെ ഡി.സി.സി. പ്രസിഡന്റായിരുന്ന എന്റെ പ്രിയ സുഹൃത്ത് ചത്ത സാമുദായിക താൽപര്യങ്ങളുടെ അഭിനവ വ്യക്തികൾക്കുവേണ്ടി ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ നിരാകരിക്കുകയാണ്. ഫ്യൂഡലിസത്തിലെ ചത്ത പ്രേതങ്ങളെ തിരിച്ചുകൊണ്ടുവരാൻ ശ്രമിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ നിയമത്തെ നിരാകരിക്കുന്ന അദ്ദേഹത്തിന്റെ നിയമത്തെ ഞാൻ നിരാകരിക്കുകയാണ്.. അദ്ദേഹം ജസ്റ്റിസ് പരിപൂർണ്ണനെക്കുറിച്ചൊക്കെ പറയുകയാണ്. നിങ്ങൾ എന്നെങ്കിലും ജസ്റ്റിസ് പരിപൂർണ്ണനുമായി സംസാരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവിടെ വെളിപ്പെടുത്തണം. ഞാൻ ഇരുന്നുതരാം. സംസാരിച്ചിട്ടില്ലെന്ന് കരുതുന്നു. ഉണ്ടെങ്കിൽ പിന്നെ പറഞ്ഞാലും മതി. ഞാൻ നിരന്തരം ജസ്റ്റിസ് പരിപൂർണ്ണനുമായി സംസാരിച്ചിട്ടുണ്ട്. അതുകൊണ്ടാണല്ലോ ഒരു കോടതിയും

ഇടപെടാതിരുന്നത്. ഞങ്ങൾ വെറുതെ ചെയ്തതല്ല. സഭയ്ക്കുപുറത്ത് ചെയ്ത കാര്യങ്ങൾ ഇപ്പോൾ വെളിപ്പെടുത്തുന്നില്ല. പത്തോ പതിനാലോ തവണ ജസ്റ്റിസ് പരിപൂർണ്ണനുമായി സംസാരിച്ചിട്ടുണ്ട്. അദ്ദേഹത്തിന് അദ്ദേ ഹത്തിന്റേതായ ചില നിലപാടുകളുണ്ടെങ്കിലും ഇതിന് വലിയ സഹായം ചെയ്തുശ്രീ. ഉമ്മൻ ചാണ്ടി നിയോഗിച്ച രാമൻ നായർ ബോർഡിന്റെ അഴിമ തിക്കെതിരെ ജസ്റ്റിസ് പരിപൂർണ്ണൻ കൊണ്ടുവന്ന മഹത്തായ റിപ്പോർട്ടാണ് ഞങ്ങൾ നടപ്പിലാക്കിയത്. അതിന് അദ്ദേഹം രേഖാമൂലവും അല്ലാതെയും നൽകിയ അഭിനന്ദനങ്ങളുടെ രേഖകൾ ഞാൻ ഇവിടെ അവതരിപ്പിക്കുന്നില്ല. അങ്ങനെയുള്ള പരിപൂർണ്ണൻ ദേവസ്വം ബോർഡ് നിയമനങ്ങൾ പി.എസ്.സി. –ക്ക് വിടണ്ടെന്ന് പറഞ്ഞുവത്രെ. ജസ്റ്റിസ് പരിപൂർണ്ണൻ സ്വാമിയെ ഈ സഭ യിൽ വിളിച്ചുവരുത്താനും അഭിപ്രായങ്ങൾ കേൾക്കാനും നിങ്ങൾ തയ്യാറു ണ്ടോ; 'ദേവസ്വം ബോർഡ് നിയമനങ്ങൾ പി.എസ്.സി.–ക്ക് വിടണ്ടാ എന്നാണ് ഞാൻ പറഞ്ഞത് എന്നാണ് പറയുന്നതെങ്കിൽ' നിങ്ങൾ ജസ്റ്റിസ് പരിപൂർണ്ണന്റെ പേരിൽ നടത്തുന്ന അവകാശവാദം ശരിയാണെന്നുള്ളത് സമ്മതിക്കാം. അങ്ങനെ ഒരഭിപ്രായം പറഞ്ഞാൽ ഞാൻ ജസ്റ്റിസ് പരിപൂർണ്ണ നോട് യോജിക്കില്ല, പക്ഷെ അദ്ദേഹം പറയില്ല. ഒരു പൊതു റിക്രൂട്ട്മെന്റ് ബോർഡ് എന്നുപറഞ്ഞാൽ സമുദായ പ്രമാണിമാർക്ക് പൈസ വാങ്ങി അമ്പലം വിഴുങ്ങികളെ നിയമിക്കാനുള്ളതാണെന്ന് ഈ മന്ത്രി ധരിച്ചിരിക്കുക യാണ്. കോൺഗ്രസ്സ് എന്നുപറഞ്ഞാൽ കോൺഗ്രസ്സ്(ഐ) ആണെന്ന് കരു തുന്നവരുണ്ട്. സമ്മേളനം എന്നാണതിന്റെ അർത്ഥം. 'പാർട്ടി കോൺഗ്രസ്സ്' നടത്തുമ്പോൾ ചില അറിവില്ലാത്ത യൂത്ത് കോൺഗ്രസ്സുകാർ 'അവരും

കോൺഗ്രസ്സാണ്' എന്നുപറഞ്ഞ് ഞങ്ങളെ ആക്ഷേപിക്കാറുണ്ട്. മീറ്റിംഗ്, കൺവെൺഷൻ എന്നിവ നടത്തുന്നതിനെയാണ് കോൺഗ്രസ്സ് എന്നുപറയുന്നത്. അങ്ങനെയുള്ള ധാരണയാണ് ഇദ്ദേഹത്തിനുമുള്ളത്. ഭരണഘടനയനുസരിച്ച് ഏറ്റവും വലിയ പൊതുബോർഡ് പി.എസ്.സി.-യാണ്. നിങ്ങളോട് സംസാരിക്കാൻതന്നെ എനിക്ക് ഭയമാണ്. കാരണം നിങ്ങൾ എന്തൊക്കെയാണ് എനിക്കെതിരായിട്ട് പറയാൻ പോകുന്നതെന്ന് എനിക്കറിയില്ല. കാരണം ഇതിനെപ്പറ്റിയായിരിക്കില്ല പറയുന്നത്. സഖാവ് ഇ.എം.എസ്-ന്റേയോ ശ്രീ. പിണറായി വിജയന്റേയോ കാര്യമായിരിക്കും ഉടനെ പറയുന്നത്. അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കളോട് ഞാൻ ഒരഭിപ്രായം പറയുകയാണ്, ഞാൻ നിയമസഭയിൽ അംഗമായിട്ട് ഇത് 13-ാമത്തെ വർഷമാണ്. സഭയിൽ ഇത്രയും നന്നായി സംസാരിക്കുന്ന യു.ഡി.എഫ്. മെമ്പർമാർ ഉണ്ടായിട്ടുള്ള കാലമുണ്ടായിട്ടില്ല.

യു.ഡി.എഫ്-ന്റെ എല്ലാ ഘടകകക്ഷികളിലും നന്നായി സംസാരിക്കുന്ന കുറേ മെമ്പർമാരുണ്ട്. ഞങ്ങൾക്ക് അവരോട് ബഹുമാനമുണ്ട്. പക്ഷെ നിങ്ങളുടെ ആ കഴിവ് ഞങ്ങൾ പറയുന്നത് കേട്ടല്ല പ്രതികരിക്കേണ്ടത്. മാർക്സിസ്റ്റ്-കമ്മ്യൂണിസ്റ്റ് വിരോധം എന്നൊന്നും പറയരുത്. ശക്തിയുക്തം, നീതിയുക്തം നിങ്ങൾക്ക് തോന്നുന്ന; അല്ലെങ്കിൽ നിങ്ങൾ യുക്തിപരമായിട്ട് വിമർശിച്ചോളൂ. നിങ്ങൾ ആ വിമർശനം കേൾക്കണം. എന്റെ അടുത്ത സുഹൃത്തായ ശ്രീ. വർക്കല കഹാർ ചെയർമാനായ കമ്മിറ്റിയിലെ ഒരു മെമ്പർ കൂടിയാണ് ഞാൻ. അദ്ദേഹമിപ്പോൾ സഭയിലില്ല. വ്യക്തിപരമായി നല്ലതാണെങ്കിലും എന്തു പറഞ്ഞാലും എതിർക്കുന്ന ഒരാളാണ് അദ്ദേഹം. അദ്ദേഹം അങ്ങനെയല്ല ആകേണ്ടത്. ഞാൻ നിങ്ങളോട് പറയുകയാണ്,

നിങ്ങൾ ഈ പ്രേതങ്ങളെയെല്ലാം കൊണ്ടുവരാൻ പോകുകയാണോ? ഈ പ്രേതങ്ങളെ ആദ്യമായി കുഴിച്ചുമൂടിയത് ഞങ്ങളല്ല. മഹാത്മാഗാന്ധിയാണ്, വിവേകാന്ദനാണ്, രാജാറാം മോഹൻ റോയ് ആണ്, ലോകമാന്യ തിലക് ആണ്, ആനിബസന്റാണ്. ഇവിടെ കെ. കേളപ്പൻ, മന്നത്ത് പത്മനാഭൻ, മഹാനായ ശ്രീനാരായണ ഗുരു, അയ്യൻകാളി, ചട്ടമ്പി സ്വാമി, സഖാവ് പി. കൃഷ്ണപിള്ള, എ.കെ.ജി., ഇ.എം.എസ്., വാക്ഭടാനന്ത സ്വാമി, സിപി. ഗോവിന്ദൻനായർ, അബ്ദുറഹിമാൻ സാഹിബ് തുടങ്ങി എത്രയെത്ര പേരുകളാണ് ഉള്ളത്. എല്ലാ മതങ്ങളിലും എല്ലാ പ്രസ്ഥാനങ്ങളിലുമില്ലേ. അവരെല്ലാം ചെയ്തതിന്റെ ബാക്കി മാത്രമാണ് കഴിഞ്ഞ ഗവൺമെന്റ് ചെയ്തത്. അവിടെയും ഞങ്ങൾ അവസാനിപ്പിച്ചില്ല. പിന്നീടും ചെയ്യാൻ ഉണ്ടായിരുന്നു. പക്ഷെ ഞങ്ങൾക്ക് ചെയ്യാൻ അവസരം ലഭിക്കാത്തതിനാൽ നിങ്ങളാണ് ചെയ്തത്. നിങ്ങൾ അതിനെ മുന്നോട്ടു കൊണ്ടുപോകുകയല്ലേ വേണ്ടത്? കോൺഗ്രസ്സിനെതിരാണോ ഈ നിയമം? കെ.പി.എസ്.സി.-ക്ക് എതിരാണോ ഈ നിയമം? നിങ്ങൾ എന്തിനാണ് ആവശ്യമില്ലാതെ ഇടപെടുന്നത്? നിങ്ങൾ എന്തിന് പി.എസ്.സി. -യെ പിൻവലിച്ചു. അപ്പോൾ നിങ്ങൾ പ്രേതങ്ങളെ കൊണ്ടുവരികയാണ് ചെയ്യുന്നത്. ലോകത്തിലെ ഏറ്റവും സുന്ദരിയായ പ്രേതം ആരാണെന്ന് അറിയാമോ? Helen Otroy. ലോകത്ത് ഇതുവരെ ഉണ്ടായ ഏറ്റവും സുന്ദരിയായ പ്രേതമാണ് Helen Otroy. മരിച്ചവരുടെ കാര്യമാണ് പറയുന്നത്. അവരുടെ പേരിൽ മഹായുദ്ധങ്ങൾ നടന്നു. Was this face that launched a thousand ships, and burnt the topless towers of Ilium. അവരെ Dr. Faustus എന്ന് പറയുന്ന മഹാമാന്ത്രികൻ നരകത്തിൽ നിന്ന് കൊണ്ടുവന്നു.

ഇദ്ദേഹമാണ് ലോകത്ത് ഏറ്റവും വലിയ ജർമൻകാരനായിട്ടുള്ള, ആഭിചാരകൻ, ജീവിച്ചിരുന്ന ആളാണ്. ഇതിഹാസമാണ്. ഈ പ്രേതത്തെ കൊണ്ടുവന്ന് Dr. Faustus അന്തം വിട്ട് നോക്കിയിട്ട് പറയുകയാണ് (ഷെക്സ്പിയറുടെ സമകാലികനായ ക്രിസ്റ്റഫർ മാർലയുടെ നാടകമാണ് Dr. Faustus). Was this the face that launched a thousand ships? യുദ്ധത്തിൽ ആയിരക്കണക്കിന് കപ്പലുകൾ ഇറക്കുകയും നശിപ്പിക്കുകയും ചെയ്ത മുഖമാണോ ഇത്? And burnt the topless towers of Ilium. ഇലിയത്തിന്റെ ആകാശചുംബിയായ ഗോപുരങ്ങളെ കത്തിച്ചത് ഈ മുഖമാണോ? Come, Helen, come,give me my soul again. Here will I dwell, for heaven is in these lips, And all is dross that is not Helena. I will be Paris, and for love of thee, Instead of Troy, shall Wertenberg be sacked; And I will combat with weak Menelaus, And wear thy colurs on my plumed crest: Yea, I will wound Achilles in the heel, And then return to Helen for a kiss. O, Thou are fairer than the evening air Clad in the beauty of a thousand stars; ഞാൻ ഇതിന്റെ മലയാളം പറയുന്നില്ല. അത് എല്ലാവർക്കും അറിയുന്നതാണ്. അവസാനം ചുംബിച്ചു, Dr. Faustus കഥ കഴിഞ്ഞു. പ്രേതങ്ങളെ വിളിച്ചു വരുത്തി കഥ കഴിയാതെ നോക്കിക്കോളൂ. വിശ്വസായിയുടെ രണ്ട് മഹത്തായ പുസ്തകങ്ങളുണ്ട്. ജർമ്മൻ മജീഷ്യനായിരുന്ന ജെയ്ഥേയുടെ ഫോസ്റ്റസ്, അത് എനിക്ക് ബി.എ.-യ്ക്ക് സെക്കന്റ് ലാംഗ്വേജായി പഠിക്കാൻ മലയാളത്തിലേയ്ക്ക് ട്രാൻസ്ലേറ്റ് ചെയ്ത പുസ്തകമായിരുന്നു. പിന്നീട് 16-ാം നൂറ്റാണ്ടിൽ

ഷെക്സ്പീയറുടെ സമകാലികനായിരുന്ന, മാർലോ, അദ്ദേഹം വേഗം മരിച്ചു പോയി. ജീവിച്ചിരുന്നെങ്കിൽ ഷെക്സ്പീയറിനെ എക്സൽ ചെയ്യുമായിരുന്നെന്ന് നിരൂപകൻമാർ പറയുന്നു. നിസ്സാരമായ കാര്യങ്ങളിലല്ല. മുമ്പ് നിങ്ങൾ ഭരിച്ചപ്പോഴും രാജപ്രമുഖന്മാരുടെ കാലത്തും കഴിഞ്ഞതവണ ഞങ്ങൾ ഭരിച്ചപ്പോഴും നിങ്ങളുടെ മുൻഗാമികളടക്കം നിസ്സാരമായ കാര്യമല്ല. ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയൻ, അന്ന് മന്ത്രിയായിരുന്നു. അദ്ദേഹം ഇതൊന്നും തൊട്ട് കളിക്കാൻ ശ്രമിച്ചിട്ടില്ല. ഒരു ചെറിയ ഭേദഗതി ആലോചിച്ചു, അത്രയേയുള്ളു. വേണുഗോപാൽ പോലും തൊട്ടുകളിച്ചില്ല. ചെറിയ ഒരു ഭേദഗതി മാത്രമാണ് വരുത്തിയത്. നിങ്ങൾ അതിനെ തൊട്ട് കളിക്കുകയാണ്. നിങ്ങൾ പ്രേതങ്ങളെ വിളിച്ചുണർത്തുകയാണ്. ഞാൻ ഈ നാട്ടിന്റെ മൊത്തം മനസ്സാക്ഷിക്കുവേണ്ടി രാഷ്ട്രീയകക്ഷിവ്യത്യാസമില്ലാതെ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതുപോലെ, മഹത്വം നിങ്ങളൊന്നു മാറ്റി വയ്ക്കുക. പിൻവലിക്കണമെന്ന് ഇപ്പോൾ ഞാൻ പറയുന്നില്ല. മാറ്റിവയ്ക്കുക. അതാണ് നല്ലത്. ഇടതുപക്ഷത്തിനുവേണ്ടി മാത്രമല്ല ഞാനും എന്റെ സുഹൃത്തുകളും സംസാരിക്കുന്നത്. ഇദപര്യന്തമുള്ള പരിവർത്തനത്തിനുവേണ്ടിയാണ്. ഇന്ത്യയ്ക്ക് ഒരു ചരിത്രമില്ലേ? ശ്രീ. നാരായണ ഗുരു, അയ്യൻകാളി, സ്വാമി വിവേകാനന്ദൻ, രവീന്ദ്രനാഥ ടാഗോർ, രാജാറാം മോഹൻ റോയ്, സുബ്രഹ്മണ്യഭാരതി, .ഇ.വി. രാമസ്വാമി നായ്ക്കർ, ചട്ടമ്പിസ്വാമി, ഗോപാലകൃഷ്ണ ഗോഖലെ, തിലകൻ, മഹാത്മാഗാന്ധി, പി.കൃഷ്ണപിള്ള, കേളപ്പൻ, എ.കെ. ജി., മന്നത്ത് പത്മനാഭൻ, സഹോദരൻ അയ്യപ്പൻ, ഡോ. പൽപ്പു, കുമാരനാശാൻ, അബ്ദുറഹിമാൻ സാഹിബ്, സമരം ചെയ്ത കൊടുങ്ങല്ലൂരിലെ തമ്പുരാട്ടിമാർ, ആലപ്പുഴയിലെ ബുധന്നൂരിലെ ശങ്കരനാരായണൻ തമ്പിയുടെ രാജകുടുംബത്തിലെ സ്ത്രീകൾ, ജയിലിൽ കിടന്ന് പ്രസവിച്ച സ്ത്രീകളടക്കം

അങ്ങനെയൊക്കെയുള്ള തലമുറ തലമുറകളായ പോരാട്ടങ്ങളുടെ ബാക്കി കഥയാണ് ഞങ്ങൾ ഇവിടെ പറയുന്നത്. നിങ്ങൾ പറയുന്നത് ആരുടെ കഥ യാണെന്ന് വ്യക്തമാക്കപ്പെടുന്നില്ല. ഞാൻ ഇത്രയും ശക്തമായി എതിർവാദം ഉന്നയിച്ചപ്പോൾ നിങ്ങൾക്ക് ഒരു അഞ്ച് മിനിട്ട് പ്രസംഗിക്കാൻ കഴിഞ്ഞിട്ടില്ല. എഴുതി കൊടുക്കുന്ന കടലാസ് വായിക്കാൻ ദേവസ്വം വകുപ്പുമന്ത്രി വേണം. അദ്ദേഹം നല്ല കഴിവുള്ള മനുഷ്യനാണ്. അദ്ദേഹത്തിന്റെ കഴിവ് സമുദായ പിശാചിക്കൾക്ക് അടിയറവച്ചിരിക്കുകയാണ്. ഞങ്ങൾക്ക് ഒരു സമുദായമുണ്ട്. ഞങ്ങൾ ആരുടേയും അടിമകളല്ല. ഞങ്ങൾ ആരേയും വിരട്ടുന്ന ആളുകളല്ല. ഞങ്ങൾ എല്ലാവരേയും ബഹുമാനിക്കുന്ന ആളുകളാണ്. ഞങ്ങൾക്ക് ആരെ കാണുന്നതിനും വിരോധമില്ല. പക്ഷെ ഒന്ന് നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾ ക്ഷേത്രങ്ങളെ സംബന്ധിച്ച് പറയുമ്പോൾ ഞങ്ങൾ നിരീശ്വരവാദികളാണ്. ഞാൻ ഇതുസംബന്ധിച്ച് സഭയിൽ മറുപടി പറഞ്ഞതാണ്. അത് ഞങ്ങളെ ഉദ്ധ രിച്ചുകൊണ്ടല്ല, നിങ്ങൾ ബഹുമാനിക്കുന്ന പൊതു ബൗദ്ധിക നിലകളെ ഉദ്ധരി ച്ചുകൊണ്ടുതന്നെ ഞാൻ പറയുകയാണ്. റിലീജിയൺ എന്ന വാക്കിനർത്ഥം ഡിഫൈൻ ചെയ്യാൻ പറ്റില്ല. ഡിഷ്നറിയിലൊക്കെ ഉണ്ടാകും. എന്നാൽ അതൊന്നുമല്ല അതിന്റെ അർത്ഥം. അത് അതിനും അപ്പുറത്താണ്. ഹിന്ദുമത മാണെങ്കിൽ അത് വെറുമൊരു മതം മാത്രമല്ല. അതൊരു സംസ്കാരമാണ്, ജീവിതചര്യയാണ്. അതൊക്കെ വളരെ ശുഷ്ക്കമാക്കി അവതരിപ്പിക്കാൻ ആർ.എസ്.എസ്. ശ്രമിക്കുന്നുവെന്നുള്ളതാണ് ഞങ്ങളുടെ പ്രശ്നം. എന്നാൽ ഞങ്ങൾ അതിനെ എതിർക്കുകയാണ്. ഇതെന്ന് പറയുന്നത് മഹത്തായ ഒരു കാഴ്ച്ചപ്പാടാണ്. എല്ലാമതങ്ങളും അങ്ങനെ തന്നെയാണ്. Hindu religion is not a mere bundle of dogmas or tenants. It is a matter of experience.

ഡോ. രാധാകൃഷ്ണൻ പറഞ്ഞതാണ്. Actual realisation of ultimate truth... high power commission report and Travancore and Cochin Devaswom Boards. ഇപ്പോഴല്ല, രാജവാഴ്ച കാലത്ത്. അതിനെ ക്വാട്ട് ചെയ്തതാണ്. ഡോ. രാധാകൃഷ്ണൻ ഈ റിപ്പോർട്ടിന് ശേഷം ആവർത്തിച്ച് പറഞ്ഞു. അതാണ് അദ്ദേഹം പറഞ്ഞത്, It is a matter of experience. Sir, of the three margas or path for realisation of supreme reality, the moksha the bakthi marga. The moksha is one of the devotion which could be followed by ordinary people without much difficulty. Sir, the temple is the place where religious man is doing his actual workship. It is aboard of God. One religion is the chief fact with regard to him. സമുദായ നേതാവിന്റെ മനസ്സാക്ഷിയല്ല. അവനവന്റെ മനസ്സാക്ഷി അതാണ് മതം, അതാണ് വിശ്വാസം, അതാണ് മനസ്സാക്ഷി എന്ന് പറയുന്നത്. കഴിഞ്ഞ ദിവസം ഭരണഘടനാപരമായി അല്ലെങ്കിലും മുഖ്യമന്ത്രി ഇവിടെ ഒരു കാര്യം പറഞ്ഞു. അത് ഭരണഘടനാപരമല്ല ഞാൻ എന്റെ മനസ്സാക്ഷി അനുസരിച്ചാണ് പോകുന്നത്. അത് പറ്റത്തില്ല. അവിടെ ഭരണഘടനയുണ്ട്. മുഖ്യമന്ത്രിക്ക് അത് പറ്റില്ല. ഞാൻ അതിനെ എതിർക്കില്ല. മനസ്സാക്ഷി ജീവിച്ചിരിക്കുന്നുണ്ടല്ലോ എന്ന് സന്തോഷമുള്ളതുകൊണ്ട് ഞാൻ എതിർത്തില്ല. എന്നാൽ മുഖ്യമന്ത്രി പറഞ്ഞത് ഭരണഘടനാപരമായിട്ടാണ്. ഞങ്ങൾക്കാർക്കും മനസ്സാക്ഷിയനുസരിച്ച് ഒന്നും സംസാരിക്കാൻ കഴിയില്ല. ഭരണഘടനയുണ്ട്. പക്ഷെ മതം ഫ്രീയാണ്. വിശ്വാസം. ഇതാണ് വസ്തുത. ഇത് നിങ്ങളുടെ നിയമത്തിലുണ്ടോ? നിങ്ങൾ ഇപ്പോൾ പി.എസ്.സി. സംസ്ഥാന ഏകീകൃത ബോർഡിനെക്കാൾ

താഴെയാണെന്ന് വാദിക്കുകയും, അത് ഗംഭീരമാണെന്ന് പറയുകയും, ഓരോ സമുദായ നേതാവിന്റെയും കാല് തിരുമ്മുന്ന ഏതെങ്കിലും നാറിയെ ഇതിന കത്ത് വച്ച് പൈസ വാങ്ങി അമ്പലം വിഴുങ്ങാനുള്ള പരിപാടി നടത്തിയാൽ നടക്കില്ല ഇവിടെ. നിങ്ങൾക്ക് അങ്ങനെ തോന്നുന്നതാണ്. അങ്ങനെ നിയമി ച്ചാലും നിയമനം നടക്കില്ലിവിടെ. ഇവിടെ യുവജനപ്രസ്ഥാനങ്ങളുണ്ട്. അവർ ശബ്ദമുണ്ടാക്കിയിട്ടുണ്ട്. പക്ഷെ ശാന്തമായി ഇരിക്കുന്നത് ഒരു വീണ്ടു വിചാരമുണ്ടാകുമെന്ന് പ്രതീക്ഷിച്ചാണ്. യൂത്ത് കോൺഗ്രസ്സ് അംഗീകരി ക്കുമോ? അവർ അംഗീകരിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. അവർ അംഗീകരിക്കാൻ സാദ്ധ്യതയില്ല. ശ്രീ. റ്റി.എൻ. പ്രതാപൻ, ശ്രീ. പാലോട് രവി ഇവരെ പോലെയുള്ള ഒരുപാട് പ്രമുഖരായ ആൾക്കാരുണ്ടല്ലോ. അവ രുടെയെല്ലാം പേര് പറയുകയല്ല. ബഹുമാനപ്പെട്ട കോടതി, Sheeja v/s Principal Secretary, 2001/3/LT 3 775 –ൽ പറഞ്ഞു Administration of secular matter of the property of a religious institution is not a matter of religion. മതം വേറെ, ദേവസ്വം ബോർഡിന്റെ ഭരണം വേറെ. ഞങ്ങൾ ഇത് അന്നു മുതലേ പറഞ്ഞതാണ്. എന്നാൽ നിങ്ങൾ സമ്മതിക്കില്ല. ഇത് എല്ലാ വരും അംഗീകരിക്കുന്ന കാര്യമാണ്. രാമൻനായർ ദൈവമല്ലാത്തതുകൊ ണ്ടാണ് ഞാൻ പിടിച്ച് പുറത്താക്കിയത്. ദൈവമാണെങ്കിൽ എനിക്ക് പുറത്താ ക്കാൻ പറ്റുമോ? ദേവസ്വം ബോർഡിലെ ചിലർ ദൈവമാകാൻ ശ്രമിച്ചപ്പോൾ ഞാൻ അതിനെ വിമർശിച്ചു. അന്ന് പത്രങ്ങളിലെല്ലാം ദേവസ്വം മന്ത്രിയും ദേവസ്വം ബോർഡും തമ്മിൽ ഏറ്റുമുട്ടുന്നൊരു വാർത്ത ഉണ്ടായിരുന്നു. ഇങ്ങ നെയുള്ള വാർത്ത വരുമ്പോൾ ഏറ്റുമുട്ടണ്ടേ? ഞങ്ങൾ വച്ചതുകൊണ്ട് അവർ പറയുന്നതെല്ലാം ശരിയാണോ. സാർ പറഞ്ഞത് ശരിയായിരുന്നൂവെന്ന് അവർ

ഇപ്പോൾ എന്നോട് പറയുന്നുണ്ടല്ലോ. വിരോധമെന്തെങ്കിലും ഉണ്ടായിട്ടാണോ? അല്ല. മതത്തിന്റെ ഒരു പ്രശ്നമല്ല, ഇൻസ്റ്റിറ്റ്യൂഷൻ ഭരിക്കുന്നത്. മതപരമായ ഒരു ഉള്ളടക്കം അതിൽ ഉണ്ടാകണമെന്നുള്ളത് ശരിയാണ്. The power of the Government is to supervise; to administrate the affairs of the temple is inherent in it by virtue of the fact that it represents the king, now the people. അന്ന് രാജാവ് ഇപ്പോൾ ഞങ്ങൾ. ജനങ്ങളുടേതാണ് ഈ സ്ഥാപനം. ഗുരുവായൂർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട കേസുകളിലെല്ലാം വിധി വന്നിട്ടുണ്ട്. മഹാത്മാഗാന്ധി പറഞ്ഞു, നിങ്ങൾ അനാവശ്യമായി ഞങ്ങളെ ആക്രമിച്ച് നിങ്ങളുടെ ഊർജ്ജം നഷ്ടപ്പെടാതിരിക്കാനാണ് ഞാൻ അഡ്വാൻസായി ഇതൊക്കെ പറഞ്ഞത്. കാരണം ഞങ്ങൾ പറയുന്നത് ഗാന്ധിജി പറഞ്ഞതിന്റെ ഭാഗമായിട്ടാണ്. നിങ്ങൾക്കും അങ്ങനെ പറയാമല്ലോ. നിങ്ങൾക്ക് ആരെ വേണമെങ്കിലും വെച്ചോ എന്ന് പറയാം.

മഹാത്മാഗാന്ധി കേരളത്തിലെ ക്ഷേത്രങ്ങളെപ്പറ്റി പറഞ്ഞു. അദ്ദേഹം ക്ഷേത്രങ്ങളിൽ പോയി ആരാധന നടത്തിയിട്ടില്ല. ശ്രീനാരായണ ഗുരുവും സ്വാമി വിവേകാനന്ദനും ആരാധന നടത്താനായി ക്ഷേത്രങ്ങളിൽ പോയിരുന്നില്ല. ദേവാലയത്തിന് എതിരാണ് എന്നല്ല. ക്ഷേത്രങ്ങളിൽപോയി തൊഴാറില്ലായിരുന്നു എന്നുമാത്രമേയുള്ളു. എന്റെ അമ്മ വലിയ ഭക്തയാണ്. അമ്മ പാർട്ടി മെമ്പറല്ല. ഞാൻ പാർട്ടിയിൽ ചേരുന്നതിനുമുമ്പുതന്നെ അമ്മ ഭക്തയാണ്. നിങ്ങളുടെ വീട്ടിലെ സ്ത്രീകളും ഭക്തകളായിരിക്കും. ഞങ്ങൾ തെരഞ്ഞെടുപ്പിൽ മത്സരിക്കുമ്പോൾ അമ്മമാർ വിശ്വാസികളാണെങ്കിൽ അമ്പലത്തിൽപോയി പൂജിച്ച് വെള്ളമൊക്കെ കൊണ്ടുതരാറുണ്ട്. മുസ്ലീം പള്ളികളിലെ അധികാരികളും ലത്തീൻ കത്തോലിക്കാ സഭയിലെ ആളുകളും

ഞങ്ങളെ ആശീർവദിക്കാറുണ്ട്. മഹാത്മാഗാന്ധി കേരളത്തിലെ ക്ഷേത്രങ്ങളെ ക്കുറിച്ച് പറഞ്ഞത്, Kerala temples gave me a loftier and nobler ideas of temples and temple worship. I had visited temples in north India but I had not done so in the devout spirit and they had failed to stir me എന്നാണ്. കേരളത്തിലെ ക്ഷേത്രങ്ങളെക്കുറിച്ചാണ് പറയുന്നത്. വടക്കേ ഇന്ത്യ യിലെ ദേവാലയങ്ങൾക്ക് അദ്ദേഹത്തെ പ്രചോദിപ്പിക്കാൻ കഴിഞ്ഞില്ല. കാശ്മീരിൽ കുന്നിന് മുകളിലാണ് ക്ഷേത്രങ്ങൾ. അവിടെ നിന്നാൽ ലോകം മുഴുവനും കാണാം. But the majestic Travancore temple spoke to me. Every carving, every little image, every little oil lamp had a meaning for me . ക്ഷേത്രങ്ങളിലെ ചിത്രകലകൾ ചെയ്തിരുന്നത് വിശ്വകർമ്മജരാണ്. ചിത്ര ങ്ങൾ പൂർത്തിയായിക്കഴിഞ്ഞാൽ അവരെ പടിയടച്ച് വെളിയിലിറക്കും. പിന്നെ ബ്രാഹ്മണമേധാവിത്വമായിരുന്നു. ബ്രാഹ്മണർക്ക് ഒരു ചിത്രവും വരയ്ക്കാൻ അറിയില്ല. ഇന്നത്തെ പാവപ്പെട്ട ബ്രാഹ്മണരെക്കുറിച്ചല്ല ഞാൻ പറയുന്നത്. The temples have so many bridges between the unseen, invisible and indefinite God and ourselves who are little drops in the infinite ocean. മഹാത്മാഗാന്ധി സത്യാഗ്രഹത്തിന് വന്നപ്പോൾ വൈക്കം ക്ഷേത്രം കണ്ടു. അദ്ദേഹം വലിയ ഈശ്വര വിശ്വാസിയാണ്. .................ഈ ക്ഷേത്രങ്ങളെ പരിച രിക്കുന്ന ദേവസ്വംബോർഡ് ശുദ്ധമായിരിക്കണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. നിങ്ങൾ ഇത് മുമ്പത്തെപ്പോലെ രാമൻ നായർമാർക്ക് വിട്ടുകൊടു ക്കാൻ പോവുകയാണ്. ദേവസ്വം ബോർഡ് നടത്തുന്ന നിയമനത്തിൽ ബോർഡ് മെമ്പർമാർക്ക് കൂട്ടായ അവകാശമുണ്ടായിരുന്നത് എടുത്തു

കളഞ്ഞു. ദേവസ്വം ബോർഡിന് മുകളിലാണ് റിക്രൂട്ട്മെന്റ് ബോർഡ്. പിന്നെ ദേവസ്വം ബോർഡ് എന്തിനാണ്. ഉണ്ണിയപ്പം മോഷ്ടിക്കാനല്ലേ കഴിയൂ, പിന്നെ അങ്ങോട്ട് പോകാനുള്ള തിരക്ക് കുറയും അല്ലെങ്കിൽ സത്യസന്ധരായിട്ടു ള്ളവർ പോകണം. ദേവസ്വം ബോർഡിന് എന്ത് അധികാരമാണ്? ഇതുപോലെ യുള്ള ധാരാളം പൊതുകാര്യങ്ങൾ ഞങ്ങൾക്ക് പറയാനുണ്ട്. നിങ്ങളിത് കേട്ട് ഞങ്ങൾ പറയുന്നതിന്റെ അർത്ഥം മനസ്സിലാക്കി മുന്നോട്ടുപോകണം. നിലവി ലുള്ള നല്ല നിയമത്തെ വധിച്ചാലും അത് മരിക്കുകയില്ല. അത് ജനഹൃദയങ്ങ ളിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. മുസ്ലീങ്ങൾക്കും ക്രിസ്ത്യാനികൾക്കുംവരെ ഞങ്ങളുണ്ടാക്കിയ ദേവസ്വം നിയമത്തെക്കുറിച്ച് നല്ല അഭിപ്രായമാണ്. ഞങ്ങൾ ദൈവത്തിനുവേണ്ടി എന്തോ നല്ല കാര്യം ചെയ്തുവെന്ന് അവകാശ പ്പെടാൻ ദൈവവിശ്വാസികൾ തയ്യാറാണ്. അത് നിങ്ങൾ ചെയ്താലുമുണ്ടാ കും. പക്ഷേ അങ്ങേയ്ക്കത് കഴിയില്ല എന്ന് ഞാൻ കരുതിയത് ശരിയായി രുന്നു എന്നാണ് ഇപ്പോൾ തെളിഞ്ഞിരിക്കുന്നത്. ഇത് പൂർണ്ണമായും ഭരണഘ ടനാ വിരുദ്ധമാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. മാത്യു. ടി. തോമസും ഉന്നയിച്ച തടസ്സവാദങ്ങൾക്കൊപ്പം ......... നമ്മുടെ ഭരണഘടന യിലെ fundamental rights – fundamental rights enshrined in the constitution എന്ന് ഇംഗ്ലീഷിൽ പറയും. അല്ലെങ്കിൽ ഭരണഘടനയിൽ തിള ങ്ങിനിൽക്കുന്ന, ഭരണഘടനയെ അലങ്കരിക്കുന്ന അതിമനോഹരമായ രത്ന ങ്ങൾ പോലെയുള്ള ഈ ആർട്ടിക്കിൾസ്. ആർട്ടിക്കിൾ 12 പാർട്ട് 3-ൽ മൗലി കാവകാശവുമായി ബന്ധപ്പെട്ട ഒന്നാമത്തെ ആർട്ടിക്കിളാണ്. പക്ഷേ നമ്പർ ഇട്ടിരിക്കുന്നത് 12 എന്നാണ്. ആ ഭാഗത്ത് പറയുന്നത് state includes

government, parliament and state legislatures എന്നാണ്. നമ്മളിപ്പോൾ സ്റ്റേറ്റാണ്, നിയമനിർമ്മാണം നടത്തുകയാണ്. ഒരു കൂട്ടം പ്രമാണിമാർക്കുവേണ്ടിയല്ലാതെ ജനങ്ങൾക്കുവേണ്ടി നിയമനിർമ്മാണം നടത്തണം. ആവശ്യമില്ലാത്ത ഒരു വയ്യാവേലിയാണ് നിങ്ങൾ പിടിച്ച് കഴുത്തിലിട്ടിരിക്കുന്നത്. ഞങ്ങൾ വേലിക്ക് പുറത്തേയ്ക്ക് തള്ളിയിട്ടതാണ്. തല്ലിക്കൊല്ലാൻ എളുപ്പമല്ലാത്തതിനാൽ ചെയ്തില്ല. ഫ്യൂഡൽ പാരമ്പര്യമുള്ളതിനാൽ വേഗം മരിക്കില്ല. ഞങ്ങൾ ഉപദ്രവിക്കുകയും ചെയ്തില്ല. എടുത്ത് കളയുക മാത്രമേ ചെയ്തുള്ളൂ. നിങ്ങൾ അതെടുത്ത് കഴുത്തിലിടുകയാണ്. ഈ ആർട്ടിക്കിളിന് എതിരാണത്. സ്റ്റേറ്റ് ഈ അവകാശമുപയോഗിക്കുന്നത് പൊതുജന താല്പര്യത്തിന് വിരുദ്ധമായിട്ടാണ്. തിരുവിതാംകൂർ കൊച്ചി നിയമത്തിൽ വരുത്തുന്ന ഈ ഭേദഗതി തെറ്റാണ്. ആർട്ടിക്കിൾ 13-ൽ all laws inforce in India......... - Laws inconsistent with or in derogation of fundamental rights നിലനിൽക്കില്ല. ഇത് ഭരണഘടനയിലെ പ്രസക്തമായ വകുപ്പുകൾക്ക് inconsistent-ഉം derogatory-യുമാണ്. അതായത് ഭരണഘടനയെ അപമാനിക്കുകയാണ്. അറിവില്ലാതെ ഭരണഘടനയ്ക്ക് വിരുദ്ധമായി നിയമമുണ്ടായാൽ അത് അസാധുവാകും. അറിഞ്ഞുകൊണ്ട് ഭരണഘടനയെ അപമാനിക്കുകയാണ്. Inconsistency- ഉം derogation-ഉം ഒരുപോലെ സംഭവിച്ചിരിക്കുകയാണ്. ഇതിനെതിരെ നിയമമുണ്ടാക്കാൻ അധികാരമില്ലെന്നാണ് ഭരണഘടന പറയുന്നത്.

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, സ്ത്രീകൾക്ക് 50 ശതമാനം സംവരണം ഉറപ്പുവരുത്തുമെന്ന് ബഹുമാനപ്പെട്ട എ.ഐ.സി.സി.യുടെ വൈസ് പ്രസിഡന്റ്

ശ്രീ. രാഹുൽ ഗാന്ധി എ.ഐ.സി.സി സമ്മേളനത്തിലും ഇവിടെയുള്ള കോൺഗ്രസുകാരോടും പറഞ്ഞിട്ടുണ്ട്. നിങ്ങൾ ഭരണഘടനയിൽ enshrine ചെയ്തിട്ടുള്ള വകുപ്പുകളെ സംബന്ധിച്ചാണ് പറയുന്നത്. നമ്മുടെ സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് 50 ശതമാനം സംവരണം നൽകിയിട്ടുണ്ട്. എ.ഐ.സി.സി യുടെ വൈസ്പ്രസിഡന്റ് നൽകിയ വാഗ്ദാനത്തിന്റെ ലംഘനംകൂടിയല്ലേ ബഹുമാനപ്പെട്ട മന്ത്രി ഈ ഭേദഗതിയുടെ ഭാഗമായി കൊണ്ടുവരുന്നത്.

ശ്രീ. ജി. സുധാകരൻ: സർ, വളരെ പ്രസക്തവും സന്ദർഭോചിതവുമായ ഇടപെടലാണിത്. ശ്രീ. രാഹുൽ ഗാന്ധി ചില secular issues ഉന്നയിക്കുന്നതായി ഞാൻ ആദ്യമേ പറഞ്ഞിരുന്നു. ഉന്നയിക്കുന്ന രീതികളെപ്പറ്റി നമുക്ക് തർക്കമുണ്ട്. ജീപ്പിന്റെ മുകളിൽ കയറി ഇരുന്നതൊന്നും ഞങ്ങൾ ഇഷ്ടപ്പെടുന്നില്ല. പക്ഷേ അദ്ദേഹം പറയുന്ന എല്ലാ കാര്യങ്ങളും തെറ്റാണെന്ന് ഞങ്ങളുടെ പാർട്ടി പറഞ്ഞിട്ടില്ല. ശ്രീ. രാഹുൽ ഗാന്ധിക്ക് ശ്രീ. നരേന്ദ്ര മോദിയെ തോൽപ്പിക്കാൻ കഴിയില്ലെന്നാണ് ഞങ്ങളുടെ ഫീലിംഗ്. അത് നിങ്ങൾ പരിശോധിക്കണം. ഞങ്ങൾക്ക് മോദിയെ ഒറ്റയ്ക്ക് തോൽപ്പിക്കാനൊന്നും കഴിയില്ല. ഞാൻ രാഷ്ട്രീയത്തിലേയ്ക്കൊന്നും കടക്കുന്നില്ല. ഇവിടെ അങ്ങും ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. സി. ദിവാകരൻ, ശ്രീ. മാത്യൂ. ടി. തോമസ് തുടങ്ങി നമ്മളെല്ലാവരുംകൂടി ഇരുന്നല്ലേ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ മൂന്ന് സ്ത്രീകളെ കയറ്റിയത്. ഇപ്പോൾ ശ്രീ. സി. എൻ. ബാലകൃഷ്ണൻ നോട്ടിഫൈ ചെയ്തെടുത്തുകൊണ്ടിരിക്കുകയല്ലേ? നിങ്ങൾ എന്തിനാണ് സ്ത്രീകളോടിത്ര വെറുപ്പ് കാണിക്കുന്നത്? അത്

വൈകർഷികമായ വിഷയമല്ല, മറ്റെന്തോ വിഷയമാണ്. അത് സംസാരിച്ചതിനു ശേഷം പിന്നെ ചർച്ച ചെയ്യുമ്പോൾ ഇടപെട്ട് അത് വെളിപ്പെടുത്താം.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ശ്രീ. എ. കെ. ബാലൻ പറഞ്ഞതു പോലെ 50 ശതമാനം സംവരണം സ്ത്രീകൾക്ക് കൊടുക്കുമെന്ന് എ.ഐ. സി.സി യിൽ വലിയ വർത്തമാനം പറയുന്നുണ്ട്. അതുപോലെ ശ്രീമതി സോണിയാ ഗാന്ധി ഒന്നാം യു.പി.എ. ഗവൺമെന്റ് രൂപീകരിച്ചപ്പോൾതന്നെ സ്ത്രീകൾക്ക് സംവരണം ഏർപ്പെടുത്തിക്കൊണ്ടുള്ള ബിൽ പാസാക്കുമെന്നും പറഞ്ഞിരുന്നു. ഈ സംസാരമൊക്കെ അന്തരീക്ഷത്തിൽ നടക്കുന്നതല്ലാതെ എല്ലാ പ്രവൃത്തികളിലും സ്ത്രീകളെ ഒഴിവാക്കികൊണ്ടുള്ള കടുത്ത വിവേചനം കാണിക്കുന്ന നടപടികളാണ് ഈ സർക്കാരും യു.പി.എ സർക്കാരും കൈക്കൊള്ളുന്നത്. അതിനുദാഹരണമല്ലേ അങ്ങ് മന്ത്രിയായിരുന്നപ്പോൾ 2007-ലെ ഭേദഗതി ബില്ലിൽ മൂന്നിൽ ഒരാൾ വനിതയായിരിക്കണമെന്ന് പറഞ്ഞു. 1950-ലെ മൂലനിയമത്തിൽ സ്ത്രീ എന്ന വാക്ക് പറഞ്ഞിട്ടില്ലാത്തതിനാൽ മൂലനിയമത്തിന് അനുസൃതമായിട്ടാണ് ഈ ഭേദഗതി കൊണ്ടുവരുന്നതെന്നാണ് ഇപ്പോൾ പറയുന്ന ന്യായം. ഇതിൽ എന്ത് ന്യായീകരണമാണുള്ളത്? സ്ത്രീകളോട് എന്നും അവഹേളനം കാണിക്കുന്ന, ഒരു അമ്മയുടെ പ്രസക്തിയെന്താണെന്ന് മനസിലാക്കാത്തവരല്ലേ ഇവിടെയിരിക്കുന്നവർ. എന്തുകൊണ്ട് സ്ത്രീകൾക്ക് ഒരുപാട് കാര്യങ്ങളിൽ പ്രവർത്തിക്കാൻ കഴിയില്ല. ദേവസ്വം ബോർഡിലെ ഒരംഗമായി വനിത വന്നാൽ എന്ത് നഷ്ടമാണുണ്ടാകുന്നത്? അതുപോലെ വയസ്സിന്റെ കാര്യത്തിലും വ്യത്യാസങ്ങൾ വരുത്തിയിട്ടുണ്ട്. ഇത്തരത്തിൽ ഒരുപാട് വിവേചനങ്ങൾ ഓരോ കാര്യ

ത്തിലും കൊണ്ടുവരുന്നത് അങ്ങേയറ്റം പ്രതിഷേധാർഹമായ കാര്യമല്ലേയെന്നാണ് ചോദിക്കാനുള്ളത്.

<u>ഡോ. കെ. ടി. ജലീൽ</u>: സർ, കോൺഗ്രസ്സ് ഇൻഡ്യയിൽ വലിയ വിപ്ലവകരമായിട്ടുള്ള ഒരു കാര്യം ചെയ്യുകയുണ്ടായി. കഴിഞ്ഞ മൂന്നുനാലു വർഷങ്ങൾക്കുമുമ്പ് കേന്ദ്ര ഹജ്ജ് കമ്മിറ്റിയുടെ ചരിത്രത്തിലാദ്യമായി ശ്രീമതി മൊഹ്സിന കിദ്വായി എന്ന ഒരു മുസ്ലീം വനിതയെ ചെയർമാനാക്കി പ്രതിഷ്ഠിച്ചു. എനിക്കു തോന്നുന്നത് ഇൻഡ്യയുടെ ചരിത്രത്തിൽ, ലോകത്തുള്ള മുസ്ലീം രാജ്യങ്ങളിൽപോലും അത്തരത്തിലുള്ള സംഭവങ്ങൾ അത്യപൂർവ്വമായിട്ടായിരിക്കും സംഭവിച്ചിട്ടുള്ളത്. അങ്ങനെ വിപ്ലവകരമായ തീരുമാനം കൈക്കൊണ്ട അതേ കോൺഗ്രസ്സാണ് കേരളത്തിൽ ദേവസ്വം ബോർഡുകളിൽനിന്ന് നിലവിലുള്ള സ്ത്രീ പ്രാതിനിധ്യം എടുത്തുകളയാനുള്ള ശ്രമം നടത്തുന്നതെന്നുള്ളത് വിരോധാഭാസമായി അങ്ങേയ്ക്ക് തോന്നുന്നില്ലേ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ശ്രീമതി പി. അയിഷാ പോറ്റിയും ഡോ. കെ. ടി. ജലീലും പറഞ്ഞത് നിങ്ങൾ സമ്മതിക്കുന്ന കാര്യമാണ്, പക്ഷെ നിങ്ങളെഴുന്നേറ്റു നിന്ന് സമ്മതിക്കില്ല. നിങ്ങളുടെ നയങ്ങളിൽ നിങ്ങളത് കൊണ്ടുവരില്ല. ശ്രീ. രാഹുൽ ഗാന്ധി പറഞ്ഞത് നടക്കുന്നില്ലായെന്ന് ശ്രീ. എ. കെ. ബാലൻ പറഞ്ഞു. അതുപോലെതന്നെ ശ്രീമതി അയിഷാ പോറ്റി അമ്മമാരെ കുറിച്ച് പറഞ്ഞു, ഡോ. കെ. ടി. ജലീൽ, കേന്ദ്ര ഹജ്ജ് കമ്മിറ്റിയിൽ ഒരു സ്ത്രീയെ നിയമിച്ചിട്ടുപോലും ദേവസ്വം ബോർഡിൽ അങ്ങനെയൊരു കാര്യം സ്വീകരിച്ചില്ല എന്നുപറഞ്ഞു. കാരണം കോൺഗ്രസ്സിൽ ഫ്യൂഡൽ കൾച്ചറുണ്ട്. നിങ്ങളൊന്നും വ്യക്തിപരമായി സ്ത്രീകൾക്കെതിരല്ല. ആകാനും സാധിക്കുകയില്ല. നിങ്ങളിൽ പക്ഷെ ഫ്യൂഡൽ കൾച്ചറുണ്ട്, ഞങ്ങൾക്കതില്ല.

നിങ്ങൾ ഫ്യൂഡലിസത്തിൽ അഭിരമിക്കുന്നു. അതാണ് സമുദായ നേതാക്കന്മാർ പറയുന്നതുപോലെ നിയമങ്ങൾ കൊണ്ടുവരുന്നത്. ഞങ്ങൾ സമുദായം പറയുന്നത് അംഗീകരിക്കുകയും അവരെ ബഹുമാനിക്കുകയും ചെയ്യുന്നു, പക്ഷെ ഞങ്ങൾ അവരുടെ അടിമകളല്ല. ഈ വ്യത്യാസമുണ്ട്. നിങ്ങളതിൽ നിന്ന് മറികടക്കണം. ജവഹർലാൽ നെഹ്റുവൊക്കെ അത് മറികടന്നവരാണ്. ഞങ്ങളതാണ് നിങ്ങളോട് പറയുന്നത്, പക്ഷെ നിങ്ങൾക്ക് മനസ്സിലാകുന്നില്ലായെന്നുള്ള മട്ടിൽ സംസാരിക്കുന്നു. ഇവിടെ അത് വിശദീകരിച്ച് മറുപടി പറയാൻ സമയമില്ല. ഇത് ഇങ്ങനെ പരിഹരിക്കാതെ കിടക്കുകയാണ്. കോൺഗ്രസ്സിനോട് എനിക്കു പറയാനുള്ളത് 'അമ്മയെ ദുഃഖത്തിലാഴ്ത്തുന്ന കോൺഗ്രസ്സേ, എന്നു തീരും നിന്റെ ശാപം' ശാപം തീരുകയില്ല. അതുപോലെ അസംബ്ലിയിൽ നിങ്ങളുടെ ഭാഗത്ത് ഒരു സ്ത്രീ പ്രാതിനിധ്യമല്ലേയുള്ളൂ. എത്ര സ്ത്രീകളാണ് അംഗങ്ങളായി ഉണ്ടായിരുന്നത്. ഇ.കെ. നായനാർ ഗവൺമെന്റിന്റെ കാലത്ത് ചീവീട് പോലെയല്ലേ പ്രൊഫ. സാവിത്രി ലക്ഷമണന്റെ പ്രസംഗം വരുന്നത്, അങ്ങനെ തുളച്ച് തലയിൽ കേറുകയല്ലേ. ഇവരെയൊക്കെ നേരിടാൻ വലിയ പ്രയാസമായിരുന്നു. ഞങ്ങൾ പിന്നെ വേറെ പ്രയോഗങ്ങളാണ് തിരിച്ച് നടത്തുന്നത്. രാമായണത്തിൽനിന്ന് ശൂർപ്പണഖയുടെയൊക്കെ പാട്ട് പാടുമ്പോഴാണ് അവർ പ്രസംഗം മതിയാക്കി ഇരിക്കുന്നത്. എന്നിട്ട് വന്ന് ചോദിക്കും എന്താണ് അങ്ങനെ സംസാരിച്ചത്, അത് ശരിയായോ? നിങ്ങളുടെ സൗന്ദര്യക്കുറവല്ല ഉദ്ദേശിച്ചത്, ഞങ്ങൾ മറുപടിയാണ് പറഞ്ഞത്, ഇ. കെ. നായനാരെ ചീത്തപറഞ്ഞാൽ പിന്നെ ഞങ്ങളെന്ത് പറയണം. പിന്നെ റോസാക്കുട്ടി ടീച്ചർ. ചെങ്ങന്നൂരിലെ പുരുഷനായ സ്ത്രീ ശോഭനാ ജോർജ്, ഇവരെല്ലാം ഈ സഭയിൽ എന്തായിരുന്നു ഒരു

കാലത്ത്? എന്താണിപ്പോൾ പാവം ഒരു സഹോദരി, ഞങ്ങൾ വിമർശിക്കുകയല്ല. എന്താണ് ഇങ്ങനെ ആയിപ്പോയത്? നിങ്ങൾക്ക് ഭൂരിപക്ഷം കിട്ടിയപ്പോഴും സ്ത്രീ പ്രാതിനിധ്യമില്ലല്ലോ. ഇപ്പുറത്ത് ആറേഴുപേർ ഇരിക്കുകയല്ലേ; നിങ്ങളുടെ സഹോദരിമാർ, ഞങ്ങളുടെ സഖാക്കൾ. ഞാൻ പറഞ്ഞത്, നിങ്ങളുടെ നയങ്ങളിൽ സ്ത്രീകളോടുള്ള ഫ്യൂഡൽ വിരോധമാണ്. മുതലാളിത്ത കാലഘട്ടത്തിൽ ഇല്ലാതിരുന്നതാണെങ്കിലും നിങ്ങൾ ഫ്യൂഡലിസത്തിന്റെ മുകളിൽ മുതലാളിത്തം കെട്ടിപ്പടുക്കുന്നതുകൊണ്ടാണ് ഈ പ്രശ്നമുണ്ടായിരിക്കുന്നത്. യൂറോപ്പിലൊന്നും ഇങ്ങനെയൊരു പ്രശ്നമുണ്ടാകില്ല. കാരണം മാർഗരറ്റ് താച്ചർ അവിടെ പ്രധാനമന്ത്രിയായിരുന്നു. ഇന്ദിരാ ഗാന്ധി നിങ്ങളുടെ നേതാവായില്ലേ? ഇൻഡ്യ മൊത്തത്തിൽ വരുമ്പോൾ ഈ പ്രശ്നമില്ല. പക്ഷെ പല സ്റ്റേറ്റുകളിലും സ്ത്രീകൾ കോൺഗ്രസ്സ് മുഖ്യമന്ത്രിമാരായിട്ടുണ്ട്. നിങ്ങളുടെ പ്രസിഡന്റ് ശ്രീമതി സോണിയാ ഗാന്ധിയെക്കുറിച്ച് വ്യക്തിപരമായി എനിക്ക് ഭയങ്കര ബഹുമാനമാണ്. എനിക്ക് ആദ്യമൊക്ക അവരെപ്പറ്റി അറിയില്ലായിരുന്നു. 1987–88 കാലഘട്ടത്തിൽ യൂണിവേഴ്സിറ്റിയുടെ ഗോൾഡൻ ജൂബിലി ആഘോഷത്തിൽ, അന്ന് ശ്രീ. വക്കം പുരുഷോത്തമൻ അതിന്റെ ചെയർമാനായിരുന്നു, ആ പരിപാടിയിൽ രാജീവ് ഗാന്ധിയോടൊപ്പം ശ്രീമതി സോണിയാ ഗാന്ധിയും പങ്കെടുത്തിരുന്നു. എനിക്ക് അവരോട് സംസാരിക്കാൻ സാധിച്ചില്ല. അന്ന് അവർ ആരുമല്ല, വെറും വീട്ടമ്മ മാത്രം. ഇന്നവർ ക്യാബിനറ്റ് റാങ്കുള്ള യു.പി.എ. ചെയർമാനാണ്. ഞങ്ങൾക്കങ്ങനെ വ്യക്തി വിരോധമൊന്നുമില്ല. ഞങ്ങളുടെ പോളിറ്റ് ബ്യൂറോ അവരെ ആക്ഷേപിച്ചൊന്നും സംസാരിക്കാറില്ലല്ലോ. ഒരു ക്രിസ്ത്യാനിയാണ് അതുകൊണ്ട് ഇൻഡ്യാക്കാരിയല്ലെന്ന് ബി.ജെ.പി. പറയുമ്പോൾ, എന്താണ് ക്രിസ്ത്യാനി

ഇൻഡ്യാക്കാരല്ലേ, നിങ്ങളൊന്നും പറയുകയില്ല, നിങ്ങൾക്ക് ഹിന്ദു വർഗ്ഗീയതയുടെ വോട്ട് വേണം, അതുകൊണ്ട് നിങ്ങൾ മിണ്ടുകയില്ല, ഞങ്ങളാണ് കേരളത്തിൽ പ്രസംഗിക്കുന്നത്, ഞങ്ങൾക്കത് പ്രശ്നമല്ല, അവരുടെ നയമാണ് പ്രശ്നമെന്ന് ഞങ്ങളാണ് പറയുന്നത്. എന്നിട്ട് നിങ്ങൾ ഞങ്ങളെ വിടുകയില്ല, കമ്മ്യൂണിസം അങ്ങനെയാണ്, ഇങ്ങനെയാണ് എന്നു പറഞ്ഞുകൊണ്ടേയിരിക്കും. എനിക്കവരോട് ബഹുമാനമാണെന്ന് പറയാൻ കാരണം ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ അഭ്യർത്ഥന പ്രകാരം സുരക്ഷയുടെ പ്രശ്നമുണ്ടായിരുന്നെങ്കിലും നെഹ്റു ട്രോഫി വള്ളംകളിക്ക് അവർ ഉദ്ഘാടകയായി വന്നു. ഞാൻ അദ്ധ്യക്ഷനായിരുന്നു. ഞാൻ അവിടത്തെ മന്ത്രിയായിരുന്നു. അവരെല്ലാം എന്നോടാണ് ചോദിച്ചിരുന്നത്. എനിക്ക് അത്ര വലിയ ഇംഗ്ലീഷൊന്നുമറിയില്ല, ഒരുവിധം ഇംഗ്ലീഷ് അറിയാം. കാരണം കോളേജിൽ പഠിച്ചതുകൊണ്ടുമാത്രം നല്ല രീതിയിൽ ഇംഗ്ലീഷൊന്നും പറയാൻ സാധിക്കില്ല. രണ്ട്, എക്സ്പീരിയൻസ്, ഒരു കേന്ദ്രമന്ത്രി, ഫുൾ മന്ത്രിയാണ്. അല്ലാതെ ഡൽഹിയിൽ ഓഫീസില്ലാത്ത സഹമന്ത്രിമാരല്ല, അങ്ങനെ അഞ്ചാറുപേരെ നിങ്ങൾ അയച്ചിട്ടുണ്ട്. ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ ഇന്നലെ എന്തൊക്കെയോ പറയുന്നത് കേട്ടു. അവിടെ ഓഫീസൊന്നുമില്ല, ഇതൊന്നും ആർക്കുമറിയില്ല. പാർലമെന്റിൽ പറയുന്നത് മാത്രമേ അറിയാവൂ. ഞാൻ ചിരിക്കാൻ വേണ്ടി പറയുന്നതല്ല, സത്യമാണ്. ഭരണഘടനയ്ക്കകത്ത് ക്യാബിനറ്റ് മന്ത്രിമാരല്ലേ ഉള്ളൂ, മറ്റ് മന്ത്രിമാരുണ്ടോ? പക്ഷെ ഒരു പാർട്ടിക്ക് അതൊക്കെ വേണ്ടി വരും, അതേപ്പറ്റിയൊന്നും ഞാൻ പറയുന്നില്ല. ഇത് ഫുൾ മന്ത്രി, ഇടയ്ക്കിടെ ഓടി അവരുടെ അടുത്തേയ്ക്ക് വരും, അദ്ദേഹം കുറച്ചു ദൂരെയാണ് ഇരിക്കുന്നത്. ഒരുപ്രാവശ്യം അവർ പറയുകയാണ് 'Mr. Minister go and sit there, why

should you walk to and fro? The Organizations are there, you do your duty’ ഞാൻ കേട്ടുകൊണ്ടിരിക്കുകയാണ്. നല്ല ഭാഷയിൽ, ശാന്തമായി സ്നേഹമായി പറഞ്ഞത്. ആ മന്ത്രി ഓടിയ ഓട്ടത്തിനുണ്ടല്ലോ, സ്റ്റേജിൽ പുല്ലില്ലായിരുന്നു, അല്ലെങ്കിൽ പുല്ലെല്ലാം പറിച്ചുകൊണ്ടുപോയേനേ. അതിനേക്കാൾ എന്റെ കോമൺസെൻസിനെ സ്പർശിച്ച മറ്റൊരു സംഭവമുണ്ട്. ഞാൻ ആരെന്ന് ഒരു വ്യക്തിയുടെയും പേരു പറയില്ല, ഫുൾ മന്ത്രിയല്ല, ഒരു മന്ത്രി പുറകിൽ കൂടിവന്ന് നിന്ന് പറയുകയാണ്, ഞങ്ങൾ രണ്ടുപേരേയുള്ളൂ ഒരു സീറ്റിൽ ഇരിക്കുകയാണ്, ശ്രീ. കോടിയേരി ബാലകൃഷ്ണനൊക്കെ അപ്പുറത്തിരിക്കുകയാണ്. അദ്ധ്യക്ഷനായതുകൊണ്ടാണ് ഞാനിവിടെ ഇരുന്നത്, പറയുകയാണ് ‘Madam, madam, 10 lakh rupees’ ശരിക്കും ആ വാക്യം അങ്ങോട്ട് പറയാൻ സാധിക്കുന്നില്ല. ‘10 lakh rupees, 10 lakh rupees please announce, announce, memorial, Rajiv Gandhi memorial’ ഇപ്പോൾ കാര്യം നിങ്ങൾക്ക് പിടികിട്ടി. ‘ No, no, I have to discuss with my trust’. എന്നു പറയുകയാണ്. അവർ പ്രഖ്യാപിച്ചില്ല, പത്തു ലക്ഷം രൂപ പ്രഖ്യാപിച്ചാൽ അടുത്ത് അവിടെ നിന്ന് നാല് വോട്ടുകൾ കിട്ടുമായിരുന്നു. ഒരു കാര്യവുമില്ല. അവർ പ്രഖ്യാപിച്ചില്ല. എനിക്ക് അന്നുമുതൽ അവരെപ്പറ്റിയുള്ള ബഹുമാനം വല്ലാതെ വർദ്ധിച്ചു. ഞാൻ നേരത്തെ മദാമ്മയെന്നൊക്കെ വിളിച്ചിരുന്നു, പിന്നെ ഞാൻ അങ്ങനെ വിളിച്ചിട്ടേയില്ല. സത്യം പറയുകയാണ്. ബി. ജെ. പി. പറയുന്ന മോഡലിലൊന്നുമല്ല. കോൺഗ്രസ്സിന് ഇവിടെ ആളില്ലെന്ന മട്ടിൽ ഞാൻ സംസാരിക്കുമായിരുന്നു. ഞാൻ പറഞ്ഞത്, ഞങ്ങൾക്ക് അവരെപ്പറ്റി നല്ല ബഹുമാനമാണ്. അവർ കമ്മ്യൂണിസ്റ്റ് പാർട്ടി

ക്കെതിരെ അങ്ങനെ ശക്തമായ സ്റ്റേറ്റ്മെന്റൊന്നും സാധാരണയായി ഇറക്കുന്നില്ല. വിരോധമില്ലാത്തതുകൊണ്ടാണ് എന്നല്ല, അവർക്കറിയാം ഇൻഡ്യൻ പൊളിറ്റിക്സ്. അവർ വളരെ വിഷമിച്ച് അവിടെ ഇരിക്കുകയാണ്. എങ്ങനെയാണ് അധികാരം നിലനിർത്തുന്നത്? ഇങ്ങനെയുള്ള കുറച്ച് കാര്യവിവരമൊക്കെയുള്ള കോമൺസെൻസുള്ള ചില നേതാക്കന്മാരൊക്കെ അപ്പുറത്തുള്ളപ്പോൾ ഞങ്ങൾ പറയുന്നത് നിങ്ങൾ കേൾക്കാതിരിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ അത് പറഞ്ഞു, inconsistent ഉം derogatory യുമാണ് അതുകൊണ്ട് അത് പിൻവലിക്കണം. നമ്മുടെ രാജ്യത്ത് നിയമമെന്നു പറഞ്ഞാൽ നിയമസഭയും പാർലമെന്റും പാസ്സാക്കുന്ന ആക്ടുകൾ, ഓർഡിനൻസുകൾ, ബൈലാകൾ, റഗുലേഷൻസ്, നോട്ടിഫിക്കേഷൻസ്, customs or usage in territory of India, ഇതെല്ലാം നിയമമാണ്. അപ്പോൾ നിയമമെന്നു പറയുന്നത് വളരെ വിശാലമാണ്, അതു തൊട്ടുകളിക്കുമ്പോൾ സൂക്ഷിക്കണം. നന്നായി ഉണ്ടാക്കിയ ഒരു നിയമത്തെ നിങ്ങൾ തൊട്ടുകളിക്കുമ്പോൾ വളരെയേറെ സൂക്ഷിക്കേണ്ടതായിട്ടുണ്ട്. അതുകൊണ്ട് ഇന്ത്യയിൽ നിലനിൽക്കുന്ന ഏതെങ്കിലുമൊരു നിയമത്തിന് വിരുദ്ധമായ ഒരു നിയമം പാസ്സാക്കിയാൽ അത് നിലനിൽക്കുകയില്ല, it is void എന്നു പറഞ്ഞിരിക്കുന്നത് 13-ാം ആർട്ടിക്കിളിലാണ്. ഈ നിയമം void ആണ്. ആർട്ടിക്കിൾ 14 – Equality before Law, ഇവിടെ ഉന്നയിക്കപ്പെട്ട പ്രശ്നം ഞാൻ കോൺസ്റ്റിറ്റ്യൂഷണലായി അവതരിപ്പിക്കുകയാണ്. ഒരു പൗരനും സമത്വം നിഷേധിക്കാൻ പാടില്ല. തുല്യ സംരക്ഷണവും നിഷേധിക്കാൻ പാടില്ല, നിഷേധിച്ചാൽ ആ നിയമം void ആണ്. സ്ത്രീകൾക്ക് നിങ്ങൾ അവസരം നിഷേധിച്ചിരിക്കുന്നു.

അവരെ തുല്യരായിട്ട് കാണുന്നില്ല. നിയമത്തിലുള്ളതുകൊണ്ട്, നിങ്ങൾ അത് ഉൾപ്പെടുത്തിയില്ലെങ്കിൽ കുഴപ്പമില്ല, നേരത്തെ ഇല്ലല്ലോ, നിങ്ങൾ കുറ്റക്കാരല്ല. കവനെന്റിൽ ഉള്ളതാണ്. നിങ്ങളത് എടുത്തു കളഞ്ഞു, എടുത്തു കളയുമ്പോൾ വ്യക്തിയുടെ ഒരു ആനുകൂല്യം equality നിഷേധിച്ചിരിക്കുകയാണ്. അതുകൊണ്ട് ഇത് void ആണ്. Prohibition of discrimination on grounds of religion, race, caste, sex or place of birth. State discriminate ചെയ്തുകൂടാ. സ്ത്രീകളെ discriminate ചെയ്തിരിക്കുകയാണ്. ആർട്ടിക്കിൾ 15–ന് വിരുദ്ധമാണ് നിങ്ങളുടെ നിയമം. സ്ത്രീകളെ discriminate ചെയ്തിരിക്കുന്നു. പറഞ്ഞല്ലോ .....of religion, race, caste, sex or place of birth, നിങ്ങൾ സ്ത്രീകളെ discriminate ചെയ്തിരിക്കുകയാണ്. അപ്പോൾ കോടതിയിൽ കാണാം. നിങ്ങൾ പാസ്സാക്കിക്കോ. കോടതിയിൽ നിന്ന് നല്ലതുകിട്ടും. നിങ്ങൾ കണ്ടോ, ഇതു വലിയ ചർച്ചയായിട്ട് വരും. ആർട്ടിക്കിൾ 15–ൽ തന്നെ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിവന്നാൽ പ്രത്യേക സംവരണമുണ്ടാക്കാമെന്ന് പറയുന്നുണ്ട്. അത് discrimination അല്ല അത് അതിനകത്തുതന്നെ പറയുന്നുണ്ട്. അതുകൊണ്ടാണ് നമ്മൾ സംവരണം കൊടുക്കുന്നത്, അതുകൊണ്ടാണ് ഞാൻ സംവരണം വച്ചത്, വെറുതെ വച്ചതല്ല. അന്ന് കുറേ സമുദായ നേതാക്കന്മാർ ഈ ഭാഗം കുറച്ചിട്ട് കുലുക്കിയല്ലോ, എന്നിട്ട് എവിടെ കുലുക്കിയവർ? കോടതി പറഞ്ഞു, ഒരു പ്രശ്നവുമില്ല. സ്ത്രീ പ്രാതിനിധ്യം വേണ്ടായെങ്കിൽ നിങ്ങൾ ദേവസ്വം വകുപ്പുമന്ത്രിയോട് പറയണം. അദ്ദേഹം വേണമെങ്കിൽ പിൻവലിക്കട്ടെ. ഞങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയില്ല. സുപ്രീം കോടതി തിരിച്ചു വിട്ടില്ലേ?

പൃഷ്ഠം കുലുക്കിയിട്ട് സുപ്രീം കോടതിയിൽ പോയവരില്ലേ? അവരങ്ങോട്ട് കുലുക്കി കഴിഞ്ഞാൽ കേരളം കുലുങ്ങുമെന്ന് നിങ്ങളാരെങ്കിലും കരുതുന്നുണ്ടെങ്കിൽ നിങ്ങൾക്ക് വോട്ടുചെയ്ത ജനങ്ങളെ നിങ്ങൾ വിശ്വസിക്കണം. ഒരു മതവും സമുദായവുമല്ല, മൊത്തം ജനങ്ങളാണ് വോട്ടുചെയ്തിരിക്കുന്നത്. ചിലപ്പോൾ ഒരു വിഭാഗത്തോട് പ്രത്യേക താൽപ്പര്യം കാണും, അത് കാണിച്ചുകൊള്ളൂ. പക്ഷെ പൊതുകാര്യങ്ങൾ വരുമ്പോൾ അങ്ങനെ പാടില്ല. അതുകൊണ്ട് സ്ത്രീകൾക്കും കുട്ടികൾക്കും സംവരണം കൊടുക്കുന്ന ഫണ്ടമെന്റൽ നയത്തിന് എതിരല്ല, അതുകൊണ്ടാണ് ഞങ്ങൾ സംവരണം കൊടുത്തത്. മലബാർ ദേവസ്വം ബോർഡിൽ 9 അംഗങ്ങളുള്ളതിൽ 2 അംഗങ്ങൾ വനിതകളാണ്. തിരുവിതാംകൂർ ദേവസ്വംബോർഡിൽ 3 അംഗങ്ങളുള്ളതിൽ ഒരാൾ വനിതയാണ്. സത്രീകൾക്ക് 33% സംവരണമുണ്ട്. സബ് സെക്ഷൻ 15 –ൽ എസ്.സി/എസ്.ടിക്ക് സംവരണം കൊടുക്കാമെന്ന് പറഞ്ഞിട്ടുള്ളതുകൊണ്ട് ഞങ്ങൾ അവർക്കും സംവരണം കൊടുത്തു. മലബാർ ദേവസ്വം ബോർഡിൽ എസ്.സി./എസ്.ടി വിഭാഗത്തിലെ രണ്ടുപേർക്ക് പ്രാതിനിധ്യം കൊടുത്തു. എസ്.സി/എസ്.ടി.ക്കു പുറമേ ആവശ്യമുണ്ടെങ്കിൽ പിന്നോക്ക സമുദായത്തിനും സംവരണം കൊടുക്കാം. 3 മെമ്പർമാർ മാത്രമേയുള്ളൂ എങ്കിൽ വേണ്ട രീതിയിൽ സംവരണം കൊടുക്കാൻ സാധിക്കാത്തതുകൊണ്ട് അംഗങ്ങളുടെ എണ്ണം ഞങ്ങൾ 9 ആക്കി വർദ്ധിപ്പിച്ചു. നിങ്ങളത് ഇപ്പോൾ കുറയ്ക്കുകയല്ലേ. മലബാർ ദേവസ്വം ബോർഡിൽ 9 അംഗങ്ങളാക്കി, തിരുവിതാംകൂർ ദേവസ്വംബോർഡിൽ 7 അംഗങ്ങളുണ്ടായിരുന്നതാണ്, പ്രസിഡന്റ് ഒപ്പിട്ട നിയമമാണ്. ഞാനിവിടെ കൊണ്ടുവന്നത്, അതിവിടെ അവതരിപ്പിച്ച് പബ്ലിക് ഒപ്പീനിയനുവേണ്ടി പോയിരിക്കുകയാണ്. നിങ്ങ

ളത് തിരിച്ചുവിളിക്കണ്ടേ? നിങ്ങൾ അതെടുത്ത് അവതരിപ്പിച്ചിരുന്നുവെങ്കിലോ? ഇൻഡ്യൻ പ്രസിഡന്റ് ഒപ്പിട്ട ഞാൻ കഷ്ടപ്പെട്ട് വാങ്ങിയ ആ ഒരു നിയമം നിങ്ങൾക്കെടുത്ത് അവതരിപ്പിക്കാമായിരുന്നില്ലേ? നിങ്ങൾക്കിവിടെ ഒരു ഗോൾഡൻ ചാൻസല്ലേ കിട്ടുന്നത്? പറ്റുകയില്ല, കാരണം ഫ്യൂഡലിസ്റ്റുകൾ നിങ്ങളെ ചവിട്ടിപ്പിടിച്ചിരിക്കുകയാണ്.

നിങ്ങൾക്ക് അവരാണ് പ്രധാനം. ഫ്യൂഡലിസത്തിന്റെ സന്തതിയാണ് ഈ പുതിയ നിയമം. പേരുപറയുന്നത് ശരിയല്ലാത്തതുകൊണ്ട് ഞാൻ പേരൊന്നും പറയുന്നില്ല. സമുദായ സംഘടനകളിലെ ചിലരുടെ താല്പര്യങ്ങളാണ്. നിങ്ങൾ അതിന് വഴങ്ങരുത്. അവർക്ക് താഴെയല്ല കോൺഗ്രസ് അവർക്ക് മുകളിലാണെന്ന് കരുതണം. ഞങ്ങളൊക്കെ എന്നേ അതിനുമുകളിലാണ്. ഞങ്ങളൊരിക്കലും താഴെയായിട്ടില്ല. ദേവസ്വം ബോർഡ് രൂപീകരിക്കുമ്പോൾ ഹിന്ദു സമുദായങ്ങളോട് എന്തെങ്കിലും നീതി ചെയ്തോ. സ്ത്രീകളോടും പട്ടികജാതിക്കാരോടും ഞങ്ങൾ അന്ന് നീതിചെയ്തു. അവിടെ അവസാനിക്കുമോ? കേരളത്തിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ഈഴവ വിഭാഗത്തിന് വല്ലപ്പോഴും പ്രസിഡന്റ്ഷിപ്പ് കൊടുത്താലായി. ഒരിക്കൽ ശ്രീ. ബാബു വന്നു. അതാണ് ഞാൻ പറഞ്ഞത് വല്ലപ്പോഴുമെന്ന്. അതുകഴിഞ്ഞാൽ നായേഴ്സാണ്. അതുകഴിഞ്ഞ് പട്ടിക ജാതി/ പട്ടിക വർഗ്ഗമാണ്. നാലാമത് ബ്രാഹ്മിൺസാണ്. അഞ്ചാമത് ധീവര, വിശ്വകർമ്മ, തിരുവനന്തപുരത്തെ നാടാർ സമുദായം. അങ്ങനെ ഏഴ് സമുദായമാണ്. ഏഴ് സമുദായത്തിനും ഓരോന്നു കൊടുക്കാൻ വേണ്ടിയാണ് 9 ആക്കിയത്. അല്ലാതെ വെറുതെ ആക്കിയതല്ല. അത് നിങ്ങൾ എടുത്തുകളയുകയല്ലേ. കൊണ്ടുവന്നത് ഞങ്ങളാണെങ്കിലും നിങ്ങൾക്ക് ആ 9 പേരെ വച്ചുകൂടായിരുന്നോ?

ശ്രീ. ശിവദാസൻനായരോട് പറഞ്ഞതാണ് ഇതൊന്ന് പാസ്സാക്കിയെടുക്കെന്ന്. നിങ്ങൾ പറഞ്ഞാൽ അവർ കേൾക്കില്ലായെന്ന് എനിക്കറിയാം. നിങ്ങൾ കോൺഗ്രസ്സിനുവേണ്ടി ആത്മാർത്ഥമായി പ്രവർത്തിക്കുന്ന ആളാണ്. അങ്ങ യെക്കുറിച്ച് ഇന്നലെ ശ്രീ. കോലിയക്കോട് കൃഷ്ണൻ നായർ നല്ല അഭിപ്രായ മാണിവിടെ പറഞ്ഞത്. അത് കേൾക്കാൻ അങ്ങിവിടെ ഇല്ലായിരുന്നു. അപ്പോൾ ഞങ്ങൾ പലതും അംഗീകരിക്കുന്നുണ്ട്. കബീർ മാഷിന്റെ പ്രസംഗം ഞങ്ങൾ ആസ്വാദിക്കുന്നുണ്ട്. കാരണം ഞങ്ങളെ ചീത്തപറയാനല്ല പ്രസംഗി ക്കുന്നത്. ഞങ്ങളെ വിമർശിച്ചോട്ടെ. അങ്ങനെയുള്ള പ്രസംഗം ഞങ്ങൾ ആസ്വാദിക്കാറുണ്ട്. പക്ഷേ എല്ലാപേരുടേയും പ്രസംഗം അങ്ങനെയല്ല. നല്ല പ്രസംഗമാണെങ്കിലും സംഗതികളെ കൂട്ടിക്കുഴച്ച് വഷളാക്കുന്നതുകൊണ്ട് കാര്യമില്ലായെന്നാണ് എനിക്ക് പറയാനുള്ളത്. ഈ തരത്തിലുമുള്ള സംവര ണങ്ങളും ആകാമെന്നുള്ളത് പറയുന്നുണ്ട്. ആർട്ടിക്കിൾ 16-ൽ equality in matters of public employment - പി.എസ്.സി. വരുന്നു. കോൺസ്റ്റിറ്റ്യൂഷനി ലുള്ളതാണ്. ഇത് വെറുതേ ഉണ്ടാക്കിവച്ചതല്ല. ഒരു സ്റ്റേറ്റിലും ഇത് ചെയ്തില്ല. ചെയ്യാത്തതിന്റെ കാരണം അമ്പലം വിഴുങ്ങികൾക്ക് ഇത് കൈകാര്യം ചെയ്യ ണം. പക്ഷെ കാലം മാറിവരികയാണ്. കോൺഗ്രസ് ഭരിക്കുന്ന പല സംസ്ഥാ നങ്ങളിലും പി.എസ്.സി.ക്ക് വിട്ടില്ലെങ്കിലും പട്ടികജാതിക്കാരെയും സ്ത്രീക ളെയും എടുത്തിട്ടുണ്ട്. കേരളത്തിലെടുക്കുന്നതിനുമുമ്പ് ആന്ധ്രയിലെ കോൺഗ്രസ് ഗവൺമെന്റ് എടുത്തിരുന്നു. 24 സ്റ്റേറ്റിലെ ദേവസ്വം ബോർഡ് നിയമങ്ങൾ പഠിച്ചതിനുശേഷമാണ് പലയിടത്തും സ്ത്രീകളും പട്ടികജാതി ക്കാരും വന്നത്. ആ കാര്യത്തിൽ നമുക്ക് ഇവിടെ താമസിച്ചാണ് വന്നത്. അത് പി.എസ്.സി.ക്ക് വിടണമായിരുന്നു. ആരും അത് പി.എസ്.സി.ക്ക് വിട്ടി

ട്ടില്ല. പി.എസ്.സി.ക്ക് വിടണമെന്നാണല്ലോ കോടതി വിധി. ദൈവങ്ങൾ വിശ്വാസം, അതിന്റെ ഭരണസമിതി ദൈവമല്ല. അതുകൊണ്ടാണ് കോടതി ഇടപെട്ടത്. പതിനായിരത്തോളം നിയമനങ്ങൾ കൊച്ചി–തിരുവിതാംകൂർ ദേവസ്വം ബോർഡിലുളളപ്പോൾ വെറും പത്തോ അഞ്ചൂറോ പോസ്റ്റേ ഉള്ളൂ അഡ്മിനിസ്ട്രേറ്റീവ് പോസ്റ്റ്. അതായത് എഞ്ചിനീയർ, ക്ലാർക്ക്, പ്യൂൺ തുടങ്ങിയവയൊഴിച്ചാൽ ബാക്കിയൊക്കെ ദേവസ്വം ബോർഡാണ് നടത്തുന്നത്. ഇത് നിങ്ങൾ മറച്ചുവയ്ക്കുകയല്ലേ. മൊത്തം അടിച്ചെടുക്കാൻ വേണ്ടി നിങ്ങളുടെ സമുദായ പ്രമാണിമാർ കളവു പറയുകയല്ലേ. സത്യമല്ലേ ഇത്.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:</u> ദേവസ്വം ബോർഡ് നിയമനങ്ങൾ പി.എസ്.സി.ക്ക് വിടണമെന്ന് അങ്ങ് ആവശ്യപ്പെട്ടു. പി.എസ്.സി. റിക്രൂട്ട്മെന്റ് നടത്തുമ്പോൾ ഹിന്ദുക്കൾക്കുവേണ്ടി മാത്രം നടത്താൻ കഴിയുമോ. പി.എസ്.സി എല്ലാ സമുദായക്കാരേയും റിക്രൂട്ട് ചെയ്യേണ്ടിവരും. ഗുരുവായൂർ പോലുള്ള അമ്പലങ്ങളിൽ അഹിന്ദുക്കൾക്ക് പ്രവേശനമില്ല. അങ്ങനെയുള്ള ദേവസ്വം ബോർഡുകളിൽ അഹിന്ദുവായ ഒരാളിന് ജീവനക്കാരനായി വരാൻ കഴിയുമോ? അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. ജി. സുധാകരൻ</u>: അങ്ങനെ പറയാൻ എനിക്കെന്താ ഭ്രാന്താണോ? ഹിന്ദു മെമ്പർമാരാണ്. അതെല്ലാം നിയമത്തിലുണ്ട്. വർഷങ്ങളായി മലബാറിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഇതൊക്കെ പുതിയ കാര്യമാണോ? നിങ്ങളുടെ മന്ത്രി ഇതൊന്നും പഠിച്ചിട്ടില്ല. അദ്ദേഹം വിദ്യാസമ്പന്നനും പാർലമെന്റ് എം.പി.യുമൊക്ക ആയിരുന്നു. എന്റെ നല്ലൊരു സുഹൃത്താണ്. ഞാൻ അദ്ദേഹത്തെ വിമർശിക്കുന്നത് അദ്ദേഹം മന്ത്രിയായതുകൊണ്ടാണ്. അദ്ദേഹം ഇത് ചെയ്യാൻ പാടില്ല. ശ്രീ. ഉമ്മൻ ചാണ്ടി അവിടെയിരുന്ന് പലതും

പറയും. ശ്രീ. ഉമ്മൻ ചാണ്ടി പറയുന്നതെല്ലാം ദേവസ്വം ബോർഡിന്റെ നിയമത്തിൽ കൊണ്ടുവരാൻ കഴിയുമോ. അദ്ദേഹത്തെ ഞാൻ മോശമാക്കുകയല്ല. അദ്ദേഹം 2006 വരെ ഭരിച്ചപ്പോൾ ഇങ്ങനെതന്നെയാണ് ചെയ്തത്. അംഗസംഖ്യ 3 എന്നത് കൂട്ടി 5 ആക്കാൻ ശ്രീ. വേണുഗോപാലിനെക്കൊണ്ട് ഭേദഗതി അവതരിപ്പിച്ചു. പക്ഷേ അത് നിലനിൽക്കില്ലായിരുന്നു. അന്നത്തെ പ്രിൻസിപ്പൽ സെക്രട്ടറി ശരിയായരീതിയിലല്ല പറഞ്ഞുകൊടുത്തത്. അതുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്. അതിന്റെ ഫയൽ എന്റെ കയ്യിലുണ്ടായിരുന്നു. അത് അവതരിപ്പിക്കാൻ കഴിയില്ലായിരുന്നു. പിന്നെ വെറുതേ ഇങ്ങനെ പറഞ്ഞു. അതങ്ങുപോയി. അല്ലാതെ വേറെ കുഴപ്പങ്ങളൊന്നുമില്ല. ഹിന്ദുക്കൾക്കുമാത്രമേ അപേക്ഷിക്കാവൂ എന്നത് വസ്തുതയല്ലേ. അതുകൊണ്ടല്ലേ ഏതൊരു പ്രത്യേക വിഭാഗത്തിനും വേണ്ടി സംവരണം ആകാമെന്നുള്ള ക്ലോസ് ഞാൻ ആദ്യമേ വച്ചത്. നോട്ടിഫിക്കേഷനെല്ലാം ഇതിനകത്തുണ്ട്. അതില്ലാതെ ചെയ്യാനൊക്കില്ല. എത്രയോ വർഷങ്ങളായി മലബാറിൽ നടന്നുകൊണ്ടേയിരിക്കുകയല്ലേ. അത് ഇവിടെ നടപ്പാക്കിയെന്നേയുള്ളൂ. മലബാറിൽ നടപ്പാക്കിയത് ഞങ്ങളല്ല. സ്വാതന്ത്ര്യം ലഭിച്ച് കേരള സംസ്ഥാനം രൂപം കൊള്ളുന്നതിനുമുമ്പുതന്നെ നടപ്പാക്കി. ഇതൊക്കെ രേഖയിലുള്ളതാണ്. equality for all Hindu citizens equal opportunity - അതാണ് പി.എസ്.സി. അവിടെ സംവരണമുണ്ട്. ഇപ്പോൾ ദേവസ്വം ബോർഡിന്റെ നിയമനത്തിൽ സംവരണം വല്ലതുമുണ്ടോ? അവിടെ സംവരണമൊന്നുമില്ല. എന്റെ കയ്യിൽ അതിന്റെ വ്യക്തമായ പേപ്പറുണ്ട്. അതിൽ നിയമനത്തിന്റെ ഒരു വശം മാത്രം ഞാൻ പറയാം. വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ അങ്ങേയ്ക്ക് ഇനി എത്ര സമയം കൂടി വേണ്ടിവരും.

ശ്രീ. ജി. സുധാകരൻ: എനിക്കിനി കുറച്ചു സമയം കൂടി വേണ്ടിവരും. കാരണം അതിഭയങ്കരമായ ഒരു കൊലപാതകത്തിനെതിരെ, കൊലചെയ്യപ്പെടുന്ന ദേവസ്വങ്ങൾക്കുവേണ്ടി വാദിക്കുകയാണ്. അപ്പോൾ കുറച്ച് സമയം വേണ്ടി വരും. മന്ത്രിക്ക് ഒന്നും സംസാരിക്കാനില്ല. ആ സമയം കൂടെ ഞാനെടുക്കുന്നു അത്രയേയുള്ളൂ. അദ്ദേഹം അത് അംഗീകരിക്കും. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ പട്ടികജാതി – പട്ടികവർഗ്ഗ സംവരണം ഒരു ശതമാനമാണ്. അവിടെ 9 ശതമാനം അമ്പലംവിഴുങ്ങികൾ അടിച്ചെടുത്തു. അതിന് എന്തുപരിഹാരമാണ് ഈ ബില്ലിലുള്ളത്. നിങ്ങളുടെ റിക്രൂട്ട്മെന്റ് ബോർഡ് വരുമ്പോൾ ഇത് നടക്കും. പി.എസ്.സി. ആയാൽ ഇത് പറ്റില്ല. കൊച്ചി ദേവസ്വം ബോർഡിൽ ഒരു ശതമാനം. മലബാർ **എച്ച്.ആർ.എം.സി.**യിൽ 30 ശതമാനം. കാരണം അത് പി.എസ്.സി.യാണ്. ഇതൊക്കെ പഠിച്ചിട്ടാണ് ഇവിടെ കൊണ്ടുവരുന്നത്. അല്ലാതെ കോൺഗ്രസിനെ മോശമാക്കാനല്ല. ഇത് പാസ്സായതുകൊണ്ട് കോൺഗ്രസിന് എന്താണ് കുഴപ്പം. ഇന്ത്യൻ ഭരണഘടനയുണ്ടാക്കിയപ്പോൾ നെഹ്റുവല്ലേ അതിന്റെ നേതാവായിരുന്നത്.

ഡോ: ടി. എം. തോമസ് ഐസക്: അങ്ങ് പറഞ്ഞത് മൊത്തം ജനസംഖ്യയുടെ 10 ശതമാനമാണ്. ഇപ്പോൾ ഹിന്ദുക്കൾക്ക് മാത്രമല്ലേ അപേക്ഷിക്കാൻ കഴിയൂ. അതുകൊണ്ട് എസ്.സി./എസ്.ടി. ക്ക് 10 ശതമാനം പോര. അതിനെക്കാൾക്കൂടുതൽ വേണ്ടേ.

ശ്രീ. ജി. സുധാകരൻ: ഭരണഘടനാപരമായി പത്തുശതമാനമെങ്കിലും കൊടുക്കണ്ടേയെന്നാണ് ഞാൻ ചോദിച്ചത്. മലബാറിൽ കിട്ടി. അത് പൊതു

മെരിറ്റിൽക്കൂടി വന്നു. ശ്രീ. വർക്കല കഹാർ ചോദിച്ചു പൊതുമെരിറ്റ് മിടുക്കന്മാർക്കല്ലേ കിട്ടുകയുള്ളൂ എന്ന്. അങ്ങനെ ചോദിക്കാൻ പാടില്ല. മുസ്ലീങ്ങളിലുമെല്ലാം മിടുക്കരുണ്ട്. ഞാൻ പന്തളം യൂണിവേഴ്സിറ്റി സിൻഡി ക്കേറ്റിലുണ്ടായിരുന്നല്ലോ. ഓപ്പൺ പോസ്റ്റിൽ ഒറ്റ മുസ്ലീമിനേയോ, ലാറ്റിൻ കത്തോലിക്കയേയോ സംവരണസമുദായത്തിൽ എസ്.സി./എസ്.ടി.യേയോ ഇഴവരേയോ നിയമിക്കില്ല അവിടത്തെ സവർണ്ണ ലോബി. അവസാനം ഞങ്ങൾ ഇടപെട്ട് നിയമിച്ചു. ഏതെങ്കിലും സംവരണ സീറ്റ് പോയാൽ ആ സംവരണ സീറ്റ് അവിടെ കിടക്കും. ആ സംവരണത്തിലുള്ള ആളുവരു മ്പോൾ മാത്രമേ ആ പോസ്റ്റ് റീഫിൽ ചെയ്യുകയുള്ളൂ. അത് കോൺസ്റ്റിറ്റ്യൂ ഷന്റെ അവസാന ഭാഗത്ത് പറയുന്നുണ്ട്. അതായത് ഇന്നേവരെ സംവരണ സമുദായത്തിന് പോസ്റ്റ് കിട്ടിയില്ല. ഈ വർഷം കുറേ പോസ്റ്റുകളുടെ ഇത്ര ശതമാനം കിട്ടും. ആ ശതമാനത്തിൽ അഡ്ജസ്റ്റ് ചെയ്യാൻ സാധിക്കില്ല. അതവിടെ കിടക്കും. അത് ഡയറക്ട് റിക്രൂട്ട്മെന്റുവഴി ചെയ്തോളണം. കോൺസ്റ്റിറ്റ്യൂഷനിൽ ഇങ്ങനെ കൂറേയധികം കാര്യങ്ങളുണ്ട്. ഇത്തരത്തി ലാണ് ഇവിടത്തെ പോസ്റ്റുകളെന്ന കാര്യമാണ് ഞാൻ പറയുന്നത്. ഇക്വാലിറ്റി ഓപ്പർച്യൂണിറ്റി നിങ്ങൾ നഷ്ടപ്പെടുത്തുകയാണ്. ജാതിവിവേചനമാണിവിടെ നടക്കുന്നത്. കല്ലൂർ ബാബുവിന്റെ കാര്യം ഇവിടെ ഉന്നയിച്ചില്ലേ. അവിടന്ന് എഴുതിക്കൊടുത്ത സ്റ്റേറ്റ്മെന്റല്ലേ വായിച്ചത്. ഞാനൊരു വിഭാഗത്തേയും എതിർക്കുന്നില്ല. ഞാനെന്തോ തന്ത്രിമാരെക്കുറിച്ച് പറഞ്ഞുവെന്ന് പറഞ്ഞു. ആ തന്ത്രിതന്നെ പറഞ്ഞു സാർ പറഞ്ഞത് ശരിയാണെന്ന്. ഇപ്പോൾ തന്ത്രി മാരുടെ സമ്മേളനം ഉദ്ഘാടനം ചെയ്യാൻ എന്നെയാണ് വിളിക്കുന്നത്. ബ്രാഹ്മണസഭയുടെ സംസ്ഥാന സമ്മേളനം ഞാനാണ് ഉദ്ഘാടനം ചെയ്തത്. ഞങ്ങൾ അവരെ വ്യക്തിപരമായിട്ടല്ല പറയുന്നത്. പ്രതിപക്ഷത്തിരിക്കുന്ന

തിൽ ശ്രീ. വി. എസ്. അച്ചുതാനന്ദൻ കഴിഞ്ഞാൽ ഏറ്റവും സീനിയർ ശ്രീ. സി. കെ. നാണു ആയിരിക്കും. അവർക്കൊക്കെ എത്രയധികം കഥകളാണ് പറയാനുണ്ടാവുക. ഇവർക്ക് എന്തെല്ലാം കാര്യങ്ങളറിയാമായിരിക്കും. ഇവിടെ അതൊന്നും പറയാനുള്ള അവസരമില്ലെന്നുള്ളത് ഒന്നാമത്തെ കാര്യം. നമുക്ക് കേൾക്കാൻ ക്ഷമയും സമയവുമില്ലെന്നുള്ളത് രണ്ടാമത്തെ കാര്യം. അത് ആരുടേയും കുറ്റമല്ല. അന്ന് തകിൽ ബാബുവിനെ അപ്പോൾ നിയമിക്കാത്തതെന്തുകൊണ്ടാണ്. മന്ത്രി ഇടപെട്ട് അത് പറയണ്ടേ. നിങ്ങൾ പറഞ്ഞാൽ അവർ കേൾക്കില്ല. കാരണം ശ്രീ. യേശുദാസിനെ ഗൂരുവായൂരമ്പലത്തിൽ കയറ്റാമോ എന്നേ ഞാൻ ചോദിച്ചുള്ളൂ. കയറ്റണമെന്ന് ഞാൻ പറഞ്ഞില്ല. അതിനെനിക്ക് അധികാരമില്ല. ദേവസ്വം ബോർഡിന് ഒരു കത്ത് അയച്ചതേയുള്ളൂ. അതിന് ഇവിടത്തെ വലിയ സാംസ്കാരിക നായകന്മാർ എന്നെ ഉത്ബുദ്ധനാക്കി. എന്തായിരുന്നു ആറുമാസക്കാലമിവിടെ? സാംസ്കാരിക വിപ്ലവംതന്നെ നടന്നു. സ്ത്രീകൾക്ക് ചുരിദാർ ധരിച്ചുകൊണ്ട് അമ്പലത്തിൽ കയറാൻ പാടില്ലായിരുന്നു. അത് ഞങ്ങളാണ് മാറ്റിയത്. ഇപ്പോൾ സ്ത്രീകൾക്ക് ചുരിദാറിട്ടുകൊണ്ട് ഗുരുവായൂർ അമ്പലത്തിൽ കയറാം. ഇപ്പോൾ വേഷത്തിലൊന്നും വലിയ പ്രശ്നമില്ല. അതിന് വലിയ എതിർപ്പൊന്നും വലുതായി വന്നില്ല. പക്ഷേ സ്ത്രീകൾ അതിനെ അനുകൂലിച്ചു. ക്ഷേത്രപ്രവേശന വിളംബരത്തിൽ ഹിന്ദുക്കൾക്കുമാത്രമേ ക്ഷേത്രത്തിൽ കയറാവൂവെന്ന ഒരു ചെറിയ ക്ലോസുണ്ട്. ഹിന്ദുമതത്തിൽ വിശ്വാസിക്കുകയും ഹിന്ദുമതത്തെ ആരാധിക്കുകയും ചെയ്യുന്ന യാതൊരാൾക്കും ക്ഷേത്രത്തിൽ കയറാം എന്നുമാത്രം മാറ്റിയാൽ മതി. അപ്പോഴാണ് ശ്രീ. യേശുദാസ് കാലുമാറിയത്. ബഹളം കേട്ടപ്പോൾ പുള്ളിക്കാരൻ വിചാരിച്ചു ഇനി പാട്ടുകച്ചേരിയും കിട്ടില്ലായെന്ന്. എനിക്ക് അത് ഇഷ്ടപ്പെട്ടിട്ടില്ല. അദ്ദേഹത്തി

നുവേണ്ടിയല്ലേ ഈ കോലാഹലമൊക്കെ ഉണ്ടാക്കിയത്. അദ്ദേഹം പറഞ്ഞു ബഹളമുള്ള സാഹചര്യത്തിൽ എനിക്ക് അമ്പലത്തിൽ കയറണ്ടായെന്ന്. അത് നല്ലൊരുകാര്യമാണ്. അത് ഞാൻ സമ്മതിച്ചു. എന്നാലും ഞാനങ്ങ് ഫൂളായിപ്പോയി. അപ്പോൾ ശ്രീ. യൂസഫലി കേച്ചേരി എന്നെ വിളി ച്ചുപറഞ്ഞു, നമ്മൾ സുഹൃത്തുക്കളല്ലെ എന്റെ കാര്യമെന്താണ് പറയാത്തത്, ഗുരുവായൂരമ്പലത്തിൽ ഞാൻ കയറുമായിരുന്നല്ലോ. ഞാനത് പിൻവലിക്കി ല്ലായിരുന്നല്ലോ എന്ന്. അപ്പോൾ ഞാൻ പറഞ്ഞു, ശരിയാണ് ഞാനത് വിട്ടു പോയിയെന്ന്. ശ്രീ. യേശുദാസ് അങ്ങനെ പറയേണ്ടിയിരുന്നില്ല എന്നാണ് അദ്ദേഹം പറഞ്ഞത്. പക്ഷേ ശ്രീ. യേശുദാസ് അങ്ങനെ പറഞ്ഞത് അദ്ദേഹം ഒരു സാത്വികനായതുകൊണ്ടാണ്. അതുകൊണ്ട് ഞാൻ അദ്ദേഹത്തെ കുറ്റപ്പെടുത്തുകയല്ല. പക്ഷേ നിയമനിർമ്മാണത്തിനുവേണ്ടി നമ്മൾ മുമ്പോ ട്ടിറങ്ങുമ്പോൾ ബന്ധപ്പെട്ടവർ വേണ്ടായെന്നുപറഞ്ഞാൽ പ്രയാസമാകും. അതുകൊണ്ട് അതിനെല്ലാപേരും പ്രബുദ്ധരാകേണ്ടതുണ്ട്. അപ്പോൾ ഇക്വാലിറ്റി നിങ്ങൾ ഇല്ലാതാക്കുകയാണ്, സംവരണത്തെ നിങ്ങൾ തകർക്കു കയാണ്. പ്രാതിനിധ്യക്കുറവ് പരിഹരിക്കാൻ ഇതിനകത്ത് ഒന്നുമില്ല. ജാതി വിവേചനം ഇപ്പോഴും ദേവസ്വം ബോർഡുകളിൽ തുടരുകയാണ്. മിശ്ര വിവാഹം പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. പക്ഷേ പട്ടികജാതി – പട്ടികവർഗ്ഗം ചില പിന്നോക്ക സമുദായങ്ങളിൽ നിന്ന് വിവാഹം കഴിച്ചാൽ ഇപ്പോഴും പ്രശ്നങ്ങളാണ്. കാരണം ഇതുപോലുള്ള ദുരാചാരങ്ങളുള്ളതു കൊണ്ട് അവർക്ക് അമ്പലങ്ങളിൽ ജോലി കിട്ടില്ല. അവരെ മാനിക്കില്ല. ഇത്തരം ഒരുപാട് പ്രശ്നങ്ങൾ ഇവിടെ നിലകൊള്ളുകയാണ്. റിലീജ്യസ് പ്രാക്ടീസ് ഒന്നും തടയാൻ പാടില്ല. പക്ഷെ നിങ്ങളത് തടഞ്ഞു. ഈ ഗവൺമെന്റ് തടഞ്ഞെന്നു ഞാൻ പറയും. മന്ത്രി അവിടെപ്പോയി കൈപിടിച്ച്

കയറ്റണമായിരുന്നു. നിങ്ങളെ അവർ ഒന്നും ചെയ്യില്ല. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ നിങ്ങൾ കേരളത്തിൽ ആരാകുമായിരുന്നു. ശിവകുമാറല്ല, യഥാർത്ഥ പരമശിവനാകുമായിരുന്നു. സർവ്വ സംഹാരിയായ ഒരു ശിവനായി താണ്ഡവമൊക്കെ നടത്തി ഇങ്ങ് പോരാമായിരുന്നു.

അദ്ദേഹത്തോട് ഞാൻ പറഞ്ഞു, ആ പിന്തിരിപ്പൻ നിയമം എടുത്തുകളഞ്ഞാൽ ചരിത്രത്തിൽ സ്ഥാനംപിടിക്കാം. പുള്ളിക്ക് ചരിത്രത്തിൽ സ്ഥാനം പിടിക്കേണ്ട, ക്യാബിനറ്റിൽ ഇരുന്നാൽ മതി. അന്ന് ഞാൻ വളരെ പ്രബുദ്ധനായ ശ്രീ. വി. ഡി. സതീശനോട് പറഞ്ഞു, പക്ഷെ അദ്ദേഹത്തിന് അന്നതിന് കഴിഞ്ഞില്ല. മറ്റൊരവസരം കിട്ടിയാൽ ചെയ്തുകളയുമെന്ന് എനിക്കറിയാം. എന്തായാലും ആ സമയത്ത് പറ്റിയില്ല. നിങ്ങൾ അവസരം ഉപയോഗിക്കുന്നില്ല. അവസരം ഉപയോഗിച്ചാൽ അപ്പുറത്തിരുന്നാലും ചരിത്രത്തിൽ സ്ഥാനം നേടാം. ചരിത്രത്തിൽ പേരുവരാനല്ല, ജനങ്ങൾ എന്നും ഓർമ്മിക്കണമെന്നുള്ളതുകൊണ്ടാണ്. Providing for social welfare and reform or the throwing open of Hindu religious institutions of a public character to all classes and sections of Hindus may not be prohibited. ഇതിനെയാണ് ഇപ്പോൾ ഗുരുവായൂരിൽ ലംഘിച്ചിരിക്കുന്നത്. ഇത് കോൺസ്റ്റിറ്റ്യൂഷനാണ്, ഈ പറഞ്ഞതിന്റെ രണ്ടാമത്തെ സബ്ക്ലോസാണ്, ഹിന്ദുക്കളെന്നാൽ ജൈന, ബുദ്ധ, സിക്ക് വിഭാഗങ്ങളെക്കൂടി ഉൾക്കൊള്ളണമെന്ന് പറഞ്ഞിട്ടുണ്ട്. ഭരണഘടനയിലെ വിവേചന ബോധം, അപ്പുറത്തിരിക്കുന്നവർ ആ വിവേചന ബോധമാണ് കാണിക്കേണ്ടത്. എന്താണ് ഡോ. ബി. ആർ. അംബേദ്കർ കോൺസ്റ്റിറ്റ്യൂഷനിൽ പറഞ്ഞിരിക്കുന്നത്? ഇതെല്ലാമുണ്ടെങ്കിലും സിക്കുകാർക്ക് കൃപാൺ കൊണ്ടുനടക്കാം. തലയിൽക്കെട്ടും വാളും കൊണ്ടുനടക്കാം,

കോൺസ്റ്റിറ്റ്യൂഷനിൽ എഴുതി വച്ചിരിക്കുകയാണ്. ഇല്ലെങ്കിൽ കലാപം നടക്കും. അത് അവരുടെ വിശ്വാസത്തിന്റെ ഭാഗമാണ്. എന്നാൽ കൃപാൺകൊണ്ട് ആരെയും വെട്ടിമുറിവേൽപ്പിക്കാൻ പാടില്ല. അതാണ് വിവേചനം. അതുപയോഗിച്ച് ആരെയും വെട്ടിക്കളയാം, കുത്തിക്കളയാം എന്ന രീതിയിലുള്ള തീവ്രവാദം പാടില്ല. അപ്പോൾ കൊല്ലാൻ അധികാരമില്ല. ഇതിനാണ് വിവേചനം എന്നുപറയുന്നത്. ഈ വിവേചനം അങ്ങ് കാണിച്ചില്ല. അങ്ങ് പൂർണ്ണമായും സമുദായ ശക്തിക്ക്, വൃത്തികെട്ട ഫ്യൂഡലിസത്തിന് കീഴിടങ്ങിയിരിക്കുകയാണ് എന്നുള്ളതാണ്. Article 26, Freedom to manage religious affairs, ബന്ധപ്പെട്ട വിഭാഗത്തെ ആർക്കും തടയാനാവില്ല. തങ്ങളുടെ മതസ്ഥാപനങ്ങളുടെ ഭരണത്തിൽ ഏർപ്പെടാൻ എല്ലാവർക്കും അധികാരമുണ്ട്. പട്ടികജാതിക്കാരനുണ്ട്, സ്ത്രീകൾക്കുണ്ട്, പിന്നോക്കക്കാരനുണ്ട്, ഇത് ആരുടെയും കുത്തകയല്ല. അങ്ങനെയാണ് ക്ഷേത്ര പ്രവേശന വിളംബരം വന്നത്. അതിനുമുമ്പ് ഈഴവ മെമ്മോറിയലും, മലയാളി മെമ്മോറിയലും, എത്രയെത്ര പ്രക്ഷോഭങ്ങളാണ് ഇവിടെ നടന്നത്. പി. കൃഷ്ണപിള്ള ഗുരുവായൂരിൽ പോയി മണിയടിച്ചത് ഈ സഭയിൽ ഞങ്ങൾ പലപ്പോഴും പറഞ്ഞല്ലോ. ഒരിക്കൽക്കൂടി അങ്ങയോട് പറയുകയാണ്. ഗുരുവായൂരിൽ ബാബുവിനെ തടഞ്ഞത് ഇപ്പോൾ പ്രസിദ്ധമാണല്ലോ. ഈഴവരും പട്ടികജാതിക്കാരും പൊതുവേ കറുത്തവരാണല്ലോ. എന്റെ അച്ഛനാണെങ്കിൽ കറുകറെ കറുത്തതാണ്. എങ്ങനെ കറുത്തതാണെന്ന് ചോദിച്ചാൽ കുട്ടനാടിലെ ഏതൊരു കർഷകത്തൊഴിലാളിയെപ്പോലെയുംതന്നെ. അതുപോലെ കറുത്ത ഒരാളും ഇവിടെയില്ല. അദ്ദേഹം അധ്വാനിക്കുന്ന നായരായിരുന്നു, എന്തുചെയ്യാൻ കഴിയും? അധ്വാനിക്കുന്നവർ പൊതുവേ കറുത്തവരാണ്. അതുകൊ

ണ്ടല്ലേ നീഗ്രോകൾ ഇങ്ങനെയിരിക്കുന്നത്. വെളുത്തവർ അധ്വാനിക്കാത്തവരല്ലെന്നല്ല അത് പല ജനുസ്സിന്റെയും പ്രശ്നമാണ്. പക്ഷെ അധ്വാനിക്കുന്നവർ കറുത്തവരാണ്. നമ്മളും അതുതന്നെയല്ലേ പറയുന്നത്. അടിസ്ഥാന വർഗ്ഗത്തെ, ഗുരുവായൂർ ക്ഷേത്രത്തിലെ മണിയടിക്കാൻ അവരെ വിളിച്ചുകൊണ്ടുപോയി. അവർക്ക് അവകാശമില്ലേ? കറുത്ത നായർക്ക് മണിയടിക്കാൻ അവകാശമില്ല. വെളുത്ത നായർക്കേ മണിയടിക്കാൻപറ്റൂ. പി. കൃഷ്ണപിള്ള സഖാവ് നല്ലതുപോലെ വെളുത്തതുമല്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഞാൻ കണ്ടിട്ടില്ല. ഞങ്ങളെല്ലാം അതെല്ലാം കഴിഞ്ഞാണ് ജനിച്ചത്. അദ്ദേഹം മണിയടിച്ചു, എല്ലാവരുംകൂടി മണിയടിച്ചു. അപ്പോൾ അവിടത്തെ കുറേ ഫ്യൂഡൽ പ്രമാണിമാരുടെ എച്ചിൽ തിന്നുന്നവർ വന്ന് പുറത്തിടിക്കുകയാണ്. പുള്ളി മൈൻഡ് ചെയ്യുന്നില്ല. അദ്ദേഹം മണിയടിച്ചുകൊണ്ട് പറഞ്ഞു, നല്ല നായർ മണിയടിക്കും ഇലനക്കിനായർ പുറത്തിടിക്കും. പുറത്തിടി കൊള്ളാൻ തയ്യാറാണോ, അതിന് തയ്യാറല്ലെങ്കിൽ ഈ സ്ഥാനത്തൊന്നും ഇരിക്കരുത്. അങ്ങ് ഇലനക്കി നായരൊന്നുമല്ല, നല്ല ഒന്നാന്തരം തൂശനിലയിട്ട് അന്തസ്സായി ഉണ്ണുന്ന ആളാണ്. ഇലനക്കി നായരാണെന്നൊന്നും ഞാൻ പറയുകയില്ല, നല്ല തറവാടിയാണ്. അതിലൊന്നും എനിക്ക് അഭിപ്രായ വ്യത്യാസമില്ല. പക്ഷെ ഇവിടെയാരും നമ്മളെ ഇലനക്കി നായരാക്കരുത്. നല്ല തറവാട്ടിൽ പിറന്നിട്ട് കാര്യമില്ല. നല്ല തറവാട്ടിൽ മറ്റതും പിറക്കുമെന്നെല്ലാം ചിലർ പറയുന്നതുപോലെ, നമ്മൾ അങ്ങനെ ആകേണ്ട കാര്യമില്ല. അങ്ങനെ അല്ലെന്നുതന്നെയാണ് പറയുന്നത്. അങ്ങനെ ആകേണ്ട കാര്യമില്ല. അങ്ങനെ ആയിക്കൊടുക്കരുത്. പാവപ്പെട്ടവനുവേണ്ടി എന്തെങ്കിലും ചെയ്ത് രാഷ്ട്രീയത്തിൽ കിട്ടുന്ന അവസരത്തിൽ നല്ലതുപോലെ ശോഭിക്കണം. ഇപ്പുറത്തിരിക്കുന്നവർ പൊതുവെ അങ്ങനെ ചെയ്തവരാണ്. അപ്പുറത്തിരിക്കുന്നവരിൽ കുറച്ചുപേരു

ണ്ടായിരുന്നു. ഇപ്പോഴും ആരും ഇല്ലെന്നൊന്നും ഞാൻ പറയുകയില്ല. ഇവിടെ ഞാൻ വായിച്ച കോൺസ്റ്റിറ്റ്യൂഷണൽ ആർട്ടിക്കിൾസിന്റെയെല്ലാം ലംഘനമാണിത്. ഒപ്പം ചട്ടങ്ങളുടെ ലംഘനവും. ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. മാത്യു ടി. തോമസും ആദ്യം അതിവിടെ പറയുകയുണ്ടായി. ഇതെല്ലാം കണക്കിലെടുത്ത്, ബഹുമാനപ്പെട്ട അങ്ങൊരു ഉത്പതിഷ്ണുവല്ലേ. കമ്മ്യൂണിസ്റ്റ് പാർട്ടിക്കെതിരെ പറയേണ്ടത് നിങ്ങളുടെ ആവശ്യമാണ്. അല്ലെങ്കിൽ പിന്നെ കോൺഗ്രസ്സാവില്ലല്ലോ. പക്ഷെ, നിങ്ങൾ എന്തിന് ഇതിനെ അനുകൂലിക്കുന്നു, ഇതുകൊണ്ട് നിങ്ങൾക്ക് എന്താണ് പ്രയോജനം? ഒരു പ്രയോജനവുമില്ല. ഇവിടെ യൂത്ത് കോൺഗ്രസ്സിൽ നിന്നും വന്ന രാഹുൽ ഗാന്ധിബ്രിഗേഡ് എല്ലാമുണ്ടല്ലോ. ഇപ്പോൾ അദ്ദേഹത്തെ ഇവിടെ കണ്ടില്ല. ഇന്നലെ മഞ്ഞ ഉടുപ്പുമെല്ലാമിട്ട് ഇവിടെ ഇരുന്നിരുന്നു. അപ്പോൾ ശ്രീ. രാഹുൽ ഗാന്ധി ഇന്നലെ അവിടെ മഞ്ഞ ഉടുപ്പായിരുന്നുവെന്നുള്ളത് ഉറപ്പായി. ആയിക്കോട്ടെ, ഒരു നേതാവിനെ അനുകരിക്കുന്നതിൽ ഒരു തെറ്റുമില്ല. പക്ഷെ, നമ്മുടെ അസ്തിത്വം കളയരുത്. അങ്ങേയ്ക്കെല്ലാം ഇതിലൊരു റോൾ വഹിക്കാൻ കഴിയും. ശ്രീ. പാലോട് രവി ഇവിടെയില്ല, ശ്രീ. വി. ഡി. സതീശനുണ്ട്. നിങ്ങളെല്ലാംകൂടി ഇതൊന്ന് മാറ്റിവയ്ക്കണം. അതാണ് എനിക്ക് പറയാനുള്ളത്. ഈ ഭേദഗതികൾ എത്ര ബാലിശമാണ്. ഭേദഗതികളെ സംബന്ധിച്ച് വളരെ അഭിമാനത്തോടുകൂടി ഇവിടെ പറഞ്ഞല്ലോ. ഇതുകൊണ്ട് എന്തുകാര്യമാണ്; കോൺഗ്രസ്സിന് വോട്ട് വല്ലതും കിട്ടുമോ? ഒന്നുമില്ല. സ്ത്രീ പ്രാതിനിധ്യം എടുത്തുകളഞ്ഞു, അതു ഞാൻ പറഞ്ഞുകഴിഞ്ഞു. അതുപോലെതന്നെ പട്ടികജാതി–പട്ടികവർഗ്ഗത്തിന്റെ എണ്ണം മലബാർ ദേവസ്വംബോർഡിൽ കുറയ്ക്കുകയാണ്. പിന്നെ നിങ്ങൾ വയസ്സ് കുറച്ചു. നിങ്ങൾ ഏത് ലോകത്താണ്? 25

–ാമത്തെ വയസ്സിൽ എന്തിനാണ് നിങ്ങൾ അമ്പലത്തിൽപ്പോയി കമിഴ്ന്നുകിട ക്കുന്നത്? ടാഗോർ പറയുന്നതുപോലെ, നെഹ്റു പറയുന്നതുപോലെ നിങ്ങ ളുടെ ഭക്തി ഹൃദയത്തിൽ സൂക്ഷിക്കുക. നിങ്ങൾ എന്തിനാണ് ഈ അമ്പല ത്തിൽപ്പോയി കമിഴ്ന്നുകിടക്കുന്നത്; നിങ്ങൾ ചെറുപ്പക്കാർക്ക് പൂജാരിയുടെ പൃഷ്ഠത്തിൽ നോക്കി ഇങ്ങനെ കമിഴ്ന്നുകിടക്കേണ്ട കാര്യമെന്താണ്? അവർ അവിടെ എന്തെങ്കിലും ചെയ്തോട്ടെ, താൽപ്പര്യമുള്ളവർ പോകട്ടെ. 50 വയസ്സും 60 വയസ്സും വെറുതേ ആക്കിയതാണോ. ഈ പറയുന്ന ഒറ്റക്കാരണ ത്താൽ ഈ മന്ത്രി രാജിവയ്ക്കേണ്ടി വരും. ഒരുപാട് കാരണമുണ്ട്. കോൺസ്റ്റിറ്റ്യൂഷണൽ പ്രൊവിഷൻസിനെ വയലേറ്റ് ചെയ്തതുകൊണ്ടുതന്നെ രാജി വയ്ക്കേണ്ടിവരും. അത് ഞാൻ അവസാനം പറയാനിരിക്കുകയായിരു ന്നു. ഇപ്പോൾ പറയാൻ കാരണം 50 വയസ്സാകാത്ത ഒരൊറ്റ സ്ത്രീക്കും ശബ രിമലയിൽ കയറാൻ കഴിയില്ല. ഇദ്ദേഹം 35 വയസ്സാക്കിക്കൊടുത്തിരിക്കുക യാണ്. അവിടെ കയറാൻ പറ്റുമോ? അല്ലെങ്കിൽ എഴുതണം, 50 വയ സ്സിൽത്താഴെയുള്ള, സ്ത്രീകളെ ദേവസ്വം ബോർഡിൽ എടുക്കില്ല എന്നതു കൊണ്ടായിരിക്കാം എഴുതാത്തത്. എന്നാലും വേണമെങ്കിൽ സ്ത്രീകൾക്ക് വരാമെന്ന് ഒരു സൗജന്യംപോലെ നിങ്ങൾ പറയുന്നുണ്ടല്ലോ. 50 വയ സ്സിൽത്താഴെയുള്ള ഒരു സ്ത്രീക്ക് ദേവസ്വം ബോർഡിൽ വന്നാലും ശബരിമ ലയിൽ കയറാൻ പാടില്ലെന്ന് എഴുതാത്തിടത്തോളംകാലം ശബരിമലയിലെ എല്ലാ ആചാരങ്ങളെയും അപമാനിക്കുകയാണ്. അങ്ങ് കാര്യങ്ങൾ നല്ലതു പോലെ നടത്തി, അങ്ങയുടെ കഴിവിനെ ഞാൻ അംഗീകരിക്കുന്നു. ശല്യമൊ ന്നുമുണ്ടായില്ല, നല്ലതുപോലെ നടന്നു. അതെല്ലാം അംഗീകരിക്കുന്നു. ഞങ്ങളും സഹകരിച്ചല്ലോ. മാസ്റ്റർ പ്ലാനെല്ലാം ഉണ്ടാക്കി വച്ച് കഴിഞ്ഞ

ഉമ്മൻചാണ്ടി സർക്കാർ ഇറങ്ങി. പക്ഷെ ശ്രീ. രാമൻ നായർ അത് അക്സപ്റ്റ് ചെയ്തില്ല. വഴക്കായിരുന്നു. ഞാൻ യോഗം വിളിച്ചുകൂട്ടി, അക്സപ്റ്റ് ചെയ്യിച്ച്, നോട്ടിഫൈ ചെയ്യിച്ച് ഹൈ പവർ കമ്മീഷനെ വച്ച് അതിൽ എൻഡോവ്മെന്റ് ചെയ്തു. എല്ലാം ഏർപ്പാട് ചെയ്തു. ഈ പറയുന്ന എല്ലാ പദ്ധതികളും അതിനകത്തുള്ളതാണ്. നിങ്ങൾ കുറച്ച് നടത്തുന്നുണ്ട്, ഞങ്ങൾ അതിനെ എതിർക്കുന്നില്ലല്ലോ. ഒരക്ഷരം ഞാൻ മിണ്ടിയിട്ടില്ല. ഒരു പബ്ലിക് സ്റ്റേറ്റ്മെന്റ് ഉണ്ടോ, ഇതുവരെ ദേവസ്വത്തെ സംബന്ധിച്ച് എന്തെങ്കിലും മിണ്ടിയിട്ടുണ്ടോ? നടക്കട്ടെ. പക്ഷെ നിങ്ങൾ മനസ്സിലാക്കേണ്ടത് നിങ്ങൾ ശബരിമലയിലെ ആചാരമര്യാദകൾ ലംഘിച്ചിരിക്കുകയാണ്. 50 വയസ്സ് കഴിയാത്ത സ്ത്രീകളെയും കയറ്റണമെന്നതാണ് എന്റെ അഭിപ്രായം, കഴിഞ്ഞ ഗവൺമെന്റിന്റെ അഭിപ്രായം. അത് സുപ്രീം കോടതിയെ അറിയിച്ചു. എങ്ങനെയാണ് അറിയിച്ചത്? ഞങ്ങൾ പറയുന്നതുകൊണ്ടല്ല, സ്ത്രീകളുടെ ഇടയിൽ വലിയ ചർച്ച നടന്നല്ലോ. ബഹുമാനപ്പെട്ട സുപ്രീംകോടതി മതപണ്ഡിതന്മാരെയും നിയമ പണ്ഡിതന്മാരെയും വച്ച് സാമൂഹ്യ പരിഷ്ക്കാരത്തിനുവേണ്ടി ഒരു കമ്മിറ്റി വയ്ക്കുക. ആ കമ്മിറ്റി പഠിച്ചതിനുശേഷം തീരുമാനിച്ചാൽ മതി. ഗവൺമെന്റിന്റെ അഭിപ്രായം 50 വയസ്സിൽ താഴെയുള്ളവർക്കും കയറാം. കുഞ്ഞുങ്ങൾക്ക് കയറാം. പക്ഷെ അങ്ങനെയൊന്നും നിങ്ങൾ ചെയ്തിട്ടില്ല. അന്ന് നിങ്ങൾ അതിനെ എതിർത്തതാണ്. നിങ്ങളുടെ സമുദായ പ്രമാണിമാർ എതിർത്തു; ഇല്ലേ, സ്ത്രീകളേ കയറാൻ പാടില്ലെന്ന് അന്ന് പറഞ്ഞു. കേരളത്തിലെ ഫ്യൂഡൽ തമ്പുരാക്കന്മാരുടെ സ്ത്രീബന്ധം ഇവിടെ ഞാൻ പറയണോ? അതില്ലാതാക്കിയല്ലേ ആധുനിക കേരളം വന്നത്; അല്ലേ? ആരെയും പ്രാപിക്കാം, ആരെയും എന്തും ചെയ്യാം, അവസാനം തന്തയാണെന്ന് സമ്മതി

ക്കില്ല. പാവപ്പെട്ടവരുടെ നേരെ ഇവിടെ നടന്ന കാര്യങ്ങളല്ലേ. നായന്മാരുടെ വീട്ടിൽ നമ്പൂതിരി ബാന്ധവം, പക്ഷെ രേഖയിൽ ഉണ്ടാവുകയില്ല. കുട്ടികളെ ഉണ്ടാക്കിക്കൊടുത്തിട്ട് മൂപ്പിലാൻ അങ്ങുപോകും; മനസ്സിലായില്ലേ. 90 വയസ്സായ ബ്രാഹ്മണ കിഴവന് 15 വയസ്സുകാരിയെ കല്യാണം കഴിക്കണം. രാത്രി ആ കുട്ടിയെ കണ്ടു, സൗന്ദര്യം കണ്ട് ഇയാളങ്ങ് ഭ്രമിച്ചുമരിച്ചു. കാരണം ഇയാൾക്കത് കാണാനുള്ള കെൽപ്പില്ല. ആ കുട്ടി വടക്കേ ഇന്ത്യയിലാണെങ്കിൽ ചിതയിൽച്ചാടി മരിക്കണം. അതിനെതിരെയാണ് രാജാറാം മോഹൻ റായ്....., ഇതെല്ലാം നിങ്ങളും ഞാനും പറയുന്നതാണ്. പക്ഷെ അതെല്ലാം നിങ്ങൾ ഈ സമയത്ത് മറന്നുപോകുന്നു. ഇങ്ങനെയുള്ള ഫ്യൂഡൽ പ്രമാണിമാർക്ക്..... ശബരിമലയിൽ 50 വയസ്സുവരെ സ്ത്രീകൾക്ക് കയറാൻ പാടില്ല, ആയിക്കോട്ടെ. അതങ്ങനെ നിൽക്കട്ടെ. സുപ്രീം കോടതി പറയട്ടെ. അതിൽ അഭിപ്രായ വ്യത്യാസമില്ല.

നിങ്ങൾ അവസരം കൊടുക്കുമ്പോൾ, അമ്പത് വയസ്സിൽ താഴെയുള്ള സ്ത്രീക്ക് ശബരിമലയിൽ കയാറാൻ കഴിയില്ല. അങ്ങനെ ശബരിമലയിൽ കയറാൻ കഴിയാത്ത സ്ത്രീയെ ദേവസ്വം ബോർഡിൽ നിയമപ്രകാരം വച്ചാൽ എന്തായിരിക്കും സ്ഥിതി; നിങ്ങൾ ഇതുവല്ലതും ആലോചിച്ചോ? ഒരു നാട്ടിൽ നിലനിൽക്കുന്ന കസ്റ്റമും മറ്റു കാര്യങ്ങളുമടക്കം കണക്കിലെടുത്തുകൊണ്ടു മാത്രമേ ആവശ്യമായ നിയമഭേദഗതി കൊണ്ടുവരാവൂ എന്ന് കോൺസ്റ്റിറ്റ്യൂഷനിൽ പറയുന്നത് ഞാൻ ഇവിടെ വായിച്ചു. നിങ്ങൾ ഇത് നോക്കാതെ നിസ്സാര കാര്യം പോലെ ചെയ്യുകയാണ്. 60 വയസ്സാകുമ്പോഴാണ് ശരിയായ ഭക്തി. ഇഹലോക താത്പര്യങ്ങൾ കുറേ കുറയും. മക്കളും മരുമക്കളുമായി, സന്തോഷമായി, പഴയതുപോലെ ഭക്ഷണം കഴിക്കാൻ വയ്യ, അപ്പോൾ കുറച്ച് ഭക്തി

ആയിക്കോട്ടെ. ഭൂരിപക്ഷംപേരും അങ്ങനെയല്ലേ. ഞങ്ങളാരും അല്ല. ആയിക്കോട്ടെ. നിങ്ങളാരുമല്ലെന്ന് പറയുന്നവർ നിങ്ങളുടെ കൂട്ടത്തിൽ കുറച്ചു പേരുണ്ടാകും. അതിൽ ഞങ്ങൾക്ക് അഭിപ്രായ വ്യത്യാസമില്ല, അത് നിങ്ങളുടെ ഇഷ്ടം. അത് മനഃസാക്ഷിയുടെ പ്രശ്നമാണ്. ഒരു പുരുഷന് 50 വയസ്സെങ്കിലുമാകണ്ടേ. അല്ലെങ്കിൽ കള്ളും കുടിച്ച് പണവും പിരിച്ച്....... റോഡ് മുഴുവൻ ബ്ലോക്ക് ചെയ്ത് ഘോഷയാത്ര നടത്തുന്ന അമ്പലങ്ങളിലെ കാളകൂറ്റൻമാരില്ലേ, നമുക്ക് റോഡിൽകൂടി പോകാൻ കഴിയുമോ? ഇവർ ആരാണ്? ക്ഷേത്രങ്ങളിലെ ഉത്സവങ്ങളുടെ പേരിൽ മണിക്കൂറുകളോളം ഗതാഗതം സ്തംഭിപ്പിക്കുന്ന കാളക്കൂറ്റന്മാർ, കള്ളും കുടിച്ച് പെണ്ണും പിടിച്ച് നടക്കുന്ന പലരും ആളുകളായി അതിന്റെ മുന്നിൽ നിൽക്കുകയാണ്. നമ്മളെ കണ്ടാൽ സാറാണോ, സാറാണെങ്കിൽ കയറ്റിവിടാം എന്നുപറയും. ഇത് ശരിയാണോ? രാഷ്ട്രീയക്കാരായിരുന്നെങ്കിൽ എന്ത് പ്രശ്നമുണ്ടാകുമായിരുന്നു. ഞങ്ങളുടേതല്ലാത്ത കുറ്റം കൊണ്ടാണെങ്കിലും ഒരു സ്ത്രീക്ക് പോകാൻ പറ്റാതെ വന്നപ്പോൾ എന്തൊക്കെയാണ് ആ സ്ത്രീ ഞങ്ങളോട് പറഞ്ഞത്. ഞങ്ങൾക്ക് അവരോട് വിരോധമൊന്നുമില്ല, ഞങ്ങൾക്ക് അവരോട് ഒരു വിരോധവുമില്ല. പക്ഷെ, ഒരു സമരം നടന്നപ്പോൾ ഉണ്ടായ സംഭവമാണെന്നു പോലും പത്ര മാധ്യമങ്ങൾ അംഗീകരിച്ചോ. പക്ഷെ ഇതെല്ലാം നടത്തുമ്പോൾ ഒരു പ്രതിഷേധവുമില്ലേ. ദൈവമാണോ വരുന്നത്, ഇവരുടെ ഇടയിലെ ങ്ങാനും ദൈവം നിൽക്കുമോ? ദൈവം നിൽക്കുന്നത് പാറപൊട്ടിക്കുന്ന യുവാവിന്റെ ഫാലപ്രദേശങ്ങളിൽ നിന്നും ഒലിച്ചിറങ്ങി വരുന്ന തൂമണിപോലെയുള്ള വിയർപ്പുതുള്ളിക്കകത്താണ്. അവിടെപോയി നോക്കൂ കുടവയറനായ സന്ന്യാസീ, അവിടെ ദൈവത്തെ കാണാം എന്ന് ടാഗോർ പറഞ്ഞില്ലേ. അതിനല്ലേ നോബൽ സമ്മാനം കിട്ടിയത്. ടാഗോർ കോൺഗ്രസ്സായിരുന്നില്ലേ.

കമ്മ്യൂണിസ്റ്റല്ലായിരുന്നല്ലോ. കമ്മ്യൂണിസ്റ്റുകാർക്കെന്താണ് വിരോധം, അംഗീകരിക്കുകയാണല്ലോ. അപ്പോൾ നിങ്ങൾ കാണിക്കുന്നത് ശരിയല്ല. വയസ്സ് നിങ്ങൾ ഭേദഗതി ചെയ്തു. ചെയ്തോ, അത് ശരിയല്ല. അതുപോലെ നാല് വർഷം രണ്ട് വർഷമാക്കിയത് എന്തിനാണ്; രാമൻ നായർ ഉണ്ടാകാതിരിക്കാനാണ്. നാല് വർഷമാണെങ്കിൽ കുഴപ്പക്കാരനാണെങ്കിൽ തകർത്തെറിയും. കാരണം അവർക്ക് ഗവൺമെന്റിനെ അംഗീകരിക്കേണ്ട. അവർക്ക് റിലീജിയസ് സെക്ലൂഷനുണ്ട്. അവർക്ക് ഒതുങ്ങിയിരിക്കാം. നമ്മളൊന്നും പറഞ്ഞാൽ കേൾക്കേണ്ട. പിരിച്ചുവിടണമെങ്കിൽ കമ്മീഷൻ വച്ച്, പിന്നെ കോടതിയിൽ പോയി, അങ്ങനെയല്ലേ പറ്റൂ. നമ്മൾ മാസം തോറും ഗ്രാന്റൊന്നും കൊടുക്കുന്നില്ല. അതൊന്നും പിൻവലിക്കാനും പറ്റില്ല. നിങ്ങൾ രണ്ടു വർഷമാക്കിയത് വെറുതെയല്ല രണ്ടു വർഷമിരുന്നാൽ മതി അതിൽക്കൂടുതൽ ഇരിക്കേണ്ട എന്നതുകൊണ്ടാണ്? അതിന് ഞങ്ങൾക്കുള്ള താങ്ങ് ഗുരുവായൂർ ദേവസ്വത്തിൽ കരുണാകരൻ രണ്ട് വർഷമേ വച്ചുള്ളൂ അതുകഴിഞ്ഞാൽ ബോർഡ് മാറിയേ പറ്റൂ. അവിടെ അംഗങ്ങൾ ഒൻപത് പേരാണ്. 1500 ക്ഷേത്രങ്ങളുള്ള തിരുവിതാംകൂറിൽ ഒൻപതുപേരെ വച്ചാൽ ദൈവത്തിന് വലിയ കുഴപ്പമുണ്ടാകുമെന്ന് ചില സമുദായ പ്രമാണിമാർ പറയുന്നു. ഒൻപത് പേരായാൽ അവരുടെ കളി നടക്കില്ല, എല്ലാ സമുദായക്കാരും വരും അതാണ് കാരണം. അവരുടെ കൈയിലിരിക്കില്ല. അമ്പലം പണിഞ്ഞ തച്ചനും അതിനകത്ത് വരും. ഇപ്പോൾ തച്ചന് യാതൊരു റോളുമില്ല. എല്ലാവരും വരും. ധീവരൻ നിങ്ങളുടെ ദേവസ്വം ബോർഡിൽ വന്നിട്ടുണ്ടോ? ഞങ്ങൾക്ക് ധീവര സമുദായത്തിൽ പിറന്ന ഒരു മിനിസിറ്ററുണ്ടായിരുന്നു, ശ്രീ. എസ്. ശർമ്മ. ഇവിടെ നിങ്ങൾക്ക് ധീവര സമുദായത്തിലുള്ള മെമ്പർമാരില്ലേ, അങ്ങനെ പലരുമുണ്ടല്ലോ ഇവിടെ. അങ്ങനെ പലരുമുണ്ടാകും. ഉണ്ടായിട്ടുണ്ടോ? ഇതുവരെ

നാടാന്മാരെ നിങ്ങൾ ദേവസ്വം ബോർഡിൽ വച്ചിട്ടുണ്ടോ; എന്താ അവർ ഹിന്ദുക്കളല്ലേ? വിശ്വകർമ്മയെ വച്ചിട്ടുണ്ടോ; അവർക്ക് അവകാശമില്ലേ? അവർക്കെല്ലാം അവകാശം കൊടുക്കുന്നതിനു പകരം പ്രമാണിമാർക്കുവേണ്ടി എണ്ണം കുറയ്ക്കുകയാണ്. കുറച്ചോ, കുഴപ്പമില്ല..., ഞങ്ങൾക്കാർക്കും വേണ്ടി കൊണ്ടുവന്നതല്ല. ഞങ്ങൾക്കാർക്കും അവിടെ പോയി മെമ്പർമാരായി ഇരിക്കേണ്ട കാര്യമില്ല. ഞങ്ങളുടെ പാർട്ടിക്ക്, മുന്നണിക്ക് അധികാരം വരുമ്പോൾ ഞങ്ങൾ പറ്റിയ ആൾക്കാരെ അവിടെ വയ്ക്കും. ചിലപ്പോൾ പറ്റാത്തവരുമായിരിക്കും. അത് ശരിയല്ല. നിങ്ങൾക്കെന്താ സ്റ്റാൻഡിംഗ് കമ്മിറ്റിയോട് ഇത്ര ദേഷ്യം; അത് നല്ലതല്ലേ. യൂണിവേഴ്സിറ്റികളിൽ സ്റ്റാൻഡിംഗ് കമ്മിറ്റിയില്ലാതെ യൂണിവേഴ്സിറ്റി ഭരണം നടക്കുമോ? കാരണം ഒരു സിൻഡിക്കേറ്റിൽ 700–800 ഐറ്റമാണ് വരുന്നത്. ഇതെല്ലാം എങ്ങനെ സിൻഡിക്കേറ്റിലെ ആളുകൾക്കിരുന്ന് നോക്കാൻ സാധിക്കും? തലേദിവസം പത്ത് പതിനാല് സ്റ്റാൻഡിംഗ് കമ്മിറ്റിയിരുന്ന് ബന്ധപ്പെട്ടത് പരിശോധിച്ച്...... അവിടെ ഭൂരിപക്ഷാഭിപ്രായം ന്യൂനപക്ഷം അങ്ങനെയില്ല. വ്യത്യസ്ത അഭിപ്രായമുണ്ടെങ്കിൽ സിൻഡിക്കേറ്റിന് വിടും. അല്ലാതെ ഭൂരിപക്ഷപ്രകാരമൊന്നും അവിടെ തീരുമാനിക്കാനാകില്ല. സിൻഡിക്കേറ്റിന് ഭൂരിപക്ഷാഭിപ്രായ പ്രകാരം തീരുമാനിക്കാം. അങ്ങനെ കൊണ്ടുവന്ന നല്ല ഒരു കാര്യം ഡിവോഷന് ഒന്ന്, ഫിനാൻഷ്യൽ മാറ്റേഴ്സിന് ഒന്ന്, എസ്റ്റാബ്ളിഷ്മെന്റിന് ഒന്ന്. അതിന് പറ്റിയ ആളുകളെ ബോർഡിൽ നിന്നും വച്ചു. ബോർഡുകാർ തന്നെയാണല്ലോ, വെളിയിൽ നിന്ന് ആരുമില്ലല്ലോ. നിങ്ങൾ അതും എടുത്തു കളയുകയാണ്. കാരണം ഒരു ചർച്ചയുമില്ലാതെ അമ്പലം വിഴുങ്ങണം. അതിനാണ് ആ സ്റ്റാൻഡിംഗ് കമ്മിറ്റിയെ എടുത്ത് കളഞ്ഞത്. ഒരു ഉപദ്രവവുമില്ലാത്ത കാര്യത്തിനെയാണ് എടുത്തുകളഞ്ഞത്. പക്ഷെ പ്രയോജനമുണ്ട്. അതുപോലെതന്നെ ഓരോ

ദേവസ്വത്തിലെയും രക്ഷാകർതൃ കമ്മിറ്റികൾ, ആ കമ്മിറ്റിയിലെ ഒരു പ്രതി നിധി ബോർഡിനകത്തുണ്ട്. നിങ്ങൾ അതും എടുത്ത് കളയുകയാണ്. അയ്യായിരത്തോളം ക്ഷേത്രങ്ങൾ ഉള്ളപ്പോൾ ക്ഷേത്രത്തിന്റെ പരിപാലനത്തിന്, വികസന സമിതിക്ക് അംഗീകാരം കൊടുത്തത് തെറ്റാണോ? നിങ്ങൾ അതും എടുത്തുകളയുകയാണ്. പലയിടത്ത് നിന്നും നിങ്ങളുടെ ആൾക്കാർ തന്നെയാണ് വരുന്നത്, പക്ഷെ നിങ്ങൾക്ക് താത്പര്യമില്ല. അപ്പോൾ ഇതുപോലെയുള്ള ഒരുപാട് വേണ്ടാതീനങ്ങൾ........, പിന്നെ, പബ്ലിക് സർവ്വീസ് കമ്മീഷന്റെ കാര്യം ഞാൻ പറഞ്ഞു. അതെടുത്ത് കളയാൻ നിങ്ങൾക്ക് യാതൊരു അധികാരവുമില്ല. കാരണം നിയമം നടപ്പിലായിക്കഴിഞ്ഞു. നിയമം നടപ്പിലായതിനുശേഷം നിങ്ങൾ നിയമം പിൻവലിക്കുകയാണ്. അതെങ്ങനെ ശരിയാകും? മന്ത്രിസഭ പാസ്സാക്കി, നിയമസഭ പാസ്സാക്കി, ഗവർണ്ണർ ഒപ്പിട്ടു, ചട്ടങ്ങൾ രൂപീകരിച്ച് പി.എസ്.സി.–യെ ഏൽപ്പിച്ചു. പി.എസ്.സി യോഗം ചേർന്ന് അംഗീകരിച്ചു. ചട്ടങ്ങളും പബ്ലിഷ് ചെയ്തു. ഏതോ ചില പോസ്റ്റുകൾക്ക് സ്പെഷ്യൽ റൂൾ വേണം അത് ക്യാബിനറ്റിലേക്ക് കൊടുത്തു. അത് ബഹുമാനപ്പെട്ട ദേവസ്വം മന്ത്രി ചവിട്ടിപ്പിടിച്ചിരിക്കുകയാണ്. ഇത് പാസ്സാക്കിയെടുക്കാൻ വേണ്ടി, അത് നിരാകരിക്കാൻ വേണ്ടി, ആരോപണം ഉന്നയിക്കാൻ വേണ്ടി. തന്നിട്ട് എത്ര ദിവസമായി; എന്താണ് നിങ്ങൾ പാസ്സാക്കി കൊടുക്കാത്തത്? കാരണം പാസ്സാക്കി കൊടുക്കണമെന്ന സമ്മർദ്ദം നിങ്ങൾ തന്നെ വച്ച ചെയർമാൻ ശ്രീ. രാധാകൃഷ്ണൻ, പഴയ വൈസ് ചാൻസിലർ....... അദ്ദേഹം വൈസ് ചാൻസിലറായ ശേഷവും പാതിരാപ്പള്ളിയിൽ കോൺഗ്രസ്സിന് ക്ലാസ്സെടുക്കാൻ വന്നിട്ടുണ്ട്. ഞങ്ങളാരും ഒന്നും മിണ്ടാൻ പോയിട്ടില്ല. കുറച്ച് വായനാശീലമൊക്കെയുള്ള ആളാണല്ലോ അദ്ദേഹം. അദ്ദേഹം തന്നെ മുൻകൈയെടുത്ത് റൂൾസും ഉണ്ടാക്കി. പി.എസ്.സി കൂടി അംഗീകരിച്ച

ശേഷം ഇത് പിൻവലിക്കാൻ നിങ്ങൾക്കെന്ത് അധികാരമാണുള്ളത്? ഇത് എവിടെവച്ച് പിൻവലിക്കാൻ പറ്റും; നിയമ വിദഗ്ദ്ധൻമാർ പറയണം. എന്നുമാത്രമല്ല, 2007-ലെ മൂലനിയമം ഭേദഗതി ചെയ്തപ്പോഴാണ്, മൂന്നുപേരുള്ള ബോർഡിനെക്കൊണ്ട് സമ്മേളനം വച്ചപ്പോഴാണ് പി.എസ്.സി.-യുടെ ക്ലോസ് അതിനകത്ത് വന്നത്. ആ എനേബ്ലിംഗ് ക്ലോസ് നിങ്ങൾ ഇവിടെ പിൻവലിക്കുന്നില്ല. നിങ്ങൾ അത് നിലനിർത്തിക്കൊണ്ട് 2008-ൽ ഞങ്ങൾ പി.എസ്.സി.-ക്ക് വിട്ട നിയമം മാത്രം റിപ്പീൽ ചെയ്താൽ, മറ്റേത് അവിടെ നിൽക്കുകയാണ്. നിങ്ങളേതാണ് പിൻവലിക്കുന്നത്. നിങ്ങൾക്ക് ആരാണ് നിയമം പറഞ്ഞുതന്നത്? മാണി സാർ അല്ലെന്ന് ഉറപ്പാണ്. കാരണം, ഞാൻ അവതരിപ്പിക്കുമ്പോഴെല്ലാം എനിക്കെതിരായി തടസ്സവാദം ഉന്നയിച്ച ആളെ ഇന്നിവിടെ കാണാനില്ല. വെളിയിൽ വന്ന് അദ്ദേഹം പറയും, ഞാൻ എന്റെ ജോലി ചെയ്തുവെന്നേയുള്ളൂ സുധാകരൻ, പാസ്സാക്കിക്കൊള്ളാൻ പറയും. മാണി സാർ എവിടെ? നിയമ വകുപ്പ് നിങ്ങളോട് പറഞ്ഞുവെന്ന് പറഞ്ഞാൽ വിശ്വസിക്കാൻ പറ്റില്ല. എന്താണ് പറഞ്ഞതെന്നുള്ളതിന്റെ കടലാസ് വേണ്ടേ; ഇവിടെ വായിക്കേണ്ടേ? ഇത് ബഡ്ജറ്റ് കഴിഞ്ഞ് പോരായിരുന്നോ എന്തിനാണ് ബഡ്ജറ്റിനുമുമ്പ് പാസ്സാക്കുന്നത്? മൂലനിയമത്തിൽ ആ ക്ലോസ് കിടക്കുകയാണ്. അത് റിപ്പീൽ ചെയ്യുന്നില്ല. കോൺസ്റ്റിറ്റ്യൂഷന്റെ 321 -ാം വകുപ്പ് പ്രകാരം സംസ്ഥാന അസംബ്ലികൾക്ക് സംസ്ഥാന പി.എസ്.സി വഴി നിയമനം നടത്താൻ ഏത് സർക്കാരിന്റെയും ബന്ധപ്പെട്ട കൺട്രോളുള്ള എവിടെയും ആകാമെന്നുള്ള ആ വകുപ്പനുസരിച്ച് കൊണ്ടുവന്ന നിയമം.... ഇതിന് പ്രത്യേക നിയമം കൊണ്ടുവരേണ്ടതല്ലേ, പ്രത്യേക നിയമ പ്രകാരമല്ലേ ഞങ്ങൾ അസംബ്ലിയിൽ ഇത് പാസ്സാക്കിയത്? മൂലനിയമം നിങ്ങൾ ഭേദഗതി ചെയ്യാതെ അഡീഷണൽ ഫങ്ഷൻ കൊടുത്ത നിയമമാണ് ഭേദഗതി

ചെയ്തത്. ആ നിയമം ഭേദഗതി ചെയ്യാൻ ഒരു ക്ലോസ് പോരാ, പുതിയ നിയമം കൊണ്ടു വരണം. മറ്റേ നിയമം നിങ്ങൾ ഭേദഗതി ചെയ്തിട്ടുണ്ട്. രണ്ട് ആപ്പിന്റെ ഇടയിൽ കിടക്കുകയാണ് കുരങ്ങാകുന്ന ഇപ്പോഴത്തെ ദേവസ്വം വകുപ്പിന്റെ വാൽ. ഇവിടെ നിങ്ങൾ സമ്മതിക്കേണ്ട, ഞങ്ങൾ വേറെ നോക്കിക്കൊള്ളാം. ഞാൻ വളരെ സദുദ്ദേശത്തോടെ പറയുകയാണ്. അത്ര നിസ്സാരമായിട്ടൊന്നും കഷ്ടപ്പെട്ട് കൊണ്ടുവന്ന നിയമത്തെ എടുത്തു കളയാൻ കഴിയില്ല.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, അങ്ങയുടെ കാലഘട്ടത്തിലാണ് മൂന്ന് മെമ്പർമാരും ഒരു പ്രത്യേക വിഭാഗത്തിന്റേതായിരുന്നത്. അതിൽ ഒരു പട്ടിക ജാതി, ഒരു മഹിള വേണമെന്നുള്ളത് അങ്ങ് കൊണ്ടുവന്ന നിയമഭേദഗതിയുടെ ഭാഗമാണ്. ഇതുപോലെ തന്നെയാണ് ട്രാവൻകൂർ ദേവസ്വം ബോർഡ് ചെയർമാൻ ശ്രീ. രാമൻ നായരും ശ്രീ. എം.ബി. ശ്രീകുമാറും ശ്രീ. പുനലൂർ മധുവും മെമ്പറായിരുന്ന കാലഘട്ടത്തിലെ അഴിമതി കേരളം കണ്ട ഏറ്റവും വലിയ അഴിമതിയായിരുന്നു. അതിനെത്തുടർന്നാണ് ബഹുമാനപ്പെട്ട ഹൈക്കോടതി ദേവസ്വം നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുകൂടേയെന്ന് ചോദിച്ചത്. അതിന്റെ ഭാഗമായാണ് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുകൊടുത്തത്. അതാണ് ഇപ്പോൾ മാറ്റുന്നത്. ഹൈക്കോടതി നിർദ്ദേശം നൽകിയതാണ്. വനിതകളുമായി ബന്ധപ്പെട്ടുകൊണ്ട് അന്നത്തെ ഗവർണർ **ഭരദ്വാജ്** പറഞ്ഞത്, ഇത് നിങ്ങൾ ബില്ലായി കൊണ്ടുവരുമ്പോൾ സ്ത്രീ സംവരണം ഉറപ്പു വരുത്തണം എന്നാണ്. ആ ഗവർണറുടെ നിർദ്ദേശം പോലും ഇവർ അവഗണിച്ചു എന്നുള്ളതാണ് ഈ ബില്ലിന്റെ പ്രത്യേകത. ബഹുമാനപ്പെട്ട മെമ്പർക്ക് അത് അറിയാമല്ലോ.

ശ്രീ. ജി. സുധാകരൻ: തീർച്ചയായും. കോൺസ്റ്റിറ്റ്യൂഷനെ അവഗണിക്കുന്നു, ഹൈക്കോടതിയെ അവഗണിക്കുന്നു. പരിപൂർണ്ണൻ കമ്മീഷൻ നല്ലൊരു പൊതുബോർഡ് വച്ച് കൊടുക്കണമെന്ന് പറഞ്ഞിരുന്നു. പി.എസ്.സി.–ക്ക് വിടണമെന്നല്ല. പി.എസ്.സി.–യാണ് ഏറ്റവും വലിയ ബോർഡ്. അദ്ദേഹത്തെ വിളിച്ചു കൊണ്ടുവന്ന്.... നേരിട്ട് വിളിച്ചു കൊണ്ടു വരാൻ അസംബ്ലിക്ക് അവകാശമുണ്ട്. നിയമ വിദഗ്ദ്ധൻമാരെ വിളിച്ചു കൊണ്ടു വരാം. ഇതൊക്കെ ശരിയാണ്. നിങ്ങൾ എന്തും ചെയ്യും. നിങ്ങൾ എല്ലാവരും കൂടി എന്തിന് ആ കൂട്ടത്തിൽപ്പെട്ടു? ആർക്കെങ്കിലും വ്യത്യസ്ത അഭിപ്രായം യു.ഡി.എഫ്.–ൽ പറഞ്ഞുകൂടേ, ക്യാബിനറ്റിൽ പറഞ്ഞുകൂടേ, ഇതൊരു അടിയന്തര ആവശ്യം വല്ലതുമാണോ; അല്ല.

നേരത്തെ ഞാൻ പറഞ്ഞുവല്ലോ, നമ്മളുടെ അനുഭവമാണ് ദൈവത്തെ നമ്മളിൽ പ്രകാശിപ്പിക്കുന്നത്. ലോകത്തിലെ മനുഷ്യരുടേയും മൃഗങ്ങളുടേയും ചവിട്ടേറ്റ് നശിക്കുന്ന അല്ലെങ്കിൽ ചവിട്ടേറ്റ് കിടക്കുന്ന പുൽക്കൊടികളാണ് ദൈവമെന്ന് വാൾട്ട് വിറ്റ്മാൻ കവിതയെഴുതി. അദ്ദേഹം കമ്മ്യൂണിസ്റ്റൊന്നുമല്ല. അദ്ദേഹത്തിന്റെ 'leaves of grass' എന്ന ആ കവിതയ്ക്ക് നോബൽ സമ്മാനം കിട്ടി. തൊഴിലാളികൾ ഉണർന്നാലേ മാറ്റമുണ്ടാകൂവെന്ന് പാബ്ലോ നെരൂദ കവിതയെഴുതി, നോബൽ സമ്മാനം കിട്ടി. നോബൽ സമ്മാനം ........ കൈയിലാണെങ്കിലും ചിലപ്പോൾ കൊടുക്കേണ്ടി വരും. പണിയെടുക്കുന്ന പാറപൊട്ടിക്കുന്നവന്റെ ശരീരത്തൊഴുകുന്ന വിയർപ്പുതുള്ളിയിൽ ദൈവത്തെ കാണാമെന്നാണ് പാലും പഴവും കഴിക്കുന്നയാളുകളോട്; വേദാന്തം പറയുന്ന സ്വാമിയോട് ടാഗോർ പറഞ്ഞത്. ആ പാരമ്പര്യമാണ് നമ്മുടേത്. കൗടി

ല്യന്റെ അർത്ഥശാസ്ത്രത്തേക്കാൾ രാജ്യവൽക്കരണ ധർമ്മശാസ്ത്രമാണ് ഭാരതത്തിൽ കീർത്തികേട്ടത്. കൗടില്യന്റെ അർത്ഥശാസ്ത്രത്തെ പരിപാലിക്കാനാണ് എല്ലാ രാജാവും പറഞ്ഞത്. അഴിമതിക്കെതിരായ ശക്തമായ ആശയങ്ങളാണ് അതിലുള്ളത്. അധികാരമാണ് അർത്ഥശാസ്ത്രമെങ്കിൽ ധാർമ്മികമായ ബോധവും ജനകീയ പ്രവർത്തനവുമാണ് രാജ്യവൽക്കരണ ധർമ്മശാസ്ത്രം എന്നു പറയുന്നത്. ബർണാഡ്ഷാ ഹിന്ദുമതത്തെക്കുറിച്ച് പറഞ്ഞു, സമുദായവാദികളെപ്പറ്റിയല്ല. "Hindus is the most tolerant religion in the world because its own transcendence of Gods". ലോകത്തിലേറ്റവും ക്ഷമയുള്ള മതസമുദായത്തിൽപ്പെട്ടവർ ഹിന്ദുക്കളാണെന്നാണ് പറഞ്ഞത്. ഇപ്പോൾ ഹിന്ദുക്കളുടെ പേരിൽ കാട്ടിക്കൂട്ടുന്ന കാര്യങ്ങളെപ്പറ്റിയൊന്നും.........., അത് മോഡിയുടെ പടം കൊണ്ട് ഓടിയതു കൊണ്ടു തോന്നിയതാണ്. എനിക്ക് ഒരുപാട് കാര്യത്തിൽ ചീഫ് വിപ്പിനോട് യോജിപ്പുണ്ടായിരുന്നു. അങ്ങ് മോഡിയുടെ പരിപാടിയിൽ പങ്കെടുക്കാൻ പോയില്ലേ, അതോടെ നിങ്ങളുടെ കഥ കഴിഞ്ഞില്ലേ, നിങ്ങൾക്ക് വല്ല കാര്യവുമുണ്ടായിരുന്നോ? ഗുജറാത്തിൽ പോയി ഓടിയിരുന്നെങ്കിൽ ഒരു സീറ്റെങ്കിലും മത്സരിക്കാൻ തരുമായിരുന്നു. ഞാൻ പറഞ്ഞത് സത്യമല്ലേ. നിങ്ങളുടെ പോപ്പുലാരിറ്റി ഗ്രാഫ് താഴ്ന്നു.

ശ്രീ. പി. സി. ജോർജ്: സർ, സുധാകരൻ സഖാവ് പിന്നെയും പിന്നെയും എടുത്തിട്ട് അലക്കുന്നത് മോശം ഏർപ്പാടാണ്. ഞാൻ ഒരു പൊതുപരിപാടിയിൽ പങ്കെടുത്തതാണ്. സാക്ഷാൽ സർദാർ വല്ലഭായ് പട്ടേലിന്റെ പ്രതിമ സ്ഥാപിക്കുന്നതിനുള്ള ഒരു പരിപാടിക്കാണ് പോയത്. നിങ്ങളെത്ര സ്ഥലത്ത് പോയിട്ടുണ്ട്? നിങ്ങൾക്ക് ബി.ജെ.പി.-ആർ.എസ്.എസ്.

എന്ന് കേട്ടാൽ ഇത്ര ഭയമാണോ. തന്റേടമുണ്ടെങ്കിൽ നേരിടാൻ പഠിക്കണം. മോശമാണെന്ന് എനിക്ക് തോന്നുന്നില്ല. ഞാൻ ചെയ്തത് ശരിയാണെന്ന് വിശ്വസിക്കുന്നു.

ശ്രീ. ജി. സുധാകരൻ: സർ, അദ്ദേഹത്തിനോടുള്ള സ്നേഹം കൊണ്ടാണ് പറഞ്ഞത്. രാഷ്ട്രീയമായി ശ്രീ. പി. സി. ജോർജ് കളങ്കപ്പെടരുതെന്ന് എനിക്ക് ആഗ്രഹമുണ്ട്. അങ്ങേയ്ക്ക് വിഷമമുണ്ടെങ്കിൽ ഞാൻ അതിനെക്കുറിച്ച് പൊതുവേദികളിൽ പ്രസംഗിക്കില്ല, ഇവിടെയും പ്രസംഗിക്കില്ല. ശ്രീ. പി. സി. ജോർജിന് എന്തെങ്കിലും ഗുണമുണ്ടെങ്കിൽ അത് രേഖയിൽ നിന്ന് നീക്കിക്കോ. അപ്പോൾ ആത്മാർത്ഥതക്കുറവൊന്നും ഞങ്ങൾക്കില്ല. അതിലേയ്ക്ക് കടക്കുന്നില്ല.

"മനുഷ്യൻ മതങ്ങളെ സൃഷ്ടിച്ചു,
മതങ്ങൾ ദൈവങ്ങളെ സൃഷ്ടിച്ചു.
മനുഷ്യനും മതങ്ങളും ദൈവങ്ങളും ചേർന്ന്
മനസ്സ് പങ്കുവച്ചു, മണ്ണ് പങ്കുവച്ചു."

വയലാർ പറഞ്ഞത് ഈ കൃത്രിമ ദൈവങ്ങളെപ്പറ്റിയാണ്. അതല്ല ദൈവമെന്നുള്ള പൊതു സങ്കല്പം. നിങ്ങൾ അമ്പലത്തിൽ പോകുന്നുണ്ടോ എന്ന് ഈ ചർച്ചയിൽ ചോദിക്കരുത്. നിങ്ങളെന്തുപറഞ്ഞാലും ഞാനവിടെ പോയിട്ടില്ല. പക്ഷേ അവിടെ പോകുന്നതിനും മീറ്റിംഗിൽ പങ്കെടുക്കുന്നതിനും കുടുംബാംഗങ്ങളുടെ താല്പര്യത്തിനും ഞാൻ എതിരു നിൽക്കില്ല. അത്രയും മാത്രം പറഞ്ഞാൽ പോരേ. നിങ്ങളുടെ കൂട്ടത്തിലും പോകാത്തവരുണ്ടല്ലോ? ശ്രീ. ആര്യാടൻ മുഹമ്മദ് പള്ളിയിൽ പോകുമോ? എന്നു പറഞ്ഞാൽ അദ്ദേഹം മുസ്ലീങ്ങൾക്കെതിരാണെന്നാണോ? ശ്രീ. എ. കെ. ആന്റണി പള്ളി

യിൽ പോകാറുണ്ടോ? അവർക്കൊന്നുമിഷ്ടമില്ല ഇത്. ശ്രീ. രാഹുൽ ഗാന്ധി അമ്പലത്തിൽ തൊഴാൻ പോകുന്നില്ലല്ലോ, ശ്രീമതി സോണിയാ ഗാന്ധി ഒരു പള്ളിയിലും പ്രാർത്ഥിക്കാൻ പോകുന്നില്ല. രാഷ്ട്രീയക്കാരായാൽ അങ്ങനെ യൊക്കെ വേണം. ഞാൻ ഹിന്ദുക്കളുടെ മാത്രം എം.എൽ.എ. ആണോ? എനിക്ക് ഏറ്റവും കൂടുതൽ വോട്ട് ചെയ്തത് മുസ്ലീങ്ങളാണ്. ഉള്ള കാര്യം ഞാൻ പറയാം. ശ്രീ. സി. ദിവാകരന് മുസ്ലീങ്ങളല്ലേ വോട്ട് ചെയ്തത്. ശ്രീ. എ.എം. ആരിഫിന് ആരാണ് വോട്ട് ചെയ്തത്? ശ്രീ. ആർ. രാജേഷിന് ആരാണ് വോട്ട് ചെയ്തത്? ആലപ്പുഴയിലാണ്, ഞങ്ങൾക്കെല്ലാം മുസ്ലീങ്ങൾ വോട്ട് ചെയ്യുകയായിരുന്നു. മുമ്പ് വോട്ട് ചെയ്യാത്തവർ ഞങ്ങൾക്ക് ചെയ്തു വെന്നാണ് പറഞ്ഞത്. അല്ലെങ്കിൽ ഈ വോട്ടൊക്കെ എവിടെ നിന്നാണ് കിട്ടു ന്നത്? ആലപ്പുഴയിൽ ഞങ്ങൾക്ക് ഇത്ര വോട്ടുണ്ടോ? വോട്ടുള്ള സ്ഥലം വേറെയുണ്ട്.

വിശ്വപ്രശസ്തമായിട്ടുള്ള തോമസ് ഹാർഡിയുടെ മേയർ ഓഫ് കാസ്റ്റർബ്രിഡ്ജ്; പണ്ട് കോളേജിൽ പഠിക്കാനുണ്ടായിരുന്നു. അതിൽ ഷേക്സ്പിയറിന്റെ ഒരു ഉദ്ധരണിയുണ്ട്, "........ As flies to wanton boys are we to the gods; They kill us for their sport" ഈ ആകാരരൂപത്തിൽ പ്രതി ഷ്ഠിക്കപ്പെടുന്ന ഏത് ദൈവത്തെപ്പറ്റിയാണ് അല്ലാതെ യഥാർത്ഥത്തിലുള്ള പ്രപഞ്ച ചൈതന്യമെന്ന് എല്ലാവരും സമ്മതിക്കുന്ന ഒരു ചലനശക്തിയുണ്ട്. അതിനെ ദൈവമെന്നു വിളിക്കാം. അതിനെ ഞങ്ങൾ മാർക്സിസ്റ്റുകാരും കമ്മ്യൂണിസ്റ്റുകാരും ചലനമെന്നു പറയുന്നു. നിങ്ങൾ മറ്റൊരു തരത്തിൽ പ്രപഞ്ച ശക്തിയെപ്പറ്റിപ്പറയുന്നു. അതിനെപ്പറ്റി നമുക്ക് തർക്കമില്ല. അങ്ങനെ പറയുന്നവരൊന്നും വർഗ്ഗീയവാദികളല്ല. ഞങ്ങൾ അങ്ങനെ കരുതിയിട്ടുമില്ല.

അപ്പോൾ ഇത്തരം ഒരുപാട് ആശയങ്ങൾ കേരളത്തിൽ പ്രചരിച്ചിട്ടുണ്ട്. മഹാനായ കാറൽ മാർക്സ്, ധാർമ്മികതയുടെ രസതന്ത്രത്തെപ്പറ്റി പറഞ്ഞിട്ടുണ്ട്. അദ്ദേഹം പറഞ്ഞിരിക്കുന്നത്, ഹെഗലിന്റെ നിയമദർശനത്തെപ്പറ്റിയുള്ള നിരൂപണത്തിനൊരു സംഭാവന എന്ന ലേഖനത്തിലാണ്. അദ്ദേഹത്തിന്റെ ആ ഭാഷ മലയാളത്തിൽ തർജ്ജമ ചെയ്തിട്ടുപോലും കാറൽ മാർക്സിന്റെ ആ ഭാഷയുടെ കാവ്യാത്മകത, അതാണ് ആളുകളുടെ ഹൃദയത്തിൽ കയറിയത്. ചവിട്ടിയരിക്കപ്പെടുന്ന തൃണദളങ്ങളെ ഞങ്ങൾ സ്വർണ്ണക്കമ്പികളാക്കി മാറ്റുന്നു. അവഗണനയുടെ കുപ്പത്തൊട്ടയിലേയ്ക്ക് എറിയുന്ന കരിക്കട്ടകളെ ഞങ്ങൾ സ്വർണ്ണമാക്കുന്നു. വളർന്നു പൊന്തിയ സുരഭില സൂനങ്ങൾ സമ്മാനിക്കുന്ന പൂവാടികളെ നിങ്ങൾ മദയാനകളെ പോലെ ചവിട്ടിയരക്കുന്നു. സ്ത്രീകളെ ചവിട്ടിയരയ്ക്കുകയാണ്. പട്ടികജാതിക്കാരനെ ചവിട്ടിയരയ്ക്കുകയാണ്. ലക്ഷക്കണക്കിന് ഭക്തന്മാരെ പ്രതിനിധീകരിക്കുന്ന ക്ഷേത്ര ഉപദേശക സമിതികളെ ചവിട്ടിയരയ്ക്കുകയാണ്. മതപരമായ സന്താപമെന്നത് യഥാർത്ഥ സന്താപത്തിന്റെ ബഹിർസ്ഫുരണമാണ്. ജീവിതത്തിൽ അനുഭവിക്കുന്ന സന്താപത്തിന്റെ ബഹിർസ്ഫുരണമാണ് മതത്തോട് കേണുപറയുന്നത്. അത് ഇതിനെതിരായ പ്രതിഷേധവും കൂടിയാണ്. ഈ ലോകത്തുള്ള ഈ പ്രയാസങ്ങൾ അങ്ങ് കാണുന്നില്ലേ; കർത്താവേ കാണുന്നില്ലേ; കന്യാമറിയമേ കാണുന്നില്ലേ; പ്രവാചകനേ കാണുന്നില്ലേ; ശബരിമല ശാസ്താവേ, അള്ളാഹുവേ കാണുന്നില്ലേ; എന്ന് ചോദിക്കുന്നുണ്ട്. ഇത് പ്രതിഷേധമാണ്. പക്ഷേ അവർക്ക് പോരാടാനുള്ള ശക്തിയില്ല. അതുകൊണ്ട് അവർ പ്രാർത്ഥനയിൽ കൂടി ആ പ്രതിഷേധം പ്രകടിപ്പിക്കുന്നു. മാർക്സ് പറയുകയാണ്, മതം മർദ്ദിത മനുഷ്യന്റെ നിശ്വാസമാണ്. മർദ്ദിക്കപ്പെടുന്ന; ചവിട്ടിയരയ്ക്കപ്പെടുന്ന മനുഷ്യന്റെ ശ്വാസനിശ്വാസമാണ് മതം, ഇതാണ് മാർക്സ് പറഞ്ഞത്. അവ

സാനത്തെ ഒരു വാക്കിൽ കേറിപ്പിടിച്ചാൽ മനസ്സിലാകില്ല, ഇതെല്ലാം പറയണം. ഹൃദയശൂന്യമായ ലോകത്തിന്റെ ഹൃദയമാണിത്. ഉന്മേഷരഹിതമായ സാഹചര്യങ്ങളിലെ ഭക്തിയുടെ ലഹരിയാണിത്. മാതാ അമൃതാനന്ദമയി ദേവിയെ കണ്ടിട്ടില്ലേ, അത് ഭക്തിയുടെ ലഹരിയാണ്. ഭക്തികാര്യങ്ങളിലല്ല, മറ്റു ചില കാര്യങ്ങളിൽ ഞങ്ങൾക്ക് അടുത്തറിയാം. കോളേജ് സ്ഥാപിക്കാൻ വേണ്ടി അപേക്ഷിച്ചപ്പോൾ അവരെ കാണാൻ പോയിട്ടുണ്ട്. ഇതൊരു ലഹരിയാണ്. ആ ലഹരിയെ നിങ്ങൾ അധിക്ഷേപിക്കരുത്.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത്, ദേവസ്വം ബോർഡിന്റെ കാലാവധിയുമായി ബന്ധപ്പെട്ട വിഷയമാണ്. മലബാർ മേഖലയിൽ ഏകദേശം 2300-ലേറെ ക്ഷേത്രങ്ങളുണ്ട്. ആ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട ഭരണസംവിധാനവും ആചാരങ്ങളുമൊക്കെ വ്യത്യസ്തമാണ്. മലബാർ ദേവസ്വം ബോർഡ് അംഗങ്ങൾക്ക് ഒരു ഭരണസമിതി എന്നുള്ള രീതിയിൽ പ്രവർത്തിക്കുന്നതിന് രണ്ടുവർഷമെന്നത് കുറഞ്ഞ കാലാവധിയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കാലാവധി വർദ്ധിപ്പിക്കുമെങ്കിൽ തീർച്ചയായും ഫലപ്രദമായ ഒരു ഇടപെടൽ ഈ ക്ഷേത്രങ്ങളിലുണ്ടാകാൻ അതുവഴി സാധ്യമാകില്ലേ എന്നൊരു അഭിപ്രായമാണ് എനിക്കുള്ളത്.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ആ അഭിപ്രായത്തിന്റെ അടിസ്ഥാനത്തോട് അഭിപ്രായവ്യത്യാസമില്ല. രാമൻനായരെ കുറ്റപ്പെടുത്താൻ കഴിയില്ല. അയാളെ കൊണ്ട് ചെയ്യിച്ചതാണ്. ചെയ്യിച്ചവരൊക്കെ ചതിച്ചിട്ട് കാലുമാറി അയാൾ നിരാശനാണ്. ഉന്നതന്മാർ നിയമനത്തിന് എഴുതിക്കൊടുത്ത കത്തിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പി എന്റെ കയ്യിലുണ്ട്. അക്കാര്യം ഒരിക്കലും നിയമസഭ

യിൽ പറഞ്ഞില്ല. അമ്പലങ്ങളെക്കുറിച്ച് ആധികാരകമായി സംസാരിക്കുന്ന ഉന്നതന്മാർ ഇന്ന് നിയമനം നടത്തി, ചിലത് നടത്തിയില്ല. അതിന്റെ തീസിസിലേക്ക് ഞാൻ പോകുന്നില്ല. പക്ഷേ കാണിച്ചത് ശരിയായില്ല. അങ്ങനെയുള്ളവനാണെങ്കിൽ സമ്മതിച്ചു. അങ്ങ് വരുമെന്ന് എന്താണ് ഉറപ്പ്. അതാണ് ശല്ല്യങ്ങൾ വേഗം ഒഴിഞ്ഞുപോകട്ടേ, ശല്ല്യമായാൽ. ഗീതയിൽ പറഞ്ഞ ഒരു വാക്ക് മഹാത്മഗാന്ധി എപ്പോഴും ക്വാട്ട് ചെയ്യും. Evil cannot flourish without the help of good. നന്മയുടെ സഹായമില്ലാതെ തിന്മയ്ക്ക് ഒറ്റയ്ക്ക് വളരാൻ കഴിയില്ല. അപ്പുറത്ത് നന്മയുള്ള സാമാജികന്മാരില്ല അതു കൊണ്ട് ഈ തിന്മയ്ക്ക് കൂട്ടുനിൽക്കണമോ? നിങ്ങൾ എന്തിനാണ് ഇതിന് കൂട്ടുനിൽക്കുന്നത്; ഈ ബിൽ മാറ്റിവച്ചാൽ എന്താണ് കുഴപ്പം; ഇത് കോടതിയിൽപ്പോയി കൊല ചെയ്യാൻ പോവുകയാണ്. ഒരു നിയമം നിലവിലുള്ളപ്പോൾ ആ നിയമം പൂർണ്ണമായും റദ്ദ് ചെയ്യാതെ എങ്ങനെ നിങ്ങൾക്ക് പിൻവലിക്കാൻ കഴിയും? നടപ്പിലാക്കികൊണ്ടിരിക്കുകയാണ് നിയമം. അതെല്ലാം ഒരുമിച്ച് അവതരിപ്പിക്കണമായിരുന്നു. ഇവിടെ ഒബ്ജക്ഷൻ വരെ പറഞ്ഞു. ഭരണഘടനാപരമായി ഒരുപാട് പ്രശ്നങ്ങൾ ഉന്നയിക്കുമ്പോൾ........ നിങ്ങൾ ഒരുകാര്യം ചെയ്യുക ഒരു ഉന്നതനായ ലീഗൽ എക്സ്പെർട്ടിന് ഈ നിയമം വിടുക. ഞങ്ങൾ വളരെയധികം സഹകരിക്കുകയല്ലേ; അദ്ദേഹം വിളിച്ചുപറഞ്ഞല്ലോ ബിൽ അവതരിപ്പിക്കാൻ. അദ്ദേഹം അങ്ങനെയൊന്നും പറയില്ല. അദ്ദേഹത്തിന്റെ പേര് ഉപയോഗിച്ചാലേ ശരിയാകൂ. അദ്ദേഹം കമ്മിറ്റിയിൽ പറഞ്ഞത് ദേവസ്വംബോർഡിൽ അഴിമതി കാണിക്കുന്നതുകൊണ്ട് ഒരു പൊതു ബോർഡ് വേണമെന്നാണ്. ആ പൊതു ബോർഡിൽ ഏറ്റവും വലുത് കോൺസ്റ്റിറ്റ്യൂഷണൽ അതോറിറ്റിയായ പി.

എസ്.സി. അല്ലേ? ഈ കാലഘട്ടത്തിൽ ഹിന്ദുക്കൾ അല്ല മുസ്ലീങ്ങൾ കയറുമെന്നൊക്കെ പറയാമോ? മുസ്ലീങ്ങൾ ബോർഡിൽ വരുമെന്നാണ് പറഞ്ഞത്. ഈ കാലഘട്ടത്തിൽ നിങ്ങൾക്ക് അങ്ങനെ പറയാമോ? അറിയാതെയാണ് അങ്ങനെ പറയുന്നതെങ്കിൽ പോലും അതൊരു മുസ്ലീം വിരോധമല്ലേ? ശ്രീ. ഡൊമിനിക് പ്രസന്റേഷൻ പറഞ്ഞത് അതല്ല. അദ്ദേഹം അങ്ങനെയൊന്നും പറയുന്ന ആളല്ല. അങ്ങനെയാണ് സമുദായികവാദികൾ അവതരിപ്പിച്ചത്. കള്ളത്തരമല്ലേ പറഞ്ഞത്. വർഗ്ഗീയകലാപം നടത്താൻ ഹിന്ദുവിന്റെ മൂക്ക് ഛേദിച്ചു, മുസ്ലീങ്ങളുടെ കൈപൊള്ളിച്ചുവെന്ന് കള്ള പ്രചാരവേല നടത്തി. ആയിരങ്ങളെ കൊല ചെയ്യുന്ന വർഗ്ഗീയവാദത്തിന്റെ ആ അർത്ഥമല്ലെ ചില സമുദായ നേതാക്കന്മാർ പറഞ്ഞത്. ഈ ബിൽ പാസ്സായി കഴിഞ്ഞാൽ ഹിന്ദു അമ്പലങ്ങളിലെല്ലാം മുസ്ലീങ്ങൾ കയറുമെന്നാണ് പറയുന്നത്. ഞങ്ങളൊക്കെ മണ്ടൻമാരാണോ? അങ്ങനെയൊന്നും ആരും ചെയ്യില്ല. അങ്ങനെ ചെയ്യാൻ ഭരണഘടന അനുവദിക്കുകയുമില്ല, അങ്ങനെ ചെയ്യാനും പാടില്ല. ഹിന്ദുക്കളുടെ പ്രോപ്പർട്ടിയാണ് അമ്പലങ്ങൾ, കൂട്ടായ Religious endowment ആണെന്ന് എല്ലാവർക്കുമറിയാം. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. ഒരു സമുദായവാദിയും മരിക്കുമ്പോൾ ഒന്നും കൊണ്ടുപോകുന്നില്ലായെന്ന കാര്യം ഓർക്കണം. വലിയ കുമ്പകുലുക്കി ഇപ്പോൾ ഇരിക്കും. എല്ലാവരും ഒരുപോലെയാണോ വരുന്നതും പോകുന്നതും............... അതുകൊണ്ടാണ് കെ.സി. കേശവ പിള്ള പറഞ്ഞത്,

'ഒരിക്കലീ ജഗത്തെയും ജഡത്തെയും പിരിഞ്ഞുനാം
തിരിക്കണം വിസമ്മതങ്ങളൊന്നുമേ ഫലപ്പെടാ

തിരിച്ചുപിന്നെ വന്നിടാത്ത യാത്രയാണതാകയാൽ

കരത്തിലുള്ളതൊക്കെ നാം അതിർത്തിയിൽ ത്യജിക്കണം'.

ഒരു രാഷ്ട്രീയ പ്രവർത്തകൻ, ഒരു മിനിസ്റ്റർ അങ്ങനെ തന്നെയായിരിക്കണം. നമ്മൾ ഒന്നും കയ്യിൽ കൊണ്ടുനടക്കാമെന്ന് ധരിക്കരുത്. ആവശ്യമില്ലാത്തതെല്ലാം കളഞ്ഞിരിക്കണം. നമ്മൾ ജനങ്ങളുടെ സ്വത്തുക്കൾ മാത്രം സൂക്ഷിക്കണം. അങ്ങ് കോൺഗ്രസ്സിൽ വളരെ ഭാവിയുള്ള ചെറുപ്പക്കാരനാണ്. നമ്മുടെ ക്ഷേത്രങ്ങൾ വെറും ക്ഷേത്രങ്ങളാണോ? ശബരിമല, ചെമ്പൂര് ക്ഷേത്രം, മാളികപ്പുറത്തമ്മ, എരുമേലി ഗണപതി ക്ഷേത്രം, എരുമേലി മുസ്ലീം പള്ളി, കൊടുങ്ങല്ലൂർ ചേരമാൻ മസ്ജിദ്, കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രം, ഓച്ചിറ അമ്പലം ഇതെല്ലാം എല്ലാ മതക്കാർക്കും ഉള്ളതാണ്. അതാണ് നമ്മുടെ മഹത്വം. ആ ക്ഷേത്രത്തിന്റെ മുകളിലാണ് നമ്മൾ നിയമനിർമ്മാണം നടത്തുന്നത്. സ്ത്രീകളാണ് ഭൂരിപക്ഷവും അമ്പലങ്ങളിൽ പോകുന്ന കാര്യവും നമ്മൾ മറന്നുപോകരുത്.

'താണ നിലത്തെ നീരോടൂ
അവിടെ ദൈവം തുണയുള്ളൂ'.

സമുദായ പ്രമാണിമാരുടെ കൊമ്പത്തൊന്നും ദൈവമില്ല. അതുകൊണ്ട് ബഹുമാന്യനായ മന്ത്രിയോട് പറയുകയാണ്, അങ്ങേയ്ക്ക് കിട്ടിയ അധികാരം അങ്ങേയ്ക്കുപോലും ബോധ്യമില്ലാത്ത തരത്തിൽ, അങ്ങേയ്ക്കുപോലും വിശദീകരിച്ചു ഫലിപ്പിക്കാൻ കഴിയാത്ത തരത്തിൽ......... ലാ ഡിപ്പാർട്ടുമെന്റ് അങ്ങനെ പറഞ്ഞു, ഇവർ ഇങ്ങനെ പറഞ്ഞുവെന്ന് പറഞ്ഞിട്ട്........... അങ്ങനെ പറഞ്ഞാൽ തന്നെ തെറ്റാണെന്ന് പറയാനുള്ള ഉത്തരവാദിത്വം അങ്ങേയ്ക്കുണ്ട്. 'ആസന്നമരണ ചിന്താശതകം' മിനിസ്റ്ററെ ഞാൻ

ഓർമിപ്പിച്ചു. 'ആസന്നമരണ ചിന്താശതകം' മിനിസ്റ്ററെ ഞാൻ വെറുതെ ഓർമ്മിപ്പിച്ചതല്ല, അദ്ദേഹം ഭൗതികമായി മരിക്കുമെന്നല്ല പറഞ്ഞത് അതു കൊണ്ട് ഇതെല്ലാം നമ്മൾ പഠിച്ചുവളർന്നവരാണ്. അധികാരത്തിൽ ഇരിക്കുമ്പോൾ എന്തിനാണ് ഇതിനെ മറക്കുന്നത്. രണ്ടുനാല് ദിനം കൊണ്ട് ഒരുത്തനെ തണ്ടിലേറ്റിനടത്തുന്നതും.... തണ്ടിലേറ്റി നടത്തുമ്പോൾ എന്തും ചെയ്തുകളയാമെന്ന് വിചാരിച്ചോ. നല്ല പ്രവർത്തി ചെയ്തതിനുശേഷം ഇറങ്ങിപൊയ്ക്കൊള്ളൂ ചിലപ്പോൾ ഇറക്കിവിട്ടാലും കുഴപ്പമില്ല. ബഹുമാനപ്പെട്ട സ്പീക്കർ വളരെ സഹകരിക്കുന്ന ആളാണ്. സാധാരണ ഗതിയിൽ ആരെയും നിർബന്ധിക്കാറില്ല. അതുകൊണ്ട് ഈ നിയമം, ഈ ഭേദഗതി, ഇതൊരു ഭേദഗതിയേയല്ല, ഇവിടെയൊരു നിയമവകുപ്പില്ല, നിയമ ഉപദേശമില്ല. മൂലനിയമത്തിലെ ക്ലോസ് ഭേദഗതി ചെയ്യാൻ ക്ലോസില്ല. മൂലനിയമം അതുപോലെതന്നെ നിലനിൽക്കുകയാണ്. മൂലനിയമത്തിലെ ക്ലോസ് ഭേദഗതി ചെയ്യുന്നുവെന്ന് പറഞ്ഞിട്ട് ഇവിടെ ഭേദഗതി ചെയ്യുന്നത് ഒറ്റ ക്ലോസിൽകൂടി ഒരു ബില്ലായി അവതരിപ്പിച്ച് ആക്റ്റാക്കി പി.എസ്.സി.-ക്ക് വിട്ട പ്രത്യേക നിയമമാണ്. അത് ഭേദഗതി ചെയ്യാൻ പുതിയ നിയമം കൊണ്ടു വരണം. ഈ രണ്ട് ആപ്പിനിടയിൽ കിടക്കുകയാണ് ഈ വാല്. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ സരസവാചകം ഇവിടെ മെമ്പർമാർ ഉന്നയിച്ച സാമൂഹികമായ ചിന്തകൾ, നമ്മുടെ പാരമ്പര്യം മഹത്തായ കോൺഗ്രസിലെ സെക്കുലർ നേതാക്കന്മാരായ ജവഹർലാൽ നെഹ്റുവും മഹാത്മാ ഗാന്ധിജിയും അടക്കമുള്ളവർ ഉന്നയിച്ച മഹത്തായ സാമൂഹിക നവോത്ഥാന ചിന്തകന്മാരുടെ.........രാഹുൽ ഗാന്ധിപോലും സെക്കുലറിസത്തെപ്പറ്റി സംസാരിച്ചതിൽ സന്തോഷമുണ്ട്. സെക്കുലറിസം

നടപ്പിലാക്കാനൊന്നും കഴിവില്ല. അദ്ദേഹത്തിന് നരേന്ദ്ര മോദിയെ നേരിടാനുള്ള പ്രാപ്തിയില്ല. നിങ്ങളൊന്നും പറഞ്ഞുകൊടുക്കുന്നില്ലല്ലോ. ജീപ്പിന്റെ മുകളിൽ കയറിക്കോടായെന്നാണ് പറയുന്നത്. അങ്ങനെ പറയാമോ? ശ്രീ. കൊടിക്കുന്നിൽ സുരേഷ് കാണിച്ചത് ശരിയാണോ? അതുകൊണ്ടാണ് ചവിട്ടുകൊണ്ടത്. കൊടിക്കുന്നിൽ സുരേഷ് ചവിട്ടുകൊണ്ടത് അച്ചടക്കമുള്ള യൂത്ത് കോണഗ്രസ്സുകാരനെപ്പോലെ ജാഥ നടത്താത്തതുകൊണ്ടാണ്. ഇന്നലെ യൂത്ത് കോൺഗ്രസ് ജാഥ നടത്തിയപ്പോൾ ഒരു കുഴപ്പവുമുണ്ടായില്ലല്ലോ. ഞാൻ ഒരു പുസ്തക പ്രകാശനത്തിനുപോയപ്പോൾ മുമ്പിൽ മുഴുവൻ യൂത്ത് കോൺഗ്രസ്സുകാരാണ്. യൂത്ത് കോൺഗ്രസ്സുകാർ എല്ലാവരുംവന്ന് എനിക്ക് കൈ തന്നു. അവിടെ ഒരു അടിയുംപിടിയും ഇല്ല. ഇതുവരെയൊന്നും കേട്ടില്ല. നിങ്ങൾക്ക് എല്ലായിടത്തും ഇതുപോലെ നടത്തിക്കൂടെ. ശ്രീ. കൊടിക്കുന്നിൽ സുരേഷ് അവിടെ വരുമായിരുന്നു പക്ഷേ ചവിട്ടില്ലാത്തതുകൊണ്ട് അവിടെ വന്നില്ല. നല്ലതുപോലെ കിട്ടി. ചവിട്ടു മാത്രമല്ല എന്തൊക്കെയാണ് കിട്ടിയതെന്ന് എങ്ങനെയാണ് പറയുന്നത്. നല്ല തടിയുള്ളതുകൊണ്ട് എവിടെയിട്ട് ചവിട്ടിയാലും അദ്ദേഹത്തിന് കിട്ടും. എന്റെയടുത്ത സുഹൃത്തായതുകൊണ്ട് പറയുകയാണ്, ശ്രീ. കൊടിക്കുന്നിൽ സുരേഷിന് ചവിട്ടുകൊള്ളേണ്ട വല്ല കാര്യവുമുണ്ടോ. ബഹുമാനപ്പെട്ട സ്പീക്കർ അവർകളേ, അങ്ങയോട് രാഷ്ട്രീയം പറയുന്നത് ശരിയല്ല. എന്നാലും നിങ്ങൾ കേരളത്തിലെ യുവജനങ്ങളുടെ വലിയ നേതാവല്ലേ. ഇതൊക്കെ മാറ്റിവയ്ക്കാൻ പറയൂ ഇതൊക്കെ ഭരണഘടനാവിരുദ്ധമാണ്, സ്ത്രീ വിരുദ്ധമാണ്, പട്ടികജാതി/പട്ടികവർഗ്ഗ വിരുദ്ധമാണ്, ജനവിരുദ്ധമാണ്, ദേവാലയ വിരുദ്ധമാണ്. അമ്പലം വിഴുങ്ങികൾക്ക് തേർവാഴ്ച നടത്താൻ ഫ്യൂഡലിസത്തിന്റെ ചണ്ടികളായ അതിന്റെ ഉൽപ്പന്നങ്ങളായി ഇന്ന്

അവശേഷിക്കുന്ന സമുദായ നേതാക്കന്മാരുടെ കാൽ കഴുകി കുടിച്ച വെള്ളത്തിൽനിന്ന് മുക്കിയെഴുതിയ ദുർബലമായ നിയമമാണ്. അവിടെ അക്ഷരങ്ങളൊന്നും ഉണ്ടാകില്ല. ഈ നിരാകരണപ്രമേയം ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. വി. ശശി : സർ, ഈ ബില്ലിൽ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതികൾ പൂർണ്ണമായും നിരാകരിക്കണമെന്ന പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ബഹുമാനപ്പെട്ട മുൻമന്ത്രി ജി. സുധാകരൻ അവർകൾ ഇവിടെ നടത്തിയ സുദീർഘമായ പ്രസംഗം നമ്മളെല്ലാവരും ശ്രദ്ധിക്കുകയുണ്ടായി. ഇവിടെ കൊണ്ടുവന്നിരിക്കുന്ന ഈ ബില്ലിലെ ഭേദഗതികളെ സംബന്ധിച്ച് വളരെ വിശദമായിത്തന്നെ പല കാര്യങ്ങളും ഇവിടെ പ്രതിപാദിച്ചു. ഞാൻ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഒരു വർഷക്കാലം മെമ്പറായിരുന്നു. അതിന്റെ അനുഭവംകൂടി കണക്കിലെടുത്തുകൊണ്ടാണ് ഞാൻ ഈ നിരാകരണ പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ചില കാര്യങ്ങൾ വെളിപ്പെടുത്താൻ ആഗ്രഹിക്കുന്നത്. ട്രാവൻകൂർ ഹിന്ദു റിലീജിയസ് ആക്ട് 1950-ൽ സുപ്രധാനമായ 30 ഭേദഗതികൾ വരുത്തിക്കൊണ്ടാണ് ഈ സഭ 2007-ൽ ഒരു ബിൽ പാസ്സാക്കിയത്. ഈ മുപ്പത് സെക്ഷനുകളിൽ വരുത്തിയ ഭേദഗതികളിൽ നിന്ന് 14 എണ്ണത്തിൽ ഇപ്പോൾ വീണ്ടും ഒരു ഭേദഗതി കൊണ്ടുവന്നിരിക്കുന്നു. എന്തിനുവേണ്ടിയാണ് ഈ ഭേദഗതിയെന്ന് സത്യസന്ധമായി ഈ സർക്കാർ വെളിപ്പെടുത്തണം. ഇരുളടഞ്ഞ ഒരു ഭൂത കാലത്തിലേക്ക് കേരളത്തെ കൊണ്ടുചെന്ന് എത്തിക്കുവാനാണ് ഈ ഭേദഗതി കൊണ്ട് നമ്മുടെ സമൂഹത്തിലുണ്ടാകാൻ പോകുന്നത്. ഇവിടെ ബഹുമാന പ്പെട്ട മെമ്പർ ജി. സുധാകരൻ സൂചിപ്പിച്ചതുപോലെ അഴിമതിയും പക്ഷപാത

വും കൊടികുത്തിവാണിരുന്ന ദേവസ്വം ബോർഡിൽ മാറ്റം വേണമെന്ന് ജസ്റ്റിസ് പരിപൂർണ്ണ കമ്മീഷൻ ശുപാർശ ചെയ്തിരുന്നു. കേരള ഹൈക്കോടതിയുടെയും നിർദ്ദേശം ഇതേരൂപത്തിലുണ്ടായിരുന്നു. അവയെല്ലാം പൂർണ്ണമായും അവഗണിച്ചുകൊണ്ടാണ് ഈ നിയമ ഭേദഗതി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് ഇതിന്റെ യഥാർത്ഥ ഉദ്ദേശ്യമെന്താണെന്ന് സർക്കാർ വെളിപ്പെടുത്തണം. ഇവിടെ സൂചിപ്പിച്ചതുപോലെ നമുക്കൊരു പൈതൃകമുണ്ട് അതിൽ നാം എല്ലാവരും അഭിമാനിക്കുന്നവരാണ്. പൈതൃകമെന്നാൽ നാം അർത്ഥമാക്കുന്നത് അവബോധ ബൗദ്ധിക രംഗങ്ങളിൽ നമ്മുടെ പൂർവ്വികർ നമുക്ക് നൽകിയ ജ്ഞാന സമ്പത്തിനെയാണ്. മതം, സാഹിത്യം, കല, തത്വചിന്തകൾ എന്നുവേണ്ട ജീവിതത്തിന്റെ സമസ്ത മേഖലകളേയും സ്പർശിക്കുന്ന ജ്ഞാന സമ്പത്തിന്റെ വ്യാപ്തിക്ക് അതിരുകളില്ല. അതിനെയെല്ലാം നാം ആദരിക്കണം, ഉൾക്കൊള്ളണം അതിൽ നമുക്ക് അഭിമാനിക്കുകയും ചെയ്യാം. എന്നാൽ സാമൂഹ്യ നീതിക്കും മനുഷ്യത്വത്തിനും സമത്വത്തിനും സാഹോദര്യത്തിനും എതിരായ വിശ്വാസ പ്രമാണങ്ങളെ, ആചാരങ്ങളെ, അന്ധവിശ്വാസങ്ങളെ നമുക്ക് അംഗീകരിക്കുവാൻ കഴിയില്ല. നമ്മുടെ കഴിഞ്ഞകാല തലമുറയിലെ ധാരാളം മഹാരഥന്മാർ ഈ രംഗത്ത് നടത്തിയ പോരാട്ടങ്ങളുടെ ചരിത്രം നാമെല്ലാം വായിച്ചും അനുഭവിച്ചും പഠിച്ചിട്ടുള്ളവരാണ്. ഏതിന്റെ പേരിലായാലും സമത്വത്തിനും സാഹോദര്യത്തിനും സാമൂഹ്യനീതിക്കുമെതിരായി ഉണ്ടാകുന്ന നീക്കങ്ങളെ ചെറുക്കുവാൻ നാം പ്രതിജ്ഞാബദ്ധരാണ്.

ഈ ലക്ഷ്യം ഉൾക്കൊണ്ടുകൊണ്ടാണ് 2007-ൽ 30 ഭേദഗതികളടങ്ങുന്ന ബിൽ ഈ നിയമസഭ പാസ്സാക്കിയത്. അതിനെ തകിടംമറിക്കാൻ

ശ്രമിച്ചുകൊണ്ടാണ് ഇപ്പോൾ ഈ ബിൽ നിയമസഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതിയിലെ ഓരോ ക്ലോസും പരിശോധിച്ചാൽ വളരെ വിചിത്രമായിട്ടാണ് എനിക്ക് തോന്നുന്നത്. അതിൽ (1) വനിതാ സംവരണം ഒഴിവാക്കി. (2) രണ്ടുപേരെ ഹിന്ദു മന്ത്രിമാർ നോമിനേറ്റ് ചെയ്യണം. (3) എസ്.സി./എസ്.ടി. പ്രതിനിധിയെ ഹിന്ദു എം.എൽ.എ.-മാർ തെരഞ്ഞെടുക്കണം. എന്താണ് ഇതിന്റെ അർത്ഥം? ഹിന്ദു എം.എൽ.എ.-മാർക്ക് തെരഞ്ഞെടുക്കാൻ അനുവദിച്ചിരുന്ന ഒരേയൊരു സീറ്റ് സംവരണ സീറ്റാക്കിമാറ്റി. ഈ മാറ്റം നിയമാനുസൃതമാണോയെന്ന് പരിശോധിക്കേണ്ടതായി വരും. കാരണം ഒരു സീറ്റ് ഹിന്ദു എം.എൽ.എ. മാർക്കായി തെരഞ്ഞെടുക്കാൻ മാറ്റിവയ്ക്കുമ്പോൾ അതിനെ സംവരണ സീറ്റാക്കി മാറ്റാൻ സാധിക്കുമോ എന്നുള്ള നിയമവശം ഈ സർക്കാർ പരിശോധിച്ചിട്ടുണ്ടാകുമോയെന്ന് ഞാൻ ഭയപ്പെടുന്നു. സർക്കാർ നോമിനേറ്റ് ചെയ്യുന്ന രണ്ട് അംഗങ്ങളിൽ എന്തുകൊണ്ട് എസ്.സി./എസ്.ടി. മെമ്പറെക്കൂടി ഉൾപ്പെടുത്തിയില്ല. അത് വളരെ ദുരൂഹതയുണ്ടാക്കുന്ന ഒരു വിഷയമാണ്. എസ്.സി./എസ്.ടി. സംവരണം ഹിന്ദു മന്ത്രിമാർ നോമിനേറ്റ് ചെയ്യുന്ന രണ്ടുപേരിൽ ഒരാളാക്കി മാറ്റുവാൻ സർക്കാർ ശ്രമിച്ചിട്ടില്ല. തീർച്ചയായും അതിന്റെ പിന്നിൽ വ്യക്തമായ ഉദ്ദേശ്യലക്ഷ്യമുണ്ട് എന്നാണ് നമുക്ക് ഊഹിക്കാൻ കഴിയുന്നത്. വനിതാസംവരണം എടുത്തുകളഞ്ഞതും എസ്.സി./എസ്.ടി. മെമ്പറെ ഹിന്ദു എം.എൽ.എ.-മാർക്ക് വിട്ടുകൊടുത്തതും 2007-ൽ അന്നത്തെ ദേവസ്വം വകുപ്പുമന്ത്രി കൊണ്ടുവന്ന ഭേദഗതിയെ പരാജയപ്പെടുത്തുന്നുവെന്ന് മാത്രമല്ല വിപ്ലവകരമായ ആ ഭേദഗതിയുമായി നമുക്ക് ഊഹിക്കാൻ കഴിയുന്നത്, 1936-ൽ കേരള സംസ്ഥാനത്ത്

പ്രത്യേകിച്ചും തിരുവിതാംകൂറിൽ കൊണ്ടുവന്ന ക്ഷേത്രപ്രവേശന വിളംബരത്തോടുകൂടിയാണ്. 2007-ലെ ആ ബില്ലിനെ രണ്ടാം ക്ഷേത്രപ്രവേശന വിളംബരത്തിന് തുല്യമായി നോക്കിക്കാണാൻ സാധിക്കും. ക്ഷേത്രപ്രവേശനത്തിലൂടെ അന്ന് നമുക്ക് സാധിച്ചെടുക്കാൻ കഴിഞ്ഞത് ക്ഷേത്രത്തിനകത്തുകടന്ന് ക്ഷേത്രാരാധനയിൽ പങ്കുകൊള്ളാനുള്ള അനുവാദം മാത്രമായിരുന്നു. എന്നാൽ 2007-ൽ നിലവിൽവന്ന നിയമത്തിലൂടെ ക്ഷേത്രഭരണത്തിലും നമ്മുടെ സംസ്ഥാനത്തെ അടിയാളർ-ദുർബല വിഭാഗങ്ങളുടെ പ്രതിനിധിക്ക് കടന്നുവരാനുള്ള ഒരവസരമാണ് സാധിച്ചെടുത്തത്. അതാണിപ്പോൾ വളരെ വിചിത്രമായ ഭേദഗതിയിലൂടെ വനിതകളുടെ സംവരണം പൂർണ്ണമായും എടുത്തുകളയുകയും ഹിന്ദു എം.എൽ.എ.-മാർ തെരഞ്ഞെടുക്കേണ്ട ഒരു മെമ്പർ പട്ടികജാതിക്കാർക്കുവേണ്ടി മാറ്റുകയും ചെയ്തിരിക്കുന്നു. പട്ടികജാതിക്കാരെ പൂർണ്ണമായും ഒഴിവാക്കാൻ കഴിയില്ലെന്നുള്ളതുകൊണ്ട് അത് നിലനിർത്തിയെന്നുമാത്രം. അല്ലെങ്കിൽ വനിതകൾക്കുണ്ടായിരുന്ന സംവരണം മാറ്റുന്നതുപോലെ അതും മാറ്റുവാൻ ഈ സർക്കാർ തയ്യാറാകുമായിരുന്നുവെന്നാണ് എനിക്ക് അക്കാര്യത്തെക്കുറിച്ച് സൂചിപ്പിക്കാനുള്ളത്. ഭൂതകാലത്തിന്റെ ഫ്യൂഡൽ വിഴുപ്പുഭാണ്ഡങ്ങളിപ്പോഴും മനസ്സിൽ പേറി നടക്കുന്ന ബോധമനസ്സുകളെ അവഗണിക്കാൻ സർക്കാരിന് സാധിക്കുന്നില്ലെന്നുള്ളതിന്റെ ദുരന്തമാണ് ഇതുപോലുള്ള നിയമനിർമ്മാണവുമായി സർക്കാരിന് ഈ സഭയുടെ മുമ്പിൽ വരാൻ സാഹചര്യം ഒരുക്കിയിരിക്കുന്നത്. അപ്പുറത്തിരിക്കുന്ന ചെറുപ്പക്കാരായ എം.എൽ.എ.-മാർ ഒന്നോർക്കണം; ഇവിടെ ശ്രീ. വി. റ്റി. ബൽറാം ഫെയ്സ്

ബുക്കിൽ ഈ ബില്ലുമായി ബന്ധപ്പെട്ട് ഒരു കാര്യം സൂചിപ്പിച്ചിരുന്നു. നിയമസഭയിലെ ഹിന്ദു എം.എൽ.എ.–മാർ മാത്രമല്ല എല്ലാ എം.എൽ.എ.–മാരും കൂടിച്ചേർന്ന് ദേവസ്വം ബോർഡിന്റെ പ്രതിനിധിയെ തെരഞ്ഞെടുക്കാൻ കഴിയണം എന്ന അഭിപ്രായം അദ്ദേഹം രേഖപ്പെടുത്തുകയുണ്ടായി. അത്രയും വിപ്ലവകരമായി ചിന്തിക്കാൻ അക്കാര്യത്തിൽ ഒരു കോൺഗ്രസ്സ് എം.എൽ.എ.–ക്ക് കഴിഞ്ഞുവെങ്കിൽ എന്തുകൊണ്ടാണ് അദ്ദേഹം ഈ നിയമത്തിൽ പരിചയിക്കുന്ന മറ്റ് വിഷലുബ്ധമായ ഭേദഗതികൾക്കെതിരെ പ്രതികരിക്കാത്തതെന്ന് ഞാൻ അത്ഭുതപ്പെടുകയാണ്. തീർച്ചയായും അപ്പുറത്തിരിക്കുന്ന ശ്രീ. വി. ഡി. സതീശനെപ്പോലെയുള്ളവർ ഇതിനെ എതിർക്കുമെന്നുതന്നെയാണ് എനിക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. എക്കാലത്തും ഈ സവർണ്ണ പുരുഷ മേധാവിത്വത്തിന്റെ ഇരിപ്പിടമായിരുന്ന ദേവസ്വം ബോർഡിൽ ഈ അടിയാളർ–ദുർബ്ബല വിഭാഗങ്ങൾക്കുകൂടി ഇരിപ്പിടം ഒരുക്കിക്കൊടുത്ത 2007–ലെ ഭേദഗതി ഈ സർക്കാർ പൂർണ്ണമായും അവഗണിച്ചിരിക്കുകയാണ്. കഴിഞ്ഞ ദിവസം ഗുരുവായൂർ ക്ഷേത്രത്തിൽ നടന്ന സംഭവത്തെ അപലപിക്കുവാൻ, സത്യത്തിൽ ആ സംഭവം നടക്കുന്ന സന്ദർഭത്തിൽ കേരളത്തിലെ സാംസ്കാരിക വകുപ്പുമന്ത്രിയോ ദേവസ്വം വകുപ്പുമന്ത്രിയോ മുന്നോട്ടുവന്നില്ല എന്നുള്ളത് ജനങ്ങൾ ശ്രദ്ധിക്കപ്പെട്ട ഒരു വിഷയമാണ്. ഇന്നിവിടെ മുൻ സ്പീക്കർ അവതരിപ്പിച്ച സബ്മിഷന് മറുപടി പറഞ്ഞുകൊണ്ട് അതുമായി ബന്ധപ്പെട്ട് റിപ്പോർട്ട് വരുത്തി പരിശോധിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇന്ന് മറ്റൊരു വാർത്തകൂടി നമുക്ക് കേരള കൗമുദി പത്രത്തിലൂടെ

വായിച്ചറിയാൻ സാധിക്കുകയാണ്. പ്രശസ്ത സോപാന സംഗീതജ്ഞനായ എറണാകുളത്തെ ഏലൂർ ബിജുവിന് കൊച്ചിൻ ദേവസ്വംബോർഡിൽ ജാതി കാരണത്താൽ അദ്ദേഹത്തിന്റെ ജോലി സ്ഥിരപ്പെടുത്താൻ ദേവസ്വം ബോർഡ് തയ്യാറായില്ല എന്നുള്ള ഒരു വാർത്തയാണ് പത്രത്തിൽ കാണുന്നത്. അദ്ദേഹം ഇന്നും ദിവസ വേതനത്തിൽ അമ്പലത്തിന് മുമ്പിൽ സോപാന സംഗീതം അവതരിപ്പിക്കുന്നതിന് യാതൊരു നിയമ തടസ്സവുമില്ല; അതിൽ ദൈവം കോപിക്കുന്നില്ല; ദേവസ്വം ബോർഡിനും തടസ്സമില്ല. പക്ഷേ സ്ഥിരപ്പെടുത്താൻ കഴിയില്ലെന്നാണ് പറയുന്നത്. അതിനുകാരണം എന്താണെന്നുള്ളത് ദേവസ്വം ബോർഡ് സൂചിപ്പിച്ചിരിക്കുന്നത് അത് കീഴ്വഴക്കമെന്നാണ്. ഇത്തരം കീഴ്വഴക്കങ്ങളെയും അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും തകർത്തുകൊണ്ടാണ് കേരളത്തിൽ ഒരു നവോത്ഥാന പ്രസ്ഥാനമുണ്ടായതും ഇന്നുകാണുന്ന ഈ പുതിയ കേരളം നമുക്ക് രൂപപ്പെടുത്തിയെടുക്കാൻ സാധിക്കുകയും ചെയ്തത്. പഞ്ചവാദ്യത്തിന്റെ ഭാഗമായ ഇലത്താളം കൊട്ടാനെത്തിയ പട്ടികജാതിക്കാരനായ കല്ലൂർ ബാബു എന്ന സർഗ്ഗധനനായ കലാകാരനെ അരങ്ങിലേക്ക് പ്രവേശനം അനുവദിക്കാതെ ആട്ടിയോടിച്ച സംഭവം സത്യമാണെങ്കിൽ കല്ലൂർ ബാബു പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളാണ്. അയിത്താചരണം നമ്മുടെ ഭരണഘടന നിരോധിക്കപ്പെട്ടിട്ടുണ്ട്. അയിത്താചാരണം പോലുള്ള പ്രവർത്തനങ്ങൾ പട്ടികജാതിക്കാരനുമുമ്പിൽ കാണിച്ചാൽ അത് SC/ST Atrocities Act പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയമാണ്. അതുകൊണ്ട് തൃശ്ശൂർ ജില്ലയിലും എറണാകുളത്തുമുണ്ടായ ഈ രണ്ട് സംഭവങ്ങളും ആ രീതിയിൽ നോക്കിക്കാണാനും നടപടി

എടുക്കാനും സർക്കാർ തയ്യാറാകണം. സർക്കാർ ഈ കാര്യത്തിൽ കാര്യമായ ഇടപെടൽ സ്വീകരിക്കില്ലായെന്നാണ് എനിക്ക് ഊഹിക്കാൻ കഴിയുന്നത്. കാരണം ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ദേവസ്വംബോർഡ് ബില്ലിലും സർക്കാരിന്റെ മനോഭാവവും സാമൂഹ്യ പ്രതിബദ്ധതയും സാമൂഹ്യ നീതിയിലധിഷ്ഠിതമായ ഒരു സമീപനവും കാണുന്നില്ലായെന്നാണ് എനിക്ക് ഈ ഭേദഗതികളിലൂടെ കണ്ണോടിക്കുമ്പോൾ കാണാൻ സാധിക്കുന്നത്. സർക്കാരിന്റെ മനോഗതി തെളിയിക്കുന്ന മറ്റൊരു ഉദാഹരണമാണ് പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നടത്തുന്ന നിയമനം. സെക്ഷൻ 20A മുമ്പ് കൂട്ടിച്ചേർത്ത ഒരു ഭേദഗതിയാണ്. അതിനെ പൂർണ്ണമായും നിരാകരിച്ചിരിക്കുകയാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിലായാലും കൊച്ചിൻ ദേവസ്വം ബോർഡിലായാലും മൊത്തം സർവ്വീസിനെ രണ്ടായി തരംതിരിച്ചിട്ടുണ്ട്. ഒന്ന് അഡ്മിനിസ്ട്രേറ്റീവ് സർവ്വീസും രണ്ട് കണ്ടിജൻസ് എംപ്ലോയീസ് അതായത് ക്ഷേത്രത്തിനുള്ളിലെ ജീവനക്കാരും. തിരുവിതാംകൂർ ദേവസ്വം ബോർഡിനെ സംബന്ധിച്ചിടത്തോളം അയ്യായിരം ജീവനക്കാരിൽ നാലായിരത്തിൽപ്പരം ജീവനക്കാരും ക്ഷേത്രജീവനക്കാരാണ്. അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ആയിരത്തിൽ താഴെമാത്രം ജീവനക്കാരാണ് തിരുവിതാംകൂർ ദേവസ്വം ബോർഡിലുള്ളത്. അഡ്മിനി സ്ട്രേറ്റീവ് സർവ്വീസിലേക്കുള്ള നിയമനം മാത്രമാണ് 29അ പ്രകാരം പബ്ലിക് സർവ്വീസ് കമ്മീഷന് വിടുവാൻ 2007-ലെ ഭേദഗതിയിലൂടെ തീരുമാനിച്ചത്. ഈ ഭേദഗതിപ്രകാരം ബോർഡ് സ്പെഷ്യൽ റൂൾ ഉണ്ടാക്കുകയും അത് പി. എസ്.സി. അംഗീകരിക്കുകയും പി.എസ്.സി.-യിലെ ഹിന്ദു മെമ്പർമാർ മാത്രം ചേർന്ന് ഇന്റർവ്യൂ നടത്തി ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുകയും വേ

ണമെന്നതാണ് 2007–ലെ ഭേദഗതി. .ദേവസ്വം ബോർഡിലെ 90 ശതമാനം ജീവനക്കാരും ക്ഷേത്രജീവനക്കാർ ആയിരിക്കെ, ബാക്കിവരുന്ന 10–15 ശതമാനം ജീവനക്കാരെ തെരഞ്ഞെടുക്കുന്ന ഒരു പ്രക്രിയയ്ക്കുവേണ്ടി പി.എസ്.സി.–യെ നിയോഗിച്ചുകൊണ്ടുള്ളൊരു ഭേദഗതിയാണ് കഴിഞ്ഞ സർക്കാർ 2007–ൽ കൊണ്ടുവന്നത്. അന്നത്തെ മന്ത്രി ശ്രീ. ജി. സുധാകരൻ കൊണ്ടുവന്ന ആ ഭേദഗതിയിൽ പി.എസ്.സി.–യിലെ ഹിന്ദു മെമ്പർമാർ മാത്രം ചേർന്ന് ഇന്റർവ്യൂ നടത്തണമെന്നാണ് അതിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ളത്. വാസ്തവത്തിൽ അത് ഒഴിവാക്കേണ്ടതായിരുന്നുവെന്നാണ് തോന്നുന്നത്. ഇപ്പോൾ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ദൈനംദിന കാര്യങ്ങൾ നിയന്ത്രിക്കുന്നത് ഹൈക്കോടതിയാണ്. എല്ലാ ദിവസവും ഹൈക്കോടതി ബഞ്ച് സിറ്റിംഗ് നടത്താറുണ്ട്. ആ ഹൈക്കോടതി ബഞ്ചിൽ ഇപ്പോൾ ശ്രീ. ടി. സി. രാമചന്ദ്രൻ നായർ, ശ്രീ. കമാൽ പാഷ എന്നീ രണ്ട് മെമ്പർമാരാണുള്ളത്. ഒരു ജഡ്ജി മുസ്ലീമാണ്. 2005–ൽ ഹൈക്കോടതി ബഞ്ചിൽ എ. കെ. ബഷീർ എന്ന ഒരേയൊരു ജഡ്ജി മാത്രമേയുണ്ടായിരുന്നുള്ളൂ. ആ തീരുമാനങ്ങൾ ഒരു പ്രശ്നവുമുണ്ടാക്കിയിരുന്നില്ല. ഒന്നും  സംഭവിച്ചിരുന്നില്ല. ആരും അതിൽ പ്രതിഷേധവും രേഖപ്പെടുത്തിയിട്ടില്ല. ഇതാണ് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ചരിത്രവുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുമുന്നിലുള്ള യഥാർത്ഥ അനുഭവങ്ങൾ. ഇതിന്റെ അടിസ്ഥാനത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷനിലെ മെമ്പർമാർ മാത്രംചേർന്ന് പി.എസ്.സി. വഴി നിയമനം നടത്താൻ തയ്യാറാകുന്നതിൽ വാസ്തവത്തിൽ ഒരപാകതയുമില്ലെന്നുള്ളതാണ് വസ്തുത.  ഇതൊക്കെയാണെങ്കിലും ഇപ്പോൾ പി.എസ്.സി.–ക്ക് വിടണമെന്ന ഭേദഗതി സർക്കാർ പൂർണ്ണമായും റദ്ദാക്കിയിരിക്കുകയാണ്. ഇത് റദ്ദാ

ക്കുന്നതോടെ സെക്ഷൻ 29–ലെ ക്ലാസ് അഞ്ച് പ്രകാരം നിയമനാധികാരം ബോർഡിൽ തന്നെ ഇപ്പോൾ നിക്ഷിപ്തമായിരിക്കുകയാണ്.

ശ്രീ. എ. കെ. ബാലൻ: സർ, പ്രധാനമായും 14 ഭേദഗതികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതിൽ ബഹുമാനപ്പെട്ട അംഗം പറയുന്നതുപോലെ ഒരു രൂപത്തിലും അംഗീകരിക്കാൻ പറ്റാത്ത മൂന്ന് ഭേദഗതികളാണുള്ളത്. ഒന്ന്, പി.എസ്.സി.–ക്കുള്ള അധികാരം മാറ്റുകയാണ്, മറ്റൊന്ന് ചട്ടമുണ്ടാക്കാനുള്ള അധികാരം ഗവൺമെന്റ് എടുക്കുകയാണ്. മൂന്ന് വനിതാ സംവരണം ഇല്ലാതാക്കുകയാണ്. യഥാർത്ഥത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ് ഈ രൂപത്തിലുള്ള നിയമം കൊണ്ടുവന്നിരുന്ന തെങ്കിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നേതാക്കന്മാർക്ക് നാട്ടിൽക്കൂടി നടക്കാൻ പറ്റില്ലായിരുന്നു. അവരുടെ ഓഫീസ് കത്തിക്കുമാ യിരുന്നു, ഇന്നലെ വരെ ദേവസ്വം ബോർഡിനുണ്ടായിരുന്ന അധികാരമടക്കം ഗവൺമെന്റ് ഏറ്റെടുക്കുകയെന്ന് പറയുന്നത് എന്ത് അടിസ്ഥാനത്തിലാണ്?

ശ്രീ. വി. ശശി: സർ, അതിലേക്കാണ് ഞാൻ വരുന്നത്. 29A ക്ലോസ് 5 പ്രകാരം നിയമനാധികാരം ബോർഡിൽതന്നെ നിക്ഷിപ്തമായിരിക്കുന്നു. 2007–ൽ കൊണ്ടുവന്ന 29A ഭേദഗതി റദ്ദാക്കി. നിയമനങ്ങളിൽ സർക്കാരിന് കൈകടത്താമെന്ന ഗൂഢലക്ഷ്യത്തോടെയാണ് ഈ ഭേദഗതി കൊണ്ടുവന്ന തെന്നത് വളരെ വ്യക്തമാണ്. കാരണം തിരുവിതാംകൂർ ദേവസ്വം ബോർഡ് നിയമനം നടത്താനുള്ള എല്ലാ അധികാരത്തോടുകൂടി നിലനിൽക്കുകയാണ്. 29A ക്ലോസ് അഞ്ച് പ്രകാരം, നിയമനാധികാരം ഇപ്പോൾ തിരുവിതാംകൂർ ദേവസ്വം ബോർഡിനാണ്. എന്നാൽ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതു പോലെ സെക്ഷൻ 35–ൽ ഒരു പുതിയ ഭേദഗതി കൊണ്ടുവന്നിരിക്കുന്നു.

റൂൾസ് ഉണ്ടാക്കുമ്പോൾ ഗവൺമെന്റിന്റെ പ്രയർ അപ്രൂവൽ കിട്ടണം. അങ്ങനെ പ്രയർ അപ്രൂവൽ കിട്ടുമ്പോൾ ആ ഗവൺമെന്റ് അപ്രൂവ് ചെയ്യുന്ന റൂൾ പ്രകാരം നിയമന കാര്യങ്ങളിലേക്ക് കടക്കമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് തോന്നുന്നു. പല കാരണങ്ങളാൽ ഈ ഭേദഗതികൊണ്ട് സർക്കാർ ഉദ്ദേശിക്കുന്ന കാര്യം നടക്കില്ല. മാത്രമല്ല, ഇത് നിയമവിരുദ്ധവു മാണ്. ഇതിൽ മൂന്ന് വനിതകളെ ഉൾപ്പെടുത്താൻ വ്യവസ്ഥയില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. മൂലനിയമത്തിൽ പുരുഷന്മാരെ നിയമിക്കാനും വ്യവസ്ഥയില്ല. കവനന്റിൽ മൂന്ന് ഹിന്ദു മെമ്പർമാർ എന്നേപറയുന്നുള്ളൂ. മൂന്ന് പുരുഷ മെമ്പർമാരെന്ന് പറഞ്ഞിട്ടില്ല. അതുകൊണ്ട് മൂലനിയമത്തിൽ അതിനുള്ള വ്യവസ്ഥയില്ലെന്ന മന്ത്രിയുടെ വാദം ശുദ്ധ അസംബന്ധമാണ് അത് ശരിയല്ല. കവനന്റാണ് മൂലനിയമായി എടുക്കുന്നതെങ്കിൽ അതിൽ പുരുഷ മെമ്പർ..............

ശ്രീ. ജി. എസ്. ജയലാൽ: സർ, നിരാകരണപ്രമേയത്തെ അനുകൂലിച്ചു കൊണ്ടുള്ള അങ്ങയുടെ ചർച്ചയിൽ ദേവസ്വം ബോർഡ് നിയമനങ്ങൾ പി. എസ്.സി.–ക്ക് വിട്ടതുമായി ബന്ധപ്പെട്ട നിയമഭേദഗതിയെ സംബന്ധിച്ചാണ് ഇവിടെ ചർച്ച ചെയ്യുന്നത്. നമ്മുടെ നാട്ടിൽ ദേവസ്വം ബോർഡ് നിയമനങ്ങളുമായി ബന്ധപ്പെട്ട നിരവധി ആശങ്കകളും ചർച്ചകളുമാണ് ഉയർന്നുവന്നിട്ടുള്ളത്. ദേവസ്വം ബോർഡിലെ നിയമനവുമായി ബന്ധപ്പെട്ട് ധാരാളം വിവാദങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ദേവസ്വം നിയമനങ്ങൾക്ക് ഏജൻസി വേണമെന്നും വേണ്ടെന്നുമുള്ള ഭരണകക്ഷിയുടെ തർക്കങ്ങൾ നടക്കുന്നു. അതുപോലെ നിയമം മറികടന്ന് ദേവസ്വംബോർഡ് പണികൾ ദേവസ്വം ബോർഡിന്റെ അംഗങ്ങളുടെ ആശ്രിതർക്ക് നൽകുന്നതായിട്ടുള്ള വിവാദങ്ങൾ ഉണ്ടാകുന്നു, ബോർഡ് അംഗത്തിന്റെ പി.എ.–യ്ക്ക്

ഇരട്ടപ്പദവിയെന്ന നിലയിൽ ദേവസ്വം ബോർഡിൽ പുതിയ നിയമന വിവാദമുണ്ടാകുന്നു ദേവസ്വം ബോർഡിൽ താൽക്കാലിക ജീവനക്കാരെ സ്ഥിപ്പെടുത്താൻ ലക്ഷങ്ങൾ കോഴ എന്ന രീതിയിലുള്ള വാർത്തകൾ ഇവിടെ യുണ്ടാകുന്നു, വിജിലൻസ് അന്വേഷണം നേരിടുന്ന ദേവസ്വം ബോർഡ് ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം നൽകുന്നതായിട്ടുള്ള വിവാദങ്ങൾ ഉണ്ടാകുന്നു. ഇങ്ങനെയുള്ള നിരവധി ആശങ്കകൾ പൊതുസമൂഹത്തിൽ ഉയർന്നുവരുന്നുവെന്നുള്ളതുകൊണ്ടല്ലേ ഈ നിയമനങ്ങൾ പി.എസ്.സി.–ക്ക് വിടമെന്നുള്ള ഉറച്ച വാദത്തിൽ അങ്ങ് നിൽക്കുന്നത്.

ശ്രീ. വി. ശശി: സർ, തീർച്ചയായും പി.എസ്.സി. വഴി നിയമനം നടത്തണമെന്ന് കഴിഞ്ഞ ഗവൺമെന്റ് തീരുമാനമെടുക്കുമ്പോൾ ഉണ്ടായിരുന്ന വസ്തുതകളാണ് ഞാൻ ഇവിടെ സൂചിപ്പിച്ചത്. നേരത്തെ ഇവിടെ സൂചിപ്പിച്ച തുപോലെ രാമൻനായരുടെ ഭരണം, അതിലൂടെ ജനങ്ങൾ ചർച്ചചെയ്ത ഒരുപാട് വിഷയങ്ങൾ, ജസ്റ്റിസ് പരിപൂർണ്ണ കമ്മീഷന്റെ റിപ്പോർട്ട്, ഇതെല്ലാം മുന്നിൽ കണ്ടുകൊണ്ടാണ് പബ്ലിക് സർവ്വീസ് കമ്മീഷന് ആ നിയമനം കൈമാറിയത്. ഇവിടെ ദേവസ്വം ബോർഡിന്റെ മൂലനിയമമായി ചൂണ്ടിക്കാണി ക്കപ്പെടുന്ന 1949 മേയ് മാസം 29–ാം തീയതി മുതൽ നിലവിൽ വന്ന ആ കവനന്റ് പ്രകാരമുള്ള വ്യവസ്ഥകൾ ഇപ്പോഴും നിലവിലുണ്ട്. 1978–ൽ പ്രിവിപേഴ്സ് നിർത്തലാക്കിയതോടുകൂടി രാജകുടുംബത്തിന്റെ റൂളിംഗ് പദവി ഇല്ലാതായി എന്നുമാത്രമേയുള്ളൂ. മറ്റുകാര്യങ്ങൾ ഇപ്പോഴുമുണ്ട്. നിലവിലുള്ള The Travancore-Cochin Hindu Religious Institutions Act and Rules-ൽ കവനന്റിന്റെ വ്യവസ്ഥകൾ ഇപ്പോഴും ഉൾക്കൊള്ളിച്ചിട്ടുണ്ട്. കവനന്റ് പ്രകാരം രാജ്യത്തിന്റെ രാഷ്ട്രീയാധികാരം സ്റ്റേറ്റിന് വിട്ടുകൊടുത്തു. ക്ഷേത്ര

ഭരണത്തിനായി കവനന്റ് പ്രകാരമുള്ള മൂന്ന് അംഗങ്ങളെയാണ് നിശ്ചയിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ അതിൽ സ്ത്രീയെ പരാമർശിച്ചിട്ടില്ലെന്ന് പറയുന്നത് ശരിയല്ല. അതിൽ മൂന്ന് ഹിന്ദു അംഗങ്ങളെന്നു മാത്രമേ സൂചിപ്പിച്ചിട്ടുള്ളൂ. അതിൽ പുരുഷ ഹിന്ദുക്കളെന്ന് പറഞ്ഞിട്ടില്ല. അതുകൊണ്ട് തീർച്ചയായും മൂലനിയമത്തിൽ ഹിന്ദുസ്ത്രീകളെ ബോർഡിൽ ഉൾപ്പെടുത്താൻ പാടില്ല അല്ലെങ്കിൽ പരാമർശിച്ചിട്ടില്ല എന്ന കാരണത്താൽ വനിതാ സംവരണം എടുത്തുകളഞ്ഞുവെന്ന് പറയുന്ന വാദം ശരിയല്ല.

1978 വരെ രാജകുടുംബവും ബോർഡിലേക്ക് ഒരാളെ നിയോഗിച്ചിരുന്നു. ഒരാളെ ഹിന്ദു മന്ത്രിമാർ തെരഞ്ഞെടുക്കും, മൂന്നാമത്തെ മെമ്പറെ ഹിന്ദു എം.എൽ.എ.മാർ തെരഞ്ഞെടുക്കും. പ്രിവിപഴ്സ് നിർത്തലാക്കിയതോടെ രാജകുടുംബ പ്രതിനിധി ഇല്ലാതായി. ബോർഡിന്റെ പൂർണ്ണ നിയന്ത്രണത്തിലായിരുന്നു ക്ഷേത്രഭരണം. ചുരുക്കിപ്പറഞ്ഞാൽ 1200–ൽപ്പരം ക്ഷേത്രങ്ങളും അതോടൊപ്പമുള്ള സ്വത്തുക്കളും പൂർണ്ണമായും സ്റ്റേറ്റിന്റെ നിയന്ത്രണത്തിൽനിന്നും ഒഴിവാക്കി ബോർഡിൽ നിക്ഷിപ്തമാക്കുകയായിരുന്നു. ദേവസ്വം ബോർഡിന്റെ രൂപീകരണവും അവിടത്തെ ഭരണ സംവിധാനങ്ങളും നോക്കിയാൽ 'സ്റ്റേറ്റിനുള്ളിൽ ഒരു സ്റ്റേറ്റ്' എന്ന പ്രതീതിയാണ് കവനന്റ് പ്രകാരം രൂപംകൊണ്ട തിരുവിതാംകൂർ ദേവസ്വം ബോർഡിനുണ്ടായിരുന്ന പദവി. ദേവസ്വം ബോർഡിന്റെ ആഡിറ്റ് റിപ്പോർട്ടുപോലും സർക്കാരിന് സമർപ്പിക്കേണ്ടതില്ല, അത് സമർപ്പിക്കേണ്ടത് ഹൈക്കോടതിയിലാണ്. അതിന്റെ ഒരു പകർപ്പ് സർക്കാരിന് സമർപ്പിക്കണം എന്നുമാത്രമാണ് 2007–ലെ ഭേദഗതിയിൽ എഴുതിച്ചേർക്കുവാൻ സാധിച്ചത്. ഈ പശ്ചാത്തല

ത്തിലാണ് പി.എസ്.സി.ക്കു പകരം ഒരു റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കണമെന്ന് പറഞ്ഞുകേൾക്കുന്നത്. അതിനുള്ള നടപടി സ്വീകരിക്കുന്നതായും കേൾക്കുന്നു. എന്നാൽ ഭേദഗതിചെയ്ത ആക്ടിലോ ഇതിനുമുമ്പ് നിലവിലുള്ള ആക്ടിലോ അങ്ങനെയൊരു റിക്രൂട്ട്മെന്റ് അതോറിറ്റിയെക്കുറിച്ച് പറയുന്നേയില്ല. Prior approval of Government വേണമെന്നുപറയുന്ന ഭേദഗതിയിലൂടെ ആക്ടിൽ പറയാത്തൊരു കാര്യം സാധിക്കാമെന്നാണ് സർക്കാർ കരുതുന്നതെന്ന് എനിക്ക് തോന്നുന്നു. നിയമനാധികാരം ഇപ്പോഴും ബോർഡിന് തന്നെയാണ്. ഒരുപക്ഷേ സർക്കാരും അതുതന്നെയായിരിക്കാം ഉദ്ദേശിക്കുന്നത്. അതാണ് ലക്ഷ്യമെങ്കിൽ കഴിഞ്ഞകാലങ്ങളിലെപ്പോലെ, നടക്കാൻപോകുന്ന അഴിമതിയും സ്വജനപക്ഷപാതവും സാമൂഹ്യനീതി നിഷേധവും അരങ്ങ് തകർക്കുന്നത് നമുക്ക് കാണാം. മറ്റൊരു പ്രധാനപ്പെട്ട വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു, ദേവസ്വം ബോർഡുകളിലെ ബോർഡ് അംഗങ്ങളെ നിയോഗിക്കുന്നതിൽ തത്വത്തിൽ ഗവൺമെന്റിന് എന്താണ് പ്രത്യേക റോൾ എന്നറിയില്ല. രണ്ടുപേരെ നോമിനേറ്റ് ചെയ്യുന്നത് ഹിന്ദു മന്ത്രിമാരാണ്, ഒരാളെ ഹിന്ദു എം.എൽ.എ മാർ നോമിനേറ്റ് ചെയ്യും. ഇവിടെ മന്ത്രിസഭയോ നിയമസഭയോ രംഗത്തില്ല. ഹിന്ദുമന്ത്രിമാർ രണ്ടുപേരെ നോമിനേറ്റ് ചെയ്യുന്നു, ഹിന്ദു എം.എൽ.എ.മാർ ഒരാളെ തെരഞ്ഞെടുക്കുന്നു. മന്ത്രിസഭയില്ല, ഗവൺമെന്റില്ല, നിയമസഭയുമില്ല – ഹിന്ദു എം.എൽ.എമാർ മാത്രം ചേർന്ന് തെരഞ്ഞെടുക്കുന്നു. ദേവസ്വം ബോർഡിന്റെ റൂൾ അപ്രൂവ് ചെയ്യാൻ ഗവൺമെന്റിന്റെ Prior approval വേണമെന്ന് പറയുന്ന ഈ അമെന്റ്മെന്റിൽ ആരാണ് ഗവൺമെന്റ്? മന്ത്രിമാർ രണ്ട് പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിൽപ്പോലും മന്ത്രിസഭയ്ക്ക് പൂർണ്ണമായി തീരുമാനമെടുക്കാൻ

കഴിയുന്നില്ല. ഇത് വളരെ ഗുരുതരമായ സ്ഥിതിവിശേഷമാണ് സൃഷ്ടിക്കാൻ പോകുന്നത്. റൂൾ എന്നുപറയുമ്പോൾ, ദൈനംദിനം ധാരാളം നിയമങ്ങൾ ബോർഡ് യോഗം ചേർന്ന് തീരുമാനിക്കുന്നുണ്ട്. സാധാരണഗതിയിൽ ദേവസ്വം ബോർഡ് ഉണ്ടാക്കുന്ന നിയമങ്ങളും റൂളുകളും ഗസറ്റ് നോട്ടിഫിക്കേഷൻ ചെയ്യുന്നു, പബ്ലിക്കിന്റെ ഒപ്പീനിയൻ തേടുന്നു. ആ ഒപ്പീനിയൻകൂടി വച്ച് വീണ്ടും ബോർഡിൽ കൊണ്ടുവരുന്നു. ബോർഡ് അത് പരിശോധിച്ച് ആവശ്യമുണ്ടെങ്കിൽ ഭേദഗതി വരുത്തുന്നു. അതിനുശേഷം വീണ്ടും ഫൈനൽ ഗസറ്റ് നോട്ടിഫിക്കേഷൻ നടത്തുന്നു. അത് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ റൂളായി മാറുന്നു. ഇതാണ് ദേവസ്വംബോർഡിൽ നടക്കുന്ന പ്രോസസ്സിംഗ്. ഇതിനിടയിലാണ് ഗവൺമെന്റിന്റെ Prior approval വാങ്ങണമെന്ന് പറയുന്നത്. കൊട്ടാരക്കര അമ്പലത്തിലെ അപ്പമുണ്ടാക്കുന്നതിനുള്ള ചേരുവകളെക്കുറിച്ചും അതിന്റെ വിലനിർണ്ണയത്തെക്കുറിച്ചുമൊക്കെ റൂൾ ഉണ്ടാക്കിവച്ചിട്ടുണ്ട്. ഇങ്ങനെ റൂൾ ഉണ്ടാക്കി വച്ചിരിക്കുന്ന ധാരാളം സംഭവങ്ങൾ അടങ്ങിയ വലിയൊരു സംവിധാനം തിരുവിതാംകൂർ ദേവസ്വം ബോർഡിലുണ്ട്. ഇതെല്ലാം സർക്കാരിന്റെ Prior approval വാങ്ങി നടത്തണമെന്നാണോ സർക്കാർ ഈ Prior approval of Government എന്ന ഭേദഗതിയിലൂടെ ഉദ്ദേശിക്കുന്നത്? ഇതുപോലുള്ള ധാരാളം റൂളുകളും വ്യവസ്ഥകളും ബോർഡ് തീരുമാനിച്ച്, ഗസറ്റിൽ പരസ്യം ചെയ്ത്, ജനങ്ങളുടെ പ്രതികരണമറിഞ്ഞ്, അത് വീണ്ടും പരിഗണിച്ച് ഇപ്പോൾ നിലവിലുണ്ട്. കെ.എസ്.ആർ.ടി.സിയും കെ.എസ്.ഇ.ബിയും പോലെയുള്ള ഒരു സ്ഥാപനമാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് എന്നുള്ള ചിന്ത സർക്കാരിന്റെ മനസ്സിലുണ്ടോ എന്നറിയില്ല. എന്തായാലും ഈവക കാര്യങ്ങൾ വളരെ ഗൗരവപൂർവ്വം സർക്കാർ

കാണണം. എനിക്ക് അവസാനമായി സൂചിപ്പിക്കാനുള്ളത്, നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷനിൽനിന്ന് മാറ്റാനുള്ള തീരുമാനം അതിക്രൂരമായി പ്പോയി. അധ:സ്ഥിത ജനവിഭാഗങ്ങളോട് കാണിച്ച ഏറ്റവും കൊടിയ വഞ്ചന യായിട്ടാണ് ഞാൻ അതിനെ കാണുന്നത്. 2007–ലെ അമെന്റ്മെന്റ് പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡ് വിശദമായ സ്പഷ്യൽ റൂൾ തയ്യാറാക്കി. അതിന് നേതൃത്വം കൊടുത്ത ഒരു വ്യക്തി എന്ന നിലയിൽ ഞാൻ പറയുക യാണ്, വിശദമായ സ്പെഷ്യൽ റൂൾ തയ്യാറാക്കി പബ്ലിക് സർവ്വീസ് കമ്മീഷ നുമായി ചർച്ച ചെയ്ത് പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് അത് ഫൈനൽ നോട്ടിഫൈ ചെയ്യുകയും പബ്ലിക് സർവ്വീസ് കമ്മീഷൻ അത് അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തു. അതിനെ പൂർണ്ണമായും നിരാകരിച്ചുകൊണ്ടുള്ള ഒരു തീരുമാനമാണ് സർക്കാർ ഇപ്പോൾ എടുത്തിരിക്കുന്നത്. ഒരു പ്രത്യേക റിക്രൂട്ടിംഗ് ഏജൻസിയുണ്ടാ ക്കാൻ സർക്കാരിന് കഴിയില്ല. അങ്ങനെ കഴിയണമെങ്കിൽ ഈ നിയമത്തിൽ അതിനുള്ള വകുപ്പുണ്ടാകണം. ബഹുമാനപ്പെട്ട മന്ത്രി ഇതിന് മറുപടി പറയു മെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഈ ഭേദഗതി പാസ്സാക്കിയാൽ റിക്രൂട്ട്മെന്റ് നടത്താനുള്ള അധികാരം ചട്ടം 29–ന്റെ ക്ലോസ് 5 പ്രകാരം തിരു വിതാംകൂർ ദേവസ്വം ബോർഡിനാണ്. അതായത് ഈ ഭേദഗതി അംഗീകരി ക്കുന്നതോടെ റിക്രൂട്ട്മെന്റിംഗ് അതോറിറ്റി തിരുവിതാംകൂർ ദേവസ്വം ബോർഡാണ്. തിരുവിതാംകൂർ ദേവസ്വംബോർഡല്ലാതെ മറ്റൊരു റിക്രൂട്ട്മെന്റിംഗ് ഏജൻസിയെ സർക്കാർ ആഗ്രഹിക്കുന്നുവെങ്കിൽ അത് ഈ നിയമത്തിൽകൊണ്ടുവന്നിട്ടില്ല. റൂൾകൊണ്ട് അത് പരിഹരിക്കാൻപറ്റുന്ന ഒരു കാര്യമായി കണക്കാക്കാൻ സാധിക്കുകയില്ല. ആക്ടിൽ അതിനുള്ള വ്യവസ്ഥ

അടിസ്ഥാനപരമായി ഇല്ലാതെ റൂളിലൂടെ ഒരു ഏജൻസിയെ കൊണ്ടുവന്ന് നിയമിക്കുക എന്നുപറയുന്നത് നിയമാനുസരണം നിലനിൽക്കുന്നതാണോ എന്ന് ഗവൺമെന്റ് ഗൗരവപൂർവ്വം കാണണം എന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു.

മി. ചെയർമാൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് വിയോജനക്കുറിപ്പുകൾ നൽകിയിട്ടുള്ള അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയിൽ ഞങ്ങൾ വിയോജനക്കുറിപ്പിൽ പറഞ്ഞ കാര്യങ്ങളൊക്കെത്തന്നെ ഇവിടെ വന്നു. സ്ത്രീവിരുദ്ധവും ജനാധിപത്യവിരുദ്ധവും എല്ലാ നിലയിലും ജനവിരുദ്ധവുമായിട്ടുള്ള ഒരു ഭേദഗതിയാണ് കൊണ്ടുവന്നിരിക്കുന്നത്. ഇത് കേരളംപോലെയുള്ള നിയമനിർമ്മാണസഭയിൽനിന്ന് ഒരിക്കലും ഉണ്ടാകാനോ പ്രതീക്ഷിക്കാനോ പാടില്ലാത്തതാണ്. നേരത്തെ ബഹുമാന്യനായ മെമ്പർ ജി. സുധാകരൻ സംസാരിച്ചപ്പോൾ എല്ലാ കാര്യങ്ങളും വിശദമായി പറഞ്ഞു. അക്കാര്യങ്ങൾ ആവർത്തിച്ച് പറയാൻ ഉദ്ദേശിക്കുന്നില്ല. വനിതാ അംഗത്തെ ഒഴിവാക്കാനുള്ള ന്യായം ഇവിടെ ഭേദഗതി അവതരിപ്പിച്ച സമയത്ത് നമുക്ക് ബോധ്യപ്പെടുന്ന നിലയിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് വിശദീകരിക്കാനായില്ല. സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഒഴിവാക്കുന്ന പ്രശ്നം, ഒഴിവാക്കുന്നുവേന്നേ പറയുന്നുള്ളൂ. അതിന്റെ യുക്തിയും ന്യായവും എന്താണെന്ന് പറഞ്ഞില്ല. അതുപോലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറേയും മറ്റ് ഉദ്യോഗസ്ഥൻമാരെയുമൊക്കെ പി.എസ്.സി. വഴി റിക്രൂട്ട് ചെയ്യുന്നത് പൂർണ്ണമായി ഒഴിവാക്കുകയാണ്. യഥാർത്ഥത്തിൽ

5000–ത്തിലധികം തസ്തികകളിൽ നിയമനസാധ്യത വരുന്നുവെന്നാണ് മനസ്സിലാക്കുന്നത്. അക്കാര്യത്തിൽ യു.ഡി.എഫ്.–നോ ഗവൺമെന്റിന്റെ നേതൃത്വത്തിനോ ഉദ്ദേശിക്കുന്നപോലെ കാര്യം നടത്താനാവുമെന്ന് എനിക്ക് തോന്നുന്നില്ല. യു.ഡി.എഫ്. അധികാരത്തിൽ വരുന്ന കാലത്തൊക്കെ ഇവിടുത്തെ സമുദായ പ്രമാണിമാരെയാണല്ലോ ദേവസ്വം ബോർഡിലേയ്ക്ക് നിയോഗിക്കുന്നത്. അവർക്ക് പങ്ക് വയ്ക്കാനുള്ള കളമൊരുക്കി കൊടുക്കുകയാണ് യഥാർത്ഥത്തിൽ ഇതുവഴി ചെയ്യുന്നത്. അതുപോലെ, ദേവസ്വം ബോർഡുകളുടെ വിഭാവനം ചെയ്യുന്ന സ്വയംഭരണാവകാശം ഇല്ലാതാക്കുന്ന നിലയിലാണ് ഗവൺമെന്റിൽനിന്ന് പ്രയർ സാങ്ഷൻ വേണമെന്നുള്ള റൂൾ ഉണ്ടാക്കുന്നതെങ്കിൽ, ഇവിടെ നേരത്തെ ബഹുമാനപ്പെട്ട മെമ്പർ എ. കെ. ബാലൻ സൂചിപ്പിച്ചതുപോലെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തോ മറ്റോ ആണ് ഇതുപോലൊരു ഭേദഗതി വന്നതെങ്കിൽ ഇവിടെ വലിയ കലാപമുണ്ടാക്കുമായിരുന്ന ആളുകൾ ഇപ്പോൾ അക്കാര്യത്തെക്കുറിച്ച് മിണ്ടിയിട്ടില്ല. ഇതൊക്കെ യഥാർത്ഥത്തിൽ ക്ഷേത്രഭരണവും അതിന്റെ പരിപാലനവും സംബന്ധിച്ച എല്ലാ കാര്യങ്ങളിലും ഇവിടുത്തെ ജാതി സമുദായ പ്രമാണിത്വത്തിന് കീഴടങ്ങുന്ന സമീപനം ഗവൺമെന്റ് സ്വീകരിക്കുകയാണ്. അവരുടെ ഇംഗിതത്തിന് വിധേയമായി കാര്യങ്ങൾ നിശ്ചയിക്കുന്ന സമീപനം സ്വീകരിക്കുകയാണ്. ഇക്കാര്യത്തിൽ മാത്രമല്ല, ഗവൺമെന്റിന്റെ കുറേക്കാലമായിട്ടുള്ള പ്രവർത്തനംതന്നെ ആ നിലയിലാണ്. ഗവൺമെന്റിന്റെ കാര്യങ്ങൾപോലും നിശ്ചയിക്കുന്നത് ഇവിടുത്തെ സാമുദായിക നേതൃത്വത്തിന്റെ വളരെ യാഥാസ്ഥിതികവും പ്രാകൃതവും അപരിഷ്കൃതവുമായിട്ടുള്ള ഹുങ്കിന് വിധേയമായിട്ടാണ്. ആ ഒരു രീതിയാണ്, ആ താൽപര്യമാണ്

ഇതിന്റെ പിന്നിലുള്ള രാഷ്ട്രീയവും തത്വശാസ്ത്രവും. ഒരു മതേതര ഭരണ ഘടന അംഗീകരിച്ച് പ്രവർത്തിക്കുന്ന, ഒരു രാജ്യത്തെ തെരഞ്ഞെടുക്കപ്പെട്ട ആ സിസ്റ്റത്തിന് വിധേയമായിട്ടുള്ള ഒരു ഗവൺമെന്റാണ് ഇതെന്ന് പറയാൻ പറ്റാത്ത രീതിയിൽ അപമാനകരമായ നിലയിലാണ് ഈ കാര്യങ്ങൾ വന്നിരിക്കുന്നത്. യു.ഡി.എഫ്. ഗവൺമെന്റ് പ്രതിനിധാനം ചെയ്യുന്ന ഈ അന്തരീക്ഷത്തിന്റെ ഭാഗമായിട്ടാണ് അയിത്തവും അപരിഷ്കൃത സമീപനങ്ങളുമൊക്കെ പല ദേവസ്വങ്ങൾക്കും ഇപ്പോൾ കൊണ്ടുവരാൻ കഴിയുന്നത്. അതിലെ ഒരു ഉദാഹരണമാണ് നേരത്തെ പറഞ്ഞത് – ഒരു കലാകാരന് ജാതിയുടെ പേരിൽ അവിടെ ഗുരുവായൂരമ്പലത്തിൽ പെർഫോം ചെയ്യാനുള്ള അവസരം നിഷേധിച്ചത്. അവിടെ മാത്രമല്ല, ഇപ്പോൾ മറ്റൊരു വാർത്ത കണ്ടു. തൃശ്ശൂരുള്ള തൃപ്രയാർ  ക്ഷേത്രത്തിൽ ഗുരുദേവ മാഹാത്മ്യം കഥകളിക്ക് അവിടുത്തെ ദേവസ്വം ബോർഡ് തീണ്ടൽ പ്രഖ്യാപിച്ചു. ദേവസ്വം ബോർഡിന്റെ ആ പ്രാകൃത സമീപനത്തെ ന്യായീകരിച്ചുകൊണ്ട് അത് ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമാണെന്ന് സ്പെഷ്യൽ ദേവസ്വം കമ്മീഷണർ നടത്തിയ പ്രസ്താവന പത്രത്തിൽ വന്നിട്ടുണ്ട്. ഗവൺമെന്റിന്റെ സമീപനമാണല്ലോ ദേവസ്വം കമ്മീഷണർ പറയുന്നത്. അതിനെതിരെ ശക്തമായ നിലപാട് എടുക്കുന്ന ഒരു ഗവൺമെന്റായിരുന്നു ഇവിടെയെങ്കിൽ ഈ പ്രാകൃതമായ സമീപനത്തെ ന്യായീകരിച്ചുകൊണ്ട് ഒരു ദേവസ്വം കമ്മീഷണർക്ക് പ്രസ്താവന നടത്താൻ പറ്റുമായിരുന്നോ? അപ്പോൾ എല്ലാ നിലയിലും ഗവൺമെന്റ് ഇവരുടെ താൽപര്യത്തിന് വിധേയമായി നിൽക്കുകയാണ്. ഓരോ സമുദായപ്രമാണിയും പറയുമ്പോൾ ദേവസ്വം മന്ത്രിക്ക് മാത്രമല്ല, ഗവൺമെന്റിനാകെത്തന്നെ മുട്ട് വിറക്കുകയാണ്.  അങ്ങനെ എത്രയോ അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇവിടുത്തെ യു.ഡി.എഫ്. നേതൃത്വമോ ഗവൺമെന്റോ തീരുമാനിക്കേണ്ട തികച്ചും

രാഷ്ട്രീയമായിട്ടുള്ള കാര്യത്തിൽപ്പോലും ഇവിടുത്തെ സമുദായ നേതൃത്വ ങ്ങൾ കൽപ്പിക്കുന്നതനുസരിച്ച്, കുരങ്ങന്റെ അരയിൽ ചരടിട്ട് പിടിച്ചിട്ട് ആട് രാമാ, ചാട് രാമാ, ചാഞ്ചാട് രാമായെന്ന് പറയുമ്പോൾ തുള്ളുന്നതുപോലെ ഇവിടുത്തെ മന്ത്രിമാർ തുള്ളിക്കളിക്കുന്നത് നമ്മൾ കണ്ടതാണ്. ആ ഒരു സമീപനം ഉപേക്ഷിക്കാത്തിടത്തോളംകാലം കേരളത്തിൽ ജാതിരഹിതവും മതനിരപേക്ഷവുമായി വികസിച്ചുവന്നുവെന്ന് നമ്മൾ അഭിമാനപൂർവ്വം പറയുന്ന ഒരു സാമൂഹിക അന്തരീക്ഷത്തിന് വലിയ പോറൽ ഏൽപ്പിക്കുന്ന നിലപാടുകൂടിയാണ് ഇത്. ദേവസ്വം ബോർഡിലെ ഒരംഗത്തെ ഒഴിവാക്കു കയോ ഉൾപ്പെടുത്തുകയോ ചെയ്യുന്ന കേവലമൊരു പ്രശ്നമല്ല, ഇതിന്റെ ആത്യന്തിക ഫലം കേരളീയ സമൂഹത്തിന് വലിയ പോറൽ ഏൽപ്പിക്കും. യഥാർത്ഥത്തിൽ കേരളം ഇങ്ങനെയൊക്കെ വികസിച്ചുവന്നത്, ഭരണ പക്ഷവും പ്രതിപക്ഷവുമായിട്ടൊക്കെ ഇരിക്കുന്ന ആളുകൾക്ക് ജാതിയോ സമുദായമോ ഒന്നുമില്ലാതെ അന്തസ്സോടെ തലയുയർത്തി നടക്കാനാകുന്ന സാഹചര്യമൊക്ക ഉണ്ടായത് എങ്ങനെയാണെന്നുള്ളത് ഇന്നെല്ലാവർക്കും അറിയാം.

ശ്രീ. എ. കെ. ബാലൻ: സർ, 1950–ലെ ട്രാവൻകൂർ–കൊച്ചിൻ ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് ആക്ട് രൂപപ്പെട്ടതിനുശേഷം 1964, 1990, 1995, 2007 എന്നീ വർഷങ്ങളിലായി നാലുപ്രാവശ്യം ഭേദഗതി ചെയ്തിട്ടുണ്ട്. പക്ഷേ ദേവസ്വത്തിന്റെ ഇന്റേണലായിട്ടുള്ള ചട്ടങ്ങളെ സംബന്ധിച്ച കാര്യങ്ങളിൽ ഇന്നേവരെ ഗവൺമെന്റ് ഇടപെട്ടിട്ടില്ല, തൊടാൻ ആരും തയ്യാറായിട്ടുമില്ല. അമ്പലപ്പുഴ പാൽപ്പായസം, കൊട്ടാരക്കരയിലെ ഉണ്ണിയപ്പം, ശബരിമല അരവണ എന്നിവയൊക്കെ എങ്ങനെ ഉണ്ടാക്കണം, എങ്ങനെ പൂജ

നടത്തണം എന്നിവയ്ക്കൊക്കെ നിലവിൽ ഓരോ ചട്ടമുണ്ട്. ആ ചട്ടവും സംസ്ഥാന ഗവൺമെന്റിന്റെ പ്രയർ അപ്രൂവലോടുകൂടി മാത്രമേ ഉണ്ടാക്കാൻ കഴിയൂ എന്നുപറഞ്ഞാൽ അത് ഹിന്ദു സമുദായത്തോട് കാണിക്കുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണ് ഇത് കൊണ്ടുവന്നതെങ്കിൽ മന്ത്രിമാർക്ക് നാട്ടിൽക്കൂടി നടക്കാൻ പറ്റാത്ത രൂപത്തിലുള്ള കലാപമുണ്ടാകുമായിരുന്നു. ഇതിന്റെ ഭവിഷ്യത്തും സാമൂഹ്യ പ്രത്യാഘാതവും എന്താണെന്ന് ഗവൺമെന്റ് മനസ്സിലാക്കിയിട്ടുണ്ടോ; ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. എ. പ്രദീപ്കുമാർ: സർ, കലാപമുണ്ടാക്കുന്ന സമുദായ നേതൃത്വവും അതിന് വിധേയമായി പ്രവർത്തിക്കുന്ന യു.ഡി.എഫ്.-ഉം തമ്മിൽ പരസ്പരം ഒത്തുകളിക്കുന്നുണ്ടെന്ന് അതാണ് ഞാൻ പറഞ്ഞത്. അതിന്റെ ഭാഗമായിട്ടുകൂടി ആയിരിക്കും സമുദായ നേതൃത്വങ്ങൾ അതു സംബന്ധിച്ച് ഇപ്പോൾ മിണ്ടാത്തത്. പക്ഷേ ഈ ഭേദഗതി സാധാരണ ഭക്തജനങ്ങൾക്കിടയിൽ വലിയ അസ്വസ്ഥതയും അസംതൃപ്തിയുമുണ്ടാക്കുന്നതും തെറ്റായ നിലയിലുള്ള ചില വികാരങ്ങൾ ഉയർന്നുവരാൻ ഇടനൽകുന്നതുകൂടിയുമാണെന്ന കാര്യം ഇവർ മനസ്സിലാക്കുന്നില്ല. ഇവർ പരസ്പരമുള്ള കൂട്ടുകച്ചവടത്തിന്റെ ഭാഗമായിട്ടാണ് ഇക്കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. സമുദായ നേതൃത്വത്തിന്റെ ഇംഗിതത്തിന് എൽ.ഡി.എഫ്. വിധേയമാകാത്തതുകൊണ്ട്, എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭാഗത്തുനിന്നാണ് ഇങ്ങനെയെന്തെങ്കിലും നീക്കമുണ്ടായതെങ്കിൽ ഉടനെ അതിനെതിരെ അവർ കലാപമുണ്ടാക്കുമായിരുന്നു. ഞാൻ പറഞ്ഞുവന്നത്, കേരളത്തിന്റെ വികസിച്ചുവന്ന ഈ സാമൂഹ്യ അന്തരീക്ഷത്തിന് വലിയ പോറൽ ഏൽപ്പിക്കുന്ന നിലയിലേയ്ക്ക് നിങ്ങളുടെ നടപടികൾ പോകുകയാണ്. ജന്മി, നാടുവാഴി വ്യവസ്ഥയുണ്ടായി

രുന്ന പഴയ കാലത്തുനിന്ന് ഈ നിലയിലേയ്ക്ക് വികസിച്ചുവന്നത് തനിയേയ ല്ലല്ലോ. ശ്രീനാരായണഗുരുവിനേയും വാഗ്ഭടാനന്ദനേയും പോലുള്ള സാമൂഹ്യ പരിഷ്ക്കർത്താക്കളുടെ നേതൃത്വത്തിൽ അപരിഷ്കൃതമായ അയിത്തത്തിനും അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായി ഇവിടെ വലിയ കലാപങ്ങൾ നടന്നിട്ടുണ്ട്.. ആ സാമൂഹ്യ പരിഷ്കർത്താക്ക ളെക്കുറിച്ച് അഭിമാനത്തോടെ പറയുന്നവരാണ് നാം. അവർ നടത്തിയ ആ വലിയ പോരാട്ടത്തിന്റെ തുടർച്ച ഏറ്റെടുക്കാൻ ഇവിടെ പുരോഗമന പ്രസ്ഥാ നങ്ങളുണ്ടായി. കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ മാത്രമല്ല, ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഉൾപ്പെടെയുള്ള സ്വാതന്ത്ര്യ സമര പ്രസ്ഥാനങ്ങൾ ആ പങ്ക് വഹിച്ചിട്ടുണ്ട്. അത് ഈ സമുദായ പ്രമാണിമാരുടെ ഇംഗിതത്തിനൊത്ത് തുള്ളുന്ന ഇപ്പോഴുള്ള മന്ത്രിമാർക്കോ ഈ ഗവൺമെന്റിന്റെ ചുക്കാൻ പിടിക്കുന്ന ആളുകൾക്കോ മനസ്സിലാകുകയില്ല. അങ്ങനെ അവരെല്ലാം വലിയ പങ്ക് വഹിച്ചിട്ടാണ് ഇന്ന് നമ്മുടെ നാട്ടിലെ സാമൂഹിക അന്തരീക്ഷം യഥാർത്ഥ ത്തിൽ വികസിച്ചുവന്നിട്ടുള്ളത്. കേരളത്തിലെ ആദ്യത്തെ ഗവൺമെന്റ്, ഇ.എം.എസ്.-ന്റെ നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് അധികാര ത്തിൽ വന്നപ്പോഴാണ് ഭൂപരിഷ്കരണം നടപ്പാക്കിയത്. അത് കേവലം ഭൂമി വിതരണം ചെയ്ത പ്രക്രിയ മാത്രമായിരുന്നില്ല. ഇവിടുത്തെ ജാതി-ജന്മി-നാടു വാഴിത്ത വ്യവസ്ഥയുടെ സാമ്പത്തിക അടിത്തറ തകർത്ത വിപ്ലവകരമായ പരിഷ്കാരമായിരുന്നു. അതിൽ അസ്വസ്ഥരായ സമുദായ പ്രമാണിമാർ അന്ന് ആ ഗവൺമെന്റിനെതിരെ കലാപരംഗത്ത് വന്നപ്പോൾ അതിന്റെ നേതൃ ത്വമേറ്റെടുക്കാൻ കോൺഗ്രസ് തയ്യാറായി. അതാണ് വിമോചന സമരം. ആ വിമോചന സമരം അന്നത്തെ സന്ദർഭത്തിൽ സി.ഐ.എ. സ്പോൺസർ

ചെയ്തതും അതിന്റെ പൈസ വാങ്ങിച്ചതുമെല്ലാം ഇവിടെ ഒരുപാടു തവണ പറഞ്ഞതാണ്,

യഥാർത്ഥത്തിൽ അന്നത്തെ ആ വിമോചന സമരസഖ്യത്തിന്റെ ഒരു തനിയാവർത്തനമാണ് ഇന്നത്തെ യു.ഡി.എഫ്. എന്നുപറയുന്നത്. അവിടെ നിന്നാണ് വികസിച്ചുവന്നത്. കേരളത്തിൽ വികസിച്ചുവന്നിട്ടുള്ള ജാതിരഹി തവും മതനിരപേക്ഷവുമായ സാമൂഹ്യ അന്തരീക്ഷത്തെ ദുർബലമാക്കാനുള്ള ഈയൊരു രാഷ്ട്രീയ പ്രക്രിയ അപ്പോൾ മുതൽ ബീജാവാപം ചെയ്തു. അതാണ് ഇപ്പോൾ ശക്തിപ്പെട്ട് ഈ നിലയിലേയ്ക്ക് വന്നത്. നിങ്ങൾ വിചാരി ച്ചാൽപ്പോലും പിടിച്ചുനിൽക്കാൻ കഴിയാത്ത നിലയിൽ, നിങ്ങളെത്തന്നെ ആഭ്യന്തരമായി ശിഥിലീകരിക്കുന്ന നിലയിലേയ്ക്ക് രാഷ്ട്രീയമായ ദുഷ്ടലാ ക്കോടെ കെട്ടിയുണ്ടാക്കിയിട്ടുള്ള ആ സമുദായസഖ്യം ഇപ്പോൾ ഇവിടെ ശക്തിപ്പെട്ടു. ഒരുഘട്ടത്തിൽ എസ്.ആർ.പി., എൻ.ഡി.പി തുടങ്ങിയ പാർട്ടി കളെപ്പോലും നിങ്ങൾ ഭരണകക്ഷിയുടെ ഭാഗമാക്കി. പിന്നീട് ആ പാർട്ടികൾ തന്നെ ഇല്ലാതായി. പക്ഷേ ആ സമുദായ പ്രമാണിത്വം ഇപ്പോഴും കല്പന കൊടുത്തുകൊണ്ടിരിക്കുകയല്ലേ? ഇവിടെ അഞ്ചാം മന്ത്രി വിവാദ മൊക്കെയുണ്ടായത് നമുക്ക് ഓർമ്മയുണ്ട്. എത്ര അപമാനകരമായിട്ടാണ് അഞ്ചാം മന്ത്രി വന്നത്. മുസ്ലീം ലീഗ് എന്ന പാർട്ടിക്ക് അഞ്ച് മന്ത്രിയോ, ആറ് മന്ത്രിയോ എത്രവേണമെങ്കിലും ആകാം. അതിലൊന്നും ഞങ്ങൾക്കാർക്കും വിരോധമില്ല. പക്ഷേ ആ മന്ത്രിസ്ഥാനം വാങ്ങിച്ചെടുക്കുന്നതിന് യു.ഡി.എഫ്. നേതൃത്വത്തെ വിധേയമാക്കിയ രീതിയെ സംബന്ധിച്ച് അഭിപ്രായവ്യത്യാസമു ണ്ടായിരുന്നു. അതായത് പകുതി ആത്മീയവും പകുതി രാഷ്ട്രീയവുമായി ട്ടുള്ള ഒരു നേതൃത്വം പുറത്തുനിന്ന് കൽപ്പിക്കുകയായിരുന്നു. ആരെ മന്ത്രിയാ ക്കണം, ആർക്ക് ഏതൊക്കെ വകുപ്പുകൾ കൊടുക്കണം എന്നൊക്കെ തീരുമാ

നിക്കേണ്ടത് ഭരണഘടനാപരമായി മുഖ്യമന്ത്രിയുടെ അധികാരമായിരിക്കെ അർദ്ധനാരീശ്വരൻ എന്നുപറഞ്ഞതുപോലെ പകുതി ആത്മീയവും പകുതി രാഷ്ട്രീയവുമായിട്ടുള്ള നേതൃത്വം പുറത്തുനിന്ന് കൽപ്പന കൊടുക്കുന്നു, അതിന് യു.ഡി.എഫ്. നേതൃത്വം പൂർണ്ണമായി വിധേയമാകുന്നു, അതാണ് പ്രശ്നം. അല്ലാതെ എത്ര മന്ത്രിമാരെ കൊടുത്തു എന്നുള്ളതല്ല വിഷയം. അതിന് കീഴ്വഴങ്ങേണ്ടിവന്നപ്പോൾ മറ്റുസമുദായങ്ങളെ പ്രീതിപ്പെടുത്താൻ വേണ്ടി വകുപ്പ് പുനർവിഭജനം നടത്തി, എത്ര അപമാനകരമാണത്? ക്ഷേത്ര കാര്യങ്ങളുടേത് നിശ്ചയിക്കുമ്പോൾ മാത്രമല്ല സ്വന്തം ഗവൺമെന്റിന്റെ കാര്യ ങ്ങൾ നിശ്ചയിക്കുന്നതിൽപ്പോലും സമുദായ നേതൃത്വത്തിന്റെ കൽപ്പനകൾ ശിരസാവഹിച്ച് നിൽക്കുകയാണ്. ഇന്നയാൾ മന്ത്രിയാകണം, ഇന്നയാൾക്ക് ഇന്ന വകുപ്പുകൊടുക്കണം മറ്റേയാളെ തൊടാൻപാടില്ല എന്നെല്ലാം നമ്മുടെ സമുദായ പ്രമാണിമാർ പറയും. ഞാൻ കോളേജിൽ പഠിക്കുന്ന സമയത്ത്, ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി രമേശ് ചെന്നിത്തല കെ.എസ്.യു. സംസ്ഥാന പ്രസിഡന്റായിരുന്നപ്പോൾ എന്റെ കോളേജിൽ വന്നത് ഓർക്കു ന്നുണ്ട്. കെ.എസ്.യു.ക്കാർ അദ്ദേഹത്തിന് വലിയ സ്വീകരണമൊക്കെ കൊടുത്തു. അന്ന് അദ്ദേഹത്തിന്റെ ജാതി ഏതെന്ന് ഞങ്ങൾക്കറിയില്ലായി രുന്നു, കെ.എസ്.യു.വിന്റെ സംസ്ഥാന നേതാവായിട്ടാണ് ഞങ്ങളെല്ലാം അദ്ദേ ഹത്തെ കണ്ടത്. ഞാൻ അവിടെ എസ്.എഫ്.ഐ.യുടെ യൂണിറ്റ് ഭാരവാഹി യായിരുന്നു. സംഘടന എന്ന നിലയിൽ അഭിപ്രായ വ്യത്യാസമുണ്ടെങ്കിലും ഒരു സ്റ്റേറ്റ് ലീഡറെന്ന നിലയിൽ സന്തോഷത്തോടെയാണ് ഞങ്ങളും അദ്ദേഹ ത്തിന്റെ സന്ദർശനത്തെ കണ്ടത്. ഇപ്പോൾ യു.ഡി.എഫ്. കൈകാര്യം ചെയ്യുന്ന സമുദായ-ജാതി പ്രമാണിമാർക്ക് കീഴ്വഴങ്ങുന്ന വികൃത രാഷ്ട്രീയ ത്തിന്റെ ഭാഗമായി മാറിയത് പിന്നീടാണ്. ഇവിടെ ഓരോ മന്ത്രിമാരുടെയും

ജാതിയും മതവും പരസ്പരം വിളിച്ചുപറഞ്ഞും ആക്ഷേപിച്ചും ഓരോരുത്തർക്കുവേണ്ടിയും പ്രമാണിമാർ വക്കാലത്തുപിടിച്ചും വാദിച്ചും കൈകാര്യം ചെയ്യുകയാണ്. ഒരു നാണവുമില്ലാതെ അതിനൊക്കെ വിധേയമായി നിന്നുകൊടുക്കുന്ന നിലപാടാണ് നിങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്.

ശ്രീ. പി. സി. ജോർജ് : സർ, അങ്ങ് നടത്തുന്ന ഈ വിപ്ലവ പ്രസംഗം അങ്ങയുടെ ജീവിതത്തിൽ പകർത്തേണ്ടേ? ഇടതുപക്ഷം ഭരിച്ചപ്പോൾ എന്താണ് ചെയ്തത്; സി.പി.ഐ.യുടെ മന്ത്രിമാരിൽ നാലുപേർ ഏത് സമുദായമായിരുന്നു? അന്ന് ഞങ്ങളാരും സമുദായം പറഞ്ഞുകൊണ്ട് നടന്നില്ല. ഇപ്പോൾ നിങ്ങൾ സമുദായം പറഞ്ഞുകൊണ്ട് നടക്കുന്നു, അതാണ് കുഴപ്പം. ഞാൻ ചോദിക്കട്ടെ, മുസ്ലീം ലീഗിന് മുസ്ലീമിനെയല്ലാതെ ക്രിസ്ത്യാനിയെ മന്ത്രിയാക്കാൻ പറ്റുമോ? മുസ്ലീം ലീഗിന്റെ മന്ത്രിമാർ ആരെങ്കിലും മുസ്ലീമിന്റെ മാത്രം വോട്ടുപിടിച്ചാണോ മന്ത്രിയായിരിക്കുന്നത്? നിങ്ങൾ വെറുതെ വർഗ്ഗീയത പറയുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ഭൂഷണമല്ല ഈ വർഗ്ഗീയത പറച്ചിൽ. നിങ്ങൾ ഇത് നിറുത്തണം. നിങ്ങൾ എന്തിനാണ് എപ്പോഴും മതം പറഞ്ഞുകൊണ്ട് നടക്കുന്നത്?

ശ്രീ. വി. എസ്. സുനിൽകുമാർ : സർ, സി.പി.ഐ.യുടെ മന്ത്രിമാരുടെ കാര്യം ഇവിടെ പറയുകയുണ്ടായി. സി.പി.ഐ.യുടെ നാല് മന്ത്രിമാർ ഏത് ജാതിയെന്ന് നോക്കിയിട്ടല്ല ജയിച്ചത്. അങ്ങനെ പറയാനുള്ള ആർജവം വേണം. സി.പി.ഐ. നാല് മന്ത്രിമാരെ ജാതി നോക്കിയല്ല നിശ്ചയിച്ചത്. ശ്രീ.പി. സി. ജോർജ്, ഞങ്ങൾ ജാതിയെ പ്രീണിപ്പിച്ചവരാണെന്ന് പറയരുത്. ജാതിയെ പ്രീണിപ്പിക്കാൻ വേണ്ടിയിട്ടല്ല, യോഗ്യതയനുസരിച്ചാണ് നിയമിച്ചത്. അത് കാണിക്കുന്നതിനുള്ള ആർജവം വേണം.

ശ്രീ. പി. സി. ജോർജ് : സർ, നിങ്ങൾ വച്ച നാല് മന്ത്രിമാരും ഒരു സമുദായമായുരുന്നു എന്നതിൽ തർക്കമൊന്നുമില്ലല്ലോ? ഇവിടെ മുസ്ലീം ലീഗ് അഞ്ച് മന്ത്രിമാരെ വച്ചു. അഞ്ചും മുസ്ലീങ്ങളായതിൽ എന്താണ് തർക്കം; ക്രിസ്ത്യാനിയെ മുസ്ലീംലീഗ് മന്ത്രിയാക്കുമോ? അവർക്ക് ക്രിസ്ത്യാനിയായ എം.എൽ.എ. ഇല്ലാതെ ക്രിസ്ത്യാനിയെ മന്ത്രിയാക്കാൻ പറ്റുമോ? നാണം കെട്ട വർഗ്ഗീയതയ്ക്ക് കളമൊരുക്കുന്ന രീതിയിൽ എം.എൽ.എ. മാർ സഭയിൽ സംസാരിക്കുന്നതിൽ എനിക്ക് അഭിപ്രായവ്യത്യാസമുണ്ട്. അതുകൊണ്ടുതന്നെ യാണ് ഞാനിത് പറയുന്നത്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് സി.പി.ഐ.യിലെ നാല് മന്ത്രിമാരും ഒരു സമുദായ യത്തിൽപ്പെട്ടവരായിരുന്നു. അന്ന് ഞങ്ങളാരും കുറ്റം പറഞ്ഞില്ല. ഇപ്പോൾ നിങ്ങൾ വെറുതേ പറഞ്ഞുകൊണ്ടിരിക്കുകയാണ്.

ശ്രീ. മാത്യു റ്റി തോമസ് : സർ, അന്ന് നിങ്ങൾ എൽ.ഡി.എഫ്.–ൽ ആയി രുന്നു.

ശ്രീ. പി. സി. ജോർജ് : സർ, ഏത് പാർട്ടിയിലായിരുന്നാലും പറയുന്ന തിന് മര്യാദ വേണം. മിണ്ടിയാലുടനെ മന്ത്രിമാരുടെ എണ്ണത്തിന് തർക്കം പറയുന്നത് ശരിയല്ല. മുസ്ലീം ലീഗ് അഞ്ച് മന്ത്രിമാരെ വച്ചു, അവരുടെ എം.എൽ.എ.മാരിൽ മുസ്ലീങ്ങൾ മാത്രമേയുള്ളൂ. വേറൊരു കാര്യംകൂടി നിങ്ങൾ ആലോചിക്കണം. പത്തുകൊല്ലം നിയമസഭാംഗമായിരുന്ന ആളു ണ്ടായിരിന്നിട്ടും സി.പി.ഐ. പുതിയ ആളെ മന്ത്രിയാക്കി. പാവപ്പെട്ട പട്ടികജാ തിക്കാരൻ എൻജിനീയർ രാജിവച്ച് എം.എൽ.എ. ആയിട്ട് 10 കൊല്ലം ഈ സഭ യിൽ ഉണ്ടായിരുന്നല്ലോ; നിങ്ങൾ എന്തുകൊണ്ട് അയാളെ മന്ത്രിയാക്കിയില്ല?

മി. ചെയർമാൻ : ശ്രീ. പി. സി. ജോർജ്, ഇത് ശ്രീ. എ. പ്രദീപ് കുമാ റിന്റെ പ്രസംഗമാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ഇപ്പോഴും സി.പി.ഐ.യിലെ 13 എം.എൽ.എ. മാരിൽ നാലുപേർ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. സി.പി.ഐ.യുടെ നാല് മന്ത്രിമാർ ഏത് ജാതിയാണെന്ന് ചികഞ്ഞുനോക്കി യത് ശ്രീ. പി. സി. ജോർജ് ആണ്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മന്ത്രിമാരെ തീരുമാനിച്ചത് ജാതിനോക്കിയിട്ടല്ല, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മെമ്പർമാരെന്ന നിലയിലാണ്. മഞ്ഞക്കണ്ണട വച്ചുനോക്കുമ്പോൾ മഞ്ഞയായി കാണുന്നത് സി.പി.ഐ.യുടെ കുറ്റം കൊണ്ടല്ല.

ശ്രീ. ജോസഫ് വാഴക്കൻ : സർ, ശ്രീ. വി. എസ്. സുനിൽകുമാർ പല പ്പോഴും സി.പി.ഐ.യുടെ മന്ത്രിമാരെക്കുറിച്ച് അഭിമാനത്തോടെ സംസാരിക്കു ന്നത് കണ്ടു. ഞങ്ങൾക്ക് അതിലൊന്നും ഒരു അഭിപ്രായ വ്യത്യാസവുമില്ല. പക്ഷേ, അന്നുണ്ടായ ഒരാക്ഷേപം പാർട്ടി സെക്രട്ടറി സ്വന്തം സമുദായക്കാരെ മന്ത്രിയാക്കിയെന്നുള്ളതാണ്. പിന്നീട് രാജ്യസഭാ മെമ്പറെ എടുത്തപ്പോൾ കാനം രാജേന്ദ്രനെയും അതേ കാരണത്താൽ ഒഴിവാക്കി എന്നൊരു പരാതി വന്നു.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, പോയിന്റ് ഓഫ് ഓർഡർ. സഖാവ് വെളിയം ഭാർഗവനെ പോലെയുള്ള ഒരാൾ ജാതി നോക്കിയിട്ടാണ് മന്ത്രിമാരെ വച്ചത് എന്ന ഏറ്റവും അപകീർത്തികരമായ സ്റ്റേറ്റ്മെന്റ് സഭാ രേഖകളിലുണ്ടാകാൻ പാടില്ല.

ശ്രീ. എ. പ്രദീപ് കുമാർ :സർ, ഇവിടെ ഇത്രയും പ്രകോപിതരാകേണ്ട കാര്യമില്ല. ഞാൻ മുസ്ലീം ലീഗിനെക്കുറിച്ചോ ശ്രീ. പി. സി. ജോർജിന്റെ പാർട്ടിയെക്കുറിച്ചോ അല്ല പറഞ്ഞത്. മഹാത്മാഗാന്ധിയുടെയും നെഹ്റുവി ന്റെയുമൊക്കെ പാരമ്പര്യം അവകാശപ്പെടുന്ന മതേതര പാർട്ടിയായ കോൺഗ്രസിനെക്കുറിച്ചാണ് പറഞ്ഞത്. കോൺഗ്രസ് ഈ നിലയിലുള്ള

സമീപനം സ്വീകരിക്കുന്നതിനെക്കുറിച്ചാണ് പറഞ്ഞത്. ഞാൻ ചോദിക്കട്ടെ, ഇവിടത്തെ ജാതി, സമുദായ പ്രമാണിമാർ – ഓരോരുത്തരുടെയും പേരെടുത്ത് ഇവിടെ പറയുന്നില്ല – അവർ ഇവിടത്തെ മന്ത്രിമാരുടെ ജാതി പറഞ്ഞുകൊണ്ട് ഇന്നയാൾക്ക് ഇന്ന വകുപ്പ് കൊടുക്കണം, ശ്രീ. അടൂർ പ്രകാശിനെ മാറ്റാൻ പാടില്ല എന്നൊക്കെ പറയുകയുണ്ടായി. ഒരു സമുദായ പ്രമാണി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ ഏറ്റവും രൂക്ഷമായി, അസഹ്യമായ രീതിയിൽ ആക്ഷേപിച്ചപ്പോൾ അദ്ദേഹം കേരളത്തിന്റെ മൊത്തം ആഭ്യന്തര വകുപ്പുമന്ത്രിയാണെന്ന് ഇടതുപക്ഷ നേതാക്കൾക്ക് പറയേണ്ടി വന്നു. ആ സമുദായ പ്രമാണിക്കുനേരെ ശബ്ദിക്കാൻ നിങ്ങളിൽ ആരെങ്കിലുമുണ്ടായിരുന്നോ? ചീഫ് വിപ്പ് മനസ്സിലാക്കേണ്ട വേറൊരു കാര്യം, ഇന്നയാൾക്ക് ഇന്ന വകുപ്പ് കൊടുക്കണം,. ഇന്നയാളെ ഇന്ന സ്ഥലത്തേയ്ക്ക് മാറ്റണം തുടങ്ങിയ കാര്യങ്ങൾ നിങ്ങളോട് മാത്രമേ അവർക്ക് കൽപ്പിക്കാൻ കഴിയൂ. ഏത് വലിയ ചീർത്തവനായാലും മെലിഞ്ഞവനായാലും ആരായാലും, ഇവിടത്തെ സുമദായ പ്രമാണിമാർ ഞങ്ങളോട് പറഞ്ഞാൽ വിവരം അറിയും. വകുപ്പ് നിശ്ചയിക്കുന്ന കാര്യത്തിലായാലും അല്ലെങ്കിൽ മറ്റേതെങ്കിലും സ്ഥാനം നിശ്ചയിക്കുന്ന കാര്യത്തിലായാലും കമ്മ്യൂണിസ്റ്റ് പാർട്ടികളോട് പറയാൻ ഇവരാരും തന്റേടം കാണിക്കാത്തത് അതുകൊണ്ടാണ്. ഇത്തരം കാര്യങ്ങളിലൊക്കെ നിങ്ങൾ വിനീതവിധേയരായി നിന്നുകൊടുക്കുന്നു. നിങ്ങൾ സമുദായ സന്തുലനം എന്ന ഒരു തത്വശാസ്ത്രം തന്നെ മുമ്പോട്ട് വച്ചു. നിങ്ങളുടെ മുഖ്യമന്ത്രിയാണ് ഇത് പറഞ്ഞത്, ഞങ്ങൾ ആരും പറഞ്ഞിട്ടില്ല. മന്ത്രിസഭ രൂപീകരിക്കുമ്പോഴോ എം.എൽ.എ.മാരെ തീരുമാനിക്കുമ്പോഴോ സമുദായ സന്തുലനം എന്ന ഒരു ബാലൻസിംഗ് ഫാക്ടറൊന്നും ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇല്ല. തൊഴിലാളികൾക്കിട

യിലും കർഷകർക്കിടയിലും സാധാരണ മനുഷ്യർക്കിടയിലും പ്രവർത്തിച്ചു വരുന്ന പൊതുപ്രവർത്തകരെയാണ് ഞങ്ങൾ ഈ ചുമതലകളൊക്കെ ഏൽപ്പിക്കുന്നത്. അല്ലാതെ സമുദായ സന്തുലനം നോക്കിയിട്ടല്ല, സമുദായ നേതാവിന്റെ പ്രീതി നോക്കിയിട്ടല്ല. അതുകൊണ്ടുതന്നെയാണ് ഒരു സമുദായ നേതാവിനും ഇങ്ങോട്ടുനോക്കി പറയാനുള്ള ധൈര്യമില്ലാത്തതും നിങ്ങളോട് കൽപ്പിച്ചുകൊണ്ടിരിക്കുന്നതും നിങ്ങൾ ശിരസാ വഹിച്ചുകൊണ്ടിരിക്കുന്നതും. ഞാൻ പറയുന്നു, ദേവസ്വം വകുപ്പുമന്ത്രി ഇവിടുത്തെ സമുദായ പ്രമാണിമാരുടെ പാദാരവിന്ദങ്ങളിൽ കമിഴ്ന്നടിച്ച് വീണുകിടന്നുകൊണ്ട് എഴുതിയതാണ് ഈ ഭേദഗതി. അവരുടെ ഇംഗിതം മാത്രം സംരക്ഷിക്കുന്ന ഭേദഗതിയാണിത്. ഈ അന്തരീക്ഷം നമ്മുടെ സമൂഹത്തിൽ വലിയ രീതിയിലുള്ള ദോഷമുണ്ടാക്കും. അതുകൊണ്ട് എല്ലാ കാര്യങ്ങളിലും ഇവർക്ക് വിധേയമാകുന്നു എന്നുപറയുന്നത് നമ്മളെല്ലാം അഭിമാനിച്ചുകൊണ്ടുനടക്കുന്ന ജാതിരഹിത, മതനിരപേക്ഷ – മതരഹിതമല്ല മതനിരപേക്ഷമാണ്, ജാതിരഹിതമെന്നാൽ ജാതിക്കൊരു പ്രസക്തിയുമില്ല – സംവിധാനത്തിന് എതിരാണ് ഗോവിന് ഗോത്വം ജാതിയെന്നതുപോലെ മനുഷ്യന് മനുഷ്യത്വമാണ് ജാതിയെന്ന് പറഞ്ഞത് ശ്രീനാരായണഗുരുവാണ്. കോൺഗ്രസിന്റെ നേതാക്കന്മാർക്ക് ആർക്കെങ്കിലും തന്റേടത്തോടെ ഇതൊന്ന് പറയാൻ പറ്റുമാ? അങ്ങനെ പറഞ്ഞാൽ ഇപ്പോഴുള്ള അഭിനവ ശ്രീനാരായണീയന്മാർ പറയുന്നതിന് എതിരാണത്. അവർ ജാതിയുടെ പേരിലാണ് സംഘടിക്കുന്നത്. ശ്രീനാരായണഗുരു പറഞ്ഞതാണ് ശരിയെന്ന് ദേവസ്വം വകുപ്പുമന്ത്രിക്ക് പറയാൻ കഴിയുമോ; മനുഷ്യന് മനുഷ്യത്വമാണ് ജാതി. നായർ ജാതിക്കും ഈഴവ ജാതിക്കും മറ്റ് ജാതികൾക്കും പ്രസക്തിയില്ലെന്ന ഒരു നിലപാടെടുക്കാമോ; എന്തുകൊണ്ടാണ് പറ്റാത്തത്? ദേശീയ പ്രസ്ഥാനങ്ങളും ഇവിടുത്തെ തൊഴി

ലാളി പ്രസ്ഥാനങ്ങളുമെല്ലാം മുമ്പോട്ട് കൊണ്ടുവന്നിട്ടുള്ള നവോത്ഥാന പ്രസ്ഥാനത്തിന്റെ തുടർച്ച മുമ്പോട്ടുകൊണ്ടുപോകുന്നതിന് നിങ്ങൾക്ക് കഴിയുന്നില്ല എന്നുമാത്രമല്ല നിങ്ങൾ അതിനെ പുഴുക്കുത്തേൽപ്പിച്ച് പുറകോട്ടുകൊണ്ടുപോകുകയാണ്.

ശ്രീ. എം. ഉമ്മർ: ബഹുമാനപ്പെട്ട ശ്രീ. എ. പ്രദീപ്കുമാർ, അങ്ങ് ജാതി നോക്കി മന്ത്രിമാരെ വയ്ക്കുന്നതും സ്ഥാനാർത്ഥിനിർണ്ണയം സംബന്ധിച്ചുമാണ് പറയുന്നത്. ഞങ്ങൾ ഒരു ചെറിയ പാർട്ടിയാണ്. ഞങ്ങളെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ തവണ സി.പി.ഐ.(എം). അല്ലെങ്കിൽ ഇടതുപക്ഷത്തിലെ ഏതെങ്കിലും പാർട്ടികളോ പട്ടികജാതിക്കാർക്ക് സംവരണം ചെയ്യാത്ത മണ്ഡലത്തിലെ ജനറൽ സീറ്റിൽ പട്ടികജാതിക്കാരെ നിർത്തി മൽസരിപ്പിച്ചിട്ടുണ്ടോ; കഴിഞ്ഞ തവണ മുസ്ലീം ലീഗ് ജയിച്ച സീറ്റ് ഇത്തവണ ജനറൽ സീറ്റായിട്ടുപോലും അവിടൊരു പട്ടികജാതിക്കാരനെ നിർത്തി മൽസരിപ്പിച്ചു എന്നു മാത്രമല്ല പട്ടികജാതിക്കാരനെ നിർത്തി മൽസരിപ്പിച്ചപ്പോൾ അതിനെതിരെ ജാതീയ കാടിളക്കി പട്ടികജാതിക്കാരനെ ജനറൽ സീറ്റിൽ തോൽപ്പിച്ചത് കോഴിക്കോട് ജില്ലയിൽ ആണെന്നുള്ളത് അങ്ങേയ്ക്കറിയില്ലേ?

ശ്രീ. എ. പ്രദീപ്കുമാർ: അങ്ങേയ്ക്ക് കാര്യമറിയാഞ്ഞിട്ടാണ്. ഏറ്റവും വലിയ ഭൂരിപക്ഷത്തിന് ജയിക്കുന്ന പൊതുമണ്ഡലത്തിൽ പട്ടികജാതിക്കാരനെ നിർത്തി മൽസരിപ്പിച്ചത്, സഖാവ് സി.കെ.പി. പത്മനാഭൻ, അദ്ദേഹം അവിടെ എം.എൽ.എ. ആയിരുന്നത് മുപ്പതിനായിരം വോട്ടുകൾക്ക് ജയിപ്പിച്ചിട്ടാണ്. കോൺഗ്രസ്സിന് അത് പറ്റുമോ? കഴിഞ്ഞ സഭയിലുള്ളതാണ്.

ശ്രീ. സി. കെ. നാണു: ബഹുമാനപ്പെട്ട എം. ഉമ്മർ പറഞ്ഞത്, കുന്ദമംഗലം മണ്ഡലത്തിൽ രണ്ടുപ്രാവശ്യം എം.എൽ.എ. ആയ ആളിനെപ്പറ്റിയാണ്.

മുസ്ലീം ലീഗിന്റെ സംവരണ സീറ്റിലേക്ക് മൽസരിച്ച ആളിനെ ജനറൽ സീറ്റിൽ മൽസരിപ്പിച്ചു. കണ്ടിന്യുയസ് ആയി മൽസരിച്ചതാണ്. സീറ്റ് മാറിയതിന്റെ ഫലമായിട്ടല്ല, അദ്ദേഹത്തിന് എതിരായി മറ്റുള്ള ശക്തികളൊന്നുമില്ല. സാധാരണ മൽസരിക്കുന്നതുപോലെ അദ്ദേഹം മൽസരിച്ചു പരാജയപ്പെട്ടു. അതല്ലാതെ ജയിപ്പിച്ചാൽ ജയിക്കും തോൽപ്പിച്ചാൽ തോൽക്കും. അതിൽ വേറെ പ്രത്യേകത ഒന്നുമില്ല. സാധാരണ നിലയിലുള്ള ഒരു മണ്ഡലത്തിൽ മൽസരിച്ചു പരാജയപ്പെട്ടു എന്നല്ലാതെ അദ്ദേഹത്തിനെ ജനറൽ സീറ്റിലേക്ക് മൽസരിപ്പിച്ചതാണെങ്കിൽ അത് നല്ല കാര്യം. പക്ഷേ രണ്ടുപ്രാവശ്യം മൽസരിച്ചു ജയിച്ച അദ്ദേഹത്തെ മാറ്റി നിങ്ങൾ നിർത്തുന്ന സ്ഥാനാർത്ഥി പരാജയപ്പെട്ടാൽ നിങ്ങളുടെ പേരിൽ കൂടുതൽ ആക്ഷൻ വരുമെന്നുള്ളതുകൊണ്ടായിരിക്കും ഇയാളെ നിർത്തിയത് എന്നുപറഞ്ഞാൽ അത് ശരിയല്ലേ?

ശ്രീ. ബെന്നി ബെഹനാൻ: നിയമസഭയിൽ അവകാശവാദങ്ങൾ ഉന്നയിക്കുകയും സംസാരിക്കുകയും ചെയ്യുമ്പോൾ നമ്മളൊക്കെ രാഷ്ട്രീയം പറയാറുണ്ട്. എന്നാൽ രാഷ്ട്രീയത്തിന്റെ ചില കാര്യങ്ങൾ സത്യസന്ധമായി ഇവിടെ പറയണം. നിങ്ങളുടെ ശക്തികോട്ടയായ കണ്ണൂരിൽ ജനറൽ സീറ്റിൽ ശ്രീ. കുഞ്ഞമ്പുവിനെ പാർലമെന്റിലേക്ക് മൽസരിപ്പിച്ചു വിജയിപ്പിച്ച പാർട്ടിയാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്.

ശ്രീ. എ.കെ. ശശീന്ദ്രൻ: എൽ.ഡി.എഫ്. ആണ് അദ്ദേഹത്തെ മൽസരിപ്പിച്ചു വിജയിപ്പിച്ചത്.

ശ്രീ. ബെന്നി ബെഹനാൻ: കോൺഗ്രസ് പാർട്ടിയുടെ ടിക്കറ്റിൽ ജയിച്ചതാണ് ശ്രീ. കെ. കുഞ്ഞമ്പു. അതുകൊണ്ട് നമ്മൾ ചരിത്രവും ഭൂമിശാസ്ത്രവും പറയുമ്പോൾ ശ്രദ്ധിക്കണം.

<u>ശ്രീ. എ.കെ. ശശീന്ദ്രൻ:</u> സർ, കെ. കുഞ്ഞമ്പുവിനെ കണ്ണൂരിൽ നിന്ന് പാർലമെന്റിലേക്ക് മൽസരിപ്പിച്ചു വിജയിപ്പിച്ചത് അന്നത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണിയാണ്.

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: ശ്രീ. ബെന്നി ബെഹനാൻ, അങ്ങേയ്ക്ക് ഒരു പാട് ഉദാഹരണങ്ങൾ പറഞ്ഞുതരാം. ഒന്ന്, അടൂരിൽ ശ്രീ. പി. ശിവരാജൻ പാർട്ടിയുടെ ജില്ലാ സെക്രട്ടറിയേറ്റ് മെമ്പർ ആയിരുന്നു. അദ്ദേഹത്തെ ജനറൽ സീറ്റിലാണ് നിർത്തിയത്. അദ്ദേഹം തോറ്റു പോയി. അന്ന് ശ്രീ. അടൂർ പ്രകാശ് ജയിച്ചു. അതുപോലെ നേരത്തെ ഞാൻ സി.കെ.പി.യുടെ കാര്യം പറഞ്ഞു. അദ്ദേഹത്തെ കോൺഗ്രസ് ടിക്കറ്റിലാണ് നിർത്തിയത് എന്നാണ് നിങ്ങൾ പറഞ്ഞത്. എൽ.ഡി.എഫ്.–ന്റെ സ്ഥാനാർത്ഥി. യഥാർത്ഥ കോൺഗ്രസ് അതാണെന്ന് നിങ്ങൾ അംഗീകരിക്കുന്നുണ്ടോ; നിങ്ങൾ ഔദ്യോഗികമായി പറയേണ്ടതാണ്. കോൺഗ്രസ്സിൽ നിന്നും ഭിന്നിച്ചു പോയ വിഭാഗം തെറ്റുതിരുത്തി കോൺഗ്രസ്സിലേക്ക് വന്നുവെന്നാണ് നിങ്ങളുടെ വ്യാഖ്യാനം. അതായിരുന്നോ കോൺഗ്രസ്; ഇന്ദിരാഗാന്ധിയോടൊക്കെ സലാം പറഞ്ഞു പിരിഞ്ഞ കോൺഗ്രസ്സാണോ യഥാർത്ഥ കോൺഗ്രസ്; അതാണോ യഥാർത്ഥ കോൺഗ്രസ് ടിക്കറ്റ്? അത് നയപരമായി നിങ്ങൾ വ്യക്തമാക്കേണ്ട കാര്യമാണ്. ശ്രീ. കുഞ്ഞമ്പുവിന്റെ വിജയം കോൺഗ്രസ് ടിക്കറ്റിലാണെന്നുപറയുമ്പോൾ .....

<u>ശ്രീ. എ.കെ. ശശീന്ദ്രൻ</u>: സർ, ശ്രീ. പ്രദീപ്കുമാർ ശ്രീ. ബെന്നി ബെഹനാനോടു ചോദിച്ചല്ലോ, അദ്ദേഹം അന്ന് എൽ.ഡി.എഫ്.–ൽ ആണ്. അന്ന് കണ്ണൂരിൽ ശ്രീ. കുഞ്ഞമ്പുവിനെ മൽസരിപ്പിച്ചത് ഇടതുപക്ഷജനാധിപത്യമുന്നണിയും ശ്രീ. ബെന്നി ബെഹനാനുമാണ്. ഞാൻ അദ്ദേഹത്തോടു ചോദിക്കുന്നു താങ്കൾ തിരിച്ചുചെന്ന കോൺഗ്രസ് ഇന്നേവരെ അങ്ങനെയൊരു

മാതൃക കാണിച്ചിട്ടുണ്ടോ? അപ്പോൾ അതൊന്നും മറന്നു പോകേണ്ട. അത് ഇടതുപക്ഷജനാധിപത്യമുന്നണി എന്ന രാഷ്ട്രീയത്തിന് കിട്ടിയ അംഗീകാരമാണ്. അതാണ് കോൺഗ്രസ് എന്ന് ശ്രീ. ബെന്നി ബെഹനാൻ അംഗീകരിക്കുന്നുണ്ടോ? ആ കോൺഗ്രസ്സിൽ നിന്നിട്ടാണ് ഞാനും പറയുന്നത്. ഞാൻ ആണ് ഇപ്പോൾ ഇടതുപക്ഷജനാധിപത്യമുന്നണിയിലുള്ളത്. നിങ്ങൾ അവിടന്ന് മാറിപ്പോയി. ഏതെങ്കിലുമൊന്ന് സമ്മതിക്കണം. ഏത് പാർട്ടിയാണെന്ന് ശ്രീ. ബെന്നി ബെഹനാനോട് ചോദിച്ചാൽ മതി. ശ്രീ. വർക്കല കഹാറിന് അത് അറിയില്ല. ശ്രീ. ബെന്നി ബെഹനാനും ശ്രീ. ആര്യാടൻ മുഹമ്മദും, ശ്രീ. പി.എ. മാധവനും ശ്രീ. ഉമ്മൻചാണ്ടിയും പറഞ്ഞുതരും. അവരോടു ചോദിച്ചാൽ മതി.

മി. ചെയർമാൻ: ശ്രീ. പ്രദീപ്കുമാർ, പ്രസംഗം തുടരൂ.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞങ്ങളൊക്കെ ആ കാലഘട്ടത്തിലും കോൺഗ്രസ് സംസ്കാരത്തെയും പാരമ്പര്യത്തെയും ഉൾക്കൊണ്ടവരാണ്. ഇവിടത്തെ ദളിത് വിഭാഗത്തെയും ആദിവാസി വിഭാഗത്തെയുമൊക്കെ കേരള നിയമസഭയിലേയ്ക്കും പാർലമെന്റിലേയ്ക്കുമൊക്കെ എത്തിക്കുന്നതിനു വേണ്ടി ഏതു പാർട്ടിയേക്കാൾ കൂടുതൽ അവസരമുണ്ടാക്കിയതും സ്ഥാനാർത്ഥികളെ നിർത്തിയതും വിജയിപ്പിച്ചതും ഇന്ത്യൻ നാഷണൽ കോൺഗ്രസ് ആണ്. നിങ്ങൾ ആ വിഷയത്തിൽ കോൺഗ്രസ്സിനെ പഠിപ്പിക്കാൻ വരുന്നത് ചരിത്രമറിയാൻ പാടില്ലാത്തതുകൊണ്ടാണ് എന്ന് ഞാൻ വിനയപുരസ്സരം ഓർമ്മപ്പെടുത്തുന്നു. അന്നത്തെ രാഷ്ട്രീയസാഹചര്യം വേറെ ആയിരുന്നു. ഞാൻ സമ്മതിക്കുന്നു. പക്ഷേ അന്ന് ആ തീരുമാനമെടുത്തത് ശ്രീ. എ.കെ. ആന്റണിയാണ്. ആ തീരുമാനത്തെയാണ് ഞാൻ ന്യായീകരിച്ചത്.

ശ്രീ. എ.കെ. ബാലൻ: കോൺഗ്രസ് പാർട്ടിയെക്കുറിച്ചൊക്കെ പറയുന്നുണ്ടല്ലോ; അപ്പുറത്തുള്ള ആരാണ് നമ്മുടെ കൂടെ വരാത്തത്. ശ്രീ. എ.കെ. ആന്റണിയും കെ. കരുണാകരനും വന്നിട്ടില്ലേ; ആരാണ് വരാൻ ബാക്കിയുണ്ടായിരുന്നത്? കോൺഗ്രസ്സിന്റെ സംസ്കാരത്തെക്കുറിച്ച് പറയുന്നു. അപ്പുറത്തുള്ള ആളുകളിൽ ശ്രീ. അർജുൻ സിംഗും ശ്രീ. പ്രണബ് മുഖർജിയും കോൺഗ്രസ്സിൽ നിന്നും പോയില്ലേ; ഇപ്പോഴുള്ള ആർക്കാണ് കോൺഗ്രസ് സംസ്കാരത്തെക്കുറിച്ച് പറയാൻ അവകാശുമുള്ളത്?

ശ്രീ. ബെന്നി ബെഹനാൻ: സഖാവ് ഇ.എം.എസ്.നമ്പൂതിരിപ്പാടും എ. കെ. ഗോപാലനുമൊക്ക കോൺഗ്രസ് ആയിരുന്നു. അവർക്ക് ആരാണ് കമ്മ്യൂണിസത്തെക്കുറിച്ച് പറയാൻ അധികാരം നൽകിയത്. ഇവിടെ കോൺഗ്രസ് സംസ്കാരത്തെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. സഖാവ് ഇ.എം. എസ്.–ഉം എ.കെ. ഗോപാലനുമൊക്ക കോൺഗ്രസ് സംസ്കാരത്തെ ഉൾക്കൊണ്ട ആളുകളാണ്. അവരൊക്കെ കോൺഗ്രസിലായിരുന്നു. കെ.പി. സി.സി. ജനറൽ സെക്രട്ടറി ആയിരുന്നു. അവരൊക്കെ കോൺഗ്രസിൽ നിന്നും പോയി. പക്ഷേ കോൺഗ്രസ് ഇപ്പോഴും നിലനിൽക്കുന്നു. ആ കോൺഗ്രസ് സംസ്കാരത്തെ താഴ്ത്തിക്കെട്ടാൻ നിങ്ങളാരും വളർന്നിട്ടില്ല എന്നാണ് ഞാൻ പറഞ്ഞത്.

മി. ചെയർമാൻ: ശ്രീ. പ്രദീപ്കുമാർ താങ്കളുടെ പ്രസംഗമാണ്.

ശ്രീ. സി.കെ. നാണു: ഇവിടെ കോൺഗ്രസ് കോൺഗ്രസ് എന്നുപറയുന്നു. നെഹ്റുവിന്റെ കോൺഗ്രസ്സിനെപ്പറ്റി പറയുന്നു. ആർക്കാണ് ഇവിടെ പറയാൻ അധികാരമുള്ളത്; ആ കോൺഗ്രസ് പോയി. നിങ്ങൾ കോൺഗ്രസ് (ഐ) യിലാണെന്ന് അംഗീകരിക്കണം. നിങ്ങൾ കോൺഗ്രസ്സിനെ പിളർത്തി. അന്ന് മാത്രമല്ല ഇന്നും നിങ്ങൾ നെഹ്റുവിന്റെയും ഗാന്ധിജിയുടെയും

താൽപ്പര്യങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചുവരുന്നവരാണ്. നിങ്ങൾ ഇട യ്ക്കിടെ സി.പി.ഐ(എം).കാരുടെ മുഖത്തുനോക്കി കോൺഗ്രസ്, കോൺഗ്രസ് എന്നു പറയുന്ന അവസരത്തിൽ ശ്രീ. എ.കെ. ബാലനൊക്കെ ധരിക്കും നിങ്ങളാണ് കോൺഗ്രസ്സുകാർ എന്ന്. അത് പോയില്ലേ; നിങ്ങൾ എല്ലാത്തിനേയും തകർത്ത ശേഷം ഇടയ്ക്ക് കോൺഗ്രസ് ആകണ്ട. എല്ലാവ രുടെയും കയ്യിൽ ഖാദി വസ്ത്രമുണ്ട്. എന്റെയും ശ്രീ. ബെന്നി ബെഹ നാന്റെയും കയ്യിലുമുണ്ട്. ഞങ്ങൾ കുറേയാളുകൾ ഖാദി ധരിക്കുന്നുണ്ട്. ഞങ്ങളുടെ ബനിയനുമെല്ലാം ഖാദിയാണ്. ഞങ്ങൾക്ക് അന്ന് ലഭിച്ചത് അതാ ണ്. പിന്നെ ഇവിടെ വന്നിട്ട് കോൺഗ്രസ് എന്നുപറയുമ്പോൾ ഞങ്ങളോട് ക്ഷമിക്കുക.

ശ്രീ. വർക്കല കഹാർ: സർ, പാരമ്പര്യത്തെക്കുറിച്ച് പറഞ്ഞുകൊണ്ട് നിൽക്കുന്നെങ്കിലും അവസാനം വംശനാശം വന്ന രണ്ടു പാർട്ടിയുടെ ആളുക ളാണ് ശ്രീ. സി. കെ. നാണുവും ശ്രീ. എ. കെ. ശശീന്ദ്രനുമെന്ന് എല്ലാവർക്കു മറിയാം. ഇനി കമ്മ്യൂണിസം പറയുകയാണെങ്കിൽ നിങ്ങൾ എവിടത്തെ കമ്മ്യൂണിസ്റ്റാണ്? ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നിന്നും ഇറങ്ങിപ്പോയി പ്രത്യേക പാർട്ടി ഉണ്ടാക്കി വന്നവരാണ്. നിങ്ങളെന്നാണ് കമ്മ്യൂണിസ്റ്റായത്? ഞങ്ങൾ എന്നാണ് കോൺഗ്രസ്സായത് എന്നു ചോദിച്ചല്ലോ?. നിങ്ങൾ എങ്ങനെ കമ്മ്യൂണിസ്റ്റായി. ആ പാർട്ടി പിളർന്ന് പ്രത്യേകം ഇറങ്ങിപ്പോയി വേറെ പാർട്ടിയുണ്ടാക്കിയ ആളുകളല്ലേ. നിങ്ങളുടെ കമ്മ്യൂണിസം എന്താണ്?

ശ്രീ. പി. എ. മാധവൻ: എനിക്കൊരു ചെറിയ സംശയമുള്ളത്, ബഹുമാനപ്പെട്ട രാധാകൃഷ്ണൻ നേതൃത്വം കൊടുക്കുന്ന **പി.കെ.എസ്.**-നെക്കുറിച്ചാണ്. ജാതിക്കും മതത്തിനുമെതിരായി അതിശക്തമായി ആഞ്ഞടിക്കു

മ്പോൾത്തന്നെ സ്വന്തം പാർട്ടിക്കുള്ളിൽ എന്തിനാണ് പ്രത്യേക ജാതിക്കും സമുദായത്തിനും വേണ്ടി പട്ടികജാതി ക്ഷേമ സമിതി(പി.എ.എസ്.) പോലെയുള്ള സമിതികൾ?

ശ്രീ. പുരുഷൻ കടലുണ്ടി: അത് പട്ടികജാതി ക്ഷേമ സമിതിയാണ്. അതൊരു പട്ടികയാണ്. ആ പട്ടികയിൽ വ്യത്യസ്ത ജാതികളുണ്ട്. അതൊരു വർഗ്ഗ സംഘടനയാണ്.

ശ്രീ. റ്റി. വി. രാജേഷ്: ഇവിടെ ദളിത് വിഭാഗങ്ങളുടെ താൽപ്പര്യങ്ങളെക്കുറിച്ച്, അവരുടെ അവകാശങ്ങളെക്കുറിച്ച് വാതോരാതെ സംസാരിക്കുന്ന ബഹുമാന്യരായ കോൺഗ്രസ് അംഗങ്ങളുണ്ട്. ഞാൻ ഒരു കാര്യം ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. വിമോചന സമരകാലത്ത് കേരളത്തിലെ ആദ്യത്തെ ദളിത് മന്ത്രിയായിരുന്ന ചാത്തൻ മാസ്റ്റർക്ക് എതിരായി ഏറ്റവും അശ്ലീലമായ മുദ്രാവാക്യം വിളിച്ചത് കോൺഗ്രസ്സാണ്. 'ചാത്തൻ പൂട്ടാൻ പോകട്ടെ, ചാക്കോ നാടു ഭരിക്കട്ടെ' എന്നാണ് അന്ന് വിളിച്ച മുദ്രാവാക്യം. ഇതാണ് കോൺഗ്രസ്സിന്റെ ദളിത്പ്രേമം. ഈ കാപട്യം അങ്ങ് തിരിച്ചറിയുന്നുണ്ടോ?

ശ്രീ. വർക്കല കഹാർ: ഞാൻ ചോദിക്കട്ടെ, അതു കഴിഞ്ഞ് ചാത്തൻ മാസ്റ്റർ ഞങ്ങളുടെ സ്ഥാനാർത്ഥിയായി കിളിമാനൂരിൽ മത്സരിച്ചു. അന്ന് ചാത്തൻമാസ്റ്ററെ അധിക്ഷേപിക്കുന്ന രീതിയിൽ 'ചാത്തൻമാസ്റ്റർ വരുന്നെടി മോളെ, തട്ടിൽക്കയറി ഒളിച്ചോ മോളെ', ഇത് സി.പി.എം വിളിച്ച മുദ്രാവാക്യമാണ് അതു മറക്കരുത്

ശ്രീ. എ. പ്രദീപ് കുമാർ: അതും ഇതുമായി വ്യത്യാസമുണ്ട്. രണ്ടും രണ്ട് മുദ്രാവാക്യങ്ങളാണ്. നിങ്ങൾ വിളിച്ച മുദ്രാവാക്യത്തിനകത്ത് ഒരു

സവർണ്ണമനോഭാവമുണ്ട്. ഇത് രാഷ്ട്രീയമായ ഒരു മുദ്രാവാക്യമാണ്. എന്തായാലും ഒരു കാര്യത്തിൽ സന്തോഷം. അതായത് കോൺഗ്രസ്സും ഈ ഗവൺമെന്റും ഇവിടത്തെ ജാതിപ്രമാണിത്വത്തിനുവഴങ്ങി ഗവൺമെന്റിനകത്ത് ചെയ്യുന്ന കാര്യങ്ങൾ, ഇപ്പോൾ ദേവസ്വംബോർഡിന്റെ ഭേദഗതികളുമായി ബന്ധപ്പെട്ട് അതിന്റെ ഉള്ളടക്കത്തിൽ കൊണ്ടുവന്ന കാര്യങ്ങൾ, ഇതൊക്കെ പറഞ്ഞപ്പോഴാണല്ലോ നിങ്ങൾക്ക് അസ്വസ്ഥതയുണ്ടായത്. ഞങ്ങളല്ല ആക്ഷേപമുന്നയിച്ചത്. ശ്രീ. ബെന്നി ബെഹനാൻ പറഞ്ഞല്ലോ. സി.പി.ഐ.(എം) അല്ലെങ്കിൽ ഇടതുപക്ഷം എന്തുചെയ്തു, പട്ടികജാതിക്കാരെ ജനറൽ സീറ്റിൽ മത്സരിപ്പിച്ചോ? ഇഷ്ടംപോലെ ഉദാഹരണങ്ങൾ ഞങ്ങൾ അങ്ങോട്ടുവച്ചു. കഴിഞ്ഞ തവണ എന്റെ ജില്ലയിലെതന്നെ അനുഭവമുണ്ട്. ശ്രീ. യു. സി. രാമനെ നിങ്ങളെന്തുകൊണ്ടാണ് ജയിക്കുന്ന സീറ്റിൽ നിർത്താതിരുന്നത്? യു.ഡി.എഫിൽ ഏറ്റവും സേഫായിട്ടുള്ള രണ്ട് സീറ്റുണ്ടായിരുന്നല്ലോ. അദ്ദേഹത്തെ തോൽക്കുന്ന സീറ്റിൽകൊണ്ടുപോയി നിർത്തി, കൊടുവള്ളിയിൽ നിർത്തിയാൽ ജയിക്കുമായിരുന്നില്ലേ? മണ്ഡല പുനർവിഭജനത്തെത്തുടർന്ന് ജയിക്കാൻ ഒരു സാധ്യതയുമില്ലാത്ത സീറ്റ് അദ്ദേഹത്തിന് കൊടുത്തു. അത്രയും വലിയ സ്നേഹമുണ്ടായിരുന്നെങ്കിൽ, നിങ്ങൾ അത്ര വലിയ പരിഗണന കൊടുക്കുന്നുണ്ടായിരുന്നുവെങ്കിൽ അദ്ദേഹത്തെ നിങ്ങൾ തിരുവമ്പാടിയിലോ കൊടുവള്ളിയിലോ നിർത്തേണ്ടതായിരുന്നില്ലേ. അങ്ങനെ നിർത്താൻ നിങ്ങൾ തയ്യാറായില്ല. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ചോദിച്ചിടത്തുനിന്നാണ് ഞാൻ തുടങ്ങിയത്. ഞാൻ അതിന്റെ മറ്റ് വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ഞങ്ങൾ പറഞ്ഞ കാര്യം നിങ്ങൾക്ക് നിഷേധിക്കാനായിട്ടില്ല. രണ്ട് പ്രശ്നങ്ങളാണ് ഞാൻ പറഞ്ഞത്. അതിന് നിങ്ങൾ വലിയ വില കൊടുക്കേണ്ടിവരും.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: തോൽക്കുന്ന സീറ്റിൽ മത്സരിപ്പിച്ചു വെന്ന് പറഞ്ഞതുകൊണ്ടാണ് പറയുന്നത്. ഇവിടെ പട്ടികജാതി/പട്ടികവർഗ്ഗ ക്കാരായ ആളുകൾ മുസ്ലീംലീഗ് പാർട്ടിയിൽ മത്സരിക്കാൻ തുടങ്ങിയത് തോൽക്കുന്ന കാലത്തൊന്നുമല്ല ഒരു പട്ടികവർഗ്ഗക്കാരനെ/പട്ടികജാതിക്കാ രനെ കണ്ടാൽ ഓലക്കുട തിരിച്ചുപിടിച്ച് അവരുടെ മുഖത്തേക്ക് നോക്കാൻപോലും കേരളം മടിച്ചിരുന്ന ഒരു കാലത്ത് ചടയനെ മദ്രാസ് അസംബ്ലിയിലേക്ക് നിർത്തി ബാഫക്കി തങ്ങളോടൊപ്പം തന്റെ വീട്ടിൽ ഒന്നി പ്പിച്ചിരുത്തി ഭക്ഷണം കഴിപ്പിച്ച പാരമ്പര്യമുള്ള പാർട്ടിയാണ് മുസ്ലീംലീഗ്. മുസ്ലീംലീഗിന്റെ പാരമ്പര്യം എന്താണെന്ന് അങ്ങ് അറിയണം. മുസ്ലീംലീഗ് എല്ലാക്കാലത്തും പട്ടികജാതിയോടൊപ്പം പട്ടികവർഗ്ഗത്തോടൊപ്പം നിന്നിട്ടുണ്ട്. എന്നും അവർക്കുവേണ്ടി പ്രവർത്തിച്ചിട്ടുണ്ട്. എന്നും ഞങ്ങളുടെ പാർല മെന്ററി പാർട്ടിയിൽ ആളുമുണ്ടായിട്ടുമുണ്ട്. ഒരിക്കലും മുസ്ലീംലീഗ് ആ കാര്യങ്ങളിൽ പുറകോട്ടുപോയിട്ടില്ല. ആ കാര്യം ഞാൻ പ്രത്യേകം പറയുക യാണ്. എന്നുമാത്രമല്ല ഞങ്ങളുടെ സംസ്ഥാന കമ്മിറ്റിയിൽവരെ അവർക്ക് അവസരം കൊടുക്കാറുണ്ട്. ജാതീയമായിത്തന്നെ നിൽക്കുന്നു എന്നുള്ള രീതിയിലാക്കി വ്യാഖ്യാനിക്കരുത്. അങ്ങിവിടെ ഒരു കാര്യംകൂടി സൂചിപ്പിച്ചു, ഞാൻ ചോദിക്കട്ടെ, യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടി അവിടെ ആരാണ്. ഞങ്ങളാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയെന്ന് ശ്രീ. വി. എസ്. സുനിൽ കുമാർ പറ യുന്നു, അപ്പുറത്തിരുന്ന് ശ്രീ. എ. കെ. ബാലനും അതുതന്നെ പറയുന്നു. ആരാണ് യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടിയിലെന്ന് അങ്ങ് മനസ്സിലാക്കിയി ട്ടുണ്ടോ?

ശ്രീ. എ. പ്രദീപ് കുമാർ: സർ, എന്തിനാണ് അത് മനസ്സിലാക്കുന്നത്. കമ്മ്യൂണിസ്റ്റ് തത്വശാസ്ത്രം അംഗീകരിച്ച് പ്രവർത്തിക്കുന്നവരെല്ലാം കമ്മ്യൂ

ണിസ്റ്റ് പാർട്ടിയാവും. എം.വി.രാഘവന്റെ പാർട്ടിക്ക് പേരല്ലേയുള്ളൂ. കമ്മ്യൂണിസം എന്ന് വെറുതെ പേരൊട്ടിച്ചതുകൊണ്ട് കാര്യമില്ല. പഞ്ചസാരഭരണിയിൽ ചായക്കപ്പ് മുട്ടിച്ചാൽ മധുരമുണ്ടാകില്ല. ഞാൻ പറഞ്ഞത്, ഇവിടെ കൊണ്ടുവരുന്ന ഈ ഭേദഗതി സ്ത്രീവിരുദ്ധവും ജനാധിപത്യ വിരുദ്ധവുമായിട്ടുള്ളതാണ്. അത് ഒരുകാരണവശാലും അംഗീകരിക്കരുത്. അത് പുനഃപരിശോധിക്കണം.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഈ ഗവൺമെന്റ് കൊണ്ടുവരുന്ന ഭേദഗതി സ്ത്രീ വിരുദ്ധമാണെന്ന് അങ്ങ് പറഞ്ഞു. അതോടൊപ്പം വേറൊരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;. ദേവസ്വം ബോർഡിലേക്കുള്ള നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തീരുമാനിച്ചിരുന്നു. പക്ഷെ അതിപ്പോൾ എടുത്തുമാറ്റി പകരമൊരു സംവിധാനവുമില്ലാതെ ദേവസ്വം ബോർഡിലേയ്ക്കുള്ള നിയമനങ്ങൾക്കുവേണ്ടി ഒരു റിക്രൂട്ട്മെന്റ് ബോർഡ് ഉണ്ടാക്കാൻ ആലോചിച്ചുവരുന്നു എന്നാണ് പറഞ്ഞിരിക്കുന്നത്. ഇങ്ങനെ പോയാൽ ഈ നിയമനങ്ങൾക്കെല്ലാം അനിശ്ചിതത്വമുണ്ടാവുകയും ഇഷ്ടംമാതിരി ആളുകളെ അതിലേക്ക് നിയമിക്കാനുമുള്ള ഒരു സാഹചര്യംകൂടി ഉണ്ടാവുകയല്ലേ. ദേവസ്വം ബോർഡിനുണ്ടായിരുന്ന ചട്ടം ഉണ്ടാക്കാനുള്ള അധികാരവും ഇപ്പോൾ മാറ്റിക്കളഞ്ഞിരിക്കുകയാണ്. അത് ഗവൺമെന്റിന് വിധേയമായി ചെയ്യണം. ഹിന്ദുക്കളുടെ ആരാധനാ സ്ഥാപനങ്ങൾ ഭരിക്കുന്ന ബോർഡിന്റെ അധികാരങ്ങൾകൂടി കവർന്നെടുക്കുന്ന ഒരു നടപടിയല്ലേ ഇപ്പോൾ വന്നിട്ടുള്ളത്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. പ്രദീപ് കുമാർ: സർ, തീർച്ചയായും. അതാണ് ഞാൻ ആദ്യമേ പറഞ്ഞത്. ദേവസ്വം ബോർഡിന്റെ സ്വയംഭരണാവകാശത്തെ പൂർണ്ണമായും

കവരുന്ന നടപടിയായതുകൊണ്ടുതന്നെയാണ് നമ്മൾ ഇതിനെ എതിർത്തത്. ആ റൂൾസ് ഉണ്ടാക്കാനുള്ള പ്രയർ സാങ്ഷൻ വാങ്ങണമെന്നുള്ള കാര്യം, അതിന്റെ അപകടത്തെക്കുറിച്ച് പറഞ്ഞു.

ഡോ. കെ. ടി. ജലീൽ : സർ, മുസ്ലീംലീഗ് എസ്.സി./എസ്.ടി. വിഭാഗത്തിനുവേണ്ടി നിലകൊണ്ട കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞു, അവർക്കതിൽ വല്ല ആത്മാർത്ഥതയുമുണ്ടെങ്കിൽ എസ്.സി./എസ്.ടി. വിഭാഗത്തിനു ദേവസ്വംബോർഡിൽ നല്കപ്പെട്ട സംവരണം എടുത്തുകളയുന്ന ഈ നിയമത്തിനെതിരായി അവർ ശക്തമായ നിലപാട് ഈ സഭയിൽ ഇന്ന് സ്വീകരിക്കുകയല്ലേ വേണ്ടത്.

ശ്രീ. എ. പ്രദീപ് കുമാർ: തീർച്ചയായും. പറയുന്ന വാക്കും അവരുടെ നിലപാടും തമ്മിൽ വല്ല പൊരുത്തവുമുണ്ടോ എന്നുള്ളത് നമുക്ക് ഇവിടെ നോക്കാവുന്നതാണ്. ഈ ബില്ല് അവസാനം അംഗീകാരത്തിനുവരുന്ന സമയത്ത് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ഉൾപ്പെടെ എന്തു നിലപാടാണ് സ്വീകരിക്കുക എന്നുള്ളത് നമ്മൾ കാണാൻ പോകുകയാണ്. അപ്പോൾ എല്ലാ നിലയിലും ഒരു പരിഷ്കൃതജനാധിപത്യ സമൂഹത്തിൽ അംഗീകരിക്കാവുന്ന ഉളളടക്കമല്ല നിങ്ങളുടെ ഭേദഗതിക്കകത്തുളളത് എന്നതാണ് ഞാൻ സൂചിപ്പിച്ചത്. അതോടൊപ്പം തന്നെ ചില കാര്യങ്ങൾ പറയാൻ എനിക്ക് ആഗ്രഹമുണ്ടായിരുന്നു. ഇന്ന് ക്ഷേത്രങ്ങളിലൊക്കെ നടക്കുന്ന അനാരോഗ്യകരമായ കുറെ രീതികളുണ്ട്. ഞാൻ ക്ഷേത്ര വിശ്വാസിയല്ല, ക്ഷേത്രത്തിൽ പോയി പ്രാർത്ഥിക്കുന്ന ആളല്ല. പക്ഷെ നമ്മളറിയുന്നതും നമ്മുടെയെല്ലാം ബന്ധുക്കൾ പലരും പോകുകയും ആരാധിക്കുകയും ചെയ്യുന്ന ഒരു സ്ഥലമാണ്. അങ്ങനെയല്ലാത്തവർക്ക് പോലും ക്ഷേത്രാങ്കണവും അതിന്റെ അന്തരീക്ഷവുമൊക്കെ പകർന്നുനല്കുന്ന ഒരു അനുഭൂതിയുണ്ട്, അതു മനസ്സിൽകണ്ടുകൊണ്ടാണ്

നേരത്തെ ശ്രീ. ജി. സുധാകരൻ സംസാരിക്കുമ്പോൾ സൂചിപ്പിച്ചത്. മഹാത്മാ ഗാന്ധിജി കേരളത്തിലെ ക്ഷേത്രങ്ങളെക്കുറിച്ച് പറഞ്ഞ ഒരുകാര്യമുണ്ട്, ഉത്തരേന്ത്യയിൽ എനിക്കുകിട്ടാത്ത ഒരു അനുഭൂതിവിശേഷം കേരളത്തിലെ ക്ഷേത്രങ്ങളിൽ നിന്ന് അനുഭവിക്കുവാനായി എന്ന്. അത് കേരളത്തിലെ ക്ഷേത്രങ്ങളിലെ ആർക്കിടെക്ചറുമായി ബന്ധപ്പെട്ട പ്രത്യേകതകളാണ്. അത് വളരെ പ്രധാനമാണ്. ബഹുമാനപ്പെട്ട മന്ത്രി ഇപ്പറഞ്ഞ എല്ലാ കശാപ്പുകളും നടത്തുന്നുണ്ടെങ്കിലും അദ്ദേഹം ഭക്തനാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അദ്ദേഹത്തിന്റെ മനസ്സിൽ ആരാധനാലയത്തിന്, അതിന്റെ പവിത്രതയ്ക്ക് എന്തെങ്കിലും വില കല്പിക്കുന്നുണ്ടെങ്കിൽ ഇടപെടേണ്ട കാര്യങ്ങളാണ് ഞാൻ സൂചിപ്പിക്കുന്നത്. ഇപ്പോൾ ക്ഷേത്രങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നത് എന്താണ്?

പല ക്ഷേത്രങ്ങളുടെയും കമ്മിറ്റികളിൽ വരുന്നത് റിട്ടയേർഡ് ഉദ്യോഗസ്ഥന്മാരാണ്. ഇവരൊക്കെ ഉദ്യോഗസ്ഥന്മാരായി ഇരിക്കുന്ന സമയങ്ങളിൽ വലിയ പ്രമാണിമാരായിരുന്നു. ഉദ്യോഗത്തിൽ നിന്ന് പോയി കഴിഞ്ഞാൽ അവിടെ ചെയ്യുന്ന ജനവിരുദ്ധമായ പല സമീപനവും കാരണം ജനങ്ങളുടെയിടയിൽ ഇവർക്ക് ഒരു അംഗീകാരവും ഉണ്ടാവുകയില്ല. പക്ഷേ, ഇവർ കസവുമുണ്ട് കുടവയറിന്റെ മുകളിൽ ഉടുത്ത് ക്ഷേത്ര പുനരുദ്ധാരണം ജീർണ്ണോദ്ധാരണം എന്നൊക്കെ പറഞ്ഞ് ഇറങ്ങിയിരിക്കുകയാണ്. നമ്മുടെ ക്ഷേത്രങ്ങളുടെ സൗകര്യങ്ങളും സൗന്ദര്യവും എല്ലാം നശിപ്പിക്കുന്ന രീതിയിൽ, ക്ഷേത്രങ്ങളുടെ അന്തരീക്ഷമൊക്കെ നശിപ്പിക്കുന്ന നിലയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയാണ്. ഇതൊരു പ്രധാന വിഷയമാണ്. ഇവിടെ പലയിടങ്ങളിലും അവരവരുടെ കാലത്ത് ചില വികസനം നടന്നു എന്നു ഉറപ്പു വരുത്താൻ അതിന്റെ മുകളിൽ മികവ് കാണിക്കാൻവേണ്ടി എന്തെല്ലാമോ നിർമ്മി

തികൾ നടത്തുകയാണ്. ചില ഹോട്ടലുകളിൽ പെറോട്ട-ബീഫ്, മുട്ടക്കറി ഇവിടെ കിട്ടുമെന്ന് ബോർഡ് എഴുതിവയ്ക്കാറുണ്ട്. ഹോട്ടലുകളിൽ ചുമപ്പും പച്ചയും പുള്ളികളുള്ള ടൈൽസ് ഒട്ടിച്ച് വികൃതമാക്കുന്നു. അതു പോലെ ടൈൽസുകൾ ഒട്ടിക്കുകയും വലിയ നടപന്തലും ഷീറ്റെല്ലാം ഇട്ട് ക്ഷേത്രാങ്കണത്തിന്റെ അന്തരീക്ഷമാകെ വികൃതമാക്കി കളയുന്ന ഒരു പ്രവർത്തനം ഇവിടെ വ്യാപകമായി നടക്കുന്നു. ഇതെല്ലാം ഈ കമ്മിറ്റിക്കാരുടെ നേതൃത്വത്തിലാണ് നടക്കുന്നത്. അതിനെ നിരോധിക്കുന്ന, ക്ഷേത്രങ്ങളുടെ നിർമ്മിതിയുടെ രൂപകല്പനയ്ക്ക് വൈദഗ്ദ്ധ്യമുള്ള പ്രത്യേക ആർക്കിടെക്ച്ചറിനെ ഏൽപ്പിക്കുന്നതിനുവേണ്ടി ദേവസ്വംബോർഡ് മുൻകൈ എടുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. ദേവസ്വംബോർഡിന്റെ കൺസൾട്ടൻസിയോടുകൂടി മാത്രമേ ഇത് നടക്കാവൂ എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണം ക്ഷേത്രമെന്നുള്ളത് വിശ്വാസികൾക്ക് ഉള്ളതുമാത്രമല്ല അല്ലാത്തവരെ സംബന്ധിച്ചിടത്തോളം സാംസ്കാരിക സ്ഥാപനമാണ്. ആ നിലയിൽ ഈ നാട്ടിലെ ജനങ്ങളുടെ ഒത്തുചേരലിനും അവരുടെ കൂട്ടായ്മയ്ക്കും എല്ലാം അരങ്ങൊരുക്കുന്ന ഒരു സ്ഥലമാണ് ക്ഷേത്രങ്ങൾ എന്നുള്ള നിലയിൽ അവ സംരക്ഷിക്കപ്പെടണം. അത് ക്ഷേത്രം മാത്രമല്ല പള്ളിയായാലും ഏത് വിഭാഗത്തിന്റെ ആരാധാനാലയമാണെങ്കിലും അതിന്റെ പരിശുദ്ധിയും പവിത്രതയുമൊക്കെ സംരക്ഷിക്കപ്പെടേണ്ടത് നാട്ടിനാവശ്യമാണ്. നാട്ടുകാർക്കും ജനങ്ങൾക്കും ആവശ്യമുള്ളിടത്തോളം ജനങ്ങൾക്ക് വിശ്വാസമുള്ളിടത്തോളം അത് സൂക്ഷിക്കണം. കുറെ കമ്മിറ്റിക്കാർ കയറി വളരെ വികൃതമായ നിലയിൽ ക്ഷേത്രത്തിനെ കശാപ്പ് ചെയ്തു കൊണ്ടിരിക്കുകയാണ്. അങ്ങ് ദേവസ്വം നിയമത്തെ എങ്ങനെയാണ് കശാപ്പ് ചെയ്യുന്നത്. ശ്രീ. ജി. സുധാകരൻ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ആവിഷ്കരിച്ച ലക്ഷ

ണമൊത്ത ഒരു നിയമത്തെ അങ്ങ് ഇപ്പോൾ ഈ ഭേദഗതിയിലൂടെ എങ്ങനെയാണ് കശാപ്പ് ചെയ്യുന്നത് അതേപോലെ മഹാനായ മഹാത്മാ ഗാന്ധിതന്നെ പറഞ്ഞിട്ടുള്ള, കേരളീയ ക്ഷേത്രാന്തരീക്ഷത്തിന്റെ പവിത്രതയും പരിശുദ്ധിയും, ആ അന്തരീക്ഷമാകെ നശിപ്പിക്കുന്ന ആ പ്രവണതയ്ക്കെങ്കിലും കടിഞ്ഞാണിടാൻ കഴിഞ്ഞെങ്കിൽ അങ്ങൊരു ഭക്തനാണെങ്കിൽ അത്രയെങ്കിലും നന്നായിരിക്കുമെന്ന് പറഞ്ഞുകൊണ്ട് അങ്ങയുടെ ഈ ഭേദഗതികളെ മുഴുവൻ ശക്തമായി എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, ഇവിടെ അവതരിപ്പിച്ച ഭേദഗതികളെ എതിർക്കുകയാണ്. ഈ ബില്ലിനെക്കുറിച്ച് പറയുമ്പോൾ പെറ്റ് വീണ ഉടൻ സ്വന്തം അമ്മയുടെ കയ്യും കാലും വെട്ടുന്ന ഒരു മന്ത്രിയാണ് ശ്രീ. വി. എസ്. ശിവകുമാറെന്നു പറയാതിരിക്കാൻ സാധിക്കില്ല. ബില്ലിനെ ശക്തിപ്പെടുത്തുകയാണ് മന്ത്രി ചെയ്യേണ്ടത്. പക്ഷ, ബില്ലിനെ ദുർബലപ്പെടുത്തുകയാണ് ചെയ്യുന്നത്. ഇവിടെ മറ്റു പലരും ഈ കാര്യങ്ങളെപ്പറ്റി ധാരാളം സംസാരിച്ചതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ഏറ്റവും ചുരുക്കി പറഞ്ഞാൽ ഒരു കൊടിയ അഴിമതിക്ക് വളംവച്ചുകൊടുക്കുന്ന സാഹചര്യമൊരുക്കുന്ന ഒരു ഭേദഗതിയാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. 5000 ഒഴിവുകൾ ഇപ്പോൾ ദേവസ്വം ബോർഡിലുണ്ട്. ആ 5000 ഒഴിവുകൾ നികത്തുന്നതിനുവേണ്ടി 500 കോടി രൂപയുടെയെങ്കിലും അഴിമതിക്കുള്ള സാധ്യതയാണ് ഈ ഭേദഗതി വരുത്തുന്നതിലൂടെ സംഭവിക്കാൻ പോകുന്നത്. നേരത്തെ ഇവിടെ ഇതിനുമുമ്പ് സംസാരിച്ച സുഹൃത്ത് സൂചിപ്പിച്ചതുപോലെ

ഈ ഭേദഗതി പാസ്സായി കഴിഞ്ഞാൽ പിന്നെ ഇവിടെ നിയമനാധികാരം പഴയ പോലെ ബോർഡിനാണ്. പുതിയ ബോർഡ് രൂപീകരിക്കുന്നതിന് എത്രകാലം എടുക്കുന്നുവോ അതിനിടയിൽ വരുന്ന മുഴുവൻ സമയവും നിയമനാധി കാരം പരിപൂർണ്ണമായും ബോർഡിനാണ്. ഈ കാലഘട്ടത്തിൽ ഈ നിയമന ങ്ങളെല്ലാം നടത്തും, അഴിമതിയെല്ലാം നടത്തും അതിനുവേണ്ടിയിട്ടാണ് ഈ ഭേദഗതി ഇത്രയും അടിയന്തരമായി കൊണ്ടുവന്നിട്ടുള്ളത്. ഈ ആധുനിക കാലത്ത്, നമ്മൾ എത്രയോ മുന്നോട്ടു പോയിട്ടുള്ള ഈ കാലത്ത് സ്ത്രീകളെ യൊക്കെ ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക്, അണിയറയിലേക്ക് കൊണ്ടുവന്ന് അധികാരം പോലും കയ്യാളുന്ന ഈ കാലത്ത്, പല രാജ്യങ്ങളിലും ഭരണ സാരഥ്യത്തിൽ സ്ത്രീകൾ ഇരിക്കുന്ന ഈ കാലത്ത്, സ്ത്രീകൾ ദേവസ്വം ബോർഡിന്റെ കമ്മിറ്റിയിൽ വരാൻ പാടില്ല എന്നു പറഞ്ഞ് ഉണ്ടായിരുന്ന അവസരത്തെ നിഷേധിക്കുന്ന ഒരു നിയമം കൊണ്ടുവരാൻ നിങ്ങൾക്കല്ലാതെ ഇവിടെ മറ്റാർക്കും സാധിക്കില്ല. ഈ നിയമം അങ്ങേയറ്റം അപലപനീയവും ആധുനിക ലോകത്തിന് അപമാനവും ജനാധിപത്യ വിരുദ്ധവും ലിംഗവിവേ ചനവും പിന്തിരിപ്പനുമാണ് എന്ന് പറയുന്നതിൽ ഒരു സംശയവുമില്ല. ഇങ്ങ നെയൊരു നിയമം കൊണ്ടുവരുവാൻ നിങ്ങൾക്ക് മാത്രമേ കഴിയുകയുള്ളു. ഈ ലോകത്ത് വേറെ ആർക്കും കഴിയില്ല. ബഹുമാനപ്പെട്ട മുൻ മന്ത്രി ജി. സുധാകരൻ ഇവിടെ വളരെ വിശദമായി സൂചിപ്പിച്ചു. എന്തിനാണ് അത് മാറ്റി യത്. സ്റ്റാന്റിംഗ് കമ്മിറ്റികൾ മാറ്റുന്നത് എന്തിനുവേണ്ടിയാണ്? എന്താണ് അതു കൊണ്ടുണ്ടാകുന്ന ഗുണമെന്ന് മന്ത്രി ഒന്ന് വിശദീകരിക്കണം. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ഉണ്ടാക്കി അവയൊക്കെത്തന്നെ ഭരണത്തിന്റെ ഏറ്റവും താഴെത്തട്ടിലേക്ക് ഇറങ്ങി ചെന്ന് പരിശോധന നടത്തി അത്തരം ഒരു സംവി ധാനം ഉണ്ടാക്കിയെടുത്തത് എന്തിനാണ് മാറ്റുന്നത്? അതുകൊണ്ട് എന്തു

ഗുണമാണ് ഉണ്ടാകുന്നത്. അങ്ങനെ മാറ്റിയതുകൊണ്ട് ഗവൺമെന്റിനോ അമ്പലത്തിനോ ദേവസ്വത്തിനോ എന്ത് മെച്ചമാണുണ്ടാകുന്നതെന്ന് മനസ്സിലാകുന്നില്ല. നേരത്തെ സൂചിപ്പിച്ചതുപോലെ ഹൈന്ദവ മതത്തിൽപ്പെട്ട എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളാൻ പറ്റുന്ന വിധത്തിൽ എല്ലാവർക്കും ഓരോ അംഗത്വമുണ്ടാക്കാൻ പറ്റുന്ന വിധത്തിൽ ഉണ്ടായിരുന്ന നമ്പർ കുറയ്ക്കുന്നത് എന്തിനാണെന്ന് മനസ്സിലാകുന്നില്ല? അതൊരു പറ്റം സവർണ്ണമേധാവികളുടെ കയ്യിൽ അല്ലെങ്കിൽ സമുദായ സംഘടനയുടെ നേതാക്കന്മാരുടെ കയ്യിൽ ദേവസ്വങ്ങളുടെ മുഴുവൻ ഭരണവും അമരണമെന്നുള്ള ഗൂഢലക്ഷ്യമല്ലേ യഥാർത്ഥത്തിൽ അതിന് പുറകിലുള്ളത്. ഉദ്യോഗസ്ഥ ഇടപെടലിനുള്ള സാഹചര്യം ഒരുക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. ഉദ്യോഗസ്ഥരാണ് ഇപ്പോൾ ഭരിക്കുന്നത്. ഉദ്യോഗസ്ഥരുടെ ഭരണം മോശമല്ലെന്നല്ല പറയുന്നത്. തിരുവിതാകൂർ ദേവസ്വംബോർഡിൽ ആരാണ് ഭരിക്കുന്നത്? ഹൈപവർ കമ്മിറ്റിയുണ്ട്. ഈ ഹൈപവർ കമ്മിറ്റിയാണ് എല്ലാ കാര്യങ്ങളും കൈകാര്യം ചെയ്യുന്നത്. ആ ബില്ലിനെയും ബോർഡിനെയും ഒക്കെ ദുർബലപ്പെടുത്തുന്ന രീതിയിലാണ് ഈ ഭേദഗതി ഇപ്പോൾ കൊണ്ടുവരുന്നത്. ഇതൊരിക്കലും ശരിയായ കാര്യമല്ല. ഇവിടെ പി.എസ്.സിയുടെ വിശ്വാസ്യത ഇല്ലാതാവുകയാണ്. പി.എസ്.സി.-യെക്കാൾ മെച്ചപ്പെട്ട ഒരു സംവിധാനം വേറെ വേണമെന്ന് ഗവൺമെന്റുതന്നെ വാദിച്ചാൽ അതിന്റെ അർത്ഥമെന്താണ്? അതിന്റെ അർത്ഥം പി.എസ്.സി. മോശമാണെന്നാണ്. ഇവിടെ പ്രചരിപ്പിച്ച പോലെയൊന്നുമല്ല വസ്തുതകൾ എന്ന് എല്ലാവർക്കും മനസ്സിലായല്ലോ? ഹിന്ദു പി.എസ്.സി. അംഗങ്ങൾ ഇന്റർവ്യൂവിന് ഇരുന്നുകൊണ്ട് ഹിന്ദു ഉദ്യോഗാർത്ഥികളെ മാത്രം സ്വീകരിച്ചുകൊണ്ട് ക്ലാർക്ക് തുടങ്ങിയ വേക്കൻസികളിലേക്ക് ആ തരത്തിൽ റിക്രൂട്ട്മെന്റ് നടത്തിക്കൊണ്ട് ഒരു സംവിധാനം പി.എസ്.സി. വഴി നട

ത്താൻ തീരുമാനിച്ചാൽ, അതുവേണ്ട ഞങ്ങൾക്ക് വേറൊരു റിക്രൂട്ട്മെന്റ് ബോർഡ് വേണമെന്ന് പറഞ്ഞാൽ സാധാരണക്കാർക്ക് പെട്ടെന്ന് അത് അഴിമതിക്കുവേണ്ടിയാണെന്ന് മനസ്സിലാകും. ഇതൊരു പുതിയ സംവിധാനത്തിന് വേണ്ടിയിട്ടാണെന്ന് മനസ്സിലാകും. കേരളത്തിലെ ആളുകൾക്കൊന്നും ഇത് മനസ്സിലാകില്ല എന്ന് യു.ഡി.എഫ്.–ന്റെ മന്ത്രിയും ബന്ധപ്പെട്ട ആളുകളും കരുതുന്നുണ്ടെങ്കിൽ അത് അങ്ങേയറ്റം ലജ്ജാകരമെന്നുമാത്രമേ പറയാൻ കഴിയുകയുള്ളു. ആക്ടിനനുസരിച്ചുള്ള റൂൾസ് ഉണ്ടാക്കുന്നതിനുള്ള അധികാരം ബോർഡിൽ നിന്ന് എടുത്തുമാറ്റി സർക്കാരിന് മുൻകൂട്ടി അനുവാദം വേണമെന്ന് പറയുന്നതിനെ സംബന്ധിച്ച് എല്ലാം ഇവിടെ വിശദീകരിച്ചു. ഇത് ഉദ്യോഗസ്ഥന്മാരുടെ കൈകളിലേക്ക് വീണ്ടും വീണ്ടും ബോർഡിനെ എത്തിച്ചുകൊടുക്കുകയാണ്. ഇതിപ്പോൾ ദേവസ്വംബോർഡിനു മാത്രമല്ല. വേറെ എവിടെയാണെങ്കിലും ഒരു സംശയവുമില്ല സ്വയംഭരണാവകാശമുള്ള ഏത് സംവിധാനത്തിലും ഈ തരത്തിൽ ഒരു നിയമം കൊണ്ടുവരിക ഭേദഗതി കൊണ്ടുവരിക എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം ആ സ്ഥാപനത്തെ അവിടെ നിലനിർത്തുകയും ഭരണം മുഴുവനും ഉദ്യോഗസ്ഥന്മാരുടെ കൈകളിലേക്ക് കൊടുക്കുകയും ചെയ്യുക എന്നുള്ളതാണ് ഇവിടെ സംഭവിച്ചിരിക്കുന്നത്. ഇത് ഒട്ടും ശരിയല്ല. ഇവിടെ ആവർത്തിച്ച ഒരു കാര്യം പറയാതെ പോകുന്നില്ല എന്നുമാത്രമേ ഉള്ളു. സ്ത്രീകളേയും അതുപോലെ പട്ടികജാതി വിഭാഗങ്ങളേയും അപമാനിക്കുകയാണ് ചെയ്യുന്നത്. ഒന്നുകിൽ മുഴുവൻ അംഗങ്ങളെയും ഇവിടെ തെരഞ്ഞെടുക്കാം അല്ലെങ്കിൽ മുഴുവൻ അംഗങ്ങളെയും മന്ത്രിമാർ തെരഞ്ഞെടുത്താലും കുഴപ്പമില്ല. ഉന്നതന്മാരെയെല്ലാം ഞങ്ങൾ തെരഞ്ഞെടുക്കാം. പട്ടികജാതിക്കാരെ ഒക്കെ നിങ്ങൾ തെരഞ്ഞെടുത്തോ എന്നു പറയുന്ന ഒരു സംവിധാനം വിവേചനമാണ്. പട്ടികജാതി

ക്കാരോട് ചെയ്യുന്ന അങ്ങേയറ്റത്തെ അപമാനത്തിനു തുല്യമാണ്. ഇതൊരിക്കലും ശരിയായ കാര്യമല്ല. നമ്മുടെ കേരളത്തിലെ അമ്പലങ്ങളുടെ സ്ഥിതി വളരെ ശോചനീയമാണ്. ഇവിടെയുള്ള കുറച്ചു ക്ഷേത്രങ്ങൾക്കുമാത്രമാണ് സാമ്പത്തികമായി ശേഷിയുള്ളത്. ബാക്കിയുള്ള അമ്പലങ്ങളുടെ സ്ഥിതി വളരെ പരിതാപകരമാണ്. വരുമാനമുള്ള അമ്പലങ്ങളിലെ പണമൊക്കെ എടുത്തുകൊണ്ടാണ് വരുമാനമില്ലാത്ത അമ്പലങ്ങൾ നിലനിൽക്കുന്നത്. ഇവിടെയുള്ള പൊതുവായ പ്രചരണത്തെക്കുറിച്ച് ഞാൻ മുമ്പ് ചർച്ചയിൽ പങ്കെടുത്തപ്പോൾ പറഞ്ഞതാണ്. ആ പ്രചരണം ഹിന്ദു ക്ഷേത്രങ്ങളുടെ വരുമാനമെല്ലാം സംസ്ഥാന ഗവൺമെന്റിന്റെ ഖജനാവിലേക്ക് പോകുകയാണെന്നും തിരിച്ചൊന്നും നൽകുന്നില്ലെന്നുമാണ്. മറ്റ് മത വിഭാഗങ്ങളുടെ ആരാധാനയങ്ങളിലെ വരുമാനമെല്ലാം അവരവർ തന്നെ കൈകാര്യം ചെയ്യുന്നു. ഇത് തീവ്രവാദികളായ ഹിന്ദുക്കളാണ് പ്രചരിപ്പിക്കുന്നത് എങ്കിൽപോലും ഭരണകൂടങ്ങൾക്കെതിരായുള്ള ഒരു വികാരം ഉണ്ടാക്കുന്നതിനുവേണ്ടിയിട്ടാണ് ഇത് ഉപയോഗപ്പെടുത്തുന്നത്. ഈ പ്രചരണം അവാസ്തവമാണ് എന്ന് നമുക്ക് ബോധ്യപ്പെടുത്തേണ്ടത് ആവശ്യമാണ്. എല്ലാ മത വിഭാഗങ്ങളെയും എന്നപോലെ ഹൈന്ദവ ആരാധാനാലയങ്ങൾക്കും സർക്കാർ അങ്ങോട്ട് സാമ്പത്തിക സഹായം ചെയ്യുകയല്ലാതെ ഒന്നും ഇങ്ങോട്ട് എടുക്കുന്നില്ല എന്ന് ആളുകളെ ബോദ്ധ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഹൈന്ദവ ക്ഷേത്ര പരിപാലനത്തിനായി രൂപീകരിച്ച ദേവസ്വം ബോർഡുകൾ കൂടുതൽ അധികാരങ്ങൾ ബോർഡുകൾക്ക് നൽകുന്നതിനു പകരം അവിടെയെല്ലാം സർക്കാർ താല്പര്യങ്ങൾ അടിച്ചേൽപ്പിക്കാനും ഉദ്യോഗസ്ഥ ഇടപെടൽ ശക്തിപ്പെടുത്താനും ബോർഡുകൾ ദുർബലപ്പെടുത്താനുമാണ് ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ആ അർത്ഥത്തിൽ പറഞ്ഞാൽ

ഒരുപക്ഷേ, അത് വെറെ എവിടെയും ചെയ്യാൻ വേണ്ടി കഴിയില്ല. അത് മറ്റേതെങ്കിലും മതസ്ഥാപനങ്ങളിൽ ചെയ്യാൻ വേണ്ടി സാധിക്കില്ല. അത് ചെയ്യാൻ വേണ്ടി കഴിയുന്നത് ഇവിടെ മാത്രമാണ്. അത് കൂടുതൽ ശക്തമായി ഗവൺമെന്റ് ഭരണത്തിലൊക്കെ ഇടപെടുന്നു എന്നു പറഞ്ഞാൽ ഈ പറയുന്ന പ്രചരണത്തിന് ആക്കം കൂട്ടുകയേയുള്ളു എന്ന കാര്യം ഓർക്കണം.

ശബരിമലയിൽ ദേവസ്വം ബോർഡിന് എന്ത് റോളാണ് യാഥാർത്ഥത്തിലുള്ളത്? സർക്കാർ നിയോഗിച്ച ഹൈപവർ കമ്മിറ്റിയും ബന്ധപ്പെട്ട ആളുകളുമാണ് കാര്യങ്ങളെല്ലാം കൈകാര്യം ചെയ്യുന്നത്. ദേവസ്വം ബോർഡിലെ അംഗങ്ങളുമായി സംസാരിക്കുമ്പോൾ അവർക്കുപോലും എന്താണ് സംഭവിക്കുന്നതെന്ന് മനസ്സിലാകുന്നില്ല. ശബരിമലയിലും പരിസര പ്രദേശങ്ങളിലുമൊക്കെ നേരത്തെയൊന്നുമില്ലാത്ത നിരവധി അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കുന്നുകൂടുകയാണ്. തമിഴ്നാട്ടിൽ നിന്ന് വരുന്ന സ്വാമിമാർക്ക് ഗുരുസ്വാമി എന്ത് പറയുന്നുവോ അതാണ് നിയമം, അതിനപ്പുറമൊന്നുമില്ല. ഗുരുസ്വാമി തനിക്ക് നല്ല അറിവുണ്ടെന്ന് ബോദ്ധ്യപ്പെടുത്താൻ വേണ്ടി ഏതെങ്കിലും ഒരു കല്ലുകണ്ടാൽ അതിൽ നാളികേരം ഉടയ്ക്കാൻ പറയും. അപ്പോൾ എല്ലാവരും അവിടെ നാളികേരം ഉടയ്ക്കും. കുറച്ചുകൂടി പോകുമ്പോൾ ഒരു മൊന്ത കണ്ടാൽ ഗുരുസ്വാമി അവിടെയും ഒരു നാളികേരം ഉടയ്ക്കാൻ പറയും, അപ്പോൾ അവിടെയും നാളികേരം ഉടയ്ക്കും. ഇതൊന്നും നേരത്തെയില്ലാത്തതാണ്. ആ രീതിയിൽ ഓരോരുത്തർക്കും തോന്നുന്ന പുതിയ പുതിയ ആചാരങ്ങൾ...., ശബരിമല ക്ഷേത്രം ദർശിച്ചു വന്നാൽ അതുവരെ ധരിച്ചിരുന്ന വസ്ത്രങ്ങൾ മുഴുവൻ പമ്പയിൽ മുക്കിക്കളയണം എന്ന ഒരാചാരം ലോകത്തെവിടെയും കേട്ടിട്ടില്ല, ഇവിടെ കേരള

ത്തിലും കേട്ടിട്ടില്ല. പക്ഷെ തമിഴ്നാട്ടുകാരാണ് ഈ ആചാരം തുടങ്ങിവച്ചത്. അതിന്റെ ഭാഗമായി പമ്പയിൽ മുഴുവൻ ഈ തുണിത്തരങ്ങളാണ്.

മി. ചെയർമാൻ: ആ തുണി തിരിച്ചെടുക്കാൻ ലക്ഷങ്ങളുടെ കോൺട്രാക്ടാണ്.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ആ തുണി കഴിഞ്ഞവർഷം മുപ്പത് ലക്ഷം രൂപയ്ക്ക് ടെണ്ടർ പോയെന്നതാണ് പുതിയ വിവരം. മാത്രമല്ല, പാറക്കല്ലുകൾ എവിടെയൊക്കെയുണ്ടോ, അവിടെയൊക്കെ നാളികേരം വരുകയാണ്. ആ നാളികേരം ശേഖരിക്കുന്നതിനും അവിടെയൊക്കെ ഈ കരാറുകാരൻ ആളുകളെ നിർത്തിയിട്ടുണ്ട്. ഈ ദുരാചാരങ്ങളെ ഇല്ലാതാക്കുകയല്ല ദേവസ്വം ബോർഡ് ചെയ്യുന്നത്, അല്ലെങ്കിൽ ദേവസ്വം ബോർഡിന്റെ മുകളിലുള്ള ഹൈ പവർ കമ്മിറ്റി ചെയ്യുന്നത്, അതിനെ പ്രോത്സാഹിപ്പിക്കുകയാണ്. കാരണം, പണം കൂടുതൽ കിട്ടുകയാണ്. പണം കൂടുതൽ കിട്ടിയാൽ എന്ത് ദുരാചാരങ്ങളും ആയിക്കോട്ടെ എന്ന ഒരു സമീപനമാണ് ഗവൺമെന്റും ദേവസ്വം ബോർഡും അക്കാര്യത്തിൽ എടുക്കുന്നത്. നമുക്കെല്ലാവർക്കും അറിയാം, കഴിഞ്ഞ പ്രാവശ്യം തെളിയിക്കപ്പെട്ട ഒന്നാണ്, മകരവിളക്ക്/മകരജ്യോതി എന്നുപറയുന്നത് സ്വയംഭൂവായി ഉണ്ടാകുന്നതല്ല എന്ന കാര്യം. അത് അവിടെപ്പോയി കത്തിക്കുന്നതാണെന്ന് വ്യക്തമായിക്കഴിഞ്ഞു. പക്ഷെ അതൊന്നുമല്ലാത്ത ഒരു പ്രചരണമാണ് നടക്കുന്നത്. ടി.വി. -യിലെല്ലാം മകരജ്യോതി കത്തിക്കുമ്പോൾ നടത്തുന്ന ഒരു കമന്ററി എന്താണ്, ആരോ ഇറങ്ങി വന്ന്, സ്വയംഭൂവായി ഒരു തീ ഉണ്ടാകുന്നു എന്ന മട്ടിലുള്ള പ്രചരണമാണ് നടക്കുന്നത്. ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ, ശാസ്ത്ര-സാങ്കേതിക വിദ്യയെല്ലാം ഇത്രയും വികസിച്ച കാലഘട്ടത്തിൽ, അങ്ങനെയല്ല ഇത് ദേവസ്വം ബോർഡ് നിയോഗിക്കുന്ന ആളുതന്നെയാണ്

കത്തിക്കുന്നത് എന്ന് മനസ്സിലായിട്ടും പ്രചരിപ്പിച്ചിട്ടും ബോദ്ധ്യമായിട്ടു പോലും, കഴിഞ്ഞ വർഷമോ അതിന്റെ മുമ്പത്തെ വർഷമോ അത് എല്ലാ പത്രങ്ങളിലും വന്നു, കാര്യങ്ങളെല്ലാം വ്യക്തമാകുകയും ചെയ്തു. എന്നിട്ടും ആ ദുരാചാരത്തെ, തെറ്റായ വിശ്വാസത്തെ പ്രചരിപ്പിച്ച് കൂടുതൽ പണം ലഭിക്കുന്നതിനുവേണ്ടിയിട്ടുള്ള .....................

ശ്രീ. പാലോട് രവി: സർ, ശ്രീ. ജി. സുധാകരൻ ഉൾപ്പെടെയുള്ള അങ്ങയുടെ ഗവൺമെന്റ് അഞ്ച് വർഷക്കാലം ഈ സംസ്ഥാനത്ത് ഉണ്ടായിരുന്നു. നിങ്ങളെന്താ ഈ പൊന്നമ്പലമേട്ടിൽ നടന്ന................

മി. ചെയർമാൻ: ശ്രീ. പാലോട് രവി അങ്ങയുടെ സീറ്റിലിരുന്ന് സംസാരിക്കണം.

ശ്രീ. പാലോട് രവി: സർ, ഇതെന്റെ സീറ്റാണ്.

മി. ചെയർമാൻ: അങ്ങയുടെ സീറ്റിൽ മിനിസ്റ്റർ ആണ്.

ശ്രീ. പാലോട് രവി: സർ, ഇല്ല. അദ്ദേഹം പോയി. പ്രതിപക്ഷത്ത് ഇരിക്കുമ്പോൾ മാത്രം നിരീശ്വരവാദവും, അന്ധവിശ്വാസവും, അനാചാരവും, അഴിമതിയും. അഞ്ച് വർഷക്കാലം ശബരിമലയിൽ ഒരുവിധം നല്ല കാര്യങ്ങൾ ചെയ്ത മന്ത്രിയാണ് ശ്രീ. ജി. സുധാകരൻ. അദ്ദേഹം നിയമനാധികാരം ദേവസ്വം ബോഡിൽ നിന്ന് മാറ്റി പി.എസ്.സി.ക്ക് വിട്ടു. എന്നിട്ടും അദ്ദേഹത്തെ മാറ്റി മന്ത്രിസ്ഥാനം വേറൊരാൾക്ക് കൊടുക്കുകയും ചെയ്തു. എങ്ങനെയാണ് ശ്രീ. ജി. സുധാകരനിൽ നിന്ന് മന്ത്രിസ്ഥാനം എടുത്ത് മാറ്റിയതെന്നും ആരുമായി ചർച്ചചെയ്തിട്ടാണ് മാറ്റിയതെന്നുമെല്ലാം ഞങ്ങൾക്കറിയാം. എന്നിട്ട് ഇവിടെ വന്നിരുന്നുകൊണ്ട് ഇങ്ങോട്ട് ചൂണ്ടിക്കാണിച്ച് ഈ അന്ധവിശ്വാസവും അനാചാരവും എന്നുപറയുന്നു. എത്ര വർഷം നിങ്ങൾ

ഇവിടെ ഭരിച്ചതാണ്. അന്നെല്ലാം പൊന്നമ്പലമേട്ടിൽ ലക്ഷക്കണക്കിനാളുകൾ പോയി തൊഴുതതാണ്.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ഇത് വ്യക്തമാക്കപ്പെട്ടതും പുറത്തേയ്ക്ക് വന്നതും ഇപ്പോഴാണ്. അത്രേയുള്ളു. അതിന് വേറെ ഗവേഷണങ്ങളൊന്നും നടത്തിയിട്ടില്ല. അന്നത്തെ ഇടതുപക്ഷത്തിന്റെ കാലത്തോ അതിനുമുന്നിലത്തെ യു.ഡി.എഫ്.-ന്റെ ഭരണകാലത്തോ ഒരു ഗവേഷണവും നടന്നിട്ടില്ല. ഇപ്പോൾ വെളിച്ചത്തു വന്നല്ലോ, ഇപ്പോൾ കൃത്യമായല്ലോ, ഞാൻ ആചാരത്തിന്റെ പ്രശ്നമോ വിശ്വാസത്തിന്റെ പ്രശ്നമോ പറഞ്ഞതല്ല. പക്ഷെ അതാണല്ലോ. ഞാൻ പറഞ്ഞുവന്നത് മറ്റൊന്നുമല്ല, ശബരിമലയിലായാലും മറ്റു പ്രദേശങ്ങളിലായാലും അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമാണെങ്കിലും കമ്മിറ്റിക്ക് അതുവഴി പണം കിട്ടുകയാണെങ്കിൽ ആയിക്കോട്ടെ ഒരു വിരോധവുമില്ല എന്നൊരു രീതിയാണ് നമ്മളിപ്പോൾ തുടരുന്നത്. അത് ശരിയാണോ എന്ന് ചിന്തിക്കണം എന്നുമാത്രമേ പറഞ്ഞുള്ളൂ. ഇപ്പോൾ ഇതുമായി ബന്ധപ്പെട്ട അഴിമതിയുടെ കേസ്, നിങ്ങളാണ് അതിന് വഴിയൊരുക്കുന്നത്. ഈ ഗവണ്മെന്റ് ഏറ്റവും അപമാനിതമാകാൻ പോകുന്നത്, ഈ ദേവസ്വത്തിലെ നിയമനങ്ങൾ വഴി ശ്രീ. രാമൻ നായരേക്കാൾ വലിയ ഒരു രാമൻനായരെയാണ് നിങ്ങൾ ഉണ്ടാക്കാൻ പോകുന്നത്. അത് സംഭവിക്കും. അത് നിങ്ങൾ അനുഭവിക്കേണ്ട കാര്യമാണ്. നിങ്ങൾ അനുഭവിച്ചുകൊള്ളൂ. ശബരിമലയിൽ നിരവധി പ്രശ്നങ്ങൾ ഇപ്പോഴുമുണ്ട്. അവിടെ നിരവധി പ്രശ്നങ്ങൾ, പെരിയാർ റിസർവ്വ് വനം, അയ്യപ്പന്റെ ശബരിമല പൂങ്കാവനം, അവിടെ വലിയ തോതിലുള്ള മരംവെട്ടു നടക്കുകയാണെന്ന് പത്രവാർത്ത വന്നു. പത്ര കട്ടിംഗ്സ് ഞാൻ കൊണ്ടുവന്നിട്ടുണ്ട്. ഒരു പ്രത്യേക സ്ഥലത്ത്

മാത്രം 1000 മരം വെട്ടിക്കഴിഞ്ഞു എന്നാണ് അതിൽ പറയുന്നത്. അതിന്റെ കണക്ക് പോലും പത്രങ്ങളിൽ വന്നു. കസ്തൂരിരംഗൻ റിപ്പോർട്ട് അയ്യപ്പ നെയും പ്രയാസത്തിലാക്കുമെന്നാണ് ഇപ്പോൾ പുതിയ നിയമങ്ങളിലെല്ലാം പറയുന്നത്. ശബരിമലയിൽ ഗതാഗത നിയന്ത്രണം വരാൻ പോകുന്നു. കടുവാ സങ്കേത പരിധിയിൽ ശബരിമല വരുമെന്നാണ് പറയുന്നത്. ഇതിനെ ക്കുറിച്ചൊന്നും ഗവൺമെന്റ് ആലോചിക്കുന്നില്ലല്ലോ; ഇതിനെക്കുറിച്ചൊന്നും ഒരു ചർച്ചയും വരുന്നില്ലല്ലോ; വിശ്വാസികളെ ബാധിക്കുന്ന പ്രശ്നമല്ലേ, ലക്ഷ ക്കണക്കിന് ആളുകൾ വർഷംതോറും പോകുന്ന സ്ഥലത്തേക്കുള്ള സഞ്ചാര സ്വാതന്ത്ര്യമെല്ലാം നിഷേധിക്കപ്പെടുന്ന ഒരു സാഹചര്യമുണ്ടായിട്ടും അങ്ങനെ യൊന്നും വരുന്നില്ലല്ലോ? ശബരിമലയിൽ നിന്നും വരുന്ന വാർത്തകളെല്ലാം അഴിമതിയുടെയും വെട്ടിപ്പിന്റെയും വാർത്തകളാണ്. അരവണ ടിൻ കത്തിച്ച തിനെക്കുറിച്ചും അത് വിജിലൻസ് അന്വേഷിക്കാൻ പോകുന്നതിനെക്കുറിച്ചു മൊക്കെ വാർത്ത വന്നിരിക്കുന്നു. കോടിക്കണക്കിന് രൂപയുടെ അപ്പം അവിടെ കത്തിച്ചുകളഞ്ഞിരിക്കുന്നു എന്ന് പുതിയ വാർത്ത വന്നിരിക്കുന്നു. ശബരിമലയോടു കാണിക്കുന്ന അവഗണനയെക്കുറിച്ച് ആക്ഷേപങ്ങൾ വരു ന്നുണ്ട്. അതൊന്നും ഗവൺമെന്റ് ശ്രദ്ധിക്കുന്നില്ല. പുതിയ ബസ്സുകൾ കൊടുക്കാമെന്ന് പറഞ്ഞിട്ട് കൊടുത്തിട്ടില്ല, ഒരു പരാതിയും നിങ്ങൾക്കില്ല, പക്ഷെ അയ്യപ്പ ഭക്തന്മാർക്കും നാട്ടുകാർക്കും അവിടെ പോയിവരുന്നവർക്കും അവിടെ പ്രയാസം അനുഭവിക്കുന്നവർക്കും പരാതിയുണ്ട്. ഈ ക്ഷേത്ര ഭര ണവുമായി ബന്ധപ്പെട്ടകാര്യം ഇവിടെ ചർച്ച ചെയ്യപ്പെട്ടതാണെങ്കിലും വീണ്ടും പറയാതിരിക്കാനാവില്ല. ഗുരുവായൂരിലുണ്ടായ സംഭവം അത് എല്ലാവരും

ശക്തമായി അപലപിക്കേണ്ട ഒന്നാണ്. സാമൂഹ്യപരിഷ്കരണ രംഗത്തെല്ലാം നമ്മൾ ഇത്രയും മുന്നോട്ടു വന്നിട്ടും ഒരു............

ശ്രീ. പി. സി. ജോർജ്: സർ, അങ്ങ് ശബരിമലയെപ്പറ്റി പറഞ്ഞതുകൊണ്ടാണ്, ഇല്ലെങ്കിൽ ഞാൻ എഴുന്നേൽക്കില്ലായിരുന്നു. ശബരിമലയിലും അനുബന്ധ നഗരമായ എരുമേലി, ചെങ്ങന്നൂർ, പമ്പ എന്നിവിടങ്ങളിലും ഒരു കാലത്തുമില്ലാത്ത രീതിയിലുള്ള ഫണ്ട് ചെലവഴിച്ചുകൊണ്ട് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് കഴിഞ്ഞ മൂന്ന് വർഷമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി തന്നെ ഈ വർഷം 11 പ്രാവശ്യം എരുമേലിയിലും പമ്പയിലും ചെങ്ങന്നൂരും എത്തി അയ്യപ്പഭക്തരുടെ സംരക്ഷണത്തിനുവേണ്ട എല്ലാ കാര്യങ്ങളും ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നാല് പ്രാവശ്യം ഇതിനുവേണ്ടി മാത്രം കോൺഫറൻസ് വിളിച്ചു. കഴിഞ്ഞ ശബരിമല സീസൺ കഴിഞ്ഞതിന്റെ പിറ്റേ മാസം ഈ വർഷം ശബരിമല സീസണിൽ ആളുകൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കാൻ വേണ്ടി വിപുലമായ കോൺഫറൻസ് മുഖ്യമന്ത്രി വിളിച്ചു. അതുംപോരാഞ്ഞിട്ട് കഴിഞ്ഞവർഷം അഞ്ച് കോടി രൂപ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വേസ്റ്റ് മാനേജ്മെന്റിന് വേണ്ടി വകയിരുത്തിയിട്ടുണ്ട്. എന്നാൽ അതിനായി 27 കോടി രൂപ ചെലവഴിച്ചു. ഇപ്പോഴും ശബരിമലയിൽ ഒരു ഭക്തനും തർക്കമില്ല, ആർക്കും ദു:ഖമില്ല, ഞാനും ശ്രീ. രാജു എബ്രഹാമും ആണല്ലോ അവിടുത്തെ എം.എൽ.എ.മാർ. ഞാൻ പറഞ്ഞ കാര്യങ്ങൾ ശ്രീ. രാജു എബ്രഹാം നിഷേധിക്കട്ടെ, ഞങ്ങൾ ഒരുമിച്ചിരുന്ന് ചർച്ച ചെയ്യാറുണ്ട്, ഒരു രാഷ്ട്രീയവും ഇക്കാര്യത്തിലില്ല. അവിടെ വരുന്ന അയ്യപ്പഭക്തന്മാർ

ഞങ്ങളുടെ അതിഥികളാണ് എന്ന നിലയിൽത്തന്നെയുള്ള പ്രവർത്തനമാണ് റാന്നിയിൽ ഉൾപ്പെടെ നടന്നുകൊണ്ടിരിക്കുന്നത്. അങ്ങ് തെറ്റിദ്ധരിപ്പിക്കരുത്.

ശ്രീ. ബാബു എം. പാലിശ്ശേരി: ശബരിമല ഭക്തന്മാർ നമ്മുടെയൊക്കെ അതിഥികൾ തന്നെയാണ്. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ഇങ്ങോട്ടുവരുന്ന ആളുകളെയൊക്കെ നമ്മൾ അങ്ങേയറ്റം ബഹുമാനത്തോടുകൂടിയും സ്നേഹ ത്തോടുകൂടിയുംതന്നെയാണ് സ്വീകരിക്കുന്നത്. അതിനൊന്നും സംശയമില്ല. അവർക്ക് കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കാൻ വേണ്ടി മാറിമാറി വരുന്ന ഗവൺമെന്റുകൾ പരമാവധി ശ്രമിക്കുന്നുമുണ്ട്. ശ്രമിക്കുന്നില്ലെന്ന് ഞാൻ പറഞ്ഞില്ല.

ശ്രീ. പി. സി. ജോർജ്: സർ, തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ നിന്നാണ് അയ്യപ്പഭക്തന്മാർ കൂടുതലായി വരുന്നത്. സെൻട്രൽ ഗവൺമെന്റ് സാങ്ഷൻ വാങ്ങിച്ചുകൊണ്ട് ആ മൂന്ന് സ്റ്റേറ്റിനും അഞ്ച് ഏക്കർ സ്ഥലം വീതം വനം വകുപ്പിൽ നിന്ന് മേടിച്ച് അവരുടേതായ നടപടികൾ സ്വീകരിക്കാൻ വേണ്ടി കൊടുത്തു. അതിൽ തമിഴ്നാടും കർണ്ണാ ടകയും പണി ആരംഭിച്ചുകഴിഞ്ഞു. അത്രയും വിപുലമായ പ്രവർത്തനങ്ങൾ ശബരിമലയും പമ്പയും കേന്ദ്രീകരിച്ച് നടക്കുകയാണ് എന്ന വസ്തുതകൂടി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഇത്തവണ ശബരിമലയിലേയ്ക്ക് രാമർപാദം എന്ന സ്ഥലത്തുകൂടി നടന്നുപോയവർക്ക് പോലീസിന്റെ അതി ഭീകരമായ പീഡനം നേരിടേണ്ടിവന്നുവെന്ന് പത്രത്തിലുണ്ടായിരുന്നു, എന്നെ നേരിട്ട് വിളിച്ച് ആ വിവരം പറയുകയും ചെയ്തു. അവർ താമസിച്ചിരുന്ന സ്ഥലത്ത്, കഞ്ഞി വച്ചിരുന്ന പാത്രം ചവിട്ടിപ്പൊളിക്കുകയും പച്ചക്കറികൾ

എടുത്ത് കളയുകയുമൊക്കെ ചെയ്തതായി പറഞ്ഞു. ഒരു കാലത്തുമുണ്ടാകാത്ത രീതിയിലുള്ള മോശമായ പെരുമാറ്റം ഇത്തവണയുണ്ടായി. ഞാൻ വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ടിരുന്നു. ഇങ്ങനെ ഒരു സംഭവമുണ്ടായത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അദ്ദേഹം മറന്നുകാണാൻ സാധ്യതയില്ല.

ശ്രീ. പി. സി. ജോർജ്: സർ, ആ സംഭവം ഒരു പരിധിവരെ ശരിയാണ്. തമിഴ്നാട്ടിൽനിന്നും നിയോഗിക്കപ്പെട്ട ഒരു പോലീസുകാരനാണ് അത് ചെയ്തത്. വിവരം അറിഞ്ഞ നിമിഷം ആ പോലീസുകാരനെ തമിഴ്നാട്ടിലേക്ക് വിടുകയും ചെയ്തു. അതും ഒരു വസ്തുതയാണ്.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, അക്കാര്യം പത്രവാർത്തകളിലൂടെ അറിഞ്ഞതാണ്. ആ വാർത്തയുടെ കട്ടിംഗ്സ് ഉണ്ടായിരുന്നിട്ടും ഞാൻ ബോധപൂർവ്വം പറയാതിരുന്നതാണ്. കാരണം നമ്മൾ നിയമസഭയിലാണ് സംസാരിക്കുന്നത്. നിയമസഭയിൽ സംസാരിക്കുന്ന ഒരു കാര്യം രഹസ്യമാവില്ല, അത് മറച്ചുവയ്ക്കാനും കഴിയില്ല. അതൊക്കെ തമിഴ്നാട്ടിൽ അറിഞ്ഞാൽ, അവിടെയുള്ള ആളുകളെ ഇവിടത്തെ പോലീസ് അടിച്ചു എന്നൊക്കെ പറയുന്നത് അവിടെയുള്ള ആളുകളെ വികാരം കൊള്ളിക്കുന്ന ഒരു കാര്യമാണ്. അത് ശരിയല്ലല്ലോ എന്നുകരുതിയാണ് ഞാൻ പറയാതിരുന്നത്. പത്രങ്ങളിലെല്ലാം വാർത്ത വന്നതാണ്. ശബരിമലയിൽ അറേഞ്ചുമെന്റ്സൊന്നും നടത്തിയിട്ടില്ല എന്നല്ല പറഞ്ഞത്. മകരവിളക്ക് കത്തുന്ന ദിവസം ഒരു പ്രത്യേക ഏരിയയിലൂടെ വാഹനങ്ങൾക്ക് പോകാൻ കഴിയുന്നില്ല, ധാരാളം അയ്യപ്പൻമാർ ഇവിടെ നിൽക്കുകയാണ്, എന്തെങ്കിലും പ്രശ്നമുണ്ടായാൽ വലിയ ദുരന്തത്തിലേയ്ക്ക് പോകുമെന്ന് ടി.വി.-യിൽ പറഞ്ഞുകൊണ്ടേയിരിക്കുകയായിരുന്നു. ആളുകളുടെ എണ്ണം കൂടുമ്പോൾ സൗകര്യങ്ങളൊരുക്കുവാനുള്ള പ്രയാസം ഉണ്ടാകും. അത് സ്വാഭാവികമാണ്.

അതൊക്കെ ശരിയുമാണ്. പക്ഷെ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനു വേണ്ടിയുള്ള സംവിധാനങ്ങൾ എങ്ങനെ ഒരുക്കണമെന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്യേണ്ടതും ചിന്തിക്കേണ്ടതുമാണ്. അതിനുവേണ്ടിയാണല്ലോ ബോർഡ് രൂപീകരിക്കുന്നത്. ബോർഡുകളെ ശക്തിപ്പെടുത്തുന്നതിനുപകരം ദുർബ്ബലപ്പെടുത്തുന്ന ഒരു സമീപനം ഗവൺമെന്റ് എടുത്താൽ എങ്ങനെയാണ്; ശബരിമല ദേവസ്വം ബോർഡാണെങ്കിലും, നമ്മൾ ചർച്ച ചെയ്യാൻ പോകുന്ന മലബാർ ദേവസ്വം ബോർഡിനെക്കുറിച്ചാണെങ്കിലും അതിനെ ദുർബ്ബലപ്പെടുത്തുന്ന സമീപനമാണ് ഗവൺമെന്റ് എടുക്കുന്നതെങ്കിലോ, കേരളത്തിലെ അമ്പലങ്ങളിൽ ബഹുഭൂരിപക്ഷവും നിത്യനിദാന ചെലവിന് മാർഗ്ഗമില്ലാത്ത അമ്പലങ്ങളാണ് എന്നുള്ള കാര്യത്തിൽ നമുക്ക് തർക്കമില്ല, മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള 2300 അമ്പലങ്ങളിൽ 81 അമ്പലങ്ങൾ മാത്രമാണ്, 25 ലക്ഷം രൂപയ്ക്കുമേൽ വരുമാനമുള്ളവ (സ്പെഷ്യൽ ഗ്രേഡ്). ബാക്കിയുള്ള തൊള്ളായിരത്തിൽപ്പരം അമ്പലങ്ങൾ ഏതാണ്ട് 10 ലക്ഷം രൂപ വരുമാനമുള്ളവയാണ്. ബാക്കി മുഴുവൻ നിത്യ നിദാന ചെലവ് വഹിക്കാൻ മാർഗ്ഗമില്ലാത്ത ദരിദ്രമായ അമ്പലങ്ങളാണ്. അവരെല്ലാം നിലനിന്നുപോകുന്നത്, വരുമാനമുള്ള അമ്പലങ്ങളിൽനിന്ന് ബോർഡിനുലഭിക്കുന്ന വരുമാനത്തിൽനിന്ന് അവരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും കൊടുത്ത് മുന്നോട്ട് പോകുകയാണ്. പക്ഷെ ഇപ്പോൾ നമ്മൾ എടുക്കുന്ന സമീപനം എന്താണ്; ഏറ്റവും കൂടുതൽ വരുമാനമുള്ള മൂന്ന് അമ്പലങ്ങളായ – ശ്രീകണ്ഠേശ്വര ക്ഷേത്രം കോഴിക്കോട്, തലശ്ശേരിയിലെ ബദരീനാഥ് ക്ഷേത്രം, കണ്ണൂരിലെ മറ്റൊരുക്ഷേത്രം ഇവ ട്രസ്റ്റുകൾക്ക് വിട്ടു കൊടുത്തില്ലേ; ഈ ഗവൺമെന്റ് വന്നതിനുശേഷമല്ലേ ആ മൂന്ന്

ക്ഷേത്രങ്ങളും വിട്ടുകൊടുത്തത്; മുമ്പ് വരുമാനമില്ലാതിരുന്ന കാലത്ത് അവർതന്നെ അഭ്യർത്ഥിച്ചതുപ്രകാരം ദേവസ്വംബോർഡ് ഏറ്റെടുത്തതാണ്. ബോർഡിന്റെ കീഴിലുണ്ടായിരുന്ന നല്ല വരുമാനമുള്ള മൂന്ന് ക്ഷേത്രങ്ങൾ ട്രസ്റ്റുകൾക്ക് വിട്ടുകൊടുത്തു. ഇപ്പോൾ– 'ഈ മൂന്ന് അമ്പലങ്ങൾ വിട്ടുകൊടുത്ത സാഹചര്യത്തിൽ ഞങ്ങളുടെ കയ്യിലുണ്ടായിരുന്ന അമ്പലങ്ങൾ ഞങ്ങൾക്ക് വിട്ടുതരണം' എന്നു കാണിച്ച് സാമൂതിരി രാജാവ് കോടതിയിൽ കേസ് കൊടുത്തിരിക്കുന്നു. കോടതി ഗവൺമെന്റിനോട് ഈ കാര്യത്തെക്കുറിച്ചുള്ള അഭിപ്രായമെന്താണ് എന്ന് ചോദിച്ചിരിക്കുന്നു. ഇതിന്റെ അർത്ഥമെന്താണ്; വരുമാനമുള്ള അമ്പലമൊക്കെ പഴയ ആളുകൾക്ക് വിട്ടുകൊടുക്കുകയും കുറെ ദരിദ്ര ക്ഷേത്രങ്ങൾ ബോർഡിന്റെ കയ്യിൽ വരികയും ചെയ്താൽ ബോർഡ് എങ്ങനെയാണ് മുന്നോട്ട് പോകുന്നത്; ഞാൻ പറഞ്ഞുവന്നത് ബോർഡിനെ ശക്തിപ്പെടുത്തുന്നതിനുപകരം ദുർബ്ബലപ്പെടുത്തുന്ന സമീപനങ്ങളെടുത്താൽ ബോർഡിന് നിലനിൽക്കാനാകില്ല എന്നാണ്. അത് ഗവൺമെന്റ് ശ്രദ്ധിക്കേണ്ട കാര്യമാണ്. ബോർഡുകളെ ശക്തിപ്പെടുത്തുക എന്നുപറയുന്നതോടൊപ്പംതന്നെ വിശ്വാസികൾക്ക് ആരാധനാ സൗകര്യങ്ങളുണ്ടാക്കിക്കൊടുക്കുമ്പോഴും അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും പ്രോത്സാഹിപ്പിക്കുകയുമരുത്. അങ്ങനെയുള്ള സമീപനം ഗവൺമെന്റ് എടുക്കരുത്. കുറച്ചുവരുമാനം കൂടുതൽ ലഭിക്കുമെന്നതിന്റെ അടിസ്ഥാനത്തിൽ അത്തരമൊരു സമീപനം കൈക്കൊള്ളരുത്. കല്ലൂർ ബാബുവിന്റെ കാര്യം ഇവിടെ പലരും സംസാരിച്ചു. ഞാൻ നേരിട്ട് അറിയുന്ന ആളാണ്, എന്റെ അടുത്തുള്ള ആളാണ്. അദ്ദേഹത്തിന് ബഹുജനങ്ങളിൽനിന്നും നല്ല പിന്തുണയാണ് കിട്ടിയത്. മിക്കവാറുമുള്ള എല്ലാ പുരോഗമന സംഘടന

കളും രാഷ്ട്രീയ പ്രസ്ഥാനങ്ങളും അതിനെ അപലപിച്ചു. വലിയ വലിയ യോഗങ്ങൾ ഗുരുവായൂരും തൃശ്ശൂരിലുമൊക്കെ നടന്നു. അത് കാണിക്കുന്നത് എന്താണ്; കേരളീയ സമൂഹം ഇപ്പോഴും ജാതീയമായ വേർതിരിവിനെ അനുകൂലിക്കുന്നില്ല, കേരളീയ സമൂഹം അതിനെ എതിർക്കുന്നു. അങ്ങനെ ഉണ്ടായിട്ടുപോലും ഗവൺമെന്റിന്റെ ഭാഗത്തുനിന്നോ മന്ത്രിയുടെ ഭാഗത്തുനിന്നോ ഒരു സമീപനം ഉണ്ടായില്ല, എന്നുമാത്രമല്ല അതിനുനേരെ ഒരു പ്രതിഷേധവും വന്നില്ല എന്നുള്ളത് ദുഃഖകരമാണ്. അതാണ് ഞാൻ പറയുന്ന കാര്യം. ഏത് ദേവസ്വം ബോർഡാണെങ്കിലും ആ ദേവസ്വംബോർഡിന് എക്സിക്യൂട്ടീവ് അധികാരം വേണം. ഗുരുവായൂർ ദേവസ്വംബോർഡിലെ ചെയർമാനോ ബോർഡിനോ എക്സിക്യൂട്ടീവ് പവറുണ്ടോ; ഒരു പവറുമില്ല. ചെയർമാന് അലവൻസില്ല, ശമ്പളമില്ല; ഒരു കാറ് അല്ലാതെ വേറൊന്നും ലഭിക്കില്ല. ബോർഡ് മീറ്റിംഗുകളിൽ പങ്കെടുക്കുന്ന മെമ്പർമാർക്ക് ടി.എ. ലഭിക്കും. അങ്ങനെയാണോ ക്ഷേത്രഭരണം നടത്തുന്ന ആളുകളെ കൈകാര്യം ചെയ്യേണ്ടത്; അപ്പോൾ സ്വാഭാവികമായും വേറെ നിലയിൽ തോന്നും. അങ്ങനെയാണിപ്പോൾ ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്. അവിടെ ഒരു ചെറിയ കാര്യം സാധിക്കണമെങ്കിൽ, നിർമ്മാണപ്രവർത്തനങ്ങൾക്കോ മറ്റുകാര്യങ്ങൾക്കോവേണ്ടി 5,00,000/- രൂപയ്ക്കുമുകളിൽ ചെലവഴിക്കണമെങ്കിൽ ദേവസ്വം കമ്മീഷണറുടെ അനുവാദം വാങ്ങണം. പിന്നെ എന്തിനാണ് ബോർഡ്; ബോർഡിന്റെ ആവശ്യമെന്താണ്; ഗവൺമെന്റ് ഇതിനെയെല്ലാം സഹായിക്കുന്ന നിലപാടല്ലേ എടുക്കുന്നത്. ഞാൻ ദീർഘമായ സംസാരത്തിലേയ്ക്ക് പോകുന്നില്ല. ശക്തമായ പ്രതിഷേധം ഇതിന്റെ മുകളിൽ വരേണ്ടതുണ്ട്. നേരത്തെ സൂചിപ്പിച്ച കാര്യമാണ്. ഇത് വ്യാപകമാകുന്നതിന്റെ

വേറൊരു ലക്ഷണമാണ് തൃപ്രയാർ അമ്പലത്തിൽ നടന്നത്. ശ്രീനാരായണ ഗുരുദേവന്റെ പേരിലുള്ള ഒരു കഥകളി അമ്പലത്തിന്റെ മതിൽകെട്ടിനകത്ത് നടത്താൻ പാടില്ലെന്ന് ദേവസ്വം ബോർഡ് പറഞ്ഞു. ശ്രീനാരായണ ഗുരുദേവന്റെ പേരിൽ ഒരു കഥയുണ്ടാക്കി അത് അവതരിപ്പിക്കാൻ വന്ന പ്പോൾ അത് പാടില്ല എന്ന് കർശനമായി വിലക്കി. ഇത് ശരിയാണോ; ഇങ്ങ നെയുള്ള ഒരു സമീപനം വരുമ്പോൾ ഗവൺമെന്റിന്........

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, തൃപ്രയാർ അമ്പലത്തിൽ ശ്രീനാരായണ ഗുരുദേവന്റെ കഥകളി അവതരിപ്പിക്കുന്നത് വിലക്കിയെന്നുള്ളത് ശരിയാണ്. ഗുരുദേവ ദർശനങ്ങളെ ആസ്പദമാക്കിയ അതേ കഥകളിതന്നെ കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രത്തിലെ ഉത്സവത്തിനോടനുബന്ധിച്ചുള്ള താലപ്പൊലിയുടെ സമയത്ത് നടത്തിയ കാര്യംകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. തൃപ്രയാർ അമ്പല ത്തിൽ കഥകളി നടത്താൻ അനുമതി കൊടുക്കാതിരുന്നത് തെറ്റായിപ്പോയി എന്നുപറയുന്നത് ശരിയുമാണ്..

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, അവിടെ അനുമതി കൊടുത്തില്ല എന്നുള്ള വാർത്ത വന്നാൽ ആ വകുപ്പ് കൈകാര്യം ചെയ്യുന്ന ആളുകൾ ഇടപെടണ്ടേ; നിങ്ങൾ കൊടുങ്ങല്ലൂരിൽ ഒരു വേദി ഉണ്ടാക്കിക്കൊടുത്തു വെങ്കിൽ അത് പ്രശംസനീയമാണ്. അതിനെക്കുറിച്ച് ഞാനൊന്നും പറയു ന്നില്ല. കാരണം ഇപ്പുറത്ത് നിഷേധിച്ചാൽ അത് ഹൈന്ദവാചാരത്തിന്റെ ഭാഗ മൊന്നുമല്ല, അത് അപ്പുറത്ത് അവതരിപ്പിക്കാൻ കഴിയുമെന്ന് സ്ഥാപിക്കു ന്നത് നല്ല കാര്യം തന്നെയാണ്. ഇത്തരം തെറ്റായ കാര്യങ്ങൾക്കെതിരെ സമരമോ പ്രചരണമോ ഒക്കെ നടത്താം. പക്ഷെ ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് ഒരു സമീപനവുമുണ്ടാകുന്നില്ല. മൊത്തത്തിൽ പറഞ്ഞുവരുന്നത് ഈ

ഭേദഗതി ഇപ്പോൾ ഇവിടെ അവതരിപ്പിക്കേണ്ടതിന്റെയോ നിയമത്തിൽ മാറ്റം വരുത്തേണ്ടതിന്റെയോ ഒരു സാഹചര്യവും നിലവിലില്ല. ഒരുപക്ഷെ നമ്മുടെ മുൻഗാമികളായ എം.എൽ.എ.- മാരും ഇപ്പോഴുള്ള കുറെ എം.എൽ.എ.- മാരുംകൂടി സമയമെടുത്ത് ചർച്ച ചെയ്താണ് ദേവസ്വം ബിൽ പാസ്സാക്കിയെടുത്തത്. അതുകഴിഞ്ഞ് ഇപ്പോൾ വളരെ ധൃതിപ്പെട്ട് ഇങ്ങനെ ഒരു ഭേദഗതി കൊണ്ടുവരാൻ ശ്രമിക്കുമ്പോൾ, അങ്ങേയറ്റം പിന്തിരിപ്പൻ ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു ഭേദഗതി നിയമമായി കൊണ്ടുവരുമ്പോൾ എന്തിനാണ് ഈ നിയമം കൊണ്ടുവരുന്നതെന്ന കാര്യത്തിൽ സ്വാഭാവികമായും സംശയമുണ്ടാകും. ആ സംശയമാണ് ഞാനിവിടെ സൂചിപ്പിച്ചത്. എല്ലാ ദേവസ്വം ബോർഡുകളിലുമായി 5000 പേരുടെ നിയമനം നടത്താൻ പോകുന്നു, നേരത്തെയിവിടെ സംസാരിച്ച സുഹൃത്ത് സൂചിപ്പിച്ചതുപോലെ 29 (എ) വകുപ്പ് പോയാൽ, പി.എസ്.സി.-ക്ക് വിട്ടുകൊടുക്കാനുള്ള സംഗതി മാറ്റപ്പെട്ടാൽ പിന്നെ സ്വാഭാവികമായും പഴയതാണ്. പഴയത് എന്നുപറഞ്ഞാൽ ദേവസ്വംബോർഡിന് നിയമനാധികാരം ലഭ്യമാകുകയാണ്. ദേവസ്വം ബോർഡിന് നിയമനാധികാരം എന്നുപറഞ്ഞാൽ ഈ 5000 പേരെ നിയമിക്കാനുള്ള അവസരമാണ്. അപ്പോൾ പുതിയ ബോർഡുണ്ടാക്കുമെങ്കിൽ, ഉണ്ടാക്കുമോ എന്നെനിക്കറിയില്ല, പുതിയ ബോർഡുണ്ടാക്കുന്നതിനിടയിൽ ഈ നിയമനങ്ങളെല്ലാം നടക്കുമ്പോൾ സ്വാഭാവികമായും വലിയ അഴിമതിയുണ്ടാകും. നിങ്ങളുടെ ഗവൺമെന്റിനുതന്നെ അതിന്റെ പാപഭാരം ചുമക്കേണ്ടിവരും. നേരത്തെ സൂചിപ്പിച്ചതുപോലെ ഏതെങ്കിലും സമുദായ സംഘടനകളുടെ പ്രേരണകൊണ്ടാണ് ഈ സംഗതി വന്നതെങ്കിൽ അതിന്റെ പാപഭാരം മുഴുവൻ ചുമക്കാൻ പോകുന്നത് യു.ഡി.എഫ്. ആണ്. അത് തിരിച്ചറിഞ്ഞു

കൊണ്ട് ഈ ഭേദഗതി പിൻവലിക്കണം. ഇത് മാറ്റിവയ്ക്കണം. നമുക്ക് വീണ്ടും ചർച്ച ചെയ്യാം. ചർച്ച ചെയ്ത് എല്ലാ സംശയങ്ങളും ദൂരീകരിച്ച ശേഷം, പ്രതിപക്ഷ ഉപനേതാവും ശ്രീ. മാത്യൂ റ്റി. തോമസുമെല്ലാം നിയമപരമായ നിലനിൽപ്പില്ലാത്ത ഒന്ന് എന്ന് ഇതിനെക്കുറിച്ച് വളരെ വിശദമായി പറഞ്ഞു. നിയമപരമായ നിലനിൽപ്പില്ലാത്ത ഒന്ന് നിങ്ങളിവിടെ പാസ്സാക്കിയെടുത്താലും അത് കോടതിയിൽ ചലഞ്ച് ചെയ്യപ്പെടും അത് നടപ്പിലാക്കാൻ സാധിക്കില്ല. നിങ്ങൾക്കാകെ കിട്ടാൻ പോകുന്നത് അങ്ങേയറ്റത്തെ മോശപ്പെട്ട പിന്തിരിപ്പനായ ഒരു അഴിമതിക്ക് വളം വച്ചുകൊടുക്കുന്ന ഒരു ഭേദഗതി ഇവിടെ ഉണ്ടാക്കിയെന്ന കുത്സിതമായ പേരുമാത്രമാണ്. അതുകൊണ്ട് ഇത് പിൻവലിക്കുന്നതാണ് അല്ലെങ്കിൽ മാറ്റിവയ്ക്കുന്നതാണ് ഉചിതം. ഒരിക്കൽക്കൂടി ബഹുമാനപ്പെട്ട മന്ത്രിക്കും ബന്ധപ്പെട്ട നേതാക്കന്മാർക്കും സത്ബുദ്ധി ഉണ്ടാകട്ടെ എന്നുമാത്രം ആശംസിച്ചുകൊണ്ട് ഈ ബില്ലിനെ ഞാൻ ശക്തിയായി എതിർക്കുന്നു. (ശ്രീ. വി. എസ്. സുനിൽ കുമാർ)

ശ്രീ. വി. എസ്. സുനിൽകുമാർ: സർ, ഇന്ത്യയ്ക്കാകമാനം മാതൃകയാക്കാവുന്ന ഒരുപാട് പുരോഗമനനിയമങ്ങൾ ഉണ്ടാക്കിയിട്ടുള്ള സഭയാണ് നമ്മുടെ കേരള നിയമസഭ. ഈ സഭയിൽ വളരെ പ്രതിലോമകരമായിട്ടുള്ള ചില നിയമങ്ങൾ കൊണ്ടുവന്നപ്പോഴൊക്കെ രാഷ്ട്രീയഭേദമന്യേ എതിർപ്പുകളുണ്ടായി അത് പിൻവലിക്കാനുള്ള നിലപാട് എടുക്കേണ്ടി വന്നിട്ടുണ്ട്. നേരത്തെ ഇവിടെ ജലവിഭവ വകുപ്പ് മന്ത്രി കൊണ്ടുവന്ന ഒരു ബില്ല് ഇപ്പോൾ എവിടെയാണെന്ന് അറിയില്ല. ഭരണകക്ഷിയും പ്രതിപക്ഷവും എതിർത്തതുകൊണ്ടാണ് ആ ബില്ല് പാസ്സാക്കാത്തത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഒരു ബില്ല് കൊണ്ടു വന്നു. ആ ബില്ലും ഇപ്പോൾ എവിടെയാണെന്ന് ഒരു

പിടിയുമില്ല. കാരണം നമ്മുടെ നിയമസഭയുടെ ഒരു പ്രത്യേകതയായ പ്രബുദ്ധ തയെയാണ് അത് ചൂണ്ടിക്കാണിക്കുന്നത്. അതുപോലെതന്നെ വേറൊരു ബില്ല്, ഇതിന്റെ ഒരു ഭേദഗതി ആയിട്ട് കൊണ്ടുവന്നതാണ് എം. എൽ.എ. മാർ, ഹിന്ദു എം.എൽ.എ മാർ. അവർ ദൈവ വിശ്വാസികൾ ആയിരിക്കണം എന്ന് നിശ്ചയിച്ചുകൊണ്ട് ഒരു ഭേദഗതി കൊണ്ടു വന്നു. പണ്ട് കരുണാകരൻ കൊണ്ടുവന്നതാണ്. അദ്ദേഹം കൊണ്ടുവന്ന ആ ബില്ല് അന്ന് ഇടതുപക്ഷം റദ്ദാക്കിയപ്പോൾ അന്ന് വിശ്വഹിന്ദു പരിഷത്ത് ബഹുമാനപ്പെട്ട ഹൈക്കോടതി യിൽ പോയി, ഹൈക്കോടതിയുടെ ഫുൾ ബെഞ്ച് പരിശോധിച്ചു, ബഹുമാന പ്പെട്ട സുപ്രീംകോടതിയും പരിശോധിച്ചിട്ട് അത് തള്ളിക്കളഞ്ഞതാണ്. അപ്പീൽ തള്ളിയതാണ്. എന്നിട്ട് പിന്നെയും ഉമ്മൻ ചാണ്ടി ആ ബില്ല് കൊണ്ടു വന്ന സ്ഥിതി വിശേഷം ഉണ്ടായി. അത് ഭേദഗതിയായിട്ട് കൊണ്ടു വരാൻ നോക്കി. അങ്ങനെയുള്ള വളരെ പ്രതിലോമകരമായിട്ടുള്ള ബില്ലുകൾ വന്ന പ്പോഴൊക്കെ അതിനെ എതിർത്തു തോൽപ്പിച്ചൊരു പാരമ്പര്യം കൂടി നമ്മുടെ സഭയ്ക്കുണ്ട്. പുരോഗമനപരമായിട്ടുള്ളൊരു ബില്ല് കൊണ്ടു വരിക എന്നത് മാത്രമല്ല, ഈ കാര്യത്തിൽ ഇന്ന് സത്യത്തിൽ സഖാവ് ശ്രീ. ജി. സുധാകരൻ ഇവിടെ അവതരിപ്പിച്ച, അദ്ദേഹത്തിന്റെ നിരാകരണ പ്രമേയം അവതരിപ്പിച്ചു കൊണ്ട് അദ്ദേഹം ദീർഘമായി പറഞ്ഞ ഒരുപാട് കാര്യങ്ങളുണ്ട്. അതിൽ പ്രധാനമായും ഈ ബില്ല് ഇന്ന് പാസ്സാക്കുകയാണെങ്കിൽ നമ്മുടെ കേരള നിയമസഭയിലെ ഒരു കറുത്ത ദിനമായിരിക്കും. യാതൊരു സംശയവും അക്കാര്യത്തിൽ വേണ്ട. ഞാൻ പ്രതീക്ഷിക്കുന്നത് ശ്രീ. വി.ഡി. സതീശ നൊക്കെ പ്രസംഗിക്കാനിരിക്കുന്നു എന്നുള്ളതാണ്. അപ്പോൾ കോൺഗ്ര സിലെ വളരെ പുരോഗമനപരമായി ചിന്തിക്കുന്ന ആളുകളൊക്കെ ഈ ബില്ലിനെതിരെ ശക്തമായ അവരുടെ നിലപാട് വ്യക്തമാക്കേണ്ടി വരും.

കാരണം ഈ ബിൽ നമ്മളൊക്കെ ഇരിക്കുന്ന സഭയാണ് പാസ്സാക്കുന്നത്. അപ്പോൾ ഈ സഭയിലിരുന്ന ഓരോ അംഗങ്ങളും ഈ ബിൽ പാസ്സാക്കുന്നതിൽ ഉത്തരവാദികളാണ്. അപ്പോൾ അതുകൊണ്ട് ഈ ബിൽ നമ്മൾ പാസ്സാക്കിക്കഴിഞ്ഞാൽ കേരളം നേടിയെടുത്ത ഒരുപാടൊരുപാട് സാമുദായികവും സമൂഹത്തിനു തന്നെ വലിയ മുന്നേറ്റം ഉണ്ടാക്കിയിട്ടുള്ള, നവോത്ഥാന മൂല്യങ്ങളൊക്കെ ഉയർത്തിപ്പിടിച്ചിട്ടുള്ള സംസ്ഥാനമാണ് കേരളം. അതു വെറുതെ ഉണ്ടായതല്ല. ആ ഇരുട്ടിൽ നിന്നും കേരളത്തെ വെളിച്ചത്തിലേക്ക് നയിച്ച നവോത്ഥാന നായകന്മാർ നമ്മുടെ രാജ്യത്ത് ചെയ്ത നിരവധിയായ, വിപ്ലവകരമായ പ്രവർത്തനത്തിലൂടെയാണ് കേരളം വെളിച്ചത്തിലേക്ക് വന്നത്. കേരളത്തെക്കുറിച്ച് വിവേകാനന്ദൻ പറഞ്ഞ കാര്യങ്ങൾ നമ്മൾ എല്ലാവരും പറയുന്നതാണ്. കേരളത്തിൽ നിലനിന്നിരുന്ന അനാചാരങ്ങളും അതുപോലെ ഒരിക്കലും അംഗീകരിക്കാൻ കഴിയാത്ത ജാതി ചിന്തകളുമൊക്കെ ഉണ്ടായിരുന്ന കാലത്തെക്കുറിച്ചാണ് കേരളത്തെപ്പറ്റി ഭ്രാന്താലയമെന്ന് വിശേഷിപ്പിക്കാനിടയായത്. അതിൽനിന്നും കേരളം വെളിച്ചത്തിലേയ്ക്ക് നയിക്കപ്പെടുകയും വെളിച്ചത്തിലേയ്ക്ക് വരികയും ചെയ്ത കേരളത്തെ വീണ്ടും തിരിച്ച് ഇരുട്ടിലേയ്ക്ക് കൈപിടിച്ച് ഉയർത്തിക്കൊണ്ടുപോകുന്ന മന്ത്രിയായി ദേവസ്വം വകുപ്പുമന്ത്രി മാറിയിരിക്കുകയാണ്. ആർക്കുവേണ്ടിയാണ് അദ്ദേഹം ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്? സഖാവ് ജി. സുധാകരൻ ദേവസ്വംവകുപ്പ് മന്ത്രിയായിരുന്ന സമയത്താണ് വളരെ പുരോഗമനപരമായ ബില്ല് കൊണ്ടുവരുന്നത്. സ്ത്രീകൾക്ക് സംവരണം ഏർപ്പെടുത്താനുള്ള ഭേദഗതി കൊണ്ടുവന്നു, നിയമനങ്ങളെല്ലാം കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന് വിടാൻ തീരുമാനിച്ചു. ഈ രണ്ട് ഭേദഗതികളും ഇവിടെ 1950-ൽ പാസ്സാക്കിയിരിക്കുന്ന

മൂലനിയമത്തെ പുരോഗമനപരമായി മുന്നോട്ടു നയിച്ച ഭേദഗതികളാണ്. സ്ത്രീകൾക്ക് സംവരണമെന്ന് പറയുന്നതിന്റെ പിന്നിൽ വലിയ പുരോഗമനപരമായ വിപ്ലവകരമായ ചിന്തയും അതിന്റെ പ്രായോഗികമായ പ്രവർത്തനവുമാണ് അദ്ദേഹം നടത്തിയത്. അതിനുള്ള കാരണം, ആചാരാനുഷ്ഠാനങ്ങൾ ആരാണ് തീരുമാനിക്കുന്നത്? അതാത് കാലത്തെ ഭരണാധികാരികൾക്ക് അക്കാര്യത്തിൽ വലിയ പങ്കുണ്ട്. ക്ഷേത്രപ്രവേശന വിളംബരം നടത്തിയത് ഇവിടത്തെ പുരോഹിതന്മാരൊന്നുമല്ല. അന്നത്തെ ഭരണാധികാരികൾ നടത്തിയതാണ്. ക്ഷേത്രത്തിലേയ്ക്ക് അവർണ്ണരായ ആളുകൾക്ക് പ്രവേശിക്കാനുള്ള ക്ഷേത്രപ്രവേശന വിളംബരം നടത്തിയത് പൗരോഹിത്യമല്ല ഭരണാധികാരികളാണ്. അന്ന് പൗരോഹിത്യം അതിനെതിരായിരുന്നു. പൗരോഹിത്യം അതിനെതിരായ നിലപാടുകൾ അന്നും സ്വീകരിച്ചിട്ടുണ്ട്. പൗരോഹിത്യം ആ നിലപാട് സ്വീകരിച്ചപ്പോഴും അന്നത്തെ ഗവൺമെന്റ് ക്ഷേത്രപ്രവേശന വിളംബരം നടത്തി. അങ്ങനെ നടത്തുമ്പോൾ അന്നത്തെ ആചാരപ്രകാരം അവിടേയ്ക്ക് ക്ഷേത്രത്തിനകത്തേയ്ക്ക് കടക്കാൻ ഹിന്ദു ആയതുകൊണ്ട് മാത്രം സാധ്യമായിരുന്നില്ല. ക്ഷേത്രത്തിനകത്ത് കടക്കണമെങ്കിൽ അവർ പറയുന്ന ജാതി അനുസരിച്ചുള്ള ആളുകൾക്ക് മാത്രമേ പ്രവേശിക്കാൻ കഴിയുകയുള്ളൂ. ആ അനുഷ്ഠാനത്തെയാണ് ആ ഗവൺമെന്റ് ഒരു ഉത്തരവിലൂടെ മാറ്റിയത്. അനുഷ്ഠാനവും ആചാരവുമെന്ന് പറയുന്നത് നിലനിൽക്കുന്ന ആ കാലഘട്ടത്തിലെ സാമൂഹിക സാഹചര്യങ്ങൾ അനുസരിച്ചുള്ള കാര്യങ്ങളാണ്. അതിനെയെല്ലാം നിഷ്ക്കാസനം ചെയ്തുകൊണ്ടാണ് പുതിയ ഉത്തരവിലൂടെ ക്ഷേത്രപ്രവേശന വിളംബരം ഉണ്ടായത്. ആ ക്ഷേത്രപ്രവേശന വിളംബരത്തിന് അവരെ നിർബന്ധിതമാക്കിയത് സാമൂഹിക സാഹചര്യമാണ്. കേരളത്തിലുണ്ടായിട്ടുള്ള ജാതിചിന്തകൾക്ക് എതിരായിട്ടുള്ള അതിശക്തമായ ഇട

പെടലിലൂടെയാണ്. ഡോ. പൽപ്പൂ വിദേശത്തുപോയി വൈദ്യശാസ്ത്രത്തിൽ ബിരുദമെടുത്ത് ഇവിടെ വന്നപ്പോൾ അന്ന് തിരുവിതാംകൂറിൽ സർക്കാർ സർവ്വീസിൽ ഈഴവ സമുദായത്തിൽപ്പെട്ട ആളുകളെ പ്രവേശിപ്പിക്കില്ലായി രുന്നു. മൈസൂരിലെ ആശുപത്രിയിൽ പോയാണ് അദ്ദേഹം സൂപ്രണ്ടായത്. അവിടെ വന്ന വിവേകാനന്ദനെ അദ്ദേഹം സന്ദർശിക്കുകയുണ്ടായി. വിവേകാ നന്ദനെ സന്ദർശിച്ചപ്പോൾ അദ്ദേഹം കേരളത്തിലെ ജാതി ചിന്തകളെക്കുറിച്ചും ഇവിടെ നടക്കുന്ന അനാചാരങ്ങളെക്കുറിച്ചും പറഞ്ഞപ്പോഴാണ് അദ്ദേഹ ത്തിന്റെ കൂടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് സ്വാമി വിവേകാനന്ദൻ കേരളത്തിൽ വരുന്നത്. അന്ന് അദ്ദേഹം കേരളത്തിലേയ്ക്ക് വരുമ്പോൾ കേര ളത്തിലെ സ്ഥിതി വിശേഷങ്ങൾ അറിയാൻ അദ്ദേഹം എല്ലാ സ്ഥലവും സന്ദർശിച്ചു. അതിനുശേഷം അദ്ദേഹം കൊടുങ്ങല്ലൂരിൽ വന്നു. കൊടുങ്ങല്ലൂ രിൽ ക്ഷേത്രത്തിന്റെ മുമ്പിലുളള ആൽത്തറയിൽ അദ്ദേഹം മൂന്നുദിവസം വിശ്രമിച്ചു. ഏത് ജാതിക്കാരനാണെന്ന് വെളിപ്പെടുത്താത്തതിന്റെ പേരിൽ അന്ന് അദ്ദേഹത്തെ കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രത്തിനകത്തേക്ക് തന്ത്രിമാർ കയറ്റിയില്ല. അദ്ദേഹത്തെ കാണാൻവേണ്ടി അന്നത്തെ അവിടത്തെ രാജപ്രമു ഖരൊക്കെ വരികയുണ്ടായി. സ്ത്രീകൾ അദ്ദേഹത്തോട് സംസാരിച്ചു. കൊടു ങ്ങല്ലൂർ കോവിലകത്തെ തമ്പുരാട്ടിമാർ വന്ന് സംസാരിച്ചപ്പോൾ അദ്ദേഹം അത്ഭുതപ്പെട്ടു പോയെന്നാണ് പറഞ്ഞത്. കാരണം കൊടുങ്ങല്ലൂർ കോവില കത്തെ തമ്പുരാട്ടിമാർ ആറു മാസം മുമ്പ് ബംഗാളിൽ ഇറങ്ങിയ ഒരു സംസ്കൃതം പുസ്തകത്തിനെക്കുറിച്ചുള്ള സംശയം വിവേകാനന്ദനോട് ചോദിച്ചപ്പോൾ അദ്ദേഹം അത്ഭുതപ്പെട്ടുപോയി എന്നൊക്കെ പറയുന്നുണ്ട്. എന്നിട്ടുപോലും അദ്ദേഹത്തെ ക്ഷേത്രത്തിനകത്തേക്ക് കയറ്റാതിരുന്നതിനു കാരണം അന്നത്തെ ആചാരപ്രകാരം ജാതി ഏതെന്നറിയാതെ ക്ഷേത്രത്തിനക

ത്തേക്ക് ഒരാളെ കടത്താൻ കഴിയില്ല. ആ ആചാരം നിലനിന്നിരുന്ന കാലഘട്ടം ഉണ്ടായിരുന്നു. അതിനെതിരായിട്ടാണ് ശ്രീനാരായണ ഗുരുദേവന്റെ നേതൃത്വത്തിൽ നിരവധി പ്രവർത്തനങ്ങൾ നടന്നതെന്ന് നമുക്കറിയാം. വിഗ്രഹ പ്രതിഷ്ഠ നടത്താൻ ശ്രീനാരായണ ഗുരുദേവന് അധികാരമുണ്ടായിരുന്നില്ല. അദ്ദേഹം ജാതി നോക്കാതെയാണ് അരുവിപ്പുറത്ത് പ്രതിഷ്ഠ നടത്തിയത്. അന്നത്തെ സവർണ്ണരോട് അദ്ദേഹം പറഞ്ഞു, ഇത് ഈഴവ ശിവനാണ് എന്ന്. അങ്ങനെ പറയാനുള്ള വിപ്ലവബോധം അദ്ദേഹത്തിനുണ്ടായി. അവർണ്ണനായതുകൊണ്ട് അയ്യങ്കാളിക്ക് അന്ന് വില്ലു വണ്ടിയിൽ യാത്ര ചെയ്യാനുള്ള അധികാരമില്ലായിരുന്നു. പക്ഷേ അദ്ദേഹം വില്ലു വണ്ടിയിൽ യാത്ര ചെയ്തു. അത് വിപ്ലവകരമായ പ്രവർത്തനമാണ്. അങ്ങനെ നടന്ന നിരന്തരമായ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ് കേരളത്തിൽ ഒരു മാറ്റം ഉണ്ടാവുന്നത്. പിന്നീടാണ് ക്ഷേത്ര പ്രവേശന വിളംബരമുണ്ടാവുന്നത്. ഇരുട്ടിൽ നിന്നും അങ്ങനെയാണ് പതുക്കെപ്പതുക്കെ കേരളം വെളിച്ചത്തിലേക്ക് വന്നത്. ഇവിടെ അവർണ്ണൻ– സവർണ്ണൻ എന്നിങ്ങനെ വ്യത്യാസങ്ങൾ ഉണ്ടായിരുന്നു. ജന്മി– കുടിയാൻ ബന്ധമുണ്ടായിരുന്നു. അതെല്ലാം നിയമം മൂലം മാറ്റി. ജന്മിയും കുടിയാനും കുടികിടപ്പുകാരനുമില്ലാതായി. കേരളത്തിൽ നടത്തിയ നിരവധി സാമൂഹ്യ പ്രവർത്തനത്തിന്റെ പശ്ചാത്തലത്തിൽ നിയമങ്ങളിലൂടെ സർക്കാർ അത് മാറ്റിയതാണ്. എന്നാൽ ഈ സർക്കാർ ചെയ്യുന്നതെന്താണ്. ഒരു പുരോഗമന സർക്കാർ ചെയ്യാൻ പാടില്ലാത്ത കാര്യങ്ങൾ, നാം തിരിച്ചു നടക്കാൻ പ്രേരിപ്പിക്കുകയാണ്. ആരുടെ താൽപര്യമാണ്? സ്ത്രീകൾക്ക് സംവരണം വേണ്ട എന്ന് പറയാൻ ബഹുമാന്യനായ മന്ത്രി പറയുന്ന ന്യായീകരണം മൂലനിയമത്തിൽ അത് പറഞ്ഞിട്ടില്ല എന്നതാണ്. മൂലനിയമത്തിലില്ല എന്നതാണ് കാരണമെങ്കിൽ മൂല നിയമത്തിനകത്ത് ഈ പറ

യുന്ന പുതിയ ഭേദഗതി ഉണ്ടോ? മൂലനിയമത്തിൽ ഇല്ല എന്ന ദുർബ്ബലമായ വാദഗതി അദ്ദേഹം ഉന്നയിക്കുകയാണ്. സത്യത്തിൽ ഇതൊരു സ്ത്രീ വിരുദ്ധ മായിട്ടുള്ള അമന്റ്മെന്റാണ്. ഈ ഹിന്ദു ദേവാലയങ്ങളിൽ വരുന്ന ഭക്തന്മാ രുടെ എണ്ണമെടുത്ത് പരിശോധിക്കുകയാണെങ്കിൽ 80 ശതമാനവും സ്ത്രീക ളാണ്. പക്ഷേ ഇന്ന് ഹിന്ദു സമുദായത്തിലെ മഹാ ഭൂരിപക്ഷം വരുന്ന സ്ത്രീകളും ദൈവ വിശ്വാസികളാണ്. അതെടുത്ത് പരിശോധിച്ചാൽപ്പോലും മനസ്സിലാകും ഇത് ദൈവത്തിന് നിരക്കാത്ത കാര്യമാണ് ചെയ്തത് എന്ന്. ഇത് ദൈവവിരുദ്ധമായിട്ടുള്ള ഒരു അമെന്റ്മെൻറാണ്. ദൈവത്തിന് നിരക്കാത്ത അമെന്റ്മെന്റ് കൊണ്ടു വന്നിരിക്കുന്നു അദ്ദേഹം. സ്ത്രീകൾക്ക് സംവരണം കൊണ്ടുവരാൻ വേണ്ടി വിപ്ലവകരമായ ഒരു ഭേദഗതിയിലൂടെ കേരളം അതിന്റെ ചരിത്രപരമായ ദൗത്യം ഏറ്റെടുത്തുകൊണ്ട് ഇടതുപക്ഷ ജനാധി പത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് സഖാവ് ജി. സുധാകരൻ കൊണ്ടുവന്ന വിപ്ലവകരമായിട്ടുള്ള ആ മുന്നേറ്റത്തെയാണ് ജാതിമത ശക്തി കൾക്ക് വേണ്ടി പിറകോട്ട് വലിച്ചിരിക്കുന്നത്. അതാണ് പ്രശ്നം.

ശ്രീ. ജി. സുധാകരൻ: സർ, ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി മൂല നിയമത്തെ സംബന്ധിച്ച് പറഞ്ഞൂവെന്ന് പറയുന്നു; ആ മൂലനിയമം ഏതാണ്; അത് വ്യക്തമാക്കാമോ?

ശ്രീ. വി. എസ്. സുനിൽകുമാർ: സർ, 1953-ലെ നിയമമനുസരിച്ച് എന്നാണ് അദ്ദേഹം പറഞ്ഞത്.

ശ്രീ. ജി. സുധാകരൻ: സർ, ആ മൂലനിയമമല്ലല്ലോ ഇവിടെ ഭേദഗതി യായി വന്നത്. എന്ത് തെറ്റായിട്ടാണ് സംസാരിക്കുന്നത്? ഇവിടെ മൂലനിയമ മെന്ന് പറയുന്നത്, ഭേദഗതിക്ക് വിധേയമാകുന്ന നിയമത്തെയാണ് മൂലനിയ

മമെന്ന് പറയുന്നത്. ബ്രിട്ടീഷുകാരുടെ കാലത്തുള്ള നിയമം ഇതായിരുന്നോ? എന്തൊക്കെ കാര്യങ്ങളാണ് സഭയിൽ നടക്കുന്നത്? എന്താണ് ഇവിടെ നടക്കുന്നത്? മൂലനിയമമെന്ന് പറയുന്നത് ഇതൊന്നുമല്ല. ഇത് മൺറോ സായിപ്പ് കൊണ്ടുവന്ന നിയമമാണ്. ആരെയാണ് തെറ്റിദ്ധരിപ്പിക്കുന്നത്? മൂല നിയമമെന്ന് പറയുന്നത്, ഇപ്പോൾ ഭേദഗതി ചെയ്യപ്പെടുന്ന നിയമമാണ് ഇപ്പോഴത്തെ മൂലനിയമം. മറ്റേ നിയമത്തിന് പ്രസക്തിയില്ല. ഞാൻ ചോദിക്കു ന്നത്, അങ്ങനെയാണെങ്കിൽ ബ്രിട്ടീഷുകാരുടെ കാലത്തുള്ള നിയമം തിരിച്ചു പോകണം; അത് എന്താണെന്നുള്ളത് വ്യക്തമാക്കണം; അദ്ദേഹം അങ്ങനെ പറഞ്ഞോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഞാൻ പറഞ്ഞല്ലോ. സാധാരണ നിലയിൽ ഇങ്ങനെയുള്ള ഒരു പ്രധാനപ്പെട്ട നിയമം അവതരിപ്പിക്കുമ്പോൾ ദേവസ്വം വകുപ്പുമന്ത്രി വളരെ വിശദമായ ഒരു പ്രസംഗം നടത്താറുണ്ടായി രുന്നു. സഖാവ് ജി. സുധാകരൻ നടത്തിയ ചരിത്രപ്രസിദ്ധമായ നിയമം അവതരിപ്പിച്ചുകൊണ്ടുള്ള പ്രസംഗത്തെ നമുക്കാർക്കും വിസ്മരിക്കാൻ കഴിയില്ല. ആ സമയം സഭയിൽ ഉണ്ടായിരുന്നവർക്ക് അറിയാം. ഇത് ബഹുമാ നപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിക്ക് ഉദ്യോഗസ്ഥർ എഴുതിക്കൊടുത്ത ഒരു പേപ്പർ എടുത്ത് വായിച്ചു. പാവം അദ്ദേഹം, ഇപ്പോഴും മുഖത്തേക്ക് നോക്കു ന്നില്ല. താഴേക്ക് നോക്കിയിരിക്കുകയാണ്. ഞാൻ പറയുന്നത് എന്താണ് മൂലനി യമം, അതിന്റെ അടിസ്ഥാനം എന്താണ്, ലോജിക്ക് എന്താണ്, യുക്തി എന്താണ്? ഒരു യുക്തിയുമില്ലാതെ ഈ നിയമംകൊണ്ട് കേരളസമൂഹത്തിൽ എന്ത് മാറ്റമാണ് ഉണ്ടാകാൻ പോകുന്നത്? ഇത് ആർക്കെങ്കിലും എന്തെങ്കിലും ആനുകൂല്യം കൊടുക്കുന്ന ഒരു കാര്യമല്ല. ഇത് നമ്മുടെ സമൂഹത്തിന്റെ ഒരു വിലയ മാറ്റത്തിനുവേണ്ടി ഉണ്ടാക്കിയ നിയമമാണ്. ആ നിമയമത്തിൽ ഭേദ

ഗതി വരുത്തുമ്പോൾ, നിലവിലുള്ള സാമൂഹ്യ സാഹചര്യത്തിൽനിന്നും നാം ഒരുപടികൂടി മുന്നോട്ടുപോകുന്നുണ്ടോ, അതാണ് അദ്ദേഹത്തിന്റെ യുക്തിയായിരിക്കേണ്ടത്. അതിനുപകരം എന്താ മൂലനിയമം, ഏത് മൂലനി യമം? എന്നിട്ട് അദ്ദേഹം ന്യായം പറയുകയാണ്. ഇവിടെ സ്ത്രീകൾ പൂമുഖ ത്തുപോലും വരാൻ പാടില്ല എന്ന് പറഞ്ഞിരുന്ന ഒരു കാലഘട്ടം കേരള ത്തിലുണ്ടായിരുന്നു. അതാണ് യഥാർത്ഥ മൂലനിയമം. ആ മൂലനിയമത്തെ ക്കുറിച്ചാണ് അദ്ദേഹം പറയുന്നത്. സ്ത്രീകൾ പൂമുഖത്ത് വരാൻ പാടില്ലാ യെന്ന് പറയുന്ന നിയമം അലിഖിതമായ നിയമമാണ്. സ്ത്രീകൾ അഭിപ്രായം പറയാൻ പാടില്ല. ആണുങ്ങൾ സംസാരിക്കുന്നിടത്ത് സ്ത്രീകൾക്ക് എന്താണ് കാര്യം എന്ന് ചോദിക്കുന്ന ആ ഫ്യൂഡൽ മനസ്ഥിതിയാണ് അദ്ദേഹത്തിന്റെ മൂലനിയമം. ആ മൂലനിയമത്തിൽ ഇത് പറഞ്ഞിട്ടില്ലെന്നാണ് അദ്ദേഹം പറയുന്നത്. ആ തമ്പുരാക്കന്മാരുടെ കാലത്തുള്ള നിയമത്തിലേക്ക് നമ്മളെ തിരിച്ച് കൊണ്ടുപോകുകയല്ലേ അദ്ദേഹം ചെയ്യുന്നത്? സ്ത്രീകൾ എന്തു കൊണ്ട് പൂമുഖത്ത് വരാൻ പാടില്ല, അമ്പലത്തിൽ സ്ത്രീകൾ വരു ന്നുണ്ടല്ലോ? സ്ത്രീകൾക്ക് വരുന്നതിന് ചില നിയമങ്ങളും നിയന്ത്രണങ്ങളും ഉണ്ട്. അവർ രജസ്വലയായിരിക്കുന്ന സമയത്ത് വരാൻ പാടില്ല എന്ന നിയമ മുണ്ട്. അതൊരു ആചാരമാണ്. അത് ആര് തീരുമാനിച്ച ആചാരമാണ്? അതിന്റെ അടിസ്ഥാനത്തിലാണോ? എന്തടിസ്ഥാനത്തിലാണ് ഗവൺമെന്റ് ഇങ്ങനെയൊരു തീരുമാനമെടുത്തത്? ഇത് ഗവൺമെന്റിന്റെ അമെന്റ്മെന്റാണ്. യു.ഡി.എഫ്.-ന്റെ നയം ഇതാണോ? സ്ത്രീകൾ അവരുടെ, അവർക്ക് അർഹതപ്പെട്ട സ്ഥാനങ്ങളിൽ വരാത്തതുകൊണ്ട്...... ഇത് ഭരണഘടനാലംഘ നമാണ്. ബഹുമാനപ്പെട്ട ജി. സുധാകരൻ സൂചിപ്പിച്ചതുകൊണ്ട് ഞാൻ അത് ആവർത്തിക്കുന്നില്ല. ഞാൻ ഭരണഘടന വീണ്ടും വായിക്കാൻ കാരണം

അതിലെ 15–ാം വകുപ്പ് പറയുന്നത് 'മതം, വർഗ്ഗം, ജാതി, ലിംഗം, ജനന സ്ഥലം അല്ലെങ്കിൽ ഏതെങ്കിലും മാത്രം കാരണമാക്കി രാഷ്ട്രം യാതൊരു പൗരനോടും വിചേചനം കാണിക്കുവാൻ പാടുള്ളതല്ല' എന്നുമാത്രമല്ല 'രാഷ്ട്രത്തിന്റെ കീഴിലുള്ള ഏതെങ്കിലും ജീവനത്തയോ ഉദ്യോഗത്തേയോ സംബന്ധിച്ച് മതം, വർഗ്ഗം, ജാതി, ലിംഗം, വംശം, ജനനസ്ഥലം എന്നതിന്റെ അടിസ്ഥാനത്തിൽ അയോഗ്യരാക്കുവാനോ വിവേചനത്തിന് വിധേയമാക്കാനോ പാടില്ല' എന്നും ഈ രണ്ടുകാര്യങ്ങളും ഭരണഘടനയിൽ വ്യക്തമായി പറയുന്നുണ്ട്. ഈ രണ്ട് അമെന്റ്മെന്റും ഭരണഘടനാ വിരുദ്ധമാണെന്ന് അദ്ദേഹം പ്രസംഗിച്ചപ്പോൾ സൂചിപ്പിക്കുകയുണ്ടായി. ഞാൻ അതിനെ സപ്പോർട്ട് ചെയ്ത് വായിച്ചുവെന്നെയുള്ളു. സ്ത്രീ എന്ന നിലയിൽ അവർക്ക് ലഭ്യമാക്കാൻ വേണ്ടിയെടുത്ത ഒരു തീരുമാനം, സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി പ്രത്യേകമായ പരിഗണനകൊടുക്കുന്നത് പാർലമെന്റിനോ നിയമസഭയ്ക്കോ അത് നൽകുന്നതിന് ഈ വിവേചനം എന്ന പദവി ബാധകമല്ലെന്ന് ഭരണഘടനയിൽ പ്രത്യേകമായി പറയുന്നുണ്ട്. അത് പ്രകാരമാണ് സഖാവ് ജി. സുധാകരൻ അന്ന് ഒരു അമെന്റ്മെന്റ് കൊണ്ടുവന്നത്. അതിനെ നിങ്ങൾ പിൻവലിക്കുമ്പോൾ, അതിന് യാതൊരുവിധ യുക്തിയുമില്ല എന്ന് മാത്രമല്ല അത് യുക്തിവിരുദ്ധമാണ്. മുസ്ലീം പെൺകുട്ടികളുടെ വിവാഹപ്രായം 16 വയസ്സ് സംബന്ധിച്ച ഒരു വിവാദമുണ്ടായി. അപ്പോഴും ഈ സർക്കാർ എടുത്ത സമീപനമെന്തായിരുന്നു? അതിൽനിന്നെല്ലാം വ്യക്തമാക്കുന്ന ഒരു കാര്യം, ഇവിടെയുള്ള മത–ജാതി സംഘടനകളുടെ മനസ്സിന്റെയകത്ത് ഇപ്പോഴും കുടികൊള്ളുന്ന സ്വാമി വിവോകനന്ദനും ശ്രീ നാരായണഗുരുദേവനും ചട്ടമ്പി സ്വാമികളും അയ്യൻകാളിയും ഇവിടത്തെ പുരോഗമന പ്രസ്ഥാ

നങ്ങളുംകൂടി ആട്ടിയോടിച്ച ആ ജാതി ചിന്തയുടെ, അല്ലെങ്കിൽ ഫ്യൂഡൽ ചിന്തയുടെ വിഷാംശങ്ങൾ ഇപ്പോഴും ഉള്ളിൽക്കിടക്കുന്ന ആളുകൾ നമ്മുടെ രാജ്യത്തെ നയിക്കുകയാണ്. ഞാൻ ഒരു ഉദാഹരണം പറയാം, ഇപ്പോൾ അടുത്ത ദിവസമുണ്ടായ ഒരു സംഭവമാണ്. ഇവിടെ നേരത്തെ പല മെമ്പർമാരും സൂചിപ്പിച്ച ഒരു കാര്യമാണ്. ചേരാനെല്ലൂർ കാർത്യായനീ ദേവീക്ഷേത്രം, പത്രങ്ങളിലൊക്കെ വാർത്ത വന്നിട്ടുണ്ട്. അവിടെയുള്ള പ്രശസ്തനായ സോപാന സംഗീത വിദ്വാനായ ഏലൂർ ബിജു, അദ്ദേഹം നാല് കൊല്ലമായി ഇടയ്ക്കയിൽ സോപാന സംഗീതം ഭഗവതിക്കുമുമ്പിൽ 5 നേരവും കൊട്ടിപാടികൊണ്ടിരിക്കുന്ന ഒരാളാണ്. അദ്ദേഹത്തിന്റെ സ്ഥിരനിയ മനത്തിനുവേണ്ടി ദേവസ്വം ബോർഡിൽ അപേക്ഷിച്ചപ്പോൾ, ദേവസ്വം വകുപ്പ് സെക്രട്ടറി, ശ്രീമതി രാജലക്ഷമി പറഞ്ഞത്, ഇവിടത്തെ ആചാരപ്രകാരം ആ സ്ഥാനത്തേയ്ക്ക് അയാളെ വയ്ക്കാൻ പാടില്ല എന്നാണ്. ഇത് ആര് തീരുമാ നിച്ചതാണ്? ഏത് ഭരണഘടനയിൽ പറയുന്നുണ്ട്? ഒരു കാലഘട്ടത്തിൽ ഇടയ്ക്ക എന്ന വാദ്യം ഏതെങ്കിലും ഒരു ജാതിക്ക് മാത്രം പരിശീലിക്കാനും പ്രയോഗിക്കാനും മാത്രം അർഹതയുള്ള കാലഘട്ടത്തിൽ നിലനിന്നിരുന്ന ഒരു ആചാരമാണ്. ഇന്ന് അങ്ങനെയാണോ? ഇന്ന് സോപാനസംഗീതം ശാസ്ത്രീയ മായി എല്ലാവരും പഠിക്കുന്നു. ഇദ്ദേഹമാണെങ്കിൽ, ഈ കല പഠിച്ചത് തൃപ്പൂണിത്തറ ആർ.എൽ.വി. കോളേജിൽനിന്ന് കർണ്ണാടക സംഗീതത്തിൽ ഗാനഭൂഷണം ബിരുദം നേടിയിട്ടുള്ള ഒരാളാണ്. അതിനുപുറമേ കടവിൽ ഉണ്ണികൃഷ്ണവാര്യരുടെ കീഴിൽ സോപാന സംഗീതവും ചേരമംഗലം ഉണ്ണി കൃഷ്ണമാരാരും സദനം ദിവാകരൻ മാരാരും ചേർന്ന് ചെണ്ടമേളവും പഠിപ്പി ച്ചു. ഇതെല്ലാം വളരെ വിദഗ്ദ്ധമായി പഠിച്ച് കൈകാര്യം ചെയ്യുന്ന ഒരാളാണ്

ഇദ്ദേഹം. നമ്മുടെ ദേവസ്വം ബോർഡ് ചെയ്തത് എന്താണ്? ജാതിയുടെ അടിസ്ഥാനത്തിൽ എത്ര കഴിവുണ്ടെങ്കിലും ജാതി നിനക്ക് മുകളിലല്ല എന്നാണ് ദേവസ്വം ബോർഡ് സെക്രട്ടറി പറയുന്നത്. കഴിഞ്ഞ രണ്ടുമാസം മുമ്പ് 'കഴകം പോലെയുള്ള ജോലിക്കുവേണ്ടി ആളുകളെ ക്ഷണിക്കുകയാണ്' എന്ന നോട്ടിഫിക്കേഷൻ കൊച്ചിൻ ദേവസ്വം ബോർഡ് ഇറക്കി. 'സവർണ്ണജാതിയിലുള്ളവർ മാത്രം അപേക്ഷിച്ചാൽ മതി' എന്ന നോട്ടിഫിക്കേഷനാണ് കൊടുത്തിരിക്കുന്നത്. പി.എസ്.സി.–യിൽ നിന്ന് ആൾ വന്നുകഴിഞ്ഞാൽ ഹിന്ദുക്കൾക്കുപകരം മുസ്ലീങ്ങൾ വരില്ലേ, ക്രിസ്ത്യാനികൾ വരില്ലേയെന്ന് ഇവിടെ ആരോ ചോദിച്ചു. ഇവിടെ പ്രശ്നം അതൊന്നുമല്ല. ഇവിടത്തെ പ്രശ്നം സവർണ്ണാധിപത്യമാണ്. ഇവിടെ പൂണൂൽ വീണ്ടും തിരിച്ചുവരികയാണ്. പൂണൂൽ എന്ന് പറയുമ്പോൾ പൂണൂൽ ഇട്ട് നടക്കുന്ന ഏതെങ്കിലും ഒരു തിരുമേനിയുടെ കാര്യം പറയുന്നതല്ല. ഞാൻ പ്രതീകമായി പറയുകയാണ്. വീണ്ടും എല്ലാ യാഗങ്ങളും ഇപ്പോൾ തിരിച്ചുവരികയാണ്. എനിക്ക് തോന്നുന്നത് 1975–ൽ സഖാവ് കെ. രാധാകൃഷ്ണന്റെ നാട്ടിലെ പാഞ്ഞാളിൽ ഒരു യാഗം നടക്കുകയുണ്ടായി. ആ യാഗം പിന്നീട് ഇപ്പോൾ എല്ലാസ്ഥലത്തും സോമയാഗങ്ങളും അങ്ങനെ പല പല യാഗങ്ങളും തിരിച്ചു വരികയാണ്. ഏറ്റവും അത്ഭുതകരമായ കാര്യമെന്ന് പറയുന്നത് അങ്ങേയ്ക്ക് അറിയുമോയെന്ന് എനിക്കറിയില്ല. എന്റെ നാട്ടിലുള്ള ഈഴവ സമുദായത്തിൽപ്പെട്ട ആളുകൾ പൂജാദികർമ്മങ്ങൾ നടത്താൻ ശ്രീനാരായണഗുരുദേവൻ പഠിപ്പിച്ചുകൊടുത്ത വചനങ്ങളാണ് പറയുന്നത്. ആ സമുദായത്തിൽപ്പെട്ട ആരെങ്കിലും മരിച്ചാൽ പൂജ നടത്താൻ വരുമ്പോൾ ഈ ജാതിയിൽപ്പെട്ട ഒരാൾ പൂജാകർമ്മങ്ങളൊക്കെ പഠിച്ച് ശാന്തികർമ്മങ്ങൾ വിദഗ്ദ്ധമായി

ചെയ്യുന്ന ആളുകൾ അത് ചെയ്യും. അവർ ശ്രീനാരായണഗുരുദേവൻ പഠിപ്പിച്ചുകൊടുത്ത ഭക്തിവചനങ്ങളൊക്കെ ചൊല്ലിക്കൊണ്ടാണ് മംഗളകർമ്മങ്ങളും മരണാനന്തര ചടങ്ങുകളും നടത്തുന്നത്. ഈഴവ സമുദായത്തിൽപ്പെട്ട പൂജാരിമാർപോലും പൂജകൾ ചെയ്യാൻ പൂണൂൽ ഇട്ടാണ് വരുന്നത്. അപ്പോഴാണ് എനിക്ക് ഇതിന്റെ അപകടം മനസ്സിലാകുന്നത്. കാരണം ഈഴവ സമുദായത്തിൽപ്പെട്ട ഒരാൾ നിങ്ങൾ നമ്പൂതിരിയാണോയെന്ന് ചോദിച്ചു. അല്ല. അയാൾ ഈഴാവ സമുദായത്തിൽപ്പെട്ട ഒരാൾ തന്നെയാണ്. പിന്നെ എന്തിനാണ് പൂണൂൽ ഇട്ടിരിക്കുന്നത് എന്ന് ചോദിച്ചു. ഒരു ആഢ്യത്തത്തിനു വേണ്ടിയാണെന്ന് പറഞ്ഞു. ഇത് സത്യമാണ്. ഒരു വിവാഹകർമ്മത്തിൽപ്പോലും പൂണൂലിട്ട നമ്പൂതിരി വന്ന് ഈ കർമ്മം നടത്തുക എന്ന് പറയുന്നത് ഒരു സ്റ്റാറ്റസ് സിമ്പലായി തിരിച്ചുവരികയാണ്. ഇതൊരു സത്യമാണ്. ഇത് ചർച്ച ചെയ്യേണ്ട കാര്യമാണ്. ഇതൊരു പ്രതീകമായി തിരിച്ചുവരുന്നു. യാഗങ്ങൾ തിരിച്ചുവരികയാണ്. ഇന്ത്യ എന്ന് പറയുന്ന നമ്മുടെ രാജ്യം യാഗങ്ങളുടെ മാത്രം രാജ്യമാണ്. ഭാരതം യാഗത്തിനെതിരായി എത്രയോ വലിയ സംവാദങ്ങൾ ഉണ്ടായിട്ടുണ്ട്. ചാരവാകന്മാർ അന്നത്തെ കാലത്ത് പറഞ്ഞത് എന്താണ്? ചാരുവായ വചനങ്ങളെക്കൊണ്ട് ആളുകളെ മോഹിപ്പിച്ചവർ എന്ന നിലയിൽ മാത്രമല്ല, അവർ ദൈവനിഷേധികളായിരുന്നു. അവർ പറഞ്ഞു, യാഗങ്ങൾ നടത്തുന്നവരേ നിങ്ങൾ സ്വർഗ്ഗത്തിലേക്കല്ല നരകത്തിലേക്ക് പോകും. യാഗം നടത്തുമ്പോൾ..........ഇത് പറഞ്ഞ് അവസാനിപ്പിച്ചിട്ട് പറഞ്ഞോ.........ശ്രീ. പി. സി. ജോർജ് അവിടിരിക്ക്. അന്നത്തെ യാഗത്തിൽ പങ്കെടുക്കുമ്പോൾ മൃഗങ്ങളെ ബലികൊടുന്ന ഒരു സമ്പ്രദായമുണ്ടായിരുന്നു. അന്ന് ചാരവാകന്മാർ ചോദിച്ചു, ഈ മൃഗങ്ങളെ ബലി കൊടുക്കുമ്പോൾ അവരുടെ എല്ലാ നവദ്വാരങ്ങളുമടച്ചുകൊണ്ടാണ് മൃഗങ്ങളെ ബലി കൊടുക്കുന്നത്.

ആ മൃഗങ്ങളെ ബലി കൊടുക്കുമ്പോൾ അവർ സ്വർഗത്തിൽ പോകുമെന്നാണ് സങ്കൽപ്പം. അപ്പോൾ ചോദിച്ചു, നിങ്ങളുടെ മാതാപിതാക്കന്മാർ പ്രായമായി കിടക്കുന്നവല്ലേ, അവരെ നേരിട്ട് സ്വർഗ്ഗത്തിൽ കൊണ്ടുപോകാൻ യാഗത്തിലെ ഈ മൃഗത്തിനുപകരം എന്തുകൊണ്ട് ബലി കൊടുക്കുന്നില്ല എന്ന് ചോദിച്ച ആളുകൾ ജീവിച്ച രാജ്യമാണ് ഇന്ത്യാരാജ്യം. അവിടെ യാഗങ്ങൾ തിരിച്ചുവരുമ്പോൾ.... അതിന്റെ മറ്റ് വശങ്ങളെയല്ല ഞാൻ പറയുന്നത്. ഈ ചിന്താഗതി ഇവിടെ വളരുകയാണ്.

ശ്രീ. പി.സി. ജോർജ്: സർ, ശ്രീ. വി.എസ്. സുനിൽ കുമാർ, അങ്ങ് തെറ്റിദ്ധരിക്കരുത്, ഞങ്ങളുടെ നാട്ടിലുള്ള ബ്രാഹ്മണൻമാർ ആഢ്യത്വമുള്ള മാന്യന്മാരാണ്. പക്ഷേ അവർ ജീവിക്കാൻ ബുദ്ധിമുട്ടുകയാണ്. ഇനിയെങ്കിലും ബ്രാഹ്മണർ ജീവിക്കട്ടേ. റേഷൻ വാങ്ങാൻ ബുദ്ധിമുട്ടുന്ന നിലയിലാണവർ. ഇനിയും വർഗ്ഗവും സമുദായവും പറഞ്ഞ് ആ പാവങ്ങളെ വേദനിപ്പിക്കണോ? ബ്രാഹ്മണർക്ക് Privy Purse ഒന്നുകൂടി കൊടുത്താലും വേണ്ടില്ലെന്നാണ് എന്റെ അഭിപ്രായം. പൂഞ്ഞാർ രാജകുടുംബവും പന്തളം രാജകുടുംബവും ആഢ്യത്വമുള്ളവരാണ്. എന്നാൽ അവിടെയും ബുദ്ധിമുട്ടനുഭവിക്കുന്നവരെ എനിക്കറിയാം. നമ്മൾ സംസാരിക്കുമ്പോൾ പഴയ വിപ്ലവത്തിന്റെ പേരിൽ എല്ലാവരെയും വെള്ളത്തിലാക്കിയിട്ട് കാര്യമുണ്ടോ? എന്റെ അഭ്യർത്ഥന പാവപ്പെട്ട ബ്രാഹ്മണരെ ഉപദ്രവിക്കരുതെന്നാണ്. അതുപോലെ ഈഴവ സമുദായത്തിൽപ്പെട്ട പൂജാരിമാർ പൂണൂലല്ല ധരിക്കുന്നത്. അത് ഒരു നിയമം അനുസരിച്ചുള്ളതാണ്. ഞാൻ ചോദിച്ചിട്ടുണ്ട്. പൂജ ചെയ്യാനുള്ള നിയമമാണ് പൂണൂൽ ധരിക്കൽ. അതിനെപ്പറ്റി അറിയാത്തയാൾ സംസാരിച്ചിട്ട് കാര്യമുണ്ടോ?

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ:</u> സർ, ഭാരതീയ ദർശനത്തിന്റെ ഭാഗമായ നാസ്തിക ദർശനങ്ങളെ കണാദൻമാരും ചാരവാകൻമാരും കൊന്ന് കുഴിച്ചു മൂടിയ കാലമുണ്ടായിരുന്നല്ലോ. അതിനെയെല്ലാം തിരിച്ചുകൊണ്ടുവരുന്നതു പോലെ കേരളത്തിലെ മരണരംഗങ്ങളിലും വിവാഹ സ്ഥലങ്ങളിലുമെല്ലാം ബ്രാഹ്മണ്യാധിപത്യത്തിന് രൂപംനൽകുന്ന അവശിഷ്ടങ്ങൾ തിരിച്ചുകൊണ്ടുവരാൻ ശ്രമിക്കുന്ന ഒരു വലിയ രീതി വളർന്നുവന്നിരിക്കുകയാണ്. അതിന്റെ ഭാഗമായി ഇല്ലാത്ത ആചാരങ്ങൾ ഓരോ സന്ദർഭത്തിലും അടിച്ചേൽപ്പിക്കുകയാണ്. ഒരു സ്ത്രീയും പുരുഷനും ഒരുമിച്ച് ജീവിക്കാനുള്ള സാമൂഹികമായ അംഗീകാരമാണ് വിവാഹം. വിവാഹത്തെ വലിയ രീതിയിൽ ആചാരങ്ങളുമായി കൂട്ടിക്കുഴച്ച് കുഴപ്പമാക്കുന്ന ഒരു സമൂഹംതന്നെ വളർന്നുവന്നിരിക്കുകയാണ്. അങ്ങ് സൂചിപ്പിച്ചതുപോലെ ഇല്ലാത്ത ആചാരങ്ങളുണ്ടാക്കുന്നു, പല തരത്തിലുള്ള വേഷം ധരിക്കുന്നു. മരണം കഴിഞ്ഞാൽ മണിക്കൂറുകൾ നീണ്ടുനിൽക്കുന്ന അനാചാരങ്ങൾ കൊണ്ടുവരുന്നു. ഇതൊക്കെ സാമൂഹ്യവിരുദ്ധ പ്രക്രിയയായിക്കണ്ട് നിലപാട് സ്വീകരിക്കണമെന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. ശ്രീ. പി.സി. ജോർജ് തെറ്റിദ്ധരിപ്പിക്കുകയാണ്. ഞാൻ പൗരോഹിത്യത്തെക്കുറിച്ചാണ് പറഞ്ഞത്. ഇവിടെ പൗരോഹിത്യം നടത്തിയിരുന്നത് ആചാരാനുഷ്ഠാനങ്ങളെല്ലാം കൊണ്ടുവന്ന് അധികാരം സ്ഥാപിക്കുന്നതിനുവേണ്ടിയാണ്. പാവപ്പെട്ട ബ്രാഹ്മണരെപ്പറ്റിയല്ല ഞാൻ പറഞ്ഞത്. എന്താണ് ആഢ്യത്വം? മത്സ്യത്തൊഴിലാളികൾക്കും കർഷകത്തൊഴിലാളികൾക്കും ആഢ്യത്വമില്ലേ? ആഢ്യത്വം, തറവാടിത്തം എന്നൊക്കെ പറയുന്നത് ഏതെങ്കിലുമൊരു സമുദായത്തിന് മാത്രമുള്ളതാണോ? കൊമ്പത്തെ ആളുകൾ എന്നു പറയു

ബോൾ കോവിലകത്തെ ആളുകൾക്ക് മാത്രമാണോ ആഢ്യത്വം. സ്വാമി വിവേകനാനന്ദൻ പറഞ്ഞതുപോലെ ആഢ്യന്മാരെല്ലാം ഒരു കാര്യം മനസ്സിലാക്കണം. ഇവിടെയുള്ള പാവപ്പെട്ട തൊഴിലാളികൾ ഒരു ദിവസം പണിമുടക്കിയാൽ, അവർ വസ്ത്രം നെയ്യേണ്ടതില്ല എന്ന് തീരുമാനിച്ചാൽ നിങ്ങൾ വസ്ത്രമുടുക്കുകയോ ഭക്ഷണം കഴിക്കുകയോ ചെയ്യില്ല എന്നാണ് സ്വാമി വിവേകാനന്ദൻ പറഞ്ഞത്. നിങ്ങൾ ആഢ്യൻമാരെല്ലാം മനസിലാക്കണം. തറവാടിത്തം, ആഢ്യത്വം എന്നെല്ലാം പറയുന്നത് എല്ലാ ആളുകൾക്കും ഒരുപോലെയാണ്. യഥാർത്ഥ ബ്രാഹ്മണ്യം കർമ്മംകൊണ്ടാണ്, ജന്മം കൊണ്ടല്ല എന്ന് പറഞ്ഞിരിക്കുന്നു. പൗരോഹിത്യം ഒരിക്കലുമത് സമ്മതിച്ചിട്ടില്ല. അതാണ് പ്രശ്നം ........

ശ്രീ. ജി. സുധാകരൻ: സർ,

'ബ്രാഹ്മണ്യംകൊണ്ടു കുന്തിച്ചു കുന്തിച്ചു

ബ്രഹ്മാവുമെനിക്കൊക്കായെന്നും ചിലർ' ഞാൻ ബ്രാഹ്മണനായതിനാൽ ബ്രഹ്മാവിനെക്കാൾ വലിയവനാണ് എന്നൊരു ബോധമാണുള്ളത്. ചാതുർവർണ്യ കാലത്തെ രാജാക്കൻമാരെ നിയന്ത്രിക്കുന്നതും നിയമിക്കുന്നതും അവരെക്കൊണ്ട് യുദ്ധം ചെയ്യിക്കുന്നതുമെല്ലാം ബ്രാഹ്മണ മേധാവിത്വമായിരുന്നു. പാവപ്പെട്ട ബ്രാഹ്മണൻ എന്നതല്ല പ്രശ്നം. അങ്ങനെയാണെങ്കിൽ ഇ.എം.എസ്., കെ.പി. നമ്പൂതിരിപ്പാട്, വി.ടി. ഭട്ടതിരിപ്പാട് എന്നിവർ ബ്രാഹ്മണരല്ലേ? അങ്ങനെ ബ്രാഹ്മണരായ എത്രയോ വിപ്ലവകാരികളുണ്ട്. ശ്രീ. പി. സി. ജോർജ് പറയുന്നത് ബ്രാഹ്മണരുടെയിടയിൽ ധാരാളം പാവങ്ങളുണ്ട് എന്നാണ്. നമുക്കുവേണ്ടി അവരും അവർക്കുവേണ്ടി നമ്മളുമെല്ലാം ഒരുമിച്ച് സമരം ചെയ്യുകയല്ലേ? അതുസംബന്ധിച്ച് തർക്കമില്ല. ബ്രാഹ്മണ മേധാവിത്വത്തെപ്പറ്റി സംസാരിക്കുമ്പോൾ അങ്ങ് ഇടപെടുന്നത് അങ്ങയെപ്പറ്റിയുള്ള

ഞങ്ങളുടെ ധാരണയ്ക്ക് വിപരീതമാണ്. ശ്രീ. നരേന്ദ്ര മോഡിയുമായി ബന്ധമുണ്ടായതിനുശേഷമാണോ ഈ ധാരണവന്നത്?

ശ്രീ. പി.സി. ജോർജ്: സർ, എന്ത് പറഞ്ഞാലും ശ്രീ. ജി. സുധാകരൻ മോദിയിലാണ് അവസാനിപ്പിക്കുന്നത്. ഇനിയെങ്കിലും ഇതൊന്ന് അവസാനിപ്പിക്കണം.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ശ്രീ. ഡീൻ കുര്യാക്കോസ് കലാകൗമുദിയിൽ നടത്തിയ അഭിമുഖത്തിൽ പറഞ്ഞത്, യൂത്ത് കോൺഗ്രസിന്റെ ഏറ്റവും ശക്തമായ ആവശ്യം അങ്ങയെ പുറത്താക്കണമെന്നാണ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇതിനുള്ള പാപകർമ്മത്തിന് പരിഹാരമായി ഞങ്ങൾക്ക് നിർദ്ദേശിക്കാനുള്ളത്, എ.ഐ.വൈ.എഫ്./ഡി.വൈ.എഫ്.ഐ. സംഘടിപ്പിക്കുന്ന മോഡി വിരുദ്ധ റാലിയിൽ ക്ഷണിച്ചില്ലെങ്കിലും പങ്കെടുത്ത് അങ്ങേയ്ക്ക് അങ്ങയുടെ തെറ്റ് തിരുത്താവുന്നതാണ്. നമ്മുടെ നാടിന്റെ മഹനീയമായ പാരമ്പര്യത്തിൽ ജാതി, മതം എന്നതിനെക്കാളെല്ലാം ഉപരിയായി മനുഷ്യനെപ്പറ്റി ചിന്തിച്ചിരുന്ന ഒരു വലിയ പൈതൃകം നമുക്കുണ്ട്. നിർദ്ധനത്വം ഇവിടെ അപമാനമായിരുന്നില്ല. ഭിക്ഷുക്കളെ ആദരിച്ചിരുന്ന രാജ്യമാണ് ഭാരതം. നിർദ്ധനത്വം അപമാനമായി കാണുന്ന കാലമാണിത്. ഭിക്ഷുവിനെ ആരാധിക്കുന്ന ഒരു പാരമ്പര്യമുണ്ടായിരുന്ന ഭാരതത്തെ ഇരുട്ടിലേക്ക് നയിച്ചത് പൗരോഹിത്യമാണ്. ആ പൗരോഹിത്യത്തെയാണ് കേരളം തൂത്തെറിഞ്ഞത്. ആ കേരളത്തിലാണ് പൗരോഹിത്യം വീണ്ടും തിരിച്ചുകൊണ്ടുവരുന്നത്. പൗരോഹിത്യത്തിന്റെ പുതിയ അവതാരങ്ങൾ നമ്മുടെ രാജ്യത്തുണ്ടായിരിക്കുന്നു. ആ അവതാരങ്ങൾ പുതിയ അനുഷ്ഠാനങ്ങളുണ്ടാക്കുന്നു. ആ അനുഷ്ഠാനങ്ങൾ നിങ്ങൾ അംഗീകരിക്കുകയും അത് നിയമമാക്കി മാറ്റു

കയും ചെയ്യുന്നു. ആ ജോലിയാണ് അങ്ങേറ്റെടുത്തിരിക്കുന്നത്. അവിടെയാണ് ഞങ്ങളുടെ വിയോജിപ്പ്. നിങ്ങൾ പുരോഗമനപരമായി ചിന്തിക്കണം. ഇവിടെയിരിക്കുന്ന കോൺഗ്രസിന്റെ അംഗങ്ങളെല്ലാം ഇത് അംഗീകരിക്കുന്നുണ്ടോ? ഇതൊരു പ്രധാനപ്പെട്ട പ്രശ്നമാണ്. ഇത്രയും പ്രതിലോമകരമായ ഒരു നിയമം പാസ്സാക്കിയെടുക്കാൻ ശ്രീ. കെ. മുരളീധരനുൾപ്പെടെ ഇവിടെയിരിക്കുന്ന കോൺഗ്രസ് നേതൃത്വത്തെ ഏത് നയമാണ് നയിക്കുന്നത്? നിങ്ങളെ ശ്രീനാരായണ ഗുരുദേവനോ, അയ്യങ്കാളിയോ, പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവോ, മഹാത്മാ ഗാന്ധിയോ നയിക്കുന്നുണ്ടോ; അവർ പറഞ്ഞ ഏതെങ്കിലും സൂക്തങ്ങളോ ചിന്തകളോ നിങ്ങളുടെ ഈ ഭേദഗതിക്ക് അംഗീകാരം നൽകുന്നുണ്ടോ? ഏത് പ്രത്യയശാസ്ത്രമാണ് നിങ്ങൾ അംഗീകരിക്കുന്നത്; എന്തടിസ്ഥാനത്തിലാണ് നിങ്ങൾ ഇത് ചെയ്യുന്നത്? ഫാസിസ്റ്റ് എന്ന് വിശേഷിപ്പിക്കാൻ കഴിയുന്ന ശ്രീ. നരേന്ദ്ര മോഡിപോലും ചെയ്യാൻ മടിക്കുന്ന കാര്യം എന്തിനാണ് ശ്രീ. വി. എസ്. ശിവകുമാർ നടത്തുന്നത്. അദ്ദേഹത്തിന്റെ പേര് പരമശിവന്റെ പേര് സൂചിപ്പിക്കുന്നു. പരമശിവൻ ആരായിരുന്നു, പരമശിവൻ സവർണ്ണാധിപത്യത്തിന്റെ ആളായിരുന്നില്ല. പക്ഷേ ബഹുമാനപ്പെട്ട വി.എസ്. ശിവകുമാർ, ഇതുവരെ കേരളം കണ്ട നവോത്ഥാന മൂല്യങ്ങളെയെല്ലാം ഈ ഭേദഗതിയോടെ അങ്ങ് തല്ലിക്കെടുത്തുകയാണ് നിങ്ങൾ ഈ പാതകത്തിൽനിന്ന് പിൻമാറണം. പിൻമാറുന്നില്ലെങ്കിൽ ഇവിടെയിരിക്കുന്ന അംഗങ്ങളോട് ഞാൻ അഭ്യർത്ഥിക്കുന്നു നിങ്ങൾ പിൻമാറാൻവേണ്ടി നിർബന്ധിക്കണം. അഴിമതിയാണിത്. ഞാൻ ആ വിഷയം വിടുകയാണ്. ദേവസ്വം ബോർഡിൽ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ 5 ലക്ഷം ക്ലർക്ക്, ടൈപ്പിസ്റ്റ് തസ്തികകളിൽ 5 ലക്ഷം രൂപ വാങ്ങിയത് ആരാണ്?

ഇവിടെയുള്ള അമ്പലക്കള്ളൻമാരാണ് വാങ്ങിയത്. പി.എസ്.സി ഭരണഘടനാപരമായ സ്ഥാപനമല്ലേ? ആ സ്ഥാപനത്തിനുപകരം നിങ്ങൾ റിക്രൂട്ട്മെന്റ് ബോർഡ് ഉണ്ടാക്കുന്നു എന്ന് പറയുന്നു നിങ്ങൾ റിക്രൂട്ട്മെന്റ് ബോർഡ് ഉണ്ടാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതെങ്ങനെയാണ്? ഇവിടെ ഒരു നിയമമുണ്ടാക്കി പി.എസ്.സി ക്ക് വിടാൻ തീരുമാനിച്ചു. പി.എസ്.സി അതിന്റെ റൂളുണ്ടാക്കി നോട്ടിഫിക്കേഷൻ ഇറക്കിയതിനുശേഷം പി.എസ്.സി ക്ക് വിട്ടത് നിങ്ങളെന്തിനാണ് പിൻവലിക്കുന്നത്? പി.എസ്.സി.ക്ക് ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും കോട്ടം തട്ടാത്തവിധത്തിൽ ചെയ്യാമല്ലോ. ഇവിടെ ക്രിസ്ത്യാനികളെയോ ഇസ്ലാംമത വിശ്വാസികളെയോ അമ്പലത്തിൽ പൂജയ്ക്കായോ കഴകക്കാരായോ വിളിക്കുകയില്ല. പി.എസ്.സി യിലേക്ക് വിട്ട നിയമത്തെ നിങ്ങൾ പിൻവലിക്കുന്നു. ഇത് ഭരണഘടനാവിരുദ്ധമായ കാര്യമാണ്. നമ്മുടെ സമൂഹം ആർജ്ജിച്ച മഹത്തായ മൂല്യങ്ങളെ പിൻവലിക്കുന്ന നിയമമാണ്. അതുകൊണ്ട് ഇത്രയും ഗുരുതരമായ തെറ്റുകൾ ചെയ്യുന്ന ഈ നിയമം നിയമസഭ ഒരിക്കലും അംഗീകരിക്കാൻ പാടില്ല എന്നതുകൊണ്ടാണ് ഞങ്ങൾ ഈ നിയമത്തിനെതിരായി ഞങ്ങളുടെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയത്, അല്ലാതെ രാഷ്ട്രീയമായിട്ടല്ല. അതുകൊണ്ട് ഞാൻ ഈ അംഗങ്ങളോടെല്ലാം അഭ്യർത്ഥിക്കുന്നു, ജലവിഭവ വകുപ്പുമന്ത്രി കൊണ്ടുവന്ന നിയമം പിൻവലിക്കപ്പെട്ടതുപോലെ പിൻവലിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുകയാണ്. അവിടെയിരിക്കുന്ന പുരോഗമനവാദികളായ ചെറുപ്പക്കാർ, ജാതിചിന്തക്കെതിരായി പലപ്പോഴും സംസാരിക്കുന്ന ആളുകൾ കടലാസിലെ പുലികളാകരുത്. നിങ്ങൾ യഥാർത്ഥ പുലികളാണെങ്കിൽ, ഞങ്ങൾ യൂത്ത് കോൺഗ്രസിന്റെ യുവാക്കളെ വെല്ലുവിളിക്കുന്നു, നിങ്ങളുടെ അഭിപ്രായമെന്താണ്? ശ്രീ. വി. ഡി. സതീശൻ, ശ്രീ. പി. സി. വിഷ്ണുനാഥ്, ശ്രീ. ഹൈബി ഈഡൻ, ശ്രീ. വി.

റ്റി. ബൽറാം, ശ്രീ. റ്റി. എൻ. പ്രതാപൻ തുടങ്ങി നിങ്ങളെല്ലാവരും റാഡിക്കലായി പ്രസ്താവന നടത്തുന്ന ആളുകളല്ലേ? പ്രസ്താവന മല്ലൻമാരാണോ നിങ്ങൾ? പ്രസ്താവന മല്ലൻമാരാണെങ്കിൽ ഇത് നിങ്ങളുടെ പരീക്ഷണശാലയാണ്. എന്തുവേണമെന്ന് നിങ്ങൾ തീരുമാനിക്കണം. നിങ്ങളാരും അനങ്ങില്ലെന്ന് എനിക്കറിയാം. അത്യാവശ്യ സന്ദർഭത്തിൽ സമയത്ത് തോക്ക് ഉലയ്ക്കുന്നവരാണ് നിങ്ങൾ. വെടി വയ്ക്കേണ്ട നേരമാകുമ്പോൾ തോക്ക് ഉലയ്ക്കരുത്. ഇപ്പോൾ നിങ്ങളുടെ അഭിപ്രായമെന്താണ്? ഈ നിയമം ഒരു കാരണവശാലും പാസാക്കാൻ പാടില്ല. കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ ഈ നിയമസഭ ഇത് പാസാക്കിയാൽ ഇതപര്യന്തമുള്ള കേരള നിയമസഭയുടെ ചരിത്രത്തിലെ ഏറ്റവും വലിയ പാതകത്തിന് സാക്ഷിയാകേണ്ടിവന്നവരായി നാം മാറും. അതിൽ ഞങ്ങൾക്ക് പങ്കില്ല, ഞങ്ങൾ കൈ കഴുകുന്നു, ഞങ്ങൾ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുന്നു.

ശ്രീ. സി. കെ. നാണു: സർ, ഈ സന്ദർഭത്തിന് ഒരു പ്രത്യേകതയുണ്ട്. ഈ നിയമസഭ സമ്മേളനം കഴിഞ്ഞാൽ നമ്മൾ പാർലമെന്റ് തെരഞ്ഞെടുപ്പിലേയ്ക്ക് പോവുകയാണ്. ഈ ഭേദഗതി കേരളത്തെ എങ്ങനെ സ്വാധീനിക്കും? സാധാരണ നമ്മൾ കൊണ്ടുവരുന്ന പല നിയമങ്ങളെക്കാളും ഭേദഗതികളെക്കാളും ഈ ഭേദഗതി സ്വാധീനിക്കപ്പെടും. അതിലൊന്ന്, കേരളത്തിലെ മിക്കവാറും ക്ഷേത്രങ്ങൾ തിരു-കൊച്ചിയിലായാലും മലബാറിലായാലും ദേവസ്വം ബോർഡുകളുടെ കീഴിലാണ് വരുന്നത്. ഈ ക്ഷേത്രങ്ങളിൽ നിന്നും ലഭിക്കുന്ന വരുമാനം, ഹിന്ദു ദേവാലയങ്ങളിൽനിന്നുമുള്ള വരുമാനം സർക്കാരിന്റെ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുവെന്ന ശക്തമായ പ്രചരണമുണ്ട്. ഇത്തരം പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിൽ

കേസ് കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ഡോ. സുബ്രഹ്മണ്യ സ്വാമി അനുകൂലമായ ഒരു വിധി നേടിയെടുത്തിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണിയും ഐക്യ ജനാധിപത്യ മുന്നണിയും അധികാരത്തിലിരുന്ന അവസരത്തിൽ ദേവസ്വങ്ങളിലുണ്ടാകുന്ന വരുമാനം സംസ്ഥാനത്തിന്റെ ഒരു ആവശ്യത്തിനും ഉപയോഗിച്ചിട്ടില്ല. കുറച്ചുമാസം ദേവസ്വം ബോർഡ് കൈകാര്യം ചെയ്തിരുന്ന ആളാണ് ഞാൻ. ആ സമയത്ത് സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്ന ഗവൺമെന്റിനെ സഹായിക്കാൻ കഴിയുന്നവിധത്തിൽ കോടി കണക്കിന് രൂപയും സ്വർണ്ണവും ഗുരുവായൂർ ദേവസ്വം ബോർഡിന് ഉണ്ടായിരുന്നു. അത് മുംബൈയിലെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ വച്ച് ദേവസ്വം ബോർഡിന് അതുവഴി ചെറിയ പലിശ ലഭിക്കുന്ന സാഹചര്യം ഉണ്ടായി. ഇവിടുത്തെ പ്രചരണം ദേവസ്വങ്ങളിൽനിന്നുള്ള വരുമാനം സർക്കാൻ ഉപയോഗിക്കുന്നുവെന്നാണ്. ക്ഷേത്രങ്ങളിൽ നിന്നുണ്ടാകുന്ന വരുമാനം ക്ഷേത്രങ്ങളുടെ ആവശ്യത്തിനും അതിനുപുറമേ സർക്കാർ വക ക്ഷേത്രങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനുമാണ് ഉപയോഗിക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രിയടക്കം യോജിച്ചുകൊണ്ട് ഇവിടെ വ്യക്തമാക്കണം. എൽ. ഡി. എഫ് ഗവൺമെന്റ് അധികാരത്തിലിരുന്ന സമയത്ത് സഖാവ് പി.ആർ. ദേവസ്വം വകുപ്പ് മന്ത്രിയായിരുന്നപ്പോൾ ഏകീകൃത ദേവസ്വം ബോർഡിന് ശ്രമിച്ചെങ്കിലും ട്രാവൻകൂർ ദേവസ്വത്തിലെ തൊഴിലാളികൾ അതിനെ അനുകൂലിച്ചില്ല. കാരണം, മലബാർ ദേവസ്വം ബോർഡിൽ നിന്നും ലഭിക്കുന്നതിനെക്കാളും മാന്യമായ വിധത്തിലുള്ള ശമ്പളം അവർക്ക് ലഭിക്കുമായിരുന്നു. മലബാർ ദേവസ്വം ബോർഡിലെ മാല കെട്ടുന്ന ജീവനക്കാർക്കടക്കം ആയിരം രൂപ പോലും ശമ്പളം ലഭിച്ചിരുന്നില്ല. മലബാർ ദേവസ്വത്തിന് ഇന്ന് വളരെയേറെ പ്രതിസന്ധിയാണുള്ളത്. വളരെ ചുരുക്കം

ക്ഷേത്രങ്ങൾക്ക് മാത്രമേ പിടിച്ചു നിൽക്കാൻ സാധിക്കുന്നുള്ളൂ. മറ്റുള്ള ക്ഷേത്രങ്ങളിലെ കാര്യങ്ങൾ അവിടുത്തെ ചെയർമാൻ ചന്ദ്രൻ എങ്ങനെ കൈകാര്യം ചെയ്തുകൊണ്ട് പോകുന്നുവെന്ന് എനിക്കറിയില്ല. അവിടുത്തെ ഡയറക്ടർമാർക്ക് മാന്യമായി പ്രവർത്തിക്കാനാവശ്യമായ സാമ്പത്തിക സഹായങ്ങൾ ലഭിക്കുന്നില്ല. ഇതെല്ലാം പരിശോധിക്കണം. മലബാർ ദേവ സ്വം കൂടുതൽ ശക്തമായ നിലയിൽ പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരി ക്കണം. മലബാർ ദേവസ്വത്തിൽ ഒരു ആഴ്ചയിൽ ഒരു തിരിപോലും തെളിയി ക്കാത്ത അമ്പലങ്ങൾ ഇന്നുമുണ്ട് ആ ക്ഷേത്രങ്ങളെ സാമ്പത്തികമായി സഹാ യിക്കാൻ ഗവൺമെന്റിന്റെ ഭാഗത്ത് നിന്നും കൂടുതൽസഹായം ലഭ്യമാക്കണം. ഈ പാർലമെന്റ് തെരഞ്ഞെടുപ്പ് വരുമ്പോൾ നമ്മൾക്കെതിരായി ശക്തമായി വരാനുള്ള പ്രചരണത്തെ വസ്തുതകൾ വച്ചുകൊണ്ട് നേരിടാനാവശ്യമായ ഒരു പ്രചരണം നമ്മുടെ ഭാഗത്ത് നിന്ന് ഉണ്ടാകണം. അത് കാലഘട്ടത്തിന്റെ രാഷ്ട്രീയപരമായ പ്രശ്നമാണ്. ദേവസ്വം ബോർഡുകളിൽ വനിത കൾക്കുള്ള അംഗീകാരം എടുത്തുകളയുന്നതിന്റെ ആവശ്യമെന്താണ്? ക്ഷേത്രങ്ങളിൽ പോകുന്നതിൻ വലിയൊരും വിഭാഗം സ്ത്രീകളാണ്. ഒരു കാലഘട്ടത്തിൽ നമ്മുടെ ദേവാലങ്ങളിലൊക്കെ വളരെ കുറച്ച് ആളുകളേ വരാറുണ്ടായിരുന്നുള്ളൂ. ഗുരുവായവൂർ സത്യാഗ്രഹവും, വൈക്കം സത്യാ ഗ്രഹവും രാജ്യത്തെ പല ഭാഗങ്ങളിലുമുള്ള ക്ഷേത്രങ്ങളിൽ എല്ലാവർക്കും പോകാൻ അവസരം നേടികൊടുത്തു. ഇവിടത്തെ വലിയൊരു വിഭാഗം ജനത ക്ഷേത്രങ്ങളിലേയ്ക്ക് പോകുന്നു. ക്ഷേത്രാരാധനകളുടെ തത്വങ്ങൾ പഠിച്ചി ട്ടൊന്നുമല്ല ക്ഷേത്രങ്ങളിൽ വരുന്നത്. ക്ഷേത്രങ്ങൾ കൈകാര്യം ചെയ്യുന്ന ദേവസ്വം ബോർഡ് സ്ത്രീകൾകളെ മാറ്റി നിർത്തപ്പെടുന്നുവെന്ന് തോന്നരുത്. ഈ പാർലമെന്റ് തെരഞ്ഞെടുപ്പ് വരാൻ പോകുന്ന അവസരത്തിൽ, കേരള

നിയമസഭയിൽ കൊണ്ടുവരുന്ന ഒരു ഭേദഗതിയിൽ സ്ത്രീകളെ മാറ്റി നിർത്തുന്നുവെന്ന് വരികയും അതിന് ഏകകണ്ഠമായി ഒരു നിലപാട് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നത് ശരിയാണോ? യു. ഡി. എഫ് അതിന്റെ കൂടെ നിൽക്കുമോ ഇല്ലയോ എന്നത് വേറെ കാര്യം. യു. ഡി. എഫ് ഒരു പക്ഷേ ആലോചിട്ടായിരിക്കും ഈ ബിൽ കൊണ്ടുവന്നത്. അവർക്ക് അതിനോട് സമീപനമുണ്ടാകും. പക്ഷേ ഞാൻ വ്യക്തമാക്കുന്നു, നിയമസഭയിലുള്ള കക്ഷി അംഗങ്ങളുടെ താൽപ്പര്യത്തെക്കാളും പുറത്തുള്ള വരുടെ താൽപ്പര്യത്തിനായിരിക്കും പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഇത് ഗുണം ചെയ്യുക. അതിന്റെ കൂടെയാണോ നിങ്ങൾ. അത് നിങ്ങൾ എല്ലാവരും പരി ശോധിക്കണം. ആരെ സംബന്ധിച്ചിടത്തോളവും ഒരു വെല്ലുവിളിയുമില്ല. പക്ഷെ രാഷ്ട്രീയമായി വിലയിരുത്തിയാൽ ഇതിൽ ഒരപകടമുണ്ടെന്ന് കാണാൻ സാധിക്കും. ഈ അപകടം ഏത് വഴി വന്നുവെന്നും എന്തൊക്കെ ഘടകങ്ങാണ് ഇതുമൂലം ഉണ്ടായതെന്നും മനസ്സിലാക്കണം. ദേവാലയങ്ങ ളിലെ വരുമാനത്തിൽ നിന്നും അഞ്ച് നയാപൈസാപോലും സർക്കാരിന്റെ ആവശ്യത്തിന് ഉപയോഗിക്കുന്നില്ല. പാർലമെന്റ് സ്പീക്കർ, പ്രധാനമന്ത്രി അങ്ങനെ എല്ലാ മേഖലകളിലും വനിതകൾ അർഹമായ പ്രാതിനിധ്യം നേടി യെടുത്തപ്പോൾ, രാജ്യത്ത് ഏറ്റവും പുരോഗമനപരമായ പ്രക്ഷോഭങ്ങൾ നടത്തി സമൂഹത്തിന്റെ അടിത്തട്ടിൽ കിടന്നിരുന്നവരെ പോലും ഉയർന്ന മേഖലയിൽ എത്തിച്ച ഈ സംസ്ഥാനത്ത് നമ്മൾ കൊണ്ടുവന്ന ഈ ബില്ലിൽ 'വനിതകളെ മാറ്റി നിർത്തുന്നു'വെന്ന് പറഞ്ഞ ആ ഒരുവരി എഴുതിയത് പാപ മാണ്, ശരിയല്ല. ഇത് നമ്മെ വളരെ വളരെ പുറകിലോട്ട് കൊണ്ടുപോകുന്നു. അതുകൊണ്ട് ഞാൻ ഇതിന് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ഇപ്പോൾ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഒരു ദീർഘമായ പ്രസംഗത്തിന് ഞാൻ മുതിരുന്നില്ല. മൂന്നുനാല് മിനിറ്റുകൾ കൊണ്ട് ഒരു വാചകത്തിൽ മൂവ് ചെയ്ത് അവസാനിപ്പിക്കണമെന്നാണ് ആഗ്രഹിച്ചത്. പക്ഷെ പ്രതിപക്ഷാംഗങ്ങൾ 6 പേരാണ് ഇവിടെ സംസാരിച്ചത്. അതിനുശേഷം സംസാരിക്കാതെ പോകുന്നത് ശരിയല്ലായെന്ന് മാത്രം കരുതിയാണ് സംസാരിക്കുന്നത്. രാജഭരണം ജനാധിപത്യ ഭരണക്രമത്തിന് വഴിമാറിയപ്പോഴുണ്ടാക്കിയ ഒരു കവനന്റിന്റെ അടിസ്ഥാനത്തിലാണ് ഈ നിയമങ്ങളെല്ലാം നിർമ്മിക്കപ്പെട്ടിരിക്കുന്നത്. ആ കവനന്റിന്റെ ഫ്രെമിൽ നിന്നുകൊണ്ട് പ്രവർത്തിക്കാനുള്ള പൂർണ്ണമായ ബാധ്യത, ജനാധിപത്യ ഭരണക്രമത്തിനും നിയമനിർമ്മാണങ്ങളുണ്ടാക്കാനുള്ള ബാധ്യത ഈ നിയമസഭയ്ക്കുമുണ്ട്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ദേവസ്വം ബോർഡ് പിടിച്ചെടുക്കാൻ വേണ്ടി നടത്തിയ ശ്രമങ്ങളുടെ ഭാഗമായാണ് ഈ അമെന്റ്മെന്റുകളും ഓർഡിനൻസുകളും കൊണ്ടുവന്നിരിക്കുന്നതെന്നാണ് ഈ 6 പേരും ഉന്നയിച്ച ആരോപണം. യഥാർത്ഥത്തിൽ ഗവൺമെന്റുകൾ മാറി മാറി വരുമ്പോൾ ആ ഗവൺമെന്റുകളുടെ അധീനതയിൽ ദേവസ്വം ബോർഡിനെ കൊണ്ടുവരാൻ നടത്തുന്ന ശ്രമങ്ങളുടെ തുടർച്ചയാണിത്. ഇതിനുമുൻപും സർക്കാരുകൾ മാറി മാറി വന്നപ്പോൾ സഹകരണ സംഘങ്ങളെ അല്ലെങ്കിൽ സഹകരണ ബാങ്കുകളെ അധീനതയിലാക്കാൻ ശ്രമിക്കുന്ന അതേ ലാഘവത്തോടുകൂടി ദേവസ്വം ബോർഡുകളെ അവരുടെ അധീനതയിലാക്കാൻ ശ്രമിച്ചിട്ടുണ്ട്.

എൽ. ഡി. എഫ് ഗവൺമെന്റുകളും ഇതിൽ നിന്നും വിഭിന്നമല്ല. എൽ.ഡി. എഫ്. ഗവൺമെന്റുകളും ധാരാളമായി ഓർഡിനൻസുകൾ കൊണ്ടുവന്ന് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റും സഹകരണ ബാങ്കുകളും പിടിച്ചെടുക്കാൻ ശ്രമിക്കുന്നതുപോലെ ദേവസ്വം ബോർഡ് പിടിച്ചെടുക്കാനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. അതുകൊണ്ട് ആർക്കാണ് കല്ലെറിയാൻ യോഗ്യത എന്നുള്ള ഒരു തർക്കത്തിലേയ്ക്ക് പോകേണ്ട. ദേവസ്വം ബോർഡുകൾക്ക് സ്വയംഭര ണാവകാശം കൊടുക്കണമെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. സർക്കാ രുകൾ അമിതമായി ദേവസ്വം ബോർഡുകളുടെ കാര്യത്തിൽ ഇടപെടരുത്.

ഹിന്ദു-ഹൈന്ദവ ക്ഷേത്രങ്ങളുടെ ഭരണാധികാരവും ചുമതലയും ദേവ സ്വം ബോർഡിന് സ്വയംഭരണാവകാശം വിട്ടുകൊടുത്തുകൊണ്ട് നൽകണം. അപ്പോൾ വരുന്ന ആരോപണം എന്താണ്, ശ്രീ. ജി. സുധാകരൻ ദേവസ്വം ബോർഡ് വകുപ്പുമന്ത്രിയായിരുന്നപ്പോൾ അദ്ദേഹമുന്നയിച്ച പ്രധാനപ്പെട്ട ആക്ഷേപം സർക്കാരുകൾക്ക് നിയന്ത്രണമില്ലെങ്കിൽ അഴിമതിയുടെ കേന്ദ്രങ്ങളായി ദേവസ്വം ബോർഡുകൾ മാറുമെന്നുള്ളതാണ്. ദേവസ്വം ബോർഡുകളിലെ പ്രസിഡന്റുമാരായും മെമ്പർമാരായും വരുന്ന ആളുകൾ അഴിമതിക്കാരായിട്ടുണ്ടെങ്കിൽ അതിന്റെ ഉത്തരം പറയേണ്ടത്, ഭരണ നേതൃത്വവും രാഷ്ട്രീയ നേതൃത്വവുമാണ്. ഇവിടെ യു.ഡി.എഫ്. ഭരണം ഉണ്ടായിരുന്നപ്പോഴും എൽ.ഡി.എഫ്. ഭരണമുണ്ടായിരുന്നപ്പോഴും ദേവസ്വം ബോർഡിൽ അഴിമതി ഉണ്ടായിട്ടുണ്ട്. ആ അഴിമതിയുണ്ടാകാനുള്ള കാരണം ദേവസ്വം ബോർഡ് പ്രസിഡന്റുമാരുടെയും ദേവസ്വം ബോർഡ് മെമ്പർമാരുടെയും നിയമനങ്ങൾ രാഷ്ട്രീയ നിയമനങ്ങളായിരുന്നു എന്നതാണ്. ഈ നാട്ടിൽ മാന്യമായി കൈക്കൂലി വാങ്ങാതെ സത്യസന്ധമായി പ്രവർത്തിക്കുന്ന എത്രയോ നല്ല ആളുകളുണ്ട്.

അവരെയൊന്നും ദേവസ്വം ബോർഡിൽ നിയമിക്കാൻ നിങ്ങൾക്കാർക്കും കഴിഞ്ഞില്ല, അഴിമതിക്കാരെത്തന്നെ രാഷ്ട്രീയ നേതൃത്വവും ഭരണ നേതൃത്വവും നിയമിച്ചപ്പോൾ, ദേവസ്വം ബോർഡിലല്ല അവരെ എവിടെ നിയമച്ചാലും അവർ അഴിമതി കാണിക്കും. അവരെ തെരെഞ്ഞെടുത്ത രാഷ്ട്രീയ നേതൃത്വത്തിനും ഭരണ നേതൃത്വത്തിനും ആ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറാൻ സാധിക്കില്ല. ഇപ്പോൾ യു.ഡി.എഫ്. ഗവൺമെന്റ് വന്നപ്പോൾ കുറെ മാറ്റങ്ങളുണ്ടായി. കുറെ അനുഭവങ്ങളിൽനിന്ന് പഠിച്ചു. ഇപ്പോൾ അഴിമതി ആരോപണങ്ങളില്ലല്ലോ. ഇപ്പോഴത്തെ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് ശ്രീ. എം. പി. ഗോവിന്ദൻ നായരാണ്. ഇന്നിപ്പോൾ നാലു മന്ത്രിമാർ വഹിക്കുന്ന വകുപ്പുകളുടെ ചുമതല ഒറ്റയ്ക്ക് വഹിച്ചിരുന്ന ഒരു മന്ത്രിയായിരുന്നു അദ്ദേഹം. പ്രശസ്തനായ ഒരു അഭിഭാഷകനാണ്. അദ്ദേഹം വളരെ സത്യസന്ധനാണ്. ദേവസ്വം ബോർഡ് പ്രസിഡന്റുമായി ബന്ധപ്പെട്ട് ഒരു അഴിമതി ആരോപണംപോലും ഇതുവരെ ഉണ്ടായിട്ടില്ല. ഇനി നാളെയും ഉണ്ടാകാൻ പോകുന്നില്ല. കാരണം, ആ സ്ഥാനത്തിരിക്കാൻ യോഗ്യനായ ഒരാളെ സർക്കാർ നിയമിച്ചു എന്നുള്ളതാണ് കാര്യം. അപ്പോൾ അഴിമതിയുണ്ടാകുന്നത് നിയമത്തിന്റെ കുഴപ്പംകൊണ്ടല്ല. നമ്മളാണ് സത്യസന്ധരാകേണ്ടത്. നമ്മളാണ് നേരായ തീരുമാനങ്ങളെടുക്കേണ്ടത്. അതുകൊണ്ട് ക്ഷേത്രങ്ങളുടെ ഭരണത്തിൽ സർക്കാർ ഇടപ്പെട്ട് സർക്കാർ കൈയിട്ടുവാരി, ഇനി സർക്കാരിന് നിയന്ത്രണം വച്ചുവെന്ന് കരുതട്ടെ, ആ നിയന്ത്രണത്തിന് ഉത്തരവാദിത്വപ്പെട്ട സർക്കാരിൽ നിന്നു വരുന്ന ആളുകൾ അഴിമതിക്കാരാണെങ്കിലോ? അപ്പോൾപ്പിന്നെ സർക്കാരിന്റെ കൈകളിലേയ്ക്ക് നിയന്ത്രണം മാറിയതുകൊണ്ട് അവിടെ അഴിമതി ഇല്ലാതാകുമോ; അഴിമതി ഇല്ലാതാവുകയില്ലല്ലോ? അപ്പോൾ

സർക്കാരിന്റെ കൈകളിലേയ്ക്ക് പൂർണ്ണമായ നിയന്ത്രണം വന്നാൽ ചിലപ്പോൾ മന്ത്രിയായി വരുന്ന ആളുകൾ, ചിലപ്പോൾ അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാർ എന്നിവരെല്ലാം അഴിമതിക്കാരായി മാറിയാൽ പിന്നെ നമ്മൾ ഈ നിയമം മാറ്റുന്നതിലെന്താണ് അർത്ഥം. കവനന്റിന്റെ ഫ്രെയിമിൽ നിന്നുകൊണ്ടുതന്നെ ഇപ്പോൾ നമ്മളുണ്ടാക്കുന്ന നിയമനിർമ്മാണത്തെക്കാൾ വലിയ നിയമപരമായ പ്രസക്തി അന്നുണ്ടായിരുന്നു. അതുമുഴുവൻ ജനാധിപത്യ സർക്കാരിന് വിട്ടുതന്നു കൊണ്ടുള്ള എഗ്രിമെന്റാണ് കവനന്റ് എന്നുപറയുന്നത്. അത് വിട്ടുതന്നപ്പോൾ, പൂർണ്ണമായ ക്ഷേത്രവകകളും, സ്വത്തുക്കളും സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ദേവസ്വം ബോർഡുകൾ രൂപീകരിച്ച് ദേവസ്വം ബോർഡുകൾക്ക് സ്വയംഭരണാവകാശം കൊടുക്കണമെന്ന് പറഞ്ഞത്. നമ്മൾ ഏത് ലോകത്തിലാണ് ഇപ്പോൾ ജീവിക്കുന്നത്? കല്ലൂർ ബാബുവിന്റെ കാര്യമുൾപ്പെടെയുള്ള കാര്യങ്ങൾ ഇന്നിപ്പോൾ ഇവിടെ ധാരാളം പേർ സംസാരിച്ചു. 1936–ൽ ക്ഷേത്രപ്രവേശന വിളംബരം നടന്ന സംസ്ഥാനമാണ് കേരളം. സ്വാതന്ത്ര്യത്തിനുമുമ്പുതന്നെ ക്ഷേത്രപ്രവേശന വിളംബരം നടന്നു. ഇൻഡ്യയിലെ മറ്റ് ഭാഗത്തുള്ള ആളുകൾക്ക് ചിന്തിക്കാൻ കഴിയുന്നതിനുമുമ്പുതന്നെ, സവർണ്ണ മേധാവിത്വത്തിനുമാത്രം ക്ഷേത്രത്തിൽ പ്രവേശിക്കാനുണ്ടായിരുന്ന അവകാശം എല്ലാ ഹിന്ദുക്കൾക്കും പൂർണ്ണമായും വിട്ടുകൊടുത്തുകൊണ്ടുള്ള വിപ്ലവകരമായ ഒരു പ്രഖ്യാപനം രാജഭരണകാല ത്തുതന്നെ നേടിയെടുക്കാൻ കഴിഞ്ഞ ഒരു സംസ്ഥാനമാണ് കേരളം. അതുകൊണ്ടാണല്ലോ വൈക്കം സത്യാഗ്രഹത്തിന്റെ സമയത്തും ഗുരുവായൂർ സത്യാഗ്രഹത്തിന്റെ സമയത്തുമെല്ലാം മഹാത്മാ ഗാന്ധിയുടെ സാന്നിദ്ധ്യ

മുണ്ടായിരുന്നത്. അദ്ദേഹത്തെപ്പോലെ സ്വാതന്ത്ര്യ സമരത്തിന് നേതൃത്വം കൊടുത്ത നേതാക്കന്മാരുണ്ടായിരുന്നു. ഇൻഡ്യയുടെ സ്വാതന്ത്ര്യ സമരം തന്നെ സമാനതകളില്ലാത്ത സ്വാതന്ത്ര്യ സമരമായി മാറിയത് ആ രാഷ്ട്രീയ സ്വാതന്ത്ര്യ സമരത്തോടൊപ്പംതന്നെ നടത്തിയ സാമൂഹിക നീതിക്കുവേണ്ടി യുള്ള പോരാട്ടംകൂടി ഉണ്ടായിരുന്നുവെന്നുള്ളതാണ്. അതുകൊണ്ടാണ് അന്ന് മഹാത്മാ ഗാന്ധി ഇൻഡ്യ മുഴുവൻ സഞ്ചരിക്കുകയും കേരളത്തിൽ വന്ന് ശ്രീനാരായണ ഗുരുദേവനേയും അയ്യങ്കാളിയെയുംപോലുള്ള നവോ ത്ഥാന നായകന്മാരുമായി ബന്ധപ്പെടുകയും ചെയ്തത്. ആ സ്വാതന്ത്ര്യ സമര ത്തിന്റെ പ്രോഡക്ടാണ് ഇൻഡ്യൻ ഭരണഘടനയെന്നുപറയുന്നത്. അതു കൊണ്ടാണ് ഇൻഡ്യൻ ഭരണഘടന സമാനതകളില്ലാത്ത ഒരു ഭരടഘടനയായി മാറുകയും അതിനകത്ത് സംവരണതത്വംപോലുള്ള പുതിയ തത്വങ്ങൾ ലോക ത്തിലാദ്യമായി പ്രഖ്യാപിക്കാനും കഴിഞ്ഞത്. ശ്രീ. ജി. സുധാകരനിവിടെ വായിച്ച ഭരണഘടനയിൽ എല്ലാം അടങ്ങിയിട്ടുണ്ട്. 78 വർഷക്കാലംമുമ്പാണ് ക്ഷേത്രപ്രവേശന വിളംബരം നടന്നത്. അന്ന് ക്ഷേത്രപ്രവേശനത്തിനുവേണ്ടി നടത്തിയ സമരത്തിനും വൈക്കം സത്യാഗ്രഹത്തിനുമൊക്കെ പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് പിന്നീട് മന്നത്ത് പത്മനാഭനപ്പോലുള്ള ഒരു സവർണ്ണ സമുദായ നേതാവ് സവർണ്ണ ജാഥ നടത്തി പിന്തുണ നൽകിയിട്ടുണ്ട്. അന്ന് കമ്മ്യൂണിസ്റ്റ് പാർട്ടിയിലും കോൺഗ്രസ്സിലുമുണ്ടായിരുന്ന രാഷ്ട്രീയ നേതാക്കന്മാർ വൈക്കം സത്യാഗ്രഹത്തിലും ഗുരുവായൂർ സത്യാഗ്രഹത്തിലും പങ്കെടുത്ത് തങ്ങളുടെ പുരോഗമന സ്വാഭാവമെന്താ ണെന്ന് വർഷങ്ങൾക്കുമുമ്പ് വ്യക്തമാക്കിയിട്ടുണ്ട്. എന്റെ ചോദ്യമിതാണ്, വളരെ ലളിതമായ ചോദ്യം, അന്നത്തെ സാമുദായിക നേതാക്കന്മാർക്കും

രാഷ്ട്രീയ നേതാക്കന്മാർക്കുമുണ്ടായിരുന്ന പുരോഗമന സ്വഭാവം ഇന്നത്തെ ഈ കാലഘട്ടത്തിൽ ജീവിക്കുന്ന നമുക്കുണ്ടോ? ക്ഷേത്രപ്രവേശന വിളംബരം കഴിഞ്ഞ് 78 വർഷം കഴിഞ്ഞിട്ടും ഹിന്ദുക്കളിൽത്തന്നെയുള്ള കുറെ വിഭാഗം ആളുകൾക്ക് പൂർണ്ണമായും നീതിയും അവരുടെ അവകാശങ്ങളും നിഷേധിക്കുപ്പെടുന്ന കാലഘട്ടമാണ്. അത് തെറ്റാണെന്ന് പറയാനും തെറ്റുണ്ടെങ്കിൽ അത് തിരുത്താനും വേണ്ടിയുള്ള പുരോഗമന സ്വഭാവം നമ്മളാരെങ്കിലും കാണിക്കുന്നുണ്ടോ; നിങ്ങളും ഭരിച്ചതല്ലേ, ഇപ്പോൾ ഞങ്ങളും ഭരിക്കുകയല്ലേ? അത് തിരുത്തിയെഴുതാനുള്ള പുരോഗ മന സ്വഭാവം, ശ്രീ. വി. എസ്. സുനിൽ കുമാർ ഞങ്ങളെയൊക്കെ വെല്ലു വിളിച്ചു. അത് ശ്രീ. വി. എസ്. സുനിൽ കുമാറിന്റെയൊരു സ്ഥിരം സ്വാഭാവ മാണ്. എന്തുപറഞ്ഞാലും. വി. ഡി. സതീശന് എന്താണ് അഭിപ്രായം, ശ്രീ. ടി. എൻ. പ്രതാപന് എന്താണ് അഭിപ്രായം, ശ്രീ. പി. സി. വിഷ്ണുനാഥിന് എന്താണ് അഭിപ്രായം, ശ്രീ. വി. ടി. ബൽറാമിന് എന്താണ് അഭിപ്രായം എന്നൊക്കെ ചോദിക്കും. ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ ഒരസ്വസ്ഥത എനിക്ക് മനസ്സിലാകും. കാരണം, ഇടതുപക്ഷ യുവജന സംഘടനകൾ പണ്ട് പറഞ്ഞിരുന്ന ഒരുപാട് കാര്യങ്ങൾ ഇപ്പോൾ നിങ്ങൾക്ക് പറയാൻ കഴിയു ന്നില്ല. നിങ്ങളെല്ലാം വിധേയരായി ജീവിക്കുകയാണ്. ഒരക്ഷരം പറയാൻ സാധിക്കില്ല. ഇവിടെ പല കാര്യങ്ങളും സംസാരിച്ചുകൊണ്ടിരുന്നപ്പോൾ പല പിന്തിരിപ്പൻ തീരുമാനങ്ങളും നിങ്ങളുടെ ഭാഗത്തുനിന്ന് നിങ്ങളുടെ നേതാക്ക ന്മാർ പറയുമ്പോൾ പറയാനാഗ്രഹമുണ്ടായിട്ടും തലകുനിച്ചിരിക്കുന്ന ധാരാളം സുനിൽ കുമാറുമാരെ ഞാനിവിടെ കണ്ടു. നിങ്ങൾക്ക് സംസാരിക്കാൻ കഴിയില്ല. പക്ഷെ, ഞങ്ങളുടെ പാർട്ടിയിൽ ഉൾപ്പാർട്ടി ജനാധിപത്യമുണ്ട്,

അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യമുണ്ട്. ഒരു അഭിപ്രായം പറഞ്ഞാൽ അതിനെ ഗൗരവത്തോടുകൂടി എടുക്കുകയും അത് ശരിയാണെന്ന് തോന്നിയാൽ ആ തീരുമാനം നടപ്പിലാക്കുകയും ചെയ്യും. വാട്ടർ അതോറിറ്റി യുമായി ബന്ധപ്പെട്ട ഒരു ഉത്തരവുവന്നപ്പോൾ ആ ഉത്തരവ് ശരിയല്ല, അത് മാറ്റണമെന്ന് ഞങ്ങൾ ജലവിഭവവകുപ്പുമന്ത്രിയോടും ബഹുമാനപ്പെട്ട മുഖ്യ മന്ത്രിയോടും നിയമസഭയിൽ ആവശ്യപ്പെട്ടു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഞങ്ങളെ വിളിച്ച് സംസാരിച്ചു. അതിന്റെ കുഴപ്പവും കുറവിനെയുംപറ്റി ഞങ്ങൾ അദ്ദേഹത്തെ പറഞ്ഞ് ബോദ്ധ്യപ്പെടുത്തി. മണിക്കൂറുകൾക്കകം ആ ഉത്തരവ് പിൻവലിക്കാനുള്ള തീരുമാനമെടുത്തു. അങ്ങനെ വിശാല ഹൃദയ മുള്ള നേതാക്കന്മാരും ഞങ്ങൾക്ക് പറയാനുള്ള സ്വാതന്ത്ര്യവുമുള്ള പാർട്ടി യാണ്. അതിൽ അസൂയപ്പെട്ടിട്ട് കാര്യമില്ല. അതുകൊണ്ട് സൂര്യന് താഴെ യുള്ള എല്ലാ കാര്യത്തിലും ഞങ്ങൾ അഭിപ്രായം പറയണമെന്ന് ഞങ്ങളെ നിർബന്ധിക്കുന്നതിൽ കാര്യമില്ല. ഞങ്ങൾക്ക് ശരിയാണ് എന്നുതോന്നുന്ന കാര്യങ്ങൾ, അല്ലാതെ ഒരു കൊട്ടാരം വിപ്ലവമുണ്ടാക്കാൻ വേണ്ടിയോ, വാർത്തകളിൽ സ്ഥാനം പിടിക്കാൻ വേണ്ടിയോ അല്ല. പക്ഷെ ഈ കാലഘട്ട ത്തിൽ ജീവിക്കുകയാണ്. തിരിഞ്ഞു നോക്കുമ്പോൾ, ആളുകളെ വിമർശിക്കു മ്പോൾ നമ്മുക്ക് ശരിയാണ് എന്നുതോന്നുന്ന കാര്യങ്ങൾ പറയാനുള്ള സ്വാത ന്ത്ര്യം ഈ പാർട്ടിയുലള്ളതുകൊണ്ടാണ് ഞങ്ങൾ ഈ പാർട്ടിയിൽ വളരെ അഭിമാനത്തോടുകൂടി നിൽക്കുന്നത്. നിങ്ങൾക്ക് അതില്ലാതെ പോയി.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ വെള്ളത്തിന്റെ കാര്യത്തിൽ സ്വാകാര്യവൽക്കരണത്തിനെതിരായി ശക്തമായ നിലപാടെടുത്തു അത് നല്ലൊരുകാര്യമാണ്. അതുപോലെതന്നെ മൂന്ന് കാര്യങ്ങളാണിവിടെ പറഞ്ഞത്, അതിനോട് ശ്രീ. വി. ഡി. സതീശന്

ഏതെങ്കിലും തരത്തിലുള്ള വിയോജിപ്പുണ്ടാകുമെന്ന് തോന്നുന്നില്ല. ഒന്ന്, വനിതാ സംവരണം, രണ്ട്, ചട്ടം നിർമ്മിക്കുന്ന കാര്യത്തെ സംബന്ധിച്ചുള്ള കാര്യങ്ങൾ, മൂന്ന്, പി.എസ്.സി.–യുടെ കാര്യം. ഇതിനെ സംബന്ധിച്ച് താങ്കളുടെ വ്യക്തമായ അഭിപ്രായമൊന്ന് പറയണം. അത് ഈ സഭയ്ക്ക് കേൾക്കാനുള്ള താൽപ്പര്യമുണ്ട്. അതുകൊണ്ടാണ് ഞാൻ പറയുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ വ്യക്തമായ അഭിപ്രായം ആദ്യംതന്നെ പറഞ്ഞല്ലോ, നിങ്ങളുടെ ആരോപണമെന്താണ്, ഈ ദേവസ്വം ബോർഡുകളെ പിടിച്ചെടുക്കാൻ വേണ്ടി യു.ഡി.എഫ്. ഭരണം ശ്രമിക്കുന്നതിന്റെ ഭാഗമായാണ് ഈ അമെന്റ്മെന്റ് കൊണ്ടുവന്നിരിക്കുന്നതെന്നാണ്. നിങ്ങൾ ഇതേപ്പണിതന്നെയാണ് ചെയ്തത്. ദേവസ്വം ബോർഡ് നിങ്ങളുടെ അധീനതയിൽ കൊണ്ടുവരാനും നിങ്ങളുടെ കീഴിലാക്കുന്നതിനുംവേണ്ടി നടത്തിയ ശ്രമങ്ങൾ, അതിന്റെ തനിയാവർത്തനങ്ങളാണ്. ഞാൻ അത് സൂചിപ്പിച്ചു. സഹകരണ സംഘങ്ങൾ പിടിക്കാൻ ശ്രമിക്കുന്നതുപോലെ, സർവ്വകലാശാല സിൻഡിക്കേറ്റുകൾ പിടിക്കാൻ ശ്രമിക്കുന്നതുപോലെയുള്ള ലാഘവത്വത്തോടുകൂടിയാണ് ദേവസ്വം ബോർഡുകൾ പിടിക്കാൻ മാറിമാറി വരുന്ന ഗവൺമെന്റുകൾ ശ്രമിക്കുന്നത്. അതുകൊണ്ടാണ് അതിൽ വ്യക്തമായ അഭിപ്രായം പറഞ്ഞത്, ദേവസ്വംബോർഡുകൾക്ക് സ്വയംഭരണ അവകാശം കൊടുക്കണം. സത്യസന്ധരായ, അഴിമതിയുടെ കറപുരളാത്ത ആളുകളെ അവിടെ നിയമിക്കണം. അതാണ് അതിനുള്ള ശാശ്വതമായ പരിഹാരം. അതിന് വ്യക്തമായ അഭിപ്രായമുണ്ട്.

അല്ലാതെ പി.എസ്.സി.–ക്ക് നിയമനം വിട്ടുവെന്നുകരുതിയിട്ടൊന്നും പരിഹാരമുണ്ടാകാൻ പോകുന്നില്ല. യൂണിവേഴ്സിറ്റിയിലെ നിയമനങ്ങൾ യൂണിവേഴ്സിറ്റി നേരിട്ടല്ലേ നടത്തുന്നത്, അല്ലാതെ പി.എസ്.സി. അല്ലല്ലോ

നടത്തുന്നത്. യൂണിവേഴ്സിറ്റികളിൽ ശരിയായ നിയമനങ്ങൾ നടത്തിയ കാലമുണ്ടായിരുന്നു. യൂണിവേഴ്സിറ്റിയുടെ സിൻഡിക്കേറ്റിൽ നിങ്ങളുടെ ആളുകൾ ഇരുന്ന സമയത്തല്ലേ കേരളം കണ്ട ഏറ്റവും വലിയ അഴിമതി കേരള യൂണിവേഴ്സിറ്റിയിൽ നടന്നത്. എന്തുകൊണ്ട് അത് നിങ്ങൾക്ക് നിയന്ത്രിക്കാൻ കഴിയാതെ പോയി. ഈ ആക്ഷേപം വന്നകാലത്ത് നിങ്ങൾ അധികാരത്തിലുണ്ടായിരുന്നു. എന്നിട്ട് നിങ്ങൾ അവിടത്തെ നിയമനം പി.എസ്.സി.–ക്ക് വിട്ടോ, ഇല്ലല്ലോ. അപ്പോൾ ദേവസ്വം ബോർഡ് പി.എസ്.സി.–ക്ക് വിടണം. യൂണിവേഴ്സിറ്റി പി.എസ്.സി.–ക്ക് വിടാൻ പാടില്ല. അഴിമതി എവിടെയുണ്ടെങ്കിലും തടയാനുള്ള ശ്രമങ്ങളും ശക്തമായ നീക്കങ്ങളുമാണ് വേണ്ടത്. പി.എസ്.സി.–ക്കു വിട്ടതുകൊണ്ട് മാത്രം പരിഹാരമാകില്ല. ഒരു കാര്യം നമ്മൾ മനസ്സിലാക്കണം. സർക്കാരോ ദേവസ്വം ബോർഡുകളോ കൃത്യമായി കാര്യങ്ങൾ ചെയ്യുന്നില്ല എന്നുള്ളതു കൊണ്ടാണ് കോടതികളുടെ ഇടപെടൽ വരുന്നത്. ദേവസ്വം ബോർഡ് കമ്മീഷണറെ വയ്ക്കാനുള്ള അധികാരം ആർക്കാണ്? സർക്കാരിന്റെ പ്രതിനിധിയായി ദേവസ്വം ബോർഡിന്റെ കമ്മീഷണറെ വയ്ക്കുന്നത് എക്സിക്യൂട്ടീവിന്റെ പവറല്ലേ. ഇപ്പോൾ സർക്കാരിന് അധികാരമുണ്ടോ? സർക്കാരിന് അധികാരമില്ല. പാനൽ നിശ്ചയിച്ച് കോടതിയിൽ കൊടുക്കാൻ സർക്കാരിന് അധികാരമുണ്ട്. അപ്പോൾ കോടതിയാണ് നിശ്ചയിക്കുന്നത്. കേരള ഹൈക്കോടതിയാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണറേയും കൊച്ചിൻ ദേവസ്വം ബോർഡ് കമ്മീഷണറേയും നിയമിക്കുന്നത്. രാഷ്ട്രീയ നേതൃത്വത്തിന്റേയും എക്സിക്യൂട്ടീവിന്റേയും കയ്യിലിരിക്കേണ്ട അധികാരം ജുഡീഷ്യറിയുടെ കയ്യിലേയ്ക്ക് പോയത് എന്തു കൊണ്ടാണ്. ഒരു പാനൽ കൊടുത്താൽ ആ പാനൽ ഇഷ്ടമായില്ലെങ്കിൽ ആ

പാനൽ കോടതിക്ക് റിജക്ട് ചെയ്യാം. എന്നിട്ട് അടുത്ത പാനൽ ചോദിക്കാം. യഥാർത്ഥത്തിൽ ജുഡ്യഷ്യറിക്ക് എവിടെയാണ് അങ്ങനെയൊരു കമ്മീഷനെ നിയമിക്കാനുള്ള അധികാരം പറഞ്ഞിട്ടുള്ളത്. നമ്മുടെ ഭരണഘടനയിലെ ബാലൻസ് ഓഫ് പവർ അനുസരിച്ച് ആ ഭരണഘടനയിൽ ജുഡീഷ്യറിക്കും എക്സിക്യൂട്ടീവിനും ലെജിസ്ലേച്ചറിനുമുള്ള അധികാരങ്ങൾ പരിഗണിക്കുമ്പോൾ ദേവസ്വം ബോർഡിലെ കമ്മീഷണറെ നിയമിക്കാനുള്ള ജുഡീഷ്യറിയുടെ അധികാരം നമ്മുടെ ഭരണഘടനയ്ക്ക് വിരുദ്ധമാണ്. എന്തുകൊണ്ടാണ് അത് കോടതിയിൽ എത്താൻ കാരണം? ഇവിടെ നടക്കുന്ന അഴിമതികൾ, ഇവിടെ നടക്കുന്ന തെറ്റായ കാര്യങ്ങൾ ഓഡിറ്റ് ചെയ്യാനുള്ള കോടതിയുടെ അധികാരമുപയോഗിച്ചത് എക്സിക്യൂട്ടീവിന് നിയന്ത്രിക്കാൻ കഴിയാതെപോയപ്പോൾ കോടതി എക്സിക്യൂട്ടീവിന്റെ അധികാരംകൂടി കവർന്നെടുത്തു. ഇപ്പോൾ ദേവസ്വം ബോർഡിൽ 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ഒരു വർക്ക് നടത്തണമെങ്കിൽ ഹൈക്കോടതിയുടെ അനുമതി വേണം. കോടതിയുടെ ജോലി അതാണോ? ഇന്നിപ്പോൾ കോടതികൾ നിയമനിർമ്മാണങ്ങൾവരെ നടത്തുന്നുണ്ട്. എന്തുകൊണ്ടെന്നാൽ പാർലമെന്റാണെങ്കിലും നിയമസഭകളാണെങ്കിലും അവരെ ഏൽപ്പിച്ച ഉത്തരവാദിത്വം അവർ ഭംഗിയായി നിർവ്വഹിക്കുന്നതിൽ പരാജയപ്പെടുമ്പോഴാണ് നമ്മുടെ അധികാരം ജുഡീഷ്യറിയിലേയ്ക്ക് പോകുന്നത്. നാം കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. അതുകൊണ്ട് ഗവൺമെന്റിന് ദേവസ്വം ബോർഡുകളുടെ കാര്യത്തിൽ പരിമിതമായ നിയന്ത്രണങ്ങളേ പാടുള്ളൂ. സ്വയംഭരണ അവകാശങ്ങൾ കൊടുക്കണം. നല്ല രീതിയിൽ അവിടെ കാര്യങ്ങൾ കൊണ്ടുപോകാനുള്ള ശ്രമങ്ങൾ വേണം. തീർച്ചയായും അതാണ്

നമ്മൾ ചെയ്യേണ്ടത്. ദേവസ്വം ബോർഡുകളുടെ ഭരണവുമായി ബന്ധപ്പെട്ട് ഒരു സമന്വയം ഭരണപ്രതിപക്ഷ അംഗങ്ങളുടെ ഭാഗത്തുനിന്നുമുണ്ടാകണം എന്നൊരു അഭ്യർത്ഥന മാത്രം മുന്നോട്ടുവച്ചുകൊണ്ട് ഞാൻ ഈ ഭേദഗതി മൂവ് ചെയ്യുന്നു.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഒരു നിയമം ഭേദഗതി വരുത്തുന്നത് നിലവിലുള്ള വ്യവസ്ഥയിലെ കുറവ് പരിഹരിക്കാനാണെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. ഈ ബില്ലിൽ അത് കാണുന്നില്ല. കേരളത്തിലെ മൊത്തം ജനസംഖ്യാനുപാതത്തിൽ പട്ടികജാതി-പട്ടിക വർഗ്ഗത്തിന് 10 ശതമാനം സംവരണമാണ്. 53 ശതമാനമുള്ള ഹിന്ദുക്കളുടെ സംവരണാനുപാതത്തിൽ 10 ശതമാനം പട്ടികജാതി - പട്ടികവർഗ്ഗത്തിന് കിട്ടണം. അതിന് ഈ ബില്ലിൽ വ്യവസ്ഥയില്ല. ദളിത് വിരുദ്ധ, സ്ത്രീ വിരുദ്ധ, ഈശ്വര വിശ്വാസം കച്ചവടം ചെയ്യുന്ന ഒരു ബില്ലാണിത്. സംസ്ഥാനത്ത് ഏറ്റവും സുതാര്യവും അഴിമതി രഹിതവുമായ റിക്രൂട്ട്മെന്റ് നടത്തുന്ന ഭരണഘടനാപരമായ അധികാരമുള്ള സ്ഥാപനമാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ. ദേവസ്വം ബോർഡിന്റെ കീഴിലുള്ള തസ്തികകൾ പി.എസ്.സി. വഴി റിക്രൂട്ട്മെന്റ് നടത്തി നികത്തുന്നതിനുള്ള നിലവിലുള്ള നിയമപരമായ വ്യവസ്ഥ എടുത്തുകളയുന്നതിന് നയപരമായ തീരുമാനമെടുത്തു എന്ന പേരിൽ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

രൂപീകരിക്കാനും എല്ലാ നിയമങ്ങളും ഈ ബോർഡുവഴി നടത്തുവാനും തീരുമാനിക്കുന്നത് നിയമത്തിലെ സുതാര്യത നഷ്ടപ്പെടാനും അഴിമതി നടത്താനുള്ള ലൈസൻസ് എടുക്കലാണ്. അതുകൊണ്ടുതന്നെ ഈ ഭേദഗതിയെ ഞാൻ എതിർക്കുന്നു. നിയമത്തിന്റെ സുതാര്യത നഷ്ടപ്പെടുത്തി അഴിമതി നടത്താൻ അരങ്ങൊരുക്കുകയാണ് ഈ ബിൽ. മറയില്ലാത്ത സൗഹൃദത്തിന്റെ നാടാണ് കേരളം. വർഷങ്ങൾക്കുമുമ്പേ അവസാനിച്ച സാമൂഹ്യ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും തിരിച്ചുവരുന്നു. വിശ്വാസം വിൽപ്പനച്ചരക്കാക്കി മാറ്റുന്ന പ്രവണത വികസിപ്പിക്കുന്നു. ഒരാൾ നാട്ടിൽ നിന്നും യാത്ര പോകുമ്പോൾ 'കാടാമ്പുഴ ഭഗവതി ഈ ബസ്സിന്റെ ഐശ്വര്യം' എന്ന് എഴുതിവച്ചിരുന്നു. അദ്ദേഹം നാട്ടിലേയ്ക്ക് തിരിച്ചു വരുമ്പോൾ 'അമൃതാനന്ദമയി ഈ വാഹനത്തിന്റെ ഐശ്വര്യം' എന്നാണ് എഴുതിക്കണ്ടത്. കാടാമ്പുഴ ഭഗവതി ഏത് സ്റ്റേഷനിലാണ് ഇറങ്ങിപ്പോയ തെന്ന് കവി ഉത്കണ്ഠപ്പെടുന്നു. ഇതാണ് ഇന്നത്തെ അവസ്ഥ. ദേവസ്വം ബോർഡ് രൂപീകരിക്കുമ്പോൾ വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. ക്ഷേത്ര ങ്ങളും ക്ഷേത്ര സ്വത്തുക്കളും ക്ഷേത്ര ജീവനക്കാരെയും സംരക്ഷിക്കുക എന്ന ലക്ഷ്യം. പരിശുദ്ധവും പരിപാവനവുമായ ഏതൊരിടമുണ്ടോ അതിനെ തകർക്കുകയെന്ന ലക്ഷ്യമാണ് ഈ സർക്കാർ വളരെക്കാലമായി അനുവർത്തിച്ചുവരുന്നത്. ക്ഷേത്രങ്ങളുടെ പരിശുദ്ധി എന്തെന്ന് അറിയാത്തവർ വിശ്വാസികളെ വഞ്ചിക്കുകയല്ലേ ചെയ്യുന്നത്. ക്ഷേത്ര ജീവനക്കാരന്റെ ഇല്ലായ്മയും വല്ലായ്മയും മനസ്സിലാക്കി അവരുടെ ക്ഷേമത്തിനുവേണ്ടി പെൻഷൻ ഏർപ്പെടുത്തി ദേവനും ദേവിക്കും മാലകെട്ടിയും ഉണക്കച്ചോറുണ്ടും മക്കളെ പോറ്റുന്ന കുടുംബങ്ങൾക്ക്

ആശ്വാസം നൽകിയത് എൽ.ഡി.എഫ് ഗവൺമെന്റാണ്. അവർക്ക് ശമ്പളം നിശ്ചയിച്ചതും ഇടതുപക്ഷ സർക്കാരായിരുന്നു. വിശക്കുന്നവന്റെ മുന്നിൽ ദൈവം പ്രത്യക്ഷപ്പെടുന്നത് ഭക്ഷണത്തിന്റെ രൂപത്തിലാണെന്ന് ഗാന്ധിജി പറഞ്ഞിട്ടുണ്ട്. അതായിരുന്നു എൽ.ഡി.എഫ്. സർക്കാർ ദൈവവിചാരം മാത്രം പോര മനുഷ്യത്വം കൂടിവേണമെന്ന് പറയാൻ കാരണം. ഈ സർക്കാർ അധികരാത്തിൽ വന്നശേഷം മലബാറിൽ മാത്രം 500–ലധികം ക്ഷേത്ര ജീവനക്കാർക്ക് ശമ്പളം കൊടുത്തിട്ടില്ല. വരുമാനം കുറഞ്ഞ ക്ഷേത്രങ്ങൾക്ക് സർക്കാർ ഗ്രാന്റ് പോലും നൽകുന്നില്ല. നേരത്തെ 30 : 70 നിരക്കിൽ കേന്ദ്ര സർക്കാർ വിഹിതമായിരുന്നത് 50 : 50 ആക്കി മാറ്റുന്നതോടെ വരുമാനം കുറഞ്ഞ ക്ഷേത്ര ജീവനക്കാരുടെ സ്ഥിതി പട്ടിണിയിലാകും. വഴിപാടായി കിട്ടുന്ന ഉണക്കച്ചോറ് കൊണ്ട് പൂജാരിയായ ബ്രാഹ്മണർക്ക് കഴിഞ്ഞുകൂടാം. കലശക്കാരനും അടിച്ചുതളിക്കാരിയും അവരുടെ കുഞ്ഞുങ്ങളും കുടുംബവും എന്തുചെയ്യും? എല്ലാ ക്ഷേമപദ്ധതികളും താറുമാറാക്കി സാധാരണക്കാരനെ പട്ടിണിക്കിടുന്നത് എന്തിനാണ്? അത്താഴപ്പട്ടിണി കിടക്കുമ്പോൾ പുതിയ കുറേ വിരുന്നുകാരായി എത്തുന്നത് ഈ സർക്കാരിന്റെ നോമിനികളാണ്. ആചാരസ്ഥാനികളായി എത്തുന്നത് 300 പേരാണ്. അതാണ് ഇവിടെ പറഞ്ഞത് വെട്ടിപ്പിനുള്ള കേന്ദ്രമാക്കി മാറ്റാനുള്ള ഒരു ഗൂഢശ്രമമാണ് ഈ ബില്ലിനുള്ളിലെന്ന്. ഇത് മലബാറിലെ ക്ഷേത്രങ്ങൾക്ക് അധിക സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നതാണ്. കൊടും ദാരിദ്ര്യവും നിസ്സഹായതയുമാണ് മനുഷ്യനെ അനാചാരങ്ങളിലേയ്ക്കും അന്ധവിശ്വാസങ്ങളിലേയ്ക്കും നയിക്കുന്നത്. പി.എസ്.സി.–യേയും ഹൈക്കോടതിയേയും കബളിപ്പിക്കാൻ കൊച്ചിൻ ദേവസ്വം ബോർഡ് കണ്ടെത്തിയ സൂത്രവിദ്യ

എന്താണെന്നറിയാമോ? ഇല്ലാത്ത തസ്തികകൾ സൃഷ്ടിച്ച് ഒരു വർഷത്തിനുള്ളിൽ 178 പേരെയാണ് സ്ഥിരപ്പെടുത്തിയത്. ദേവസ്വം മരാമത്ത് വിഭാഗത്തിൽ 4 അസിസ്റ്റന്റ് എഞ്ചിനീയർമാരെ താല്ക്കാലികമായി നിയമിക്കുകയും സ്ഥിരപ്പെടുത്തുകയും ചെയ്തതിന് വിജിലൻസ് അന്വേഷണവും ഹൈക്കോടതിയിൽ കേസും നടക്കുകയാണ്. ഇതൊക്കെ മറച്ചുവച്ചുകൊണ്ടാണ് ജാതീയത മാത്രം ഇവിടെ ഉയർത്തിക്കാണിക്കുന്നത്. നമ്മുടെ നവോത്ഥാന നായകന്മാരെ, ദേശീയ നേതാക്കളെ, പുരോഗമന പ്രസ്ഥാനങ്ങളെ നാണംകെടുത്തുന്ന തരത്തിലുള്ള ഒരു ബില്ലാണിത്. പട്ടിക ജാതിക്കാരനെ മാറ്റി നിറുത്തിക്കൊണ്ട് നമ്മുടെ രാജ്യത്ത് മുന്നോട്ടു പോകാൻ കഴിയുമോ? അടിച്ചുതളിപോലുള്ള ജോലികൾക്കുമാത്രമേ പിന്നോക്കക്കാർക്ക് അർഹതയുള്ളൂവെന്ന് ദേവസ്വം ബോർഡ് റിക്രൂട്ട്മെന്റിലെ പരസ്യത്തിലുണ്ടായിരുന്നു. ദേവസ്വം ബോർഡ് നിയമനങ്ങളിൽ ജാതി വിവേചനം പാടില്ലെന്ന സുപ്രീംകോടതി ഉത്തരവിന്റെ നഗ്നമായ ലംഘനമായിരുന്നില്ലേ ആ പരസ്യം. സംവരണം പാലിക്കേണ്ടിടത്ത് സംവരണം പാലിക്കണം.

'ഇതിനൊക്കെ പ്രതികാരം ചെയ്യാതടങ്ങുമോ

പതിതരേ നിങ്ങൾതൻ പിൻമുറക്കാരെ'ന്ന് കവി പാടിയത് അന്വർത്ഥമാകുന്ന കാഴ്ചയാണ് നമ്മൾ കാണുന്നത്.

പാർശ്വവൽക്കരിക്കപ്പെട്ട, സ്വാതന്ത്ര്യം കിട്ടിയിട്ടും അടിച്ചമർത്തപ്പെട്ടവർ വർഗ്ഗപരമായി സംഘടിച്ചപ്പോഴാണ് പി.കെ.എസ്. എന്ന സംഘടനയുണ്ടായത്. ഇവിടെ പി.കെ.എസ്.-നെ അധിക്ഷേപിച്ചുകൊണ്ട് ഒരു ബഹുമാനപ്പെട്ട നിയമസഭാംഗം പറയുകയുണ്ടായി. എന്താണ് പി.കെ.എസ്.? പി.കെ.എസ്. ഒരു ജാതി സംഘടനയല്ല. ജാതി സംഘടനകൾ അവിടവിടെ തമ്പടിച്ച്

ജനങ്ങളെ വോട്ടുബാങ്കാക്കി മാറ്റുന്ന കാര്യങ്ങൾ ഇവിടെ വളരെക്കാലമായി നടക്കുന്നു. അതിനെതിരെ വ്യത്യസ്ഥ ജാതിക്കാർ ഒന്നിച്ചു സംഘടിച്ചതാണ് പി.കെ.എസ്. എന്ന വർഗ്ഗ സംഘടന. ആ വർഗ്ഗ സംഘടന ചെറിയ കാലംകൊണ്ട് പത്തുലക്ഷത്തോളം മെമ്പർമാരുള്ള സംഘടനയായി മാറി. സംവരണതത്വങ്ങൾ പാലിക്കാതെ പോകുന്ന സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ നയത്തിനെതിരായി ഞങ്ങൾ ഒരു ഭീമഹർജി നൽകി. അഞ്ച് ലക്ഷം പേരൊപ്പിട്ട ഒരു ഭീമ ഹർജി ഒരുമാസം കൊണ്ടു തയ്യാറാക്കി കൊടുക്കാൻ പി.കെ.എസ്.-ന് സാധിച്ചെങ്കിൽ അതിന്റെ വർഗ്ഗപരമായ സംഘടനാ ശക്തിയാണ് അത് തെളിയിക്കുന്നത്. അതിനെ ആക്ഷേപിച്ചിട്ട് കാര്യമില്ല. അതിനൊക്കെ പ്രതികാരം ചെയ്യുന്ന ഒരു സംഘടനയായി അതുമാറും. സമഭാവനയുടെയും മാനവസാഹോദര്യത്തിന്റെയും വേദിയായ ദക്ഷിണേന്ത്യയിലെ പ്രധാന തീർത്ഥാടന കേന്ദ്രമായ ശബരിമലയിലെ സ്ഥിതിയൊന്ന് നോക്കാം. ദേവസ്വം ബോർഡിന്റെ ടെണ്ടർ നോട്ടീസ് പ്രകാരം 13,000 കിലോ ഏലയ്ക്കയാണ് ഒരു വർഷത്തേയ്ക്ക് വേണ്ടത്. അഞ്ച് ഏജൻസികൾ ക്വട്ടേഷനും സാമ്പിളും നൽകി. ഇതിൽ കുറഞ്ഞ തുക രേഖപ്പെടുത്തിയ രണ്ട് സർക്കാർ സ്ഥാപനങ്ങളെ മാറ്റിനിർത്തി സ്വകാര്യ സ്ഥാപനമായ സോനാ ട്രേഡിംഗ് കിലോയ്ക്ക് 750/- രൂപ വച്ച് കരാറുറപ്പിച്ചു. ഇത് ആരെ സഹായിക്കാനാണ്? നാളികേര സംഭരണത്തിലും മറ്റും മാർക്കറ്റ് ഫെഡിനെ ഒഴിവാക്കി എല്ലാം സ്വകാര്യവത്കരിച്ച് കോഴ വാങ്ങാനുള്ള ഏർപ്പാ ടുകളാണ് ഈ സർക്കാർ സമസ്ത മേഖലകളിലും കാണിക്കുന്നത്. തക്ഷ ശിലയുടെ അകംപൊരുൾ തേടിയെത്തുന്ന ഭക്തർക്ക് തീർത്ഥാടനം അപകടരഹിതവും ചൂഷണ രഹിതവും മാലിന്യരഹിതവുമായിരിക്കണം.

പക്ഷെ അത് നടക്കുന്നുണ്ടോ; അതിനൊരു ഫോളോ അപ് ചെയ്യുന്നുണ്ടോ? നടക്കുന്നതാകട്ടെ, കെടുകാര്യസ്ഥതയും അപ്പം, അരവണ, പാൽപ്പായസത്തിൽപ്പോലും വെട്ടിപ്പുമാണ്. ഇത് നിയന്ത്രിക്കാൻ ഒരു നിയമമുണ്ടായിരിക്കെ ആ നിയമം നടപ്പിലാക്കാനുള്ള ശക്തിയില്ലാതെ ഒരു ബില്ലിലൂടെ അത് ആവർത്തിക്കുന്നത് ഈ ഗവൺമെന്റിന്റെ കഴിവുകേടാണ് കാണിക്കുന്നത് എന്നതാണ് എന്റെ ലളിതമായ അഭിപ്രായം. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഡയറി അച്ചടിച്ചതിലെ ക്രമക്കേട് ഇവിടെ എല്ലാവർക്കും അറിയാവുന്നതാണ്. 20 സ്ഥിരം ജീവനക്കാരും 28 ദിവസ വേതനക്കാരുമുള്ള പ്രസ്സ് ദേവസ്വം ബോർഡിന് ഉണ്ടായിട്ടും അവിടെ പ്രിന്റ് ചെയ്യാതെ തമിഴ്നാട്ടിലെ പ്രസ്സിൽ അച്ചടിച്ചത് എന്തിനാണ്? സ്വന്തമായി പ്രസ്സുണ്ടായിട്ടും പ്രിന്റിംഗ് പുറത്തുനൽകുന്നത് കമ്മീഷൻ തട്ടാനല്ലാതെ മറ്റെന്തിനാണ്; ഇത് പരിശോധിക്കാൻ നമ്മുടെ മന്ത്രിക്ക് സമയമുണ്ടോ? ദേവസ്വം ബോർഡ് ആരാണ് ഭരിക്കുന്നത്? അതുകൊണ്ട് ഈ കെടുകാര്യസ്ഥത ആഭരണമാക്കി നടക്കുന്ന ഈ ഗവൺമെന്റിന്റെ നയപരിപാടികളെ ഞാൻ ശക്തിയുക്തം എതിർക്കുന്നു.

നവോത്ഥാന മുന്നേറ്റങ്ങൾക്ക് ഊർജ്ജം പകർന്ന ഗുരുവായൂരിൽ ശതാബ്ദങ്ങൾ കഴിഞ്ഞിട്ടും ജാതിഭ്രഷ്ടും അയിത്തവും തുടരുന്നു. കേരളത്തിന് അപമാനകരമല്ലേ ഇത്? ഇലത്താളക്കാരൻ ബാബുവിന്റെ കാര്യം ഇവിടെ പറഞ്ഞു. ക്ഷേത്രാചാരങ്ങളുടെ പേരിൽ ക്ഷേത്ര പ്രവേശനം നിഷേധിച്ച് ഭ്രഷ്ട് കൽപ്പിച്ച് തിരിച്ചയച്ചുവെന്നത് അപമാനകരമല്ലേ. ഏതെങ്കിലും ഒരു മന്ത്രി അതിനെതിരെ പ്രതികരിച്ചോ. ഇടതുപക്ഷ സർക്കാർ ജാതിയോ ഭക്തിയോ നോക്കാതെതന്നെ ജനങ്ങളുടെ പ്രശ്നങ്ങളിൽ ഇടപെടു

മായിരുന്നു. അതിവിടെ കണ്ടില്ല. കാലത്ത് നടന്ന താലപ്പൊലിക്ക് പഞ്ചവാദ്യത്തിൽ പങ്കാളിയായ ബാബു രാത്രി വീണ്ടുമെത്തിയപ്പോൾ ജാതിക്കോമരങ്ങൾ ഉറഞ്ഞുതുള്ളിയത്രേ. കൃഷ്ണനാട്ടം അവതരണത്തിന് ഒരു ജാതി വിലക്ക് തുടർന്നുപോരുന്നതായാണ് അറിവ്. സ്വാതന്ത്ര്യം കിട്ടി 67 വർഷം കഴിഞ്ഞിട്ടും ആരോഗ്യമുള്ള മനസ്സിന്റെ ഉടമകളാകാൻ നമുക്ക് കഴിയുന്നില്ല. മനസ്സിലിന്നും തീ പടർത്തുന്നതും നിരാശ ജനിപ്പിക്കുന്നതുമായ കാര്യങ്ങൾ വേർതിരിച്ചറിയാൻ നമുക്ക് കഴിയണം. ഈ പ്രശ്നത്തിന് ദേവസ്വവുമായി ഒരു ബന്ധവുമില്ലെന്ന് മന്ത്രി പറയുന്നത് ശരിയല്ല. ഗുരുവായൂർ അമ്പലത്തിൽ നിന്ന് ശ്രീകൃഷ്ണൻ പുറത്തുവന്നാൽ തിരിച്ചങ്ങോട്ട് കയറാൻ കഴിയുമോയെന്ന് ഞാൻ ശങ്കിക്കുന്നു. കാരണം, ശ്രീകൃഷ്ണൻ യാദവനാണ്. അതുകൊണ്ടുതന്നെ ഇത് വളരെ പരാഹാസ്യമാണ്. ഇത് നമ്മുടെ നാട്ടിൽ, കേരളത്തിൽ ഉണ്ടാകാൻ പാടില്ല. വെറുതേ ഒരു ഡിബേറ്റ് നടത്താനല്ല ഞാനിത് പറയുന്നത്. ഇതിനെക്കുറിച്ച് ആലോചിക്കണം, ചിന്തിക്കണം. ഇത്തരം പ്രശ്നങ്ങൾ നമുക്കെല്ലാവർക്കും, പ്രത്യേകിച്ച് ഉദ്ബുദ്ധ കേരളത്തിന്റെ മാനവരാശിക്ക് തെറ്റായ സമീപനം നൽകും. ഇത്തരം പ്രവൃത്തികൾ ആരുടെ ഭാഗത്തുനിന്നായാലും അത് തിരുത്താൻ ഈ ഗവൺമെന്റ് തയ്യാറാകണം. സംസ്ഥാന സ്കൂൾ കലോത്സവ വേദിയിലും ജാതിഭ്രഷ്ട് ഉറഞ്ഞുതുള്ളിയതായി നമ്മൾ പത്രവാർത്തയിൽ കണ്ടു. എല്ലാ ജനാധിപത്യ മര്യാദകളെയും ദുർബലപ്പെടുത്തുന്ന സമീപനങ്ങളാണ് തുടരെത്തുടരെ ഈ സർക്കാരിൽ നിന്നുണ്ടാകുന്നത്. റിപ്പോർട്ട് ചെയ്യാൻ അൽപ്പം വൈകിയെന്ന കാരണംകാണിച്ച് വയനാട്ടിൽ നിന്നുള്ള അംബേദ്കർ സ്മാരക മോഡൽ റസിഡൻഷ്യൽ സ്കൂളിലെ ആദിവാസികൾ അടങ്ങുന്ന

കുട്ടികളെയാണ് തടഞ്ഞുനിർത്തിയത്. സ്കൂൾ വിദ്യാർത്ഥികളുടെ നാടകം അവതരിപ്പിക്കാൻ അവസരം നിഷേധിച്ചതിനെതിരെ ഇവിടത്തെ സാംസ്കാരിക വകുപ്പ് എന്താണ് ചെയ്തത്? ആ നാടക പ്രവർത്തകരെ അറസ്റ്റ് ചെയ്തു. പോലീസുകാർ സിനിമാ സംവിധായകനായ പ്രിയനന്ദൻ, എം. ജി. ശശി എന്നിവരുടെ നേരെ അതിക്രമിച്ച് കയറുകയും തുടർന്ന് അബദ്ധനാടകം അരങ്ങേറി എന്നതുമാണ് വാർത്ത. ഇത് നമ്മളെ ലജ്ജിപ്പിക്കുന്നതല്ലേ. സഹപ്രവർത്തകന് അസുഖം മൂർച്ഛിച്ചതിന്റെ പേരിൽ ആശുപത്രിയിൽ കൊണ്ടുചെന്നാക്കാൻ പോയ കുട്ടികളെ അൽപ്പസമയം വൈകിയതുകൊണ്ട് നാടകം അവതരിപ്പിക്കാൻ അനുവദിക്കാതിരിക്കുന്നത് നമുക്ക് ലജ്ജാകരമല്ലേ. പോലീസ് രാജ് ഈ കാര്യത്തിൽ നടത്തുന്നത് ശരിയല്ല.

ലോകത്തിൽ ജാതിവ്യവസ്ഥ തുടർന്നുപോരുന്ന ഏക രാജ്യം ഇന്ത്യയാണ്. നൂറ്റാണ്ടുകളായി നമ്മൾ തുടർന്നുപോരുന്ന ഈ ജാതി വ്യവസ്ഥയാണ് നമ്മളിൽ മാനസികമായ ചിന്താക്കുഴപ്പമുണ്ടാക്കുന്നത്. 1905–ൽ ദളിത് പ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ച് അയ്യൻകാളിയുടെ നേതൃത്വത്തിൽ സാധുപരിപാലന സംഘം രംഗത്തുവന്നതോടുകൂടി യാണ്........, ദളിത് സ്കൂൾ പ്രവേശനം നടത്തുന്നതിന് അയ്യൻകാളി പ്രസ്ഥാനമാണ് സഹായിച്ചതെന്ന കാര്യം നമ്മൾ വിസ്മരിക്കരുത്. പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പട്ടികജാതിക്കാർക്ക് അന്ന് പ്രവേശനമുണ്ടായി രുന്നില്ല. ഒന്നിച്ചിരുന്ന് പഠിക്കാൻ ഇന്ന് കഴിഞ്ഞതിന്റെയെല്ലാം ഫലം നേരത്തേ ഇവിടെയാരോ സൂചിപ്പിച്ചതുപോലെ സ്വാതന്ത്ര്യം കിട്ടുന്നതിനുമുമ്പേ നമ്മൾ തുടങ്ങിവച്ച അല്ലെങ്കിൽ സ്വാതന്ത്ര്യ

സമരത്തിലൂടെ നമ്മൾ നേടിയെടുത്ത.........., നവോത്ഥാന നായകരും പുരോഗമന പ്രസ്ഥാനങ്ങളും ദേശീയ നേതാക്കളുമെല്ലാം സാംസ്കാരിക പ്രവർത്തകരെ കണ്ണിചേർത്തുകൊണ്ടാണ് മുന്നോട്ട് പോയത്. അതിനൊരു സാംസ്കാരിക തലമുണ്ടായിരുന്നു. ആ തലം ഇന്ന് നഷ്ടപ്പെട്ടതുകൊണ്ടാണ് നമ്മൾ നട്ടംതിരിയുന്നത്. പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പട്ടികജാതിക്കാർക്ക് പ്രവേശനമുണ്ടായിരുന്നില്ല എന്നുള്ളത് ഇന്ന് നമ്മൾ ഓർക്കണം. അതിനുവേണ്ടി പോരാടിയത് ആരൊക്കെയായിരുന്നുവെന്ന് ഇവിടെ പരാമർശിച്ചുകഴിഞ്ഞു. കർഷകത്തൊഴിലാളികളെ സംഘടിപ്പിച്ച് പ്രക്ഷോഭ സമരങ്ങൾക്ക് നേതൃത്വം നൽകിയത് അയ്യൻകാളിയാണ്. തൊഴിലാളികൾക്ക് വർഗ്ഗചിന്ത വേണ്ടത്രയില്ലാതിരുന്ന ഒരു കാലത്ത് വർഗ്ഗ സംഘടനയുടെ ശക്തമായ സന്ദേശം മുന്നോട്ടുകൊണ്ടുവന്നത് അയ്യൻകാളിയാണ്. ഈ പോരാട്ടങ്ങൾക്ക് ശക്തിപകരാൻ ഒളിഞ്ഞും തെളിഞ്ഞും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും അന്നുണ്ടായിരുന്നു. വർഗ്ഗ പോരാട്ടങ്ങളും സമരങ്ങളും നവോത്ഥാന പ്രസ്ഥാന ആശയങ്ങളും യോജിച്ച് മുന്നോട്ടുകൊണ്ടുപോയപ്പോൾ 1930-ൽ തമ്പ്രാൻ വിളി നിന്നു. പാളയിൽ കഞ്ഞി കുടിക്കില്ലെന്ന് ധൈര്യത്തിൽ വിളിച്ചുപറയാൻ അധഃസ്ഥിതന് കരുത്തുണ്ടാക്കി. എല്ലാ വിഭാഗത്തിലുമുള്ള ഉത്പതിഷ്ണുക്കൾ ചേർന്ന് പോരാട്ടം നടത്തിയ ചരിത്രമാണ് നമുക്കുള്ളത്. ആ ചരിത്രം നമ്മൾ പലപ്പോഴും മറന്നുപോകുന്നു. ആഡംഭരത്തിന്റെ, സുഖവാസത്തിന്റെ ഇടയിൽ നമ്മൾ ഇതെല്ലാം മറന്നുപോകുന്നു. അത് തകർക്കാൻ ജാതി സംഘടനകൾ രംഗത്തുവരുന്നു. അതാണ് ഏറ്റവും കൂടുതൽ നമ്മളെ നശിപ്പിക്കുന്നത്. അധഃസ്ഥിത വർഗ്ഗങ്ങളെ വാഗ്ദാനങ്ങൾ നൽകി വോട്ടുബാങ്കാക്കി മാറ്റുന്ന ഈ സംഘടനയെ അല്ല നിങ്ങൾ പ്രോത്സാ

ഹിപ്പിക്കേണ്ടത്. പി.കെ.എസ്. പോലെ വർഗ്ഗപരമായി സംഘടിക്കുന്ന സംഘടനകളെ ഉറ്റുനോക്കണം.

വ്യത്യസ്ത ധാരകളുടെ കൂടിച്ചേരലാണ് ഹിന്ദുമതം. 1936 നവംബർ 12–ന് പ്രസിദ്ധപ്പെടുത്തിയ ക്ഷേത്രപ്രവേശന വിളംബരത്തിൽ, "*ജനനാലോ മതവിശ്വാസത്താലോ ഹിന്ദുവായ ഏതൊരാൾക്കും*" എന്നാണ് ഹിന്ദുവിനെ പ്പറ്റി വ്യവസ്ഥ ചെയ്തിരിക്കുന്നത്. സഖാവ് വിവേകാനന്ദൻ പറഞ്ഞത്, "മുക്കോടി മുപ്പത് ദേവകളിൽ നിങ്ങൾ വിശ്വസിച്ചാലും സ്വയം വിശ്വാസമി ല്ലാത്ത ഒരാൾ ഹിന്ദുവാകില്ല" എന്നാണ്. വിശ്വാസികളുടെ കാഴ്ച്ചപ്പാടിനെ അട്ടിമറിക്കാനും വിശ്വാസികളുടെ അധികാരം കൈപ്പിടിയിൽ ഒതുക്കാനുമാണ് കുറുക്കുവഴിയിലൂടെ ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. ഇത്തരമൊരു ഭേദഗതി ഭരണഘടനാപരമായ കാഴ്ച്ചപ്പാടുകളുടെ ലംഘനവും കൂടിയാണ്. ദേവസ്വം അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ടവർ ഹിന്ദുമതത്തിന്റെ ആചാരാനുഷ്ഠാനങ്ങൾ അനുസരിച്ച് പ്രവർത്തിക്കണമെന്നു മാത്രമാണ് ഭരണഘടനയിൽ പറയുന്നത്. വനിതാ സംവരണം അട്ടിമറിക്കുന്ന കാര്യം ഇവിടെ പറഞ്ഞുകഴിഞ്ഞു. പ്രതിഷേധാർഹമാണത്. കേരളത്തിലെ ക്ഷേത്രങ്ങളിൽ വരുന്ന ഭക്തജനങ്ങളിൽ മഹാഭൂരിപക്ഷവും സ്ത്രീകളാണ്. അവരുടെ പ്രശ്നങ്ങളും പ്രയാസങ്ങളും അവതരിപ്പിക്കുന്നതിനുള്ള ജനാധിപത്യ നീക്കങ്ങൾക്ക് കടകവിരുദ്ധമാണ് ഈ ഭേദഗതി ബിൽ. അഴിമതി ലക്ഷ്യം വച്ചുകൊണ്ടുള്ള ഈ കള്ളക്കളിക്കെതിരെ അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് വരുന്ന കരുത്തരായ സ്ത്രീകൾ പോരാട്ടത്തിനെത്തുമെന്ന വിശ്വാസമെനിക്കുണ്ട്. വിശ്വാസികളുടെ ഹൃദയത്തുടിപ്പും ജീവവായുവും

വികാരവുമാണ് ക്ഷേത്രങ്ങളും കാവുകളും ഉത്സവങ്ങളും. അത് നമ്മുടെ പൈതൃകവും സംസ്കാരവുമാണ്. അടിസ്ഥാന വർഗ്ഗത്തെ അവഗണിച്ചുകൊണ്ടുള്ള ഒരു ബില്ലിനെ താലോലിക്കുന്നവർ നമ്മുടെ സംസ്കാരത്തെയാണ് വെല്ലുവിളിക്കുന്നത്, സ്ത്രീ സങ്കൽപ്പത്തെയാണ് ചോദ്യം ചെയ്യുന്നത്. ഇത് നിയമത്തിന്റെ അന്തസ്സിന് ചേർന്നതല്ല. ഈ രണ്ടഭിപ്രായങ്ങൾ നമുക്കുണ്ടെങ്കിൽപ്പോലും സ്വരൂപിച്ച ഏകാഭിപ്രായത്തോടു കൂടി ഈ ബില്ലിനെ സമീപിക്കാൻ നമുക്ക് കഴിയണം. ഈ ഭേദഗതിയെ ഞാൻ നിരാകരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. പുരുഷൻ കടലുണ്ടീ, സഖാവ് എന്നുപറഞ്ഞാൽ സഹോദരൻ എന്നാണ്. ആ പ്രയോഗം നല്ലതാണ്. നമുക്ക് സഹോദരൻ അയ്യപ്പനുണ്ട്, സഹോദരൻ വിവേകാനന്ദനില്ല. അങ്ങേയ്ക്ക് ഇഷ്ടമുള്ള പദം ചേർത്തുകൊള്ളൂ, ഞാൻ പറഞ്ഞുവെന്ന് മാത്രമേയുള്ളൂ. അങ്ങേയ്ക്ക് അതാണ് ഇഷ്ടമെങ്കിൽ അങ്ങനെ പറഞ്ഞുകൊള്ളൂ. സഖാവ് വിവേകാനന്ദൻ എന്നുപറയുമ്പോൾ ആൾക്കാർക്ക് ഒരു അപരിചിതത്വം വരും, അത്രയേയുള്ളൂ.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, തിരുവിതാംകൂർ, കൊച്ചി, മലബാർ ദേവസ്വം ബോർഡുകളുടെ ക്ഷേത്ര വികസനത്തിന് വേണ്ടി വളരെയധികം കാര്യങ്ങ ളാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് രണ്ടര വർഷത്തിനുള്ളിൽ നട പ്പിലാക്കിയിട്ടുള്ളത്. ക്ഷേത്രങ്ങളുടെ വികസനത്തിന് വളരെയധികം പ്രാധാന്യ മാണ് ഈ ഗവൺമെന്റ് നൽകിയിട്ടുള്ളത്. ഇതുവരെ നടപ്പിലാക്കിയിട്ടുള്ള കാര്യങ്ങൾ പരിശോധിച്ചാൽ അത് മനസ്സിലാകുന്നതാണ്. ക്ഷേത്ര ഭരണകാര്യ ങ്ങളിൽ ഭക്തജനങ്ങളുടെ താത്പര്യങ്ങൾ സംരക്ഷിക്കുവാൻ, ഭക്തജനങ്ങ

ളുടെ വികാരങ്ങൾ വ്രണപ്പെടുത്താതെ ക്ഷേത്രത്തിന്റെ പുരോഗമനപരമായ കാര്യങ്ങൾ നടപ്പാക്കുക എന്നുള്ളതാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതോടൊപ്പംതന്നെ കഴിഞ്ഞ കാലഘട്ടങ്ങളിൽ ക്ഷേത്ര ഭരണവുമായി ബന്ധപ്പെട്ട് വ്യാപകമായ അഴിമതി എല്ലാ തലങ്ങളിലും നടമാടിയിരുന്നത് ഒഴിവാക്കുന്നതിന് വേണ്ടിയുള്ള കർശനമായ നിലപാടുകളും നടപടികളും എടുത്തുകൊണ്ടാണ് ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. അങ്ങനെയൊരു പശ്ചാത്തലത്തിലാണ് ഈ പുതിയ ബിൽ ഇവിടെ അവതരിപ്പിക്കുന്നത്. ബഹുമാന്യരായ മെമ്പർമാർ ചൂണ്ടിക്കാണിച്ചിട്ടുള്ള സ്വാഗതാർഹമായ എല്ലാ അഭിപ്രായങ്ങളെയും ഗവൺമെന്റ് ഉൾക്കൊള്ളുകയാണ്. സ്ത്രീ സംവരണവുമായി ബന്ധപ്പെട്ടാണ് ഏറ്റവും കൂടുതൽ പരാമർശം ഉണ്ടായത്. സ്ത്രീകളെ നിയമിക്കുന്നതിന് ഈ ബിൽ എതിരല്ല. സ്ത്രീകളെ നിയമിക്കരുതെന്ന് ഒരിടത്തും പറഞ്ഞിട്ടില്ല. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ മൂന്ന് അംഗങ്ങളുണ്ട്. വേണമെങ്കിൽ മൂന്ന് അംഗങ്ങളും സ്ത്രീകളാകുന്നതിന് ഈ നിയമത്തിൽ തടസ്സമില്ല. അതിന് പ്രത്യേക സംവരണം കൊടുത്തിട്ടില്ല. മൂന്ന് അംഗങ്ങളായും സ്ത്രീകളെത്തന്നെ നിയമിക്കാമെന്ന സാഹചര്യമാണുള്ളത്. 1950 മുതലുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ചരിത്രം പരിശോധിച്ചാൽ, ഈശ്വര വിശ്വാസമുള്ള മൂന്ന് മെമ്പർമാരെയാണ് ബോർഡ് മെമ്പർമാരായി നിയമിക്കുന്നതിന് നിയമം അനുശാസിച്ചിട്ടുള്ളത്. കേരളത്തിൽ സരസ്വതി കുഞ്ഞികൃഷ്ണൻ എന്ന വനിതയെത്തന്നെ ദേവസ്വം ബോർഡ് പ്രസിഡന്റാക്കി നിയമിച്ച ചരിത്രമുണ്ട്. പ്രത്യേകമായി സ്ത്രീ സംവരണം പറഞ്ഞ സാഹചര്യത്തിലല്ല അങ്ങനെ ചെയ്തത്. പ്രസിഡന്റടക്കം മൂന്ന് മെമ്പർമാരെയും സ്ത്രീകളായി നിയമിക്കുന്നതിനുള്ള സാഹചര്യം ഇപ്പോഴുമുണ്ട്. അപ്പുറത്തിരിക്കുന്ന ബഹു

മാന്യരായ സുഹൃത്തുക്കൾ ചൂണ്ടികാണിച്ചത് സ്ത്രീ സംവരണത്തിൽ ഈ കാര്യങ്ങൾ ഉൾപ്പെടുത്താത്തതിലുള്ള അപാകതയെകുറിച്ചാണ്. ഇപ്പോൾത്തന്നെ രണ്ട് മെമ്പർമാരെ തെരഞ്ഞെടുത്തു, ക്യാബിനറ്റ് രണ്ട് മെമ്പർമാരെ തീരുമാനിച്ചു, അസംബ്ലിയിൽ എം.എൽഎ മാർക്ക് ഒരു മെമ്പറെ തെരഞ്ഞെടുക്കുന്നതിന് അവസരം നൽകുകയുണ്ടായി. സ്ത്രീ സംവരണ ത്തെക്കുറിച്ച് വാചാലമായി സംസാരിച്ച എന്റെ സുഹൃത്തുക്കൾ ദേവസ്വം ബോർഡ് മെമ്പർ സ്ഥാനത്തേയ്ക്ക് ഒരു സ്ത്രീയെ മത്സരിപ്പിക്കാത്തത് എന്തുകൊണ്ടാണെന്നാണ് എനിക്ക് വിനയപുരസ്സരം അവരോട് ചോദിക്കാനു ളളത്. തീർച്ചയായും അക്കാര്യത്തിൽ ഗവൺമെന്റിന് വ്യക്തതയുണ്ട്. സ്ത്രീകളെ അവഗണിച്ചുകൊണ്ട്, സ്ത്രീ സംവരണം എടുത്തുകളഞ്ഞു കൊണ്ട് മുന്നോട്ട് പോകുന്നതല്ല. മുഴുവൻ അംഗങ്ങളായും സ്ത്രീകളെത്തന്നെ നിയമിക്കുന്നതിനുള്ള സാഹചര്യമുണ്ട്. കഴിഞ്ഞ കാലങ്ങ ളിൽ ഗവൺമെന്റ് അത് ചെയ്തിട്ടുണ്ട്. വനിതാ സംവരണം ഇല്ലാതെ തന്നെ പ്രസിഡന്റായി വനിതയെ നിയമിച്ചിട്ടുണ്ട്, ഭംഗിയായി കാര്യങ്ങൾ നിർവ്വഹിച്ച് മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. എം.എൽ.എ.മാർ തെരഞ്ഞെടുക്കുന്ന ആൾ പട്ടികജാതിവിഭാ ഗത്തിൽപ്പെട്ട ആളായിരിക്കണമെന്ന നിയമം പാസ്സാക്കിയ മന്ത്രി സ്ത്രീകൾക്കുളള സംവരണം പിൻവലിച്ച ശേഷം, തെരഞ്ഞെടുക്കപ്പെടേണ്ട സ്ഥാനത്തേയ്ക്ക് നിങ്ങൾ എന്തുകൊണ്ട് ഒരു സ്ത്രീയെ മത്സരിപ്പിച്ചില്ല എന്ന് പറഞ്ഞ് ആക്ഷേപിക്കുന്നത് ഓർഡറിലാണോ; അത് പിൻവലിക്കപ്പെടേണ്ട താണ്. നിയമ നിർമ്മാണഘട്ടത്തിൽ അങ്ങനെ പറയാമോ? സ്ത്രീകളുടെ

സംവരണം പിൻവലിച്ചിട്ട് തെരഞ്ഞെടുക്കപ്പെടാൻ വേണ്ടി ഞങ്ങളെ ആക്ഷേപിക്കുകയാണോ; ഇത് പരിഹാസമല്ലേ?

മി. സ്പീക്കർ: ഇത് പരിഹാസമോ ആക്ഷേപമോ അല്ല. ഒരു നിർദ്ദേശം മാത്രമാണ്. ഇതിൽ ഒരു പോയിന്റും ഓർഡറുമില്ല.

ശ്രീ. വി. എസ്. ശിവകുമാർ: സർ, നിയമം പിൻവലിച്ചാലും സ്ത്രീകളെ നിയമിക്കാമെന്നാണ് ഞാൻ പറഞ്ഞത്. ......(ബഹളം)......

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... നമ്മളാരും നമ്മുടെ അമ്മയെയും സഹോദരിയേയും ഒന്നും പരിഹസിക്കാറില്ല... പ്ലീസ്.....പറഞ്ഞു കഴിഞ്ഞു. നോ... ശ്രീ. സുധാകരൻ അത് ക്ലോസ് ചെയ്യാം പ്ലീസ്....

ശ്രീ. ജി. സുധാകരൻ: അങ്ങനെ പറഞ്ഞത് പരിഹാസമായി ഞങ്ങൾക്ക് തോന്നി, അങ്ങനെ പറയാൻ പാടില്ലായിരുന്നു. അതുകൊണ്ടാണ് ഉന്നയിച്ചത്. ഭരണഘടനയുടെ ഫണ്ടമെന്റൽ റൈറ്റ്സിൽത്തന്നെ സ്ത്രീകൾക്കും പട്ടികജാതിക്കാർക്കും സംവരണം കൊടുക്കണമെന്ന് പറഞ്ഞിട്ടുണ്ടെന്നിരിക്കെ, ഈ ബില്ലിൽ അത് പിൻവലിച്ചിട്ട് നിങ്ങൾക്ക് വേണമെങ്കിൽ കൊടുക്കാമെന്ന് പറയുന്നത് ശരിയാണോ; അങ്ങേയ്ക്ക് അങ്ങനെ അവതരിപ്പിക്കേണ്ട കാര്യമുണ്ടോ എന്ന് വ്യക്തമാക്കണം.

ശ്രീ. വി. എസ്. ശിവകുമാർ: മുമ്പ്, സംവരണമില്ലാതിരുന്ന സമയത്ത് വനിതയെ പ്രസിഡന്റ് വരെയാക്കിയിരുന്നു. ഇപ്പോഴും അതിനുള്ള അവസരം ഉണ്ട് എന്നാണ് ഞാൻ പറഞ്ഞത്. അടുത്തതായി ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം റിക്രൂട്ട്മെന്റ് ബോർഡിനെക്കുറിച്ചാണ്. ദേവസ്വം ബോർഡിലെ നിയമനങ്ങൾ ഏകീകൃതമായ ഒരു റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ച് നടത്തണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. സ്വയംഭരണ അവകാശമുള്ള ഒരു ബോർഡാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. റിക്രൂട്ട്മെന്റ് ബോർഡെന്നു

പറഞ്ഞാൽ പി.എസ്.സി മാത്രമല്ല, ഇന്ത്യൻ റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡുണ്ട്, ബാങ്കിംഗ് സർവ്വീസ് റിക്രൂട്ട്മെന്റ് ബോർഡുണ്ട്. അതുപോലെ സ്വയംഭരണാവകാശമുള്ള, ഗവൺമെന്റിന്റെ നിയന്ത്രണത്തിലല്ലാത്ത ഒരു റിക്രൂട്ട്മെന്റ് ബോർഡാണ് ഉദ്ദേശിക്കുന്നത്. ആ റിക്രൂട്ട്മെന്റ് ബോർഡ് നില വിൽ വന്നാൽ തീർച്ചയായും ദേവസ്വം ബോർഡുകളിലേയ്ക്കുള്ള നിയമനവു മായി ബന്ധപ്പെട്ട് പല സമയത്തും ഉണ്ടാകുന്ന ആരോപണങ്ങൾ ഒഴിവാ ക്കാൻ കഴിയും. അഴിമതിരഹിതമായിട്ടുള്ള റിക്രൂട്ട്മെന്റ് നടത്താൻ കഴിയും എന്ന വ്യക്തമായ കാഴ്ചപ്പാടോടുകൂടിയാണ് ഈ ഗവൺമെന്റ് റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. 2007–ലെ ജസ്റ്റിസ് പരി പൂർണ്ണൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകളിൽ റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരണവുമായി ബന്ധപ്പെട്ട ശുപാർശ ഉണ്ടായിരുന്നു. അന്ന് ഉണ്ടായി രുന്ന എൽ.ഡി.എഫ് ഗവൺമെന്റ് ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷന്റെ റിപ്പോർട്ടുമായി ബന്ധപ്പെട്ട് വന്ന ശുപാർശകളെ അംഗീകരിക്കുന്നുവെന്ന് കോടതിയിൽ അറിയിച്ചിട്ടുള്ളതാണ്. അതിന്റെയുംകൂടി പശ്ചാത്തലത്തി ലാണ്, അഴിമതിരഹിതമായ നിയമനം കേരളത്തിലെ ദേവസ്വം ബോർഡുകൾ നടത്തണമെന്ന് ആഗ്രഹിച്ചുകൊണ്ട് റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കു ന്നതിന് വേണ്ടുന്ന നടപടികൾ സ്വീകരിച്ചത്. അതിന് വേണ്ടിയുള്ള നിയമ മാണ് പാസ്സാക്കിയെടുക്കേണ്ടത്. ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള പ്രധാനപ്പെട്ട ഒന്നു രണ്ടു കാര്യങ്ങൾ കൂടിപറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഹിന്ദുമത ക്ഷേത്രങ്ങളിൽ ഉണ്ടാകുന്ന വരുമാനം സർക്കാർ ഉപയോഗിക്കുന്നുവെന്ന പ്രചരണമുണ്ടെന്ന് ബഹുമാന്യരായ ശ്രീ. ബാബു. എം. പാലിശ്ശേരിയും ശ്രീ. സി. കെ. നാണുവുമടക്കമുള്ള അംഗങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ചു. അത്

ഒരു തരത്തിലും ശരിയായ കാര്യമല്ല. ക്ഷേത്രങ്ങളിൽ ഉണ്ടാകുന്ന വരുമാനം ക്ഷേത്രങ്ങൾക്കു തന്നെയാണ്. ക്ഷേത്രങ്ങളുടെ പുരോഗതിക്കു വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ഗവൺമെന്റ് വളരെയധികം സഹായങ്ങൾ ചെയ്യുന്നുണ്ട്. മലബാർ ദേവസ്വം ബോർഡിന് 18 കോടി രൂപ യായിരുന്നു 2011 വരെ ഗ്രാന്റായി കൊടുത്തിരുന്നത്. ഈ ഗവൺമെന്റ് വന്ന തിന് ശേഷം മലബാർ ദേവസ്വത്തിന് 26 കോടി രൂപ ഗ്രാന്റ് കൊടുക്കുന്നുണ്ട്. ഏകദേശം എട്ടു കോടിയോളം രൂപ കൂടുതലായി കൊടുക്കുന്നുണ്ട്.

ഗവൺമെന്റിന്റെ ഇത്തരം പ്രവൃത്തികൾ കൊണ്ടാണ് മലബാർ ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങൾ നടക്കുന്നത്. ശ്രീപത്മനാഭസ്വാമി ക്ഷേത്ര ത്തിൽ നിന്ന് കോടിക്കണക്കിന് രൂപയുടെ സ്വത്തുക്കൾ കണ്ടെടുത്ത സാഹച ര്യമുണ്ടായി. ആ സ്വത്തുക്കൾ സംരക്ഷിക്കുന്നതിലേയ്ക്കു വേണ്ടി ഏകദേശം 10 കോടിയോളം രൂപയുടെ സെക്യൂരിറ്റി എക്യുപ്മെന്റ്സ് അവിടെ ലഭ്യമാക്കു കയുണ്ടായി. അതിനുവേണ്ട സംരക്ഷണം കൊടുക്കുവാൻ 250-ഓളം പോലീ സുദ്യോഗസ്ഥന്മാരെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി അവിടെ നിയമിക്കുക യുണ്ടായി. അതിനുവേണ്ടുന്ന നടപടികൾക്കായി ഗവൺമെന്റ് ഖജനാവിൽ നിന്ന് അങ്ങോട്ട് പണം ചെലവഴിക്കുകയുണ്ടായി. ക്ഷേത്രത്തിന്റെ പ്രവർത്ത നങ്ങൾക്കു വേണ്ടിയും ഭക്തജനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കു ന്നതിലേയ്ക്കുംവേണ്ടി ആറ്റുകാൽ ക്ഷേത്രവുമായി ബന്ധപ്പെട്ട് ഓരോ വർഷവും 12 കോടിയോളം രൂപയാണ് ഗവൺമെന്റ് ചെലവാക്കുന്നത്. ഇവിടെ ചൂണ്ടിക്കാണിച്ച മറ്റൊരു പ്രധാനപ്പെട്ട കാര്യം ശബരിമലയുടെ വികസനമാണ്. കഴിഞ്ഞ രണ്ടരവർഷക്കാലം കൊണ്ട് ശബരിമലയുടെ വികസ നവുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ കാര്യങ്ങൾ ചെയ്ത ഒരു

ഗവൺമെന്റാണിത്. ശബരിമലയിൽ കോടിക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ഈ ഗവൺമെന്റ് നടത്തിയിട്ടുള്ളത്. ചരിത്രത്തിലാദ്യ മായി ബഡ്ജറ്റിലൂടെ ശബരിമല വികസനത്തിനുവേണ്ടി 65 കോടി രൂപ അനു വദിച്ച ഗവൺമെന്റാണിത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ആദ്യ ബഡ്ജ റ്റിൽ 15 കോടി രൂപയും പിന്നീട് 25 കോടി രൂപയും, അതിനുശേഷം വീണ്ടും 25 കോടി രൂപയും നൽകി അവിടുത്തെ വികസനപ്രവർത്തനങ്ങൾക്ക് നേതൃ ത്വം നൽകുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഇക്കാര്യങ്ങൾ ശബരിമല ദർശനം നടത്തിയിട്ടുള്ള ഏതൊരാൾക്കും ബോധ്യമാകുന്നതാണ്. അതിനെ ക്കുറിച്ച് വിശദമായി പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കഴിഞ്ഞ രണ്ടരവർഷ ക്കാലം കൊണ്ട് സമഗ്രമായ വികസനം ശബരിമലയിലുണ്ടായിട്ടുണ്ട്. ഈ വർഷം പി.ഡബ്ല്യു.ഡി. വകുപ്പ് തന്നെ 150 കോടിയോളം രൂപ അനുവദിച്ച് ആ പ്രദേശത്തെ റോഡുകൾ മുഴുവൻ ഏറ്റവും മനോഹരമായി നവീകരിച്ചു. കഴിഞ്ഞ പ്രാവശ്യം 65 കോടി രൂപയാണ് കൊടുത്തത്. ഈ ഗവൺമെന്റ് വന്നതിനുശേഷം അവിടെ രണ്ട് ക്യൂ കോംപ്ലക്സുകൾ സ്ഥാപിച്ചു. ഇതെല്ലാം ഗവൺമെന്റിന്റെ മാസ്റ്റർ പ്ലാൻ കമ്മിറ്റിയുമായി ബന്ധപ്പെട്ടിട്ടുള്ള സംവിധാന ത്തിലൂടെ അവിടെ ചെയ്തിട്ടുള്ള കാര്യമാണ്. സ്വാമി അയ്യപ്പൻ റോഡ് നവീക രിച്ചു. ശബരിമലയിലെ തിരക്കൊഴിവാക്കുന്നതിന് അണ്ടർ പാസ്സേജ് നിർമ്മിച്ചു. എത്രയോ കാലത്തെ ആവശ്യമായിരുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, പമ്പ-മരക്കൂട്ടം വരെ നടപ്പന്തൽ എന്നിവ ഈ വർഷം 23 കോടി രൂപ ചെലവ ഴിച്ച് നിർമ്മിച്ചു. സുരക്ഷയുമായി ബന്ധപ്പെട്ട് ജസ്റ്റിസ് ഹരിഹരൻ നായർ കമ്മീഷനെ നിയമിക്കുകയും കമ്മീഷൻ സമർപ്പിച്ച സുരക്ഷ മാനുവലുമായി ബന്ധപ്പെട്ട മുഴുവൻ നിർദ്ദേശങ്ങളും നടപ്പിലാക്കാനും കഴിഞ്ഞു. ഏകദേശം

5000-ത്തോളം ആളുകളുടെ നേതൃത്വത്തിലുള്ള ശുചീകരണ പ്രക്രിയ ഓരോ സീസൺ തുടങ്ങുന്നതിനു മുമ്പ് അവിടെ ആരംഭിക്കും. സീസൺ കഴിഞ്ഞതിനുശേഷം സർക്കാർ തന്നെ ശമ്പളം കൊടുത്തുകൊണ്ട് 750-ഓളം സന്നദ്ധ സേവകരെ നിയമിച്ച് അവിടത്തെ ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തു. ഏറ്റവും ഭംഗിയായ രീതിയിൽ, ശുചിത്വത്തോടു കൂടി ശബരിമല സന്നിധാനത്തെ ഇപ്രാവശ്യം നിലനിർത്താൻ കഴിഞ്ഞിട്ടുണ്ട്. പമ്പയിൽ 15 കോടി രൂപയുടെ ആശുപത്രി സമുച്ചയം പണിതു. 7 കോടി രൂപയുടെ സമാന്തര പൈപ്പ്ലൈൻ, സർവ്വീസ് റോഡ്, 10,000-ത്തോളം ബസ്സുകൾക്ക് പാർക്ക് ചെയ്യാനായി നിലയ്ക്കലിൽ അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കിയിട്ടുണ്ട്. ദേവസ്വം ബോർഡിന്റെയും ഗവൺമെന്റിന്റെയും ഹൈപവർ കമ്മിറ്റിയുടെയും നേതൃത്വത്തിൽ ഇത്രയധികം പ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ടുള്ള വികസന പ്രവർത്തനങ്ങളാണ് അവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. ഞാൻ പറഞ്ഞുവന്നത്, ഗവൺമെന്റിന്റെയും ദേവസ്വം ബോർഡിന്റെയും പ്രവർത്തനങ്ങൾ മൂലം ക്ഷേത്രങ്ങളുടെ വരുമാനം സർക്കാരിലേയ്ക്ക് വരുന്നില്ല, മറിച്ച് സർക്കാർ വളരെയധികം പ്രവർത്തനങ്ങൾ ഈ തലങ്ങളിൽ ഏറ്റെടുത്തു നടപ്പിലാക്കിക്കൊണ്ട് മുന്നോട്ടു പോകുകയാണ്. പഞ്ചവാദ്യം കലാകാരനായ ശ്രീ. ബാബുവിന്റെ പ്രശ്നം ഇവിടെ രാവിലെ സബ്മിഷനിലൂടെ ഉന്നയിച്ചതാണ്, അതിന് മറുപടി പറഞ്ഞതാണ്. ഇക്കാര്യത്തിൽ പ്രത്യേകമായിട്ടുള്ള അന്വേഷണം നടത്തുന്നതാണ്. യഥാർത്ഥത്തിൽ ദേവസ്വമോ അവിടെയുള്ള ഉദ്യോഗസ്ഥന്മാരോ ഇത്തരത്തിൽ യാതൊരുവിധ നിർദ്ദേശം കൊടുക്കുകയോ ഇടപെടുകയോ ചെയ്തിട്ടില്ല. ഇതിനെക്കുറിച്ച് ഒരു റിട്ടയേർഡ് ജഡ്ജ് അന്വേഷിച്ച് അടിയന്തിരമായി റിപ്പോർട്ട് നൽകുമെ

ന്നാണ് ദേവസ്വം അറിയിച്ചിട്ടുള്ളത്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അതിനനുസരിച്ചുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. മിക്ക അംഗങ്ങളും ഇവിടെ ഉന്നയിച്ച പ്രധാനപ്പെട്ട കാര്യങ്ങൾ, റിക്രൂട്ട്മെന്റും അതു പോലെ തന്നെ വനിതാ സംവരണവുമായി ബന്ധപ്പെട്ടുള്ളതാണ്. അതിന് ഞാൻ നേരത്തെ മറുപടി പറഞ്ഞുകഴിഞ്ഞു. ഇതുമായി ബന്ധപ്പെട്ട് മെമ്പർമാർ ഉന്നയിച്ചിട്ടുള്ള സ്വാഗതാർഹമായ എല്ലാ നിർദ്ദേശങ്ങളും പരിശോധിച്ചുകൊണ്ട് നമ്മുടെ ക്ഷേത്രങ്ങളുടെ വികസനത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ഗവൺമെന്റ് തയ്യാറാണ് എന്നുകൂടെ പറഞ്ഞു കൊണ്ട് ഞാൻ നിർത്തുന്നു.

മി. സ്പീക്കർ: ശ്രീ. ജി. സുധാകരൻ, 2011-ലെ 42-ാം നമ്പർ ഓർഡിനൻസായ 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ നിരാകരിക്കണമെന്ന അങ്ങയുടെ പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ജി. സുധാകരൻ: സർ, പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ജി. സുധാകരൻ അവതരിപ്പിച്ച നിരാകരണ പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പുരുഷൻ കടലുണ്ടി, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പുരുഷൻ കടലുണ്ടി: സർ, പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പുരുഷൻ കടലുണ്ടി അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ.....

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുത്തിരിക്കുന്നു.

2-ാം വകുപ്പ്

Shri. V. Sasi: Sir, I move the following amendments.

115. Delete clause 2(a)

125. Delete clause 2 (b).

Smt. K. S. Saleekha: Sir, I move the following amendments.

123. Section 4 (1) proposed to be substituted in the principal Act by clause 2 (a), shall be recast as follows:

"(1) One shall be a woman adept in religious rites or spiritual matters."

129. Section 4 (1A), proposed to be substituted in the principal Act by clause 2 (b), shall be recast as follows:

(1) "(1A) of the three members, one member belonging to Scheduled Caste/Scheduled Tribe shall be elected by the Hindus among the Members of the Legislative Assembly of the State of Kerala."

Shri. K. Suresh Kurup: Sir, I Move the following amendments.

(2) 124. Section 4 (1), proposed to be substituted in the principal Act by clause 2 (a), shall be recast as follows:

(3)

(4) "(1) The Board referred to in section 3 shall consist of four Hindu members of whom two shall be women and one shall be a person belonging to Scheduled Caste or Scheduled Tribe."

നാല് അംഗങ്ങൾ ഉണ്ടാകണമെന്നും അതിൽ രണ്ടംഗങ്ങൾ വനിതകളാകണമെന്നും ഒരാൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാകണമെന്നുമായിരുന്നു നിലവിലുള്ള നിയമം. അതിൽ നിന്ന് വനിതാ അംഗത്തെ മാറ്റി നിറുത്തിയത് കഴിഞ്ഞ തവണ പാസ്സാക്കിയ അമെന്റ്മെന്റ് ബില്ലിന്റെ സ്പിരിറ്റിനെതിരാണ്. പൊതുവായി ഇന്ന് എല്ലാ മേഖലയിലും വനിതാ പ്രാതിനിധ്യം ചർച്ച ചെയ്യപ്പെടുകയും അംഗീകരിക്കുകയും ചെയ്യപ്പെടുന്ന കാലമാണ്. നിയമസഭയിലും പാർലമെന്റിലുമടക്കം വനിതകളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കണമെന്ന് പറയുകയും കോൺഗ്രസ് പാർട്ടിയടക്കം അതിന് മുൻഗണന കൊടുക്കുകയും ചെയ്യുന്നുവെന്ന് പറയപ്പെടുന്ന ഒരു സമയത്ത് നമ്മുടെ നിയമസഭ തന്നെ നിലവിലുള്ള ഒരു വനിതാ പ്രാതിനിന്യം ഇല്ലാതാക്കുന്നു എന്നുള്ളത് ഏറ്റവും അപമാനകരമായ ഒരു കാര്യമാണ്. കാരണം എല്ലാ കാലത്തും

പുരോഗമനപരമായ നിയമനിർമ്മാണം നടത്തി, ഇന്ത്യയ്ക്കാകെ മാതൃക കാട്ടിയ ഒരു സഭ നിലവിലുള്ള ഈ നിയമത്തിലുണ്ടായിരുന്ന വനിതാ പ്രാതിനിധ്യം ഇല്ലാതാക്കുക എന്നുപറയുന്നത് സഭയ്ക്ക് അപമാനകരമാണ്. അതുപോലെ പട്ടികജാതി സംവരണവും ഒഴിവാക്കി. ഈ രണ്ടു കാര്യങ്ങളും നമുക്ക് ഏറ്റവും അപമാനകരമായ കാര്യമാണ്. അതുകൊണ്ട് ഈ ഭേദഗതി ഞാൻ മൂവ് ചെയ്യുന്നു.

(5) 128. Section 4 (1A), proposed to be substituted in the principal Act by clause 2 (b), shall be recast as follows:

(6)

(7) "(1A) of the three members specified in sub-section (1), one member shall be nominated by the Hindus among the Council of Ministers and the other two members shall be elected by the Hindus among the Members of the Legislative Assembly of the State of Kerala."

(8)

മന്ത്രിമാർ നോമിനേറ്റ് ചെയ്യുന്ന അംഗങ്ങളുടെ എണ്ണം ഒന്നാക്കുകയും സഭ ഇലക്ട് ചെയ്യുന്ന അംഗങ്ങളുടെ എണ്ണം രണ്ടാക്കുകയും ചെയ്യുക എന്നുള്ളതാണ് എന്റെ ഭേദഗതി.

Shri. M. Hamsa: Sir, I move the following amendment:

126. In section 4(1A), proposed to be substituted in the principal Act by clause 2 (b);

(i) for the words " three members", substitute the words "five members";

(ii) add the words “one woman representative and” before the words “the members belonging to Scheduled Caste/Scheduled Tribes”.

127. In section 4(1A), proposed to be substituted in the principal Act by clause 2 (b); for the word “two”, substitute the word “three”.

ജനറൽ മെമ്പറെ നോമിനേറ്റ് ചെയ്യുന്നത് മന്ത്രിസഭയും എസ്.സി. മെമ്പറെ തെരഞ്ഞെടുക്കുന്നത് നിയമസഭയുമെന്ന രീതിയിലുള്ള വിവേചനം പാടില്ല. നേരത്തേ ശ്രീ. കെ. സുരേഷ് കുറുപ്പ് പറഞ്ഞ അതേ ഭേദഗതിയോടൊപ്പം ഈ ഭേദഗതിയും ഞാൻ മൂവ് ചെയ്യുകയാണ്.

മി. സ്പീക്കർ: 114-ാം നമ്പർ ഭേദഗതി വകുപ്പ് നീക്കം ചെയ്യണമെന്നാകയാൽ ക്രമാനുസൃതമല്ല. 116, 117, 118, 119, 120, 121, 122 തുടങ്ങിയ ഭേദഗതികൾ 115-ന് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികളിൽ ഏതെങ്കിലും ബഹുമാനപ്പെട്ട മന്ത്രി അംഗീകരിക്കുന്നുണ്ടോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ഭേദഗതികളൊന്നും അംഗീകരിക്കുന്നില്ല.

ശ്രീ. എ.കെ. ബാലൻ: വനിതകളെ നിങ്ങൾക്ക് തെരഞ്ഞടുത്തുകൂടെയെന്ന് ചോദിച്ചു, ഞങ്ങൾ എവിടെ നിന്നാണ് വനിതകളെ തെരഞ്ഞെടുക്കേണ്ടത്. എം.എൽ.എ.മാരിൽ നിന്ന് പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട മെമ്പറെയല്ലേ തെരഞ്ഞെടുക്കാൻ കഴിയൂ, വനിതകളെ ഞങ്ങൾ എവിടെ നിന്നാണ് തെരഞ്ഞെടുക്കേണ്ടത്?

മി. സ്പീക്കർ: ശ്രീ. വി. ശശി അവതരിപ്പിച്ച 115, 125 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ശശി: സർ, 125-ാം നമ്പർ ഭേദഗതി ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. വി. ശശി അവതരിപ്പിച്ച 125-ാം നമ്പർ ഭേദഗതിയെ...

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ശ്രീ. വി. ശശി അവതരിപ്പിച്ച 125-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ശശി അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മി. സ്പീക്കർ: ശ്രീമതി കെ.എസ്. സലീഖ അവതരിപ്പിച്ച 123, 129 എന്നീ നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീമതി കെ. എസ്. സലീഖ: സർ, 123-ാം ഭേദഗതി ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീമതി കെ.എസ്. സലീഖ അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതിയെ.....

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 129-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മി. സ്പീക്കർ: ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 124, 128 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ 124-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നു, പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ: 56

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. എ. എം. ആരിഫ്
4. ശ്രീ. എ.എ. അസീസ്
5. ശ്രീ. ബാബു എം. പാലിശ്ശേരി
6. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. എം. ചന്ദ്രൻ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. വി. ചെന്താമരാക്ഷൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി.ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ചിറ്റയം ഗോപകുമാർ

17. ശ്രീ. പി. കെ. ഗുരുദാസൻ

18. ശ്രീ. എം. ഹംസ

19. ശ്രീ. ജെയിംസ് മാത്യു

20. ഡോ. കെ.ടി. ജലീൽ

21. ശ്രീ. ജി. എസ്. ജയലാൽ

22. ശ്രീ. ഇ. പി. ജയരാജൻ

23. ശ്രീ. സി. കൃഷ്ണൻ

24. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

25. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

26. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

27. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

28. ശ്രീ. മാത്യു റ്റി. തോമസ്

29. ശ്രീ. സി.കെ. നാണു

30. ശ്രീ. കെ. കെ. നാരായണൻ

31. ശ്രീ. എ. പ്രദീപ് കുമാർ

32. ശ്രീ. പുരുഷൻ കടലുി

33. ശ്രീ. കെ. രാധാകൃഷ്ണൻ

34. ശ്രീ. പി. റ്റി. എ. റഹീം

35. ശ്രീ. എസ്. രാജേന്ദ്രൻ

36. ശ്രീ. ആർ. രാജേഷ്

37. ശ്രീ. റ്റി.വി. രാജേഷ്

38. ശ്രീ. കെ. രാജു

39. ശ്രീ. രാജു എബ്രഹാം

40. ശ്രീ. മുല്ലക്കര രത്നാകരൻ

41. പ്രൊഫ. സി. രവീന്ദ്രനാഥ്

42. ശ്രീ. സി.കെ. സദാശിവൻ

43. ശ്രീ. സാജു പോൾ

44. ശ്രീമതി കെ. എസ്. സലീഖ

45. ശ്രീ. വി. ശശി

46. ശ്രീ. എ.കെ. ശശീന്ദ്രൻ

47. ശ്രീ. ബി. സത്യൻ

48. ശ്രീ. വി. ശിവൻകുട്ടി

49. ശ്രീ. പി. ശ്രീരാമകൃഷ്ണൻ

50. ശ്രീ. ജി. സുധാകരൻ

51. ശ്രീ. വി. എസ്. സുനിൽ കുമാർ

52. ശ്രീ. കെ. സുരേഷ് കുറുപ്പ്

53. ശ്രീ. പി. തിലോത്തമൻ

54. ഡോ. ടി. എം. തോമസ് ഐസക്

55. ശ്രീ. ഇ. കെ. വിജയൻ

56. ശ്രീ. കെ. വി. വിജയദാസ്

പ്രതികൂലിക്കുന്നവർ: 66

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി.കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്

4. ശ്രീ. അബ്ദുറഹിമാൻ രത്താണി

5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി

6. ശ്രീ. കെ. അച്ചുതൻ

7. ശ്രീ. ടി. എ. അഹ്മദ് കബീർ

8. ശ്രീ. മഞ്ഞളാംകുഴി അലി

9. ശ്രീ. എ. പി. അനിൽ കുമാർ

10. ശ്രീ. അനൂപ് ജേക്കബ്

11. ശ്രീ. അൻവർ സാദത്ത്

12. ശ്രീ. കെ. ബാബു

13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

14. ശ്രീ. സി. എൻ. ബാലകൃഷ്ണൻ

15. ശ്രീ. വി. ടി. ബൽറാം

16. ശ്രീ. പി. കെ. ബഷീർ

17. ശ്രീ. ബെന്നി ബെഹനാൻ

18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

19. ശ്രീ. ഹൈബി ഈഡൻ

20. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

21. കുമാരി പി. കെ. ജയലക്ഷ്മി

22. ഡോ. എൻ. ജയരാജ്

23. ശ്രീ. എ. ടി. ജോർജ്

24. ശ്രീ. പി. സി. ജോർജ്

25. ശ്രീ. കെ. സി. ജോസഫ്

26. ശ്രീ. പി.ജെ. ജോസഫ്

27. ശ്രീ. ജോസഫ് വാഴക്കൻ

28. ശ്രീ. വർക്കല കഹാർ

29. ശ്രീ. കെ. എൻ. എ. ഖാദർ

30. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

31. ശ്രീ. റ്റി. യു. കുരുവിള

32. ശ്രീ. ലൂഡി ലൂയിസ്

33. ശ്രീ. പി. എ. മാധവൻ

34. ശ്രീ. സി. മമ്മൂട്ടി

35. ശ്രീ. കെ. പി. മോഹനൻ

36. ശ്രീ. സി. മോയിൻകുട്ടി

37. ശ്രീ. ആര്യാടൻ മുഹമ്മദ്

38. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

39. ഡോ. എം.കെ. മുനീർ

40. ശ്രീ. കെ. മുരളീധരൻ

41. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

42. ശ്രീ. അടൂർ പ്രകാശ്

43. ശ്രീ. റ്റി. എൻ. പ്രതാപൻ

44. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

45. ശ്രീ. പാലോട് രവി

46. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

47. ശ്രീ. വി.പി. സജീന്ദ്രൻ

48. ശ്രീ. എൻ. ശക്തൻ

49. ശ്രീ. വി. ഡി സതീശൻ

50. ശ്രീ. കെ. എം. ഷാജി

51. ശ്രീ. എൻ. ഷംസുദ്ദീൻ

52. ശ്രീ. ആർ. സെൽവരാജ്

53. ശ്രീ. ഷിബു ബേബി ജോൺ

54. ശ്രീ. കെ. ശിവദാസൻ നായർ

55. ശ്രീ. വി.എസ്. ശിവകുമാർ

56. ശ്രീ. എം.വി. ശ്രേയാംസ് കുമാർ

57. ശ്രീ. സണ്ണി ജോസഫ്

58. ശ്രീ. സി. എഫ്. തോമസ്

59. ശ്രീ. തോമസ് ഉണ്ണിയാടൻ

60. ശ്രീ. പി. ഉബൈദുള്ള

61. ശ്രീ. ഉമ്മൻ ചാണ്ടി

62. ശ്രീ. എം. ഉമ്മർ

63. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

64. ശ്രീ. എം. എ. വാഹീദ്

65. ശ്രീ. എം. പി. വിൻസെന്റ്

66. ശ്രീ. പി. സി. വിഷ്ണുനാഥ്

നിക്ഷപക്ഷത പാലിക്കുന്നവർ – ആരുമില്ല.

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ – 56

പ്രതികൂലിക്കുന്നവർ – 66

നിക്ഷപക്ഷത പാലിക്കുന്നവർ – ആരുമില്ല.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 124–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ അവതരിപ്പിച്ച 128–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മി. സ്പീക്കർ: ശ്രീ. എം. ഹംസ അവതരിപ്പിച്ച 126, 127 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. ഹംസ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു. 126, 127 എന്നീ നമ്പർ ഭേദഗതികൾക്ക് ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ: 56

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. എ. എം. ആരിഫ്
4. ശ്രീ. എ.എ. അസീസ്
5. ശ്രീ. ബാബു എം. പാലിശ്ശേരി
6. ശ്രീ. കോടിയേരി ബാലകൃഷ്ണൻ

7. ശ്രീ. എ. കെ. ബാലൻ
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. എം. ചന്ദ്രൻ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. വി. ചെന്താമരാക്ഷൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി.ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. പി. കെ. ഗുരുദാസൻ
18. ശ്രീ. എം. ഹംസ
19. ശ്രീ. ജെയിംസ് മാത്യു
20. ഡോ. കെ.ടി. ജലീൽ
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. സി. കൃഷ്ണൻ
24. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
25. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
26. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
27. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
28. ശ്രീ. മാത്യു റ്റി. തോമസ്

29. ശ്രീ. സി.കെ. നാണു
30. ശ്രീ. കെ. കെ. നാരായണൻ
31. ശ്രീ. എ. പ്രദീപ് കുമാർ
32. ശ്രീ. പുരുഷൻ കടലുണ്ടി
33. ശ്രീ. കെ. രാധാകൃഷ്ണൻ
34. ശ്രീ. പി. റ്റി. എ. റഹീം
35. ശ്രീ. എസ്. രാജേന്ദ്രൻ
36. ശ്രീ. ആർ. രാജേഷ്
37. ശ്രീ. റ്റി.വി. രാജേഷ്
38. ശ്രീ. കെ. രാജു
39. ശ്രീ. രാജു എബ്രഹാം
40. ശ്രീ. മുല്ലക്കര രത്നാകരൻ
41. പ്രൊഫ. സി. രവീന്ദ്രനാഥ്
42. ശ്രീ. സി.കെ. സദാശിവൻ
43. ശ്രീ. സാജു പോൾ
44. ശ്രീമതി കെ. എസ്. സലീഖ
45. ശ്രീ. വി. ശശി
46. ശ്രീ. എ.കെ. ശശീന്ദ്രൻ
47. ശ്രീ. ബി. സത്യൻ
48. ശ്രീ. വി. ശിവൻകുട്ടി
49. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
50. ശ്രീ. ജി. സുധാകരൻ

51. ശ്രീ. വി. എസ്. സുനിൽ കുമാർ

52. ശ്രീ. കെ. സുരേഷ് കുറുപ്പ്

53. ശ്രീ. പി. തിലോത്തമൻ

54. ഡോ. ടി. എം. തോമസ് ഐസക്

55. ശ്രീ. ഇ. കെ. വിജയൻ

56. ശ്രീ. കെ. വി. വിജയദാസ്

<u>പ്രതികൂലിക്കുന്നവർ:66</u>

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

2. ശ്രീ. പി.കെ. അബ്ദു റബ്ബ്

3. ശ്രീ. പി. ബി. അബ്ദുൾ റസാക്

4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി

6. ശ്രീ. കെ. അച്ചുതൻ

7. ശ്രീ. ടി. എ. അഹ്മദ് കബീർ

8. ശ്രീ. മഞ്ഞളാംകുഴി അലി

9. ശ്രീ. എ. പി. അനിൽ കുമാർ

10. ശ്രീ. അനൂപ് ജേക്കബ്

11. ശ്രീ. അൻവർ സാദത്ത്

12. ശ്രീ. കെ. ബാബു

13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

14. ശ്രീ. സി. എൻ. ബാലകൃഷ്ണൻ

15. ശ്രീ. വി. ടി. ബൽറാം

16. ശ്രീ. പി. കെ. ബഷീർ

17. ശ്രീ. ബെന്നി ബെഹനാൻ

18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

19. ശ്രീ. ഹൈബി ഈഡൻ

20. ശ്രീ. വ. കെ. ഇബ്രാഹിം കുഞ്ഞ്

21. കുമാരി പി. കെ. ജയലക്ഷ്മി

22. ഡോ. എൻ. ജയരാജ്

23. ശ്രീ. എ. ടി. ജോർജ്

24. ശ്രീ. പി. സി. ജോർജ്

25. ശ്രീ. കെ. സി. ജോസഫ്

26. ശ്രീ. പി.ജെ. ജോസഫ്

27. ശ്രീ. ജോസഫ് വാഴക്കൻ

28. ശ്രീ. വർക്കല കഹാർ

29. ശ്രീ. കെ. എൻ. എ. ഖാദർ

30. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

31. ശ്രീ. റ്റി. യു. കുരുവിള

32. ശ്രീ. ലൂഡി ലൂയിസ്

33. ശ്രീ. പി. എ. മാധവൻ

34. ശ്രീ. സി. മമ്മൂട്ടി

35. ശ്രീ. കെ. പി. മോഹനൻ

36. ശ്രീ. സി. മോയിൻകുട്ടി

37. ശ്രീ. ആര്യാടൻ മുഹമ്മദ്

38. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

39. ഡോ. എം.കെ. മുനീർ

40. ശ്രീ. കെ. മുരളീധരൻ

41. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

42. ശ്രീ. അടൂർ പ്രകാശ്

43. ശ്രീ. റ്റി. എൻ. പ്രതാപൻ

44. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

45. ശ്രീ. പാലോട് രവി

46. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

47. ശ്രീ. വി.പി. സജീന്ദ്രൻ

48. ശ്രീ. എൻ. ശക്തൻ

49. ശ്രീ. വി. ഡി സതീശൻ

50. ശ്രീ. കെ. എം. ഷാജി

51. ശ്രീ. എൻ. ഷംസുദ്ദീൻ

52. ശ്രീ. ആർ. സെൽവരാജ്

53. ശ്രീ. ഷിബു ബേബി ജോൺ

54. ശ്രീ. കെ. ശിവദാസൻ നായർ

55. ശ്രീ. വി.എസ്. ശിവകുമാർ

56. ശ്രീ. എം.വി. ശ്രേയാംസ് കുമാർ
57. ശ്രീ. സണ്ണി ജോസഫ്
58. ശ്രീ. സി. എഫ്. തോമസ്
59. ശ്രീ. തോമസ് ഉണ്ണിയാടൻ
60. ശ്രീ. പി. ഉബൈദുള്ള
61. ശ്രീ. ഉമ്മൻ ചാണ്ടി
62. ശ്രീ. എം. ഉമ്മർ
63. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
64. ശ്രീ. എം. എ. വാഹീദ്
65. ശ്രീ. എം. പി. വിൻസെന്റ്
66. ശ്രീ. പി. സി. വിഷ്ണുനാഥ്

നിഷ്പക്ഷത പാലിക്കുന്നവർ– ആരുമില്ല.

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ – 56

പ്രതികൂലിക്കുന്നവർ – 66

നിഷ്പക്ഷത പാലിക്കുന്നവർ– ആരുമില്ല.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 126, 127 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

2–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

2–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

3-ാം വകുപ്പ്

മി. സ്പീക്കർ: 130, 131, 132 എന്നീ നമ്പർ ഭേദഗതികൾ വകുപ്പു നീക്കം ചെയ്യണമെന്നുള്ളതാകയാൽ ക്രമാനുസൃതമല്ല.

Shri. K. Suresh Kurup: Sir, I move the following amendment:

133. In section 6 of the principal Act proposed to be amended by clause 3 for the words “forty five years” substitute the words “twenty five years”.

അംഗത്തിന്റെ പ്രായം 45 വയസ്സാക്കി നിജപ്പെടുത്തിയിരിക്കുകയാണ്. അത് 25 വയസ്സാക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി. പാർലമെന്റിൽ അംഗമാകാൻ, പ്രധാനമന്ത്രിയാകാൻ, നിയമസഭയിൽ അംഗമാകാൻ, മുഖ്യമന്ത്രിയാകാൻ തുടങ്ങിയ കാര്യങ്ങളിലെല്ലാം 25 വയസ്സ് പൂർത്തിയായാൽ മതി. എന്നാൽ ദേവസ്വം ബോർഡിൽ അംഗമാകുന്നതിന് 45 വയസ്സ് എന്ന് നിജപ്പെടുത്തുന്നതിൽ യാതൊരു യുക്തിയുമില്ല. അതുകൊണ്ട് പ്രായം 25 വയസ്സാക്കണം. അതുതന്നെയാണ് ഏറ്റവും കരണീയമായ കാര്യമെന്നാണ് എനിക്ക് പറയാനുള്ളത്.

Shri. V. Sivankutty: Sir, I move the following amendment:

134. In section 6 of the principal Act proposed to be amended by clause 3 for the words “forty five years” substitute the words “sixty years”.

Smt. K. S. Saleekha: Sir, I move the following amendment.

135.In section 6 of the principal Act proposed to be amended by clause 3 for the words "fifty years" substitute the words "in between fifty five to sixty five years".

സംസ്ഥാനത്തെ ആയുർദൈർഘ്യം പരിഗണിച്ചും, മതാചാരപ്രകാരമുള്ള പക്വത എത്തണമെങ്കിൽ 60 വയസ്സെങ്കിലും വേണമെന്നതും പരിഗണിച്ച് നില വിലുള്ളതിനെ ചുരുക്കി കൊണ്ടുവരുന്ന ഭേദഗതി റദ്ദ് ചെയ്യണമെന്നുള്ള അഭി പ്രായമാണ് എനിക്കുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഏതെങ്കിലും ഭേദഗതികൾ അംഗീ കരിക്കുന്നുണ്ടോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ഭേദഗതികളൊന്നും അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 133-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 133-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മി. സ്പീക്കർ: ശ്രീ. വി. ശിവൻകുട്ടി അവതരിപ്പിച്ച 134-ാം നമ്പർ ഭേദ ഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. ശിവൻകുട്ടി അവതരിപ്പിച്ച 134-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു..

മി. സ്പീക്കർ: ശ്രീമതി കെ.എസ്. സലീഖ അവതരിപ്പിച്ച 135 -ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ.എസ്. സലീഖ അവതരിപ്പിച്ച 135 -ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു..

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

4-ാം വകുപ്പ്

Shri. M. Hamsa: Sir, I move the following amendment.

137. In section 10(1) of the principal Act, proposed to be amended by clause 4, for the words "three years" substitute the words "five years".

മി. സ്പീക്കർ: ശ്രീമതി കെ.എസ്. സലീഖയുടെ 136-ാം നമ്പർ ഭേദഗതി ക്രമാനുസൃതമല്ല. അതുകൊണ്ട് മൂവ് ചെയ്യാൻ സാധ്യമല്ല. വേണമെങ്കിൽ സംസാരിക്കാം.

ശ്രീമതി കെ.എസ്. സലീഖ: സർ, ഈ ആക്ടിലെ രണ്ട് വർഷത്തെ കാലാവധി എന്നുള്ളത് സർക്കാരിന്റെ ഭേദഗതി അനുസരിച്ച് മൂന്ന് വർഷം ആക്കുക എന്നുള്ളതാണ്. നമ്മുടെ രാജ്യത്ത് അഞ്ച് വർഷത്തെ കാലാവധി നിലനിൽക്കുന്ന ഒരു സാഹചര്യമുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് 32 മാസമായിട്ടുപോലും ചില ബോർഡുകൾ ഇന്ന് നാഥനില്ലാതെ നിൽക്കുന്ന ഒരു സാഹചര്യത്തിൽ ഇത് രണ്ട് വർഷമായി ചുരുക്കുന്നതിൽ ഒരു അപാകതയുണ്ട് എന്നതാണ് അക്കാര്യത്തിലുള്ള എന്റെ അഭിപ്രായം.

മി. സ്പീക്കർ: ശ്രീ. വി. ശിവൻകുട്ടി അങ്ങയുടെ 138-ാം നമ്പർ ഭേദഗതി മൂവ് ചെയ്യാൻ സാധ്യമല്ല. 137-ാം നമ്പർ ഭേദഗതിക്ക് തുല്യം. അങ്ങേയ്ക്ക് സംസാരിക്കാവുന്നതാണ്.

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ സംസാരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഹംസ അവതരിപ്പിച്ച 137-ാം നമ്പർ ഭേദഗതി സ്വീകാര്യമാണോ?

ആരോഗ്യവും, കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ഭേദഗതി സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. എം. ഹംസ, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. ഹംസ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഹംസ അവതരിപ്പിച്ച 137-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

<u>പ്രതികൂലിക്കുന്നവർ..............</u>

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## <u>5-ാം വകുപ്പ്</u>

<u>മി. സ്പീക്കർ:</u> ശ്രീ. ഇ.പി. ജയരാജന്റെ 139-ാം നമ്പർ ഭേദഗതിയും ശ്രീ. ജി. സുധാകരന്റെ 140-ാം നമ്പർ ഭേദഗതിയും ശ്രീമതി കെ.എസ്. സലീഖയുടെ 141-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. രാധാകൃഷ്ണന്റെ 142-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. കെ. നാരായണന്റെ 143-ാം നമ്പർ ഭേദഗതിയും വകുപ്പ് നീക്കം ചെയ്യാനുള്ളതാകയാൽ ക്രമാനുസൃതമല്ല. നിങ്ങൾക്ക് സംസാരിക്കാവുന്നതാണ്.

(സംസാരിക്കുന്നില്ല)

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..............

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## <u>6-ാം വകുപ്പ്</u>

<u>മി. സ്പീക്കർ:</u> ശ്രീ. ആർ. രാജേഷിന്റെ 144-ാം നമ്പർ ഭേദഗതിയും ശ്രീമതി കെ.എസ്. സലീഖയുടെ 145-ാം നമ്പർ ഭേദഗതിയും വകുപ്പ് നീക്കം ചെയ്യാനുള്ളതാകയാൽ ക്രമാനുസൃതമല്ല. നിങ്ങൾക്ക് സംസാരിക്കാവുന്ന താണ്.

(സംസാരിക്കുന്നില്ല)

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..............

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**7-ാം വകുപ്പ്**

Shri. A.K. Balan: Sir, I move the following amendment.

148. Section 29A of the principal Act, proposed to be amended by clause 7, shall be recast as follows:

"29 A. *Appointment of Administrative Staff and Officers:*

All the administrative staff and officers of the Board shall be appointed from the select list of candidates belonging to Hindu Religion furnished by the KPSC in accordance with the law made for the purpose''

ഈ ബില്ലിൽ പ്രധാനമായും എട്ട് ഭേദഗതികളാണ് പൊതുവിലുള്ളത്. അതിൽ വളരെ പ്രധാനപ്പെട്ടതാണ് മൂലനിയമത്തിലെ 29A. അത് ഡിലീറ്റ് ചെയ്യുകയാണ്. തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകളിലെ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ എല്ലാ നിയമനങ്ങളും പി.എസ്.സി.ക്ക് വിടാൻവേണ്ടി കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന നിയമമാണ് ഇപ്പോൾ ഭേദഗതി ചെയ്യുന്നത്. നിരവധി പ്രക്ഷോഭത്തിന്റെയും ആരോപണങ്ങളുടെയും കോടതിയുടെ ഇടപെടലിന്റെയും ഭാഗമായി കഴിഞ്ഞ

എൽ.ഡി.എഫ്. ഗവൺമെന്റ് ഈ വകുപ്പ് കൈകാര്യം ചെയ്യുമ്പോൾ ശ്രീ. ജി. സുധാകരൻ ഈ നിയമനം പരിപൂർണ്ണമായും പി.എസ്.സി.ക്ക് കൊടുത്തത്. അത് പി.എസ്.സി.യിൽ നിന്നുംമാറ്റി ഒരു പുതിയ സംവിധാനം ഉണ്ടാക്കുക യാണ്. പി.എസ്.സി.യോടുള്ള വെറുപ്പും അവിശ്വാസമാണോ? യഥാർത്ഥ ത്തിൽ ഈ തിരുവിതാംകൂർ–കൊച്ചി ദേവസ്വം ബോർഡിന്റെ കീഴിൽ 2500 നും 4000 ത്തിനുമിടയിൽ ഒഴിവുകളുണ്ട്. ആ ഒഴിവുകൾ നികത്തുന്നതിന് സുതാര്യമായിട്ടുള്ള ഒരു സംവിധാനം ഇന്ന് നിലവിലുള്ളത് പി.എസ്.സി. അല്ലേ? ആ പി.എസ്.സി.ക്ക് പ്രൊട്ടക്ഷൻ കൊടുത്തുകൊണ്ട് പി.എസ്.സി. നടത്തണമെന്നുപറയുന്ന 29A മൂലനിയമത്തിൽ നിന്ന് ഡിലീറ്റ് ചെയ്യാൻ എന്ത് അടിയന്തര സാഹചര്യമാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. അതിന്റെ ഭാഗമായിട്ടല്ലേ ഓർഡിനൻസ് കൊണ്ടുവന്നത്. അതുകൊണ്ട് ഒരു പരിതസ്ഥിതിയിലും ഇത് പി.എസ്.സി. യിൽ നിന്ന് മാറ്റുന്ന സംവിധാനത്തോട് കേരളത്തിലെ യുവാക്കൾക്കും തൊഴിലില്ലാത്തവർക്കും പൊരുത്തപ്പെടാൻ കഴിയില്ല. ഭരണപ്രതിപക്ഷ ഭേദമന്യേ 29A ഡിലീറ്റ് ചെയ്യുന്നതിൽ ശക്തമായി പ്രതികരിക്കണം. അതുകൊണ്ട് 29A ഞാൻ ശക്തമായി പ്രസ്സ് ചെയ്യുന്നു.

Shri. K. Suresh Kurup: Sir, I move the following amendment.

149. Section 29A of the principal Act, proposed to be amended by clause 7, shall be recast as follows:

> “ 29 A. All appointments of officers and employees in the Devaswom Administrative Service of the Board for which direct recruitment is resorted to, shall be made from a select list of candidates belonging to Hindu religion furnished by the Kerala Public Service Commission, in accordance with the law made for the exercise of this additional function by the Kerala Public Service Commission. A Hindu member/members of the Public Service Commission may discharge the function of conducting the interview in the process of selection of candidates for appointments’’

അഴിമതിക്ക് എല്ലാ വാതിലുകളും തുറന്നിട്ടുകൊടുക്കുന്ന ഒരു ഭേദഗതിയാണിത്. ഇടതുപക്ഷമുന്നണി ഗവൺമെന്റ് പി.എസ്.സി.ക്ക് വിടാനുള്ള ഭേദഗതി കൊണ്ടുവന്നതിന് ഒരു പശ്ചാത്തലമുണ്ടെന്നുള്ളത് എല്ലാവർക്കും അറിയാം. ദേവസ്വം ബോർഡിന്റെ നിയമനങ്ങളെ സംബന്ധിച്ച് വ്യാപകമായ പരാതികൾ ഉയരുകയും അതിൽ വലിയ അഴിമതി നടക്കുന്നുവെന്ന് ആരോപണമുന്നയിക്കപ്പെടുകയും യുവജന സംഘടനകൾ റിക്രൂട്ട്മെന്റിനെതിരായി സമരരംഗത്ത് വരികയും ചെയ്ത പശ്ചാത്തലത്തിലാണ് സുതാര്യമായ ഒരു പ്രൊസീഡുവറിലൂടെ പി.എസ്.സി. ഈ നിയമനം നടത്തണമെന്നുള്ള ഭേദഗതി ഇടതുപക്ഷമുന്നണി ഗവൺമെന്റ് കൊണ്ടുവരികയും അത് വ്യാപകമായി കേരളത്തിൽ അംഗീകരിക്കപ്പെടുകയും

ചെയ്തത്. പിന്നീട് ഇത് മാറ്റുന്നതിനുള്ള സാഹചര്യമെന്താണ്? ഈ നാട്ടിലെ ചില സമുദായ ശക്തികളുടെ സമ്മർദ്ദത്തിന് കീഴ്‌വഴങ്ങി ഇപ്പോൾ ഈ ഭേദഗതി കൊണ്ടുവന്നിരിക്കുകയാണ്. എന്തിനാണ് ഇങ്ങനെ ഒരു റിക്രൂട്ട് മെന്റ് ബോർഡ് ദേവസ്വം ബോർഡിൽ ഉണ്ടാക്കുന്നത്. അത് വീണ്ടുമൊരു ചെലവുണ്ടാക്കുമെന്ന് മാത്രമല്ല വീണ്ടും അഴിമതിക്ക് കളമൊരുങ്ങുന്ന സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ കടന്നുവരുന്നു. ഇത് ഏറ്റവും അനാവശ്യമായ ഒരു ഭേദഗതിയാണ്. നമ്മുടെ നാട്ടിൽ ഏറ്റവും സുതാര്യമായി കൃത്യമായി നടക്കുന്ന ഒരു റിക്രൂട്ട്മെന്റ് വേണ്ടെന്നുവച്ച് ഇത്തരത്തിൽ ഒരു കാര്യത്തിലേയ്ക്ക് പോകുക എന്നുപറയുന്നത് തികഞ്ഞ അനാവശ്യമാണ്. അതുകൊണ്ട് ഞാൻ ഈ ഭേദഗതി പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ഭേദഗതികൾ സ്വീകാര്യമാണോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.വി.എസ്. ശിവകുമാർ): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. റ്റി.വി. രാജേഷ്: സർ, അപ്പോൾ പി.എസ്.സി.യെ വിശ്വാസമില്ലേ?

മി. സ്പീക്കർ: ശ്രീ. റ്റി.വി. രാജേഷ്, ഗവൺമെന്റ് അത് സ്വീകരിക്കാൻ സാദ്ധ്യമല്ല എന്ന നിലപാട് മന്ത്രിയെ അറിയിച്ചു. ........(ബഹളം)........ ശ്രീ. എ.കെ. ബാലൻ, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എ.കെ. ബാലൻ: സർ, ഞാൻ എന്റെ 148–ാം നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: ശ്രീ. റ്റി.വി. രാജേഷ്, വോട്ടിംഗ് ആരംഭിച്ചുകഴിഞ്ഞാൽ ആരാണെങ്കിലും ശബ്ദമുണ്ടാക്കാൻ പാടില്ലെന്നുള്ളത് സഭയുടെ ചട്ടമാണ്.

പലപ്പോഴും ഇവിടെ ചട്ടം നമുക്കാർക്കും ബാധകമല്ലാത്തതുകൊണ്ട്............ എന്നാലും ഞാൻ സൂചിപ്പിച്ചു എന്നുമാത്രമെയുള്ളൂ.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. എ. എം. ആരിഫ്
4. ശ്രീ.എ.എ. അസീസ്
5. ശ്രീ. ബാബു എം. പാലിശ്ശേരി
6. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
7. ശ്രീ. എ.കെ. ബാലൻ
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. എം. ചന്ദ്രൻ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. വി. ചെന്താമരാക്ഷൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. പി.കെ. ഗുരുദാസൻ
18. ശ്രീ. എം. ഹംസ
19. ശ്രീ. ജെയിംസ് മാത്യു
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജി.എസ്. ജയലാൽ
22. ശ്രീ. കെ. കെ. ജയചന്ദ്രൻ
23. ശ്രീ. ഇ. പി. ജയരാജൻ
24. ശ്രീ. സി. കൃഷ്ണൻ

25. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
26. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
27. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
28. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
29. ശ്രീ. മാത്യു റ്റി. തോമസ്
30. ശ്രീ. സി. കെ. നാണു
31. ശ്രീ. കെ. കെ. നാരായണൻ
32. ശ്രീ. എ. പ്രദീപ്കുമാർ
33. ശ്രീ. പുരുഷൻ കടലുണ്ടി
34. ശ്രീ. കെ. രാധാകൃഷ്ണൻ
35. ശ്രീ. പി. റ്റി. എ. റഹീം
36. ശ്രീ. ആർ. രാജേഷ്
37. ശ്രീ. റ്റി. വി. രാജേഷ്
38. പ്രൊഫ. സി. രവീന്ദ്രനാഥ്
39. ശ്രീ. കെ. രാജു
40. ശ്രീ. രാജു എബ്രഹാം
41. ശ്രീ. മുല്ലക്കര രത്നാകരൻ
42. ശ്രീ. സി. കെ. സദാശിവൻ
43. ശ്രീ. സാജു പോൾ
44. ശ്രീമതി കെ. എസ്. സലീഖ
45. ശ്രീ. വി. ശശി
46. ശ്രീ. എ.കെ. ശശീന്ദ്രൻ
47. ശ്രീ. ബി. സത്യൻ
48. ശ്രീ. വി. ശിവൻകുട്ടി
49. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
50. ശ്രീ. ജി. സുധാകരൻ
51. ശ്രീ. വി. എസ്. സുനിൽകുമാർ
52. ശ്രീ. കെ. സുരേഷ് കുറുപ്പ്
53. ശ്രീ. പി. തിലോത്തമൻ
54. ഡോ. ടി. എം. തോമസ് ഐസക്

55. ശ്രീ. ഇ. കെ. വിജയൻ
56. ശ്രീ. കെ. വി. വിജയദാസ്

<u>പ്രതികൂലിക്കുന്നവർ</u> :

1. ശ്രീ. പി. കെ. അബ്ദു റബ്ബ്
2. ശ്രീ. പി. ബി. അബ്ദുൾ റസാക്
3. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
4. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
5. ശ്രീ. കെ. അച്ചുതൻ
6. ശ്രീ. ടി. എ. അഹ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. എ. പി. അനിൽകുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. കെ. ബാബു
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
14. ശ്രീ. വി. ടി. ബൽറാം
15. ശ്രീ. പി. കെ. ബഷീർ
16. ശ്രീ. ബെന്നി ബെഹനാൻ
17. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
18. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
19. ശ്രീ. എ. റ്റി. ജോർജ്
20. ശ്രീ. പി. സി. ജോർജ്
21. ശ്രീ. ഹൈബി ഈഡൻ
22. കുമാരി പി. കെ. ജയലക്ഷ്മി
23. ഡോ. എൻ. ജയരാജ്
24. ശ്രീ. കെ. സി. ജോസഫ്

25. ശ്രീ. പി. ജെ. ജോസഫ്
26. ശ്രീ. ജോസഫ് വാഴക്കൻ
27. ശ്രീ. വർക്കല കഹാർ
28. ശ്രീ. കെ. എൻ. എ. ഖാദർ
29. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
30. ശ്രീ. റ്റി. യു. കുരുവിള
31. ശ്രീ. ലൂഡി ലൂയിസ്
32. ശ്രീ. പി. എ. മാധവൻ
33. ശ്രീ. സി. മമ്മൂട്ടി
34. ശ്രീ. കെ. പി. മോഹനൻ
35. ശ്രീ. സി. മോയിൻകുട്ടി
36. ശ്രീ. മോൻസ് ജോസഫ്
37. ശ്രീ. ആര്യാടൻ മുഹമ്മദ്
38. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
39. ഡോ. എം. കെ. മുനീർ
40. ശ്രീ. കെ. മുരളീധരൻ
41. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
42. ശ്രീ. ഉമ്മൻ ചാണ്ടി
43. ശ്രീ. അടൂർ പ്രകാശ്
44. ശ്രീ. റ്റി. എൻ. പ്രതാപൻ
45. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
46. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
47. ശ്രീ. പാലോട് രവി
48. ശ്രീ. വി. പി. സജീന്ദ്രൻ
49. ശ്രീ. എൻ. ശക്തൻ
50. ശ്രീ. വി. ഡി സതീശൻ
51. ശ്രീ. കെ. എം. ഷാജി
52. ശ്രീ. എൻ. ഷംസുദ്ദീൻ
53. ശ്രീ. ആർ. സെൽവരാജ്
54. ശ്രീ. ഷിബു ബേബി ജോൺ

55. ശ്രീ. കെ. ശിവദാസൻ നായർ
56. ശ്രീ. വി. എസ്. ശിവകുമാർ
57. ശ്രീ. എം. വി. ശ്രേയാംസ്കുമാർ
58. ശ്രീ. സണ്ണി ജോസഫ്
59. ശ്രീ. സി. എഫ്. തോമസ്
60. ശ്രീ. തോമസ് ഉണ്ണിയാടൻ
61. ശ്രീ. പി. ഉബൈദുള്ള
62. ശ്രീ. എം. ഉമ്മർ
63. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
64. ശ്രീ. എം. എ. വാഹീദ്
65. ശ്രീ. എം. പി. വിൻസെന്റ്
66. ശ്രീ. പി. സി. വിഷ്ണുനാഥ്

നിഷ്പക്ഷത പാലിക്കുന്നവർ– ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ – 56

പ്രതികൂലിക്കുന്നവർ – 66

നിഷ്പക്ഷത പാലിക്കുന്നവർ– ആരുമില്ല.

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. സുരേഷ് കുറുപ്പ്, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ എന്റെ 149–ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ

2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. എ. എം. ആരിഫ്
4. ശ്രീ.എ.എ. അസീസ്
5. ശ്രീ. ബാബു എം. പാലിശ്ശേരി
6. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
7. ശ്രീ. എ.കെ. ബാലൻ
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. എം. ചന്ദ്രൻ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. വി. ചെന്താമരാക്ഷൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. പി.കെ. ഗുരുദാസൻ
18. ശ്രീ. എം. ഹംസ
19. ശ്രീ. ജെയിംസ് മാത്യു
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജി.എസ്. ജയലാൽ
22. ശ്രീ. കെ. കെ. ജയചന്ദ്രൻ
23. ശ്രീ. ഇ. പി. ജയരാജൻ
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
26. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
27. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
28. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
29. ശ്രീ. മാത്യു റ്റി. തോമസ്
30. ശ്രീ. സി. കെ. നാണു
31. ശ്രീ. കെ. കെ. നാരായണൻ

32. ശ്രീ. എ. പ്രദീപ്കുമാർ
33. ശ്രീ. പുരുഷൻ കടലുണ്ടി
34. ശ്രീ. കെ. രാധാകൃഷ്ണൻ
35. ശ്രീ. പി. റ്റി. എ. റഹീം
36. ശ്രീ. ആർ. രാജേഷ്
37. ശ്രീ. റ്റി. വി. രാജേഷ്
38. പ്രൊഫ. സി. രവീന്ദ്രനാഥ്
39. ശ്രീ. കെ. രാജു
40. ശ്രീ. രാജു എബ്രഹാം
41. ശ്രീ. മുല്ലക്കര രത്നാകരൻ
42. ശ്രീ. സി. കെ. സദാശിവൻ
43. ശ്രീ. സാജു പോൾ
44. ശ്രീമതി കെ. എസ്. സലീഖ
45. ശ്രീ. വി. ശശി
46. ശ്രീ. എ.കെ. ശശീന്ദ്രൻ
47. ശ്രീ. ബി. സത്യൻ
48. ശ്രീ. വി. ശിവൻകുട്ടി
49. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
50. ശ്രീ. ജി. സുധാകരൻ
51. ശ്രീ. വി. എസ്. സുനിൽകുമാർ
52. ശ്രീ. കെ. സുരേഷ് കുറുപ്പ്
53. ശ്രീ. പി. തിലോത്തമൻ
54. ഡോ. ടി. എം. തോമസ് ഐസക്
55. ശ്രീ. ഇ. കെ. വിജയൻ
56. ശ്രീ. കെ. വി. വിജയദാസ്

<u>പ്രതികൂലിക്കുന്നവർ </u>:66

1. ശ്രീ. പി. കെ. അബ്ദു റബ്ബ്

2. ശ്രീ. പി. ബി. അബ്ദുൾ റസാക്
3. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
4. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
5. ശ്രീ. കെ. അച്ചുതൻ
6. ശ്രീ. ടി. എ. അഹ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. എ. പി. അനിൽകുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. കെ. ബാബു
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
14. ശ്രീ. വി. ടി. ബൽറാം
15. ശ്രീ. പി. കെ. ബഷീർ
16. ശ്രീ. ബെന്നി ബെഹനാൻ
17. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
18. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
19. ശ്രീ. എ. റ്റി. ജോർജ്
20. ശ്രീ. പി. സി. ജോർജ്
21. ശ്രീ. ഹൈബി ഈഡൻ
22. കുമാരി പി. കെ. ജയലക്ഷ്മി
23. ഡോ. എൻ. ജയരാജ്
24. ശ്രീ. കെ. സി. ജോസഫ്
25. ശ്രീ. പി. ജെ. ജോസഫ്
26. ശ്രീ. ജോസഫ് വാഴക്കൻ
27. ശ്രീ. വർക്കല കഹാർ
28. ശ്രീ. കെ. എൻ. എ. ഖാദർ
29. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
30. ശ്രീ. റ്റി. യു. കുരുവിള

31. ശ്രീ. ലൂഡി ലൂയിസ്
32. ശ്രീ. പി. എ. മാധവൻ
33. ശ്രീ. സി. മമ്മൂട്ടി
34. ശ്രീ. കെ. പി. മോഹനൻ
35. ശ്രീ. സി. മോയിൻകുട്ടി
36. ശ്രീ. മോൻസ് ജോസഫ്
37. ശ്രീ. ആര്യാടൻ മുഹമ്മദ്
38. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
39. ഡോ. എം. കെ. മുനീർ
40. ശ്രീ. കെ. മുരളീധരൻ
41. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
42. ശ്രീ. ഉമ്മൻ ചാണ്ടി
43. ശ്രീ. അടൂർ പ്രകാശ്
44. ശ്രീ. റ്റി. എൻ. പ്രതാപൻ
45. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
46. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
47. ശ്രീ. പാലോട് രവി
48. ശ്രീ. വി. പി. സജീന്ദ്രൻ
49. ശ്രീ. എൻ. ശക്തൻ
50. ശ്രീ. വി. ഡി സതീശൻ
51. ശ്രീ. കെ. എം. ഷാജി
52. ശ്രീ. എൻ. ഷംസുദ്ദീൻ
53. ശ്രീ. ആർ. സെൽവരാജ്
54. ശ്രീ. ഷിബു ബേബി ജോൺ
55. ശ്രീ. കെ. ശിവദാസൻ നായർ
56. ശ്രീ. വി. എസ്. ശിവകുമാർ
57. ശ്രീ. എം. വി. ശ്രേയാംസ്കുമാർ
58. ശ്രീ. സണ്ണി ജോസഫ്
59. ശ്രീ. സി. എഫ്. തോമസ്
60. ശ്രീ. തോമസ് ഉണ്ണിയാടൻ

61. ശ്രീ. പി. ഉബൈദുള്ള
62. ശ്രീ. എം. ഉമ്മർ
63. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
64. ശ്രീ. എം. എ. വാഹീദ്
65. ശ്രീ. എം. പി. വിൻസെന്റ്
66. ശ്രീ. പി. സി. വിഷ്ണുനാഥ്

നിഷ്പക്ഷത പാലിക്കുന്നവർ– ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ – 56

പ്രതികൂലിക്കുന്നവർ – 66

നിഷ്പക്ഷത പാലിക്കുന്നവർ– ആരുമില്ല.

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മി. സ്പീക്കർ: ശ്രീമതി കെ.എസ്. സലീഖയുടെ 146–ാം നമ്പർ ഭേദഗതിയും ശ്രീ. വി. ശശിയുടെ 147–ാം നമ്പർ ഭേദഗതിയും വകുപ്പ് നീക്കം ചെയ്യാനുള്ളതാകയാൽ ക്രമാനുസൃതമല്ല. നിങ്ങൾക്ക് സംസാരിക്കാവുന്നതാണ്.

(സംസാരിക്കുന്നില്ല)

ശ്രീ. എ.കെ. ബാലൻ അവതരിപ്പിച്ച 148–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 149–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇന്ന് രാവിലെ ഇവിടെ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയും അതുസംബന്ധിച്ച് ചോദ്യം

ചോദിച്ച സന്ദർഭത്തിൽ ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി നിയമവകുപ്പ് സെക്രട്ടറിയുടെയും അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള അഭിപ്രായം സഭയുടെ മേശപ്പുറത്ത് വയ്ക്കുമെന്ന് പറഞ്ഞു. ഈ സമയം വരെ അങ്ങനെയൊരു റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വച്ചിട്ടില്ല. ഞങ്ങൾക്ക് അതിന്റെ കോപ്പി കിട്ടിയിട്ടില്ല. ബഹുമാനപ്പെട്ട സ്പീക്കർ പറയുന്ന കാര്യങ്ങൾക്ക് യാതൊരു വിലയും കല്പിക്കുന്നില്ല. ഒരു ഗവൺമെന്റ് ഇങ്ങനെയാണോ പ്രവർത്തിക്കേണ്ടത്. ഇത്രയും സമയമായിട്ടും എന്തുകൊണ്ട് റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വച്ചില്ല. നിയമവകുപ്പിന്റെ സെക്രട്ടറി അങ്ങനെയൊരു റിപ്പോർട്ട് കൊടുത്തിട്ടില്ല. അതുകൊണ്ടാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് അത് വയ്ക്കാൻ കഴിയാത്തത്.

മി.സ്പീക്കർ: ഏതായാലും ഇപ്പോൾ ക്ലാസ് ബൈ ക്ലാസ് ഡിസ്കഷൻ ആരംഭിച്ചല്ലോ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അതുശരിയാണ് ഈ ക്ലാസ് ബൈ ക്ലാസ് ഡിസ്കഷൻ .....(ബഹളം)......... ഇതിന്റെ ഭാഗമായിട്ടുള്ളതല്ലേ? ............ഇത് സഭയ്ക്ക് നൽകിയിട്ടുള്ള ഉറപ്പല്ലേ; അങ്ങനെയൊരു റിപ്പോർട്ടുണ്ടെന്ന് പറഞ്ഞത് ഈ നിയമസഭയെ തെറ്റിദ്ധരിപ്പിച്ചില്ലേ? ഉണ്ടെങ്കിൽ അത് സഭയുടെ മേശപ്പുറത്ത് വയ്ക്കണ്ടേ?

മി. സ്പീക്കർ: .....(ബഹളം).........പ്ലീസ്... പ്ലീസ്... ഒരു മിനിറ്റ് കൊടുക്കൂ.....(ബഹളം).........

ശ്രീ. വി.എസ്. ശിവകുമാർ: സർ, റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കുമെന്ന് പറഞ്ഞു, മേശപ്പുറത്ത് വയ്ക്കുകയാണ്. ...........(ബഹളം)........

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ,.....(ബഹളം)......... റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുകയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി

പറഞ്ഞു. സഭ പിരിയുന്നതിനുമുൻപ് റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വച്ചാൽ മതി. ഇതാ വച്ചിരിക്കുന്നു. ഇനിയെന്താണ് ആവശ്യം? .....(ബഹളം)......... മേശപ്പുറത്ത് വയ്ക്കുകയാണ്.

മി. സ്പീക്കർ: സാധാരണഗതിയിൽ സഭ പിരിയുന്നതിനുമുൻപ് റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. .....(ബഹളം)......... ആ റിപ്പോർട്ടിന്റെ കോപ്പി ഇപ്പോൾ എത്തും .....(ബഹളം).........

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ലാ സെക്രട്ടറിയുടെ റിപ്പോർട്ട് അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ട്മെന്റിന് നൽകിയിട്ടുണ്ടെന്നും, അത് ഇപ്പോൾ സഭയുടെ മേശപ്പുറത്തു വയ്ക്കാമെന്നും ഈ സഭയ്ക്ക് ഉറപ്പ് നൽകി. യഥാർത്ഥത്തിൽ ലാ സെക്രട്ടറി അങ്ങനെയൊരു റിപ്പോർട്ട് എഴുതിക്കൊടുത്തിട്ടില്ല. അതിനുശേഷം സെക്രട്ടറിയിൽ നിന്നും റിപ്പോർട്ട് വാങ്ങിയിരിക്കുകയാണ്. .....(ബഹളം)......... അങ്ങനെയുണ്ടായിരുന്നെങ്കിൽ ഫയലിൽ അത് വേണ്ടേ; ഫയലിലുണ്ടോ; അങ്ങ് മന്ത്രിയായ ആളല്ലേ?

മി. സ്പീക്കർ: അങ്ങനെയൊരു റിപ്പോർട്ട് കൊടുത്തിട്ടില്ലെന്ന് അങ്ങ് എങ്ങനെ പറയും; അങ്ങേയ്ക്ക് എങ്ങനെ അറിയാം?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, കൊടുത്തിട്ടില്ലെന്ന് എനിക്കറിയാം. ഈ നിയമസഭയിൽ നടക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ എനിക്കും ലഭിക്കാറുണ്ട്. കൊടുത്തിട്ടില്ലായെന്ന് ഞാൻ ആധികാരികമായി പറയുന്നു. ഇപ്പോഴാണ് അദ്ദേഹം എഴുതിക്കൊടുത്തത്. ഈ സഭയെ തെറ്റിദ്ധരിപ്പിച്ചതാണ്. എപ്പോഴാണ് എഴുതിക്കൊടുത്തതെന്നുള്ള വിവരം എനിക്ക് വളരെ വ്യക്തമായി അറിയാം; .....(ബഹളം).........

<u>മി. സ്പീക്കർ:</u> .....(ബഹളം)......... പ്ലീസ്... പ്ലീസ് ..... ഏതായാലും ഈ വിഷയവുമായി ബന്ധപ്പെട്ട് ഇന്ന് രാവിലെ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, .....(ബഹളം)......... ഞാനൊന്നു പറയട്ടെ .....(ബഹളം)......... ലാ സെക്രട്ടറിയുടെ റിപ്പോർട്ടിന് ആധാരമായ കാര്യങ്ങൾ ......... .....(ബഹളം)......... മാസങ്ങൾക്കുമുമ്പ് ഇത് ആദ്യം അവതരിപ്പിച്ചപ്പോൾത്തന്നെ ശ്രീ. എ. കെ. ബാലന്റെ ഒരു ക്രമപ്രശ്നം വന്നു. അന്ന് അക്കാര്യം സഭയിൽ ചർച്ച ചെയ്തു. .....(ബഹളം)......... ഇന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണനും ബഹുമാനപ്പെട്ട മാത്യു.ടി. തോമസും ക്രമപ്രശ്നം എഴുതി തന്നു. സഭയിൽ അതിന്റെ ചർച്ച കഴിഞ്ഞ് ക്ലാസ് ബൈ ക്ലാസ് ഡിസ്കഷന്റെ അവസാനഘട്ടത്തിലേക്ക് ഈ ബില്ലിന്റെ പരിഗണന വന്നുകൊണ്ടിരിക്കുകയാണ്. ഇതിൽ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കണമെന്ന് പറഞ്ഞു, ബഹുമാനപ്പെട്ട വകുപ്പുമന്ത്രി അത് മേശപ്പുറത്ത് വച്ചു. പ്രതിപക്ഷനിരയിൽ മുമ്പിലിരിക്കുന്ന മിക്കവാറും എല്ലാവരും മന്ത്രിമാരായിരുന്നവരാണ്. സാധാരണ ഒരു രേഖ സഭയുടെ മേശപ്പുറത്ത് വയ്ക്കുമെന്നു പറഞ്ഞാൽ അതിനൊരു സമയമുണ്ട്. അന്നത്തെ ദിവസം വച്ചാൽമതിയെന്നാണ് സാധാരണഗതിയിൽ ഉദ്ദേശിക്കുന്നത്. .....(ബഹളം)......... അങ്ങനെയാണ്. .....(ബഹളം).........ഏതായാലും ബഹുമാനപ്പെട്ട വകുപ്പുമന്ത്രി റിപ്പോർട്ട് മേശപ്പുറത്തുവച്ചു. .....(ബഹളം).........

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, .....(ബഹളം)......... ഈ നിയമസഭയെ തെറ്റിദ്ധരിപ്പിച്ചൊരു വിഷയമാണ്. .....(ബഹളം)......... അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ട്മെന്റിന്റെയും ലാ സെക്രട്ടറിയുടെയും റിപ്പോർട്ട് കിട്ടിയെന്ന് പറഞ്ഞു. അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ട്മെന്റ് അങ്ങനെയൊരു റിപ്പോർട്ട് കൊടുത്തിട്ടില്ല. കൊടുത്തിട്ടുണ്ടെങ്കിൽ അത് ഫയലിലുണ്ടാകും. ഞാൻ ഇവിടെ പറ

യുന്ന സന്ദർഭത്തിൽ അദ്ദേഹത്തിന് ആ റിപ്പോർട്ട് കിട്ടിയിട്ടില്ല. അതിനുശേഷം നിയമവകുപ്പുസെക്രട്ടറിയോട് പറഞ്ഞ് റിപ്പോർട്ട് വാങ്ങി. ഇതാണ് ഇവിടെ സംഭവിച്ചിരിക്കുന്നത്. അപ്പോൾ ആ സമയത്ത് മന്ത്രിക്ക് റിപ്പോർട്ടില്ല. .....(ബഹളം).........

മി. സ്പീക്കർ: .....(ബഹളം)......... ഞാനൊരു കാര്യംപറയട്ടെ. ലാ സെക്രട്ടറിയുടെ അഭിപ്രായം ലഭിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുമ്പോൾ അത് നേരത്തെ കൊടുത്തിട്ടില്ലായിരുന്നുവെന്ന് ശ്രീ. കോടിയേരി പറഞ്ഞാൽ അക്കാര്യം അംഗീകരിക്കാൻ സാധ്യമല്ല. അങ്ങേയ്ക്ക് അറിയാവുന്നത് ശരിയായിരിക്കാം പക്ഷെ, ഇങ്ങനെയൊരു റിപ്പോർട്ട് നേരത്തെ കൊടുത്തില്ലായിരുന്നുവെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞാൽ അത് അംഗീകരിക്കാൻ ഈ സീറ്റിൽ ഇരുന്നുകൊണ്ട് എനിക്ക് സാധിക്കുകയില്ല.

ശ്രീ. വി. ഡി. സതീശൻ: ..........(ബഹളം) ..... ഇതിന്റെ ഇൻട്രൊഡക്ഷൻ സ്റ്റേജിൽ റൂൾ 303 അനുസരിച്ചാണ് ഇവിടെ തടസ്സവാദങ്ങൾ ഉന്നയിക്കുന്നത്. ഈ സമയത്ത് ആ തടസ്സവാദങ്ങൾക്ക് മറുപടി പറയുന്നത് സാധാരണ ബിൽ പൈലറ്റ് ചെയ്യുന്ന മന്ത്രി തന്നെയാണ്. വളരെ പ്രധാനപ്പെട്ട നിയമപ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ മാത്രമാണ് ഈ നിയമസഭയുടെ ചരിത്രത്തിൽ നിയമവകുപ്പ് മന്ത്രി ഇടപെട്ട് സംസാരിക്കാറുള്ളത്. ഇന്ന് ഇവിടെ ബിസിനസ്സ് അഡ്വൈസറി കമ്മിറ്റിയിൽ തീരുമാനമാവുകയും ധാരണയാവുകയും ചെയ്ത ഒരു വിഷയമാണ് തടസ്സവാദമായി ഉന്നയിക്കപ്പെട്ടത്. അങ്ങയുടെ പ്രത്യേക അനുവാദത്തോടുകൂടിയാണ് ബിസിനസ്സ് അഡ്വൈസറി കമ്മിറ്റിയിൽ യുനാനിമിറ്റി ഉണ്ടായിട്ടുപോലും അതേകാര്യം തന്നെ തടസ്സവാദമായി ഇവിടെ ഉന്നയിക്കാനുള്ള അനുമതി കൊടുത്തത്. ഇവിടെ ബിൽ പൈലറ്റ് ചെയ്ത

മന്ത്രി ആ തടസ്സവാദങ്ങൾക്ക് മറുപടി പറഞ്ഞു. നിയമവകുപ്പിന്റെ പ്രത്യേക ഉത്തരവ് കിട്ടിയാൽ മാത്രമേ മന്ത്രിക്ക് മറുപടി പറയാൻ സാധിക്കുകയുള്ളൂ വെന്ന് ഒരു റൂൾസ് ഓഫ് പ്രൊസീഡ്യുവറിലും പറയുന്നില്ല. എല്ലാ ബില്ലുകളും തയ്യാറാക്കുന്നത് നിയമവകുപ്പുമായി ആലോചിച്ചുതന്നെയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് അടക്കമുള്ളവർ ബിൽ പൈലറ്റ് ചെയ്തിട്ടുള്ളതാണ്. നിയമവകുപ്പിന്റെ ക്ലിയറൻസും കൺകറൻസും കിട്ടിയതിനുശേഷം മാത്രമേ ഏത് മന്ത്രിക്കും ഫ്ളോറിൽ ബിൽ പൈലറ്റ് ചെയ്യാൻ സാധിക്കുകയുള്ളൂ. മാത്രമല്ല, നിയമവകുപ്പ് വെറ്റ് ചെയ്യുകയും വേണം. അതിന്റെ നിയമപരമായ എല്ലാ കാര്യങ്ങളും ക്ലിയർ ചെയ്തിട്ടാണ് ചെയ്യുന്നത്. പിന്നെ ഇവിടെ ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി ...........(ബഹളം).............എനിക്കും റൈറ്റുണ്ട്. പ്രതിപക്ഷ ഉപനേതാവായ ശ്രീ. കോടിയേരി ബാലകൃഷ്ണനുള്ള അതേ അവകാശം ഒരു മെമ്പർ എന്നുള്ള നിലയ്ക്ക് എനിക്കും ബഹുമാനപ്പെട്ട സ്പീക്കർ നൽകിയിട്ടുണ്ട്.......... .....(ബഹളം)......... നിയമപരമായ തടസ്സവാദങ്ങൾക്ക് ഉത്തരം പറയാനുള്ള ബഹുമാനപ്പെട്ട ആരോഗ്യ ദേവസ്വം വകുപ്പുമന്ത്രിയുടെ അവകാശത്തെയാണ് ഇവിടെ ചോദ്യം ചെയ്യുന്നത്. അതിനെ നിയമവകുപ്പിന്റെ പ്രത്യേക ഉത്തരവ് കിട്ടിയാലേ ബഹുമാനപ്പെട്ട മന്ത്രിക്ക് നിയമസഭയിൽ മറുപടി പറയാൻ കഴിയുകയുള്ളൂവെന്ന് പറയുന്നത് നിയമപരമായി തെറ്റാണ്. ഒരുമന്ത്രിയുടെ അവകാശത്തെ ചോദ്യം ചെയ്യുകയാണ്. നിയമസഭയിൽ ഒരു മെമ്പർക്കുള്ള അവഹേളനമാണ്. ഒരു ഒഫീഷ്യൽ മെമ്പറാണ് മന്ത്രി. .....(ബഹളം).........

ശ്രീ. മാത്യു റ്റി. തോമസ്: .............(ബഹളം)......... രാവിലെ ക്രമപ്രശ്നം ഉന്നയിച്ചപ്പോൾ ഞങ്ങൾ ചോദിച്ച ചോദ്യം നിയമസഭയിൽ അവതരിപ്പിച്ചു കഴിഞ്ഞ് സബ്ജക്ട് കമ്മിറ്റിയിൽ പോയിവന്നതിനുശേഷമുള്ള ബില്ലിനുപകര

മായി പിന്നീടൊരു ഓർഡിനൻസ് ഇറക്കിയപ്പോൾ ആ ഓർഡിനൻസിനു പകരമായി നിയമമുണ്ടാക്കുന്നതിനെ സംബന്ധിച്ച് നിയമവകുപ്പിന്റെ അഭിപ്രായമുണ്ടോയെന്നാണ്. നിയമവകുപ്പിന്റെ അഭിപ്രായം തേടിയതിനുശേഷമാണ് പുതിയ ഓർഡിനൻസ് ഇറക്കിയത് എന്ന അഭിപ്രായമാണ് പറഞ്ഞത്. പക്ഷേ, ഇപ്പോൾ മേശപ്പുറത്ത് വച്ച കടലാസിൽ നിയമവകുപ്പ് സെക്രട്ടറി തീയതി വച്ചിട്ടില്ല. നിയമവകുപ്പ് സെക്രട്ടറി കൊടുത്ത തീയതി വച്ചുകൊടുത്തതാണെങ്കിൽ അത് ആ ഫയലിന്റെ ഭാഗമായി നിൽക്കേണ്ട ഒരു നിയമോപദേശമാണ്. ആ ഫയലിന്റെ പേജ് നമ്പർ ഈ കടലാസിലില്ല. അതിന്റെ അർത്ഥം ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആരോപിച്ചതുപോലെ രാവിലെ ക്രമപ്രശ്നം ഉന്നയിച്ചതിനുശേഷം തട്ടിക്കൂട്ടിയെടുത്തൊരു നിയമോപദേശമാണ്. .....(ബഹളം)......... ഇതിൽ ബഹുമാനപ്പെട്ട മന്ത്രി വച്ചിരിക്കുന്ന തീയതി 23.01.2014 എന്ന തീയതിയാണ്. ബഹുമാനപ്പെട്ട സ്പീക്കർ ഒപ്പും തീയതിയും വച്ചിട്ടുണ്ട്. അത് ഇപ്പോൾ അങ്ങ് ഇട്ടതാണ്. അപ്പോൾ ഇന്നുമാത്രം മന്ത്രി കണ്ടൊരു നിയമോപദേശമാണ് ഇപ്പോൾ മേശപ്പുറത്ത് വച്ചിരിക്കുന്നത്. ഇത് ഗൗരവമായി അങ്ങ് പരിശോധിക്കണം. ...........(ബഹളം).......

മി. സ്പീക്കർ: ...........(ബഹളം)....... നോ, നോ, ഇത് വൈൻഡ് അപ് ചെയ്യുകയാണ്. . ...........(ബഹളം).......പ്ലീസ്, പ്ലീസ് എല്ലാവരും സംസാരിച്ചുകഴിഞ്ഞു. ...........(ബഹളം).......ഇക്കാര്യം ഞാൻ പരിശോധിക്കുന്നതാണ്. പ്ലീസ്........ പ്ലീസ്. ...........(ബഹളം).......

ശ്രീ. വി. ഡി. സതീശൻ: ...........(ബഹളം).......ഇന്നുരാവിലെയാണ് തടസ്സവാദമുന്നയിച്ച് ബഹുമാനപ്പെട്ട സ്പീക്കർക്കും മന്ത്രിക്കും നോട്ടീസ് കൊടുക്കുന്നത്. ആ തടസ്സവാദമുന്നയിച്ച് റൂൾ 303 നോട്ടീസ് കൊടുത്താൽ നിയമ

വകുപ്പ് ഇന്നത്തെ തീയതി വച്ചല്ലേ മറുപടി കൊടുക്കുന്നത്. ...........(ബഹളം).......

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: ...........(ബഹളം).......ക്രമപ്രശ്നം ഉന്നയിച്ചതിനു ശേഷം മാത്രം മന്ത്രി കണ്ട....... .....(ബഹളം).........

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: ...........(ബഹളം)......ഇവിടത്തെ പ്രശ്നം, ഇത് അവതരിപ്പിക്കാൻ അങ്ങ് അനുമതി കൊടുത്തതോ ശ്രീ. വി. ഡി. സതീശൻ പറയുന്നതുപോലുള്ള പ്രശ്നമോ അല്ല. ഇന്ന് രാവിലെ നിയമ സഭയിൽ ലഭിച്ച ഉറപ്പിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത റിപ്പോർട്ട് സഭയുടെ മേശപ്പുറത്തുവയ്ക്കാമെന്ന് പറഞ്ഞു. അദ്ദേഹം പറഞ്ഞത് നേരത്തെ തന്നെ ഇതിന്മേൽ നിയമ വകുപ്പിൽ നിന്നും അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റിൽ നിന്നും ക്ലിയറൻസ് കിട്ടിയിട്ടുണ്ടെന്നാണ്. ആ സമയത്ത് അദ്ദേഹത്തിന് ക്ലിയ റൻസ് കിട്ടിയിരുന്നെങ്കിൽ അദ്ദേഹം അത് മേശപ്പുറത്തു വയ്ക്കുമായിരുന്നു. അങ്ങനെവച്ച കടലാസുകളെല്ലാം സാധാരണഗതിയിൽ ഒരു മണിക്കൂർ സമ യംകൊണ്ട് ഇവിടെ കിട്ടാറുണ്ട്. ഇത് ഈ സമയം വരെയും കിട്ടിയിട്ടില്ല. ആ സമയത്ത് അദ്ദേഹത്തിന് നിയമവകുപ്പിന്റെ ഉപദേശമില്ല. പിന്നീട് നിയമവകു പ്പിൽ നിന്നും ഉപദേശം വാങ്ങിയെന്നുള്ളതിന് തെളിവാണ് ഇന്നത്തെ തീയതി വച്ച് നിയമ വകുപ്പ് സെക്രട്ടറിയുടെ പേരിൽ ഇവിടെ സർക്കുലേറ്റ് ചെയ്തിട്ടു ള്ളത്. അപ്പോൾ ഇന്നാണ് ഇത് കിട്ടിയത്. നേരത്തെ ഇത് കിട്ടിയെന്ന് പറയു ന്നത് ശരിയല്ല. എനിക്ക് ഒരു പ്രശ്നം മാത്രമേ ഉന്നയിക്കാനുള്ളൂ. സഭയെ തെറ്റിദ്ധരിപ്പിക്കാൻ പാടില്ല. ...........(ബഹളം)....... സഭയ്ക്ക് നൽകിയ ഉറപ്പ് പാലിക്കേണ്ടതാണ്. അങ്ങ് ഈ ഫയൽ മുഴുവൻ പരിശോധിക്കണം. ഇവിടെ എന്താണ് നടന്നതെന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ ഈ

ഫയൽ മുഴുവൻ പരിശോധിച്ച് സഭയെ അറിയിക്കുമെന്ന നിലപാടെങ്കിലും എടുക്കണം. ...........(ബഹളം).......

മി. സ്പീക്കർ: ഇക്കാര്യം പരിശോധിക്കാം. ...........(ബഹളം).......

ശ്രീ. കെ. ശിവദാസൻ നായർ: .....(ബഹളം)......... ഇവിടെ തിരുവിതാംകൂർ–കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ഓർഡിനൻസ് 2013–ലെ .......... മുഖേന അടിയന്തര നിയമനിർമ്മാണം ആവശ്യമാക്കിത്തീർത്ത സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 75(2) പ്രകാരമുള്ള പ്രസ്താവനയിൽ തന്നെ ജനുവരി 6–ാം തീയതിയിലെ ജോയിന്റ് സെക്രട്ടറി ടു ഗവൺമെന്റ്, ലാ ഡിപ്പാർട്ടുമെന്റ്, ശ്രീമതി കെ.എസ്. ശ്രീലതയുടെ റിപ്പോർട്ടുകൂടി ഉൾപ്പെടുത്തിയാണ് പ്രസ്താവന. പിന്നെ ഇല്ലെന്ന് പറഞ്ഞാൽ ശരിയാകുന്നതെങ്ങനെയാണ്. നിയമവകുപ്പിന്റെ റിപ്പോർട്ടില്ലെന്ന് പറഞ്ഞാൽ ശരിയാകുന്നതെങ്ങനെയാണ്. ...........(ബഹളം).......

മി. സ്പീക്കർ: ...........(ബഹളം)....... ഏതായാലും ഈ വിവരങ്ങൾ പരിശോധിക്കാമെന്ന് പറഞ്ഞു കഴിഞ്ഞു. ആ വിഷയം ക്ലോസ് ചെയ്തു. ...........(ബഹളം).......നിങ്ങൾ എല്ലാവരും എക്സ്പെർട്ടുകളാണ്. നിങ്ങളെല്ലാവരും സംസാരിച്ചാൽ ചർച്ച ഇവിടെ അവസാനിക്കുമോ:

ശ്രീ. ജി. സുധാകരൻ:...........(ബഹളം)....... എനിക്ക് സംസാരിക്കാൻ വേണ്ടിയോ എക്സ്പെർട്ട്നെസ് കാണിക്കാൻ വേണ്ടിയോ അല്ല. അങ്ങ് ഒരവസരം നൽകിയതിന് നന്ദി. .....(ബഹളം)......... അതായത് യഥാർത്ഥത്തിൽ ഇല്ലാത്തൊരു രേഖ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതുകൊണ്ട് അദ്ദേഹത്തിന് ഈ ബിൽ പ്രൊസീഡ് ചെയ്യാൻ അർഹതയില്ല. അങ്ങനെ പ്രൊഡീസ്

ചെയ്യാൻ അനുവദിക്കാൻ പറ്റില്ല. ഈ ബില്ലുമായി മുന്നോട്ടുപോകാൻ അധികാരമില്ല.

<u>മി. സ്പീക്കർ</u>: .....(ബഹളം)......... അതിനുള്ള അനുവാദം കൊടുക്കുന്നു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>8-ാം വകുപ്പ്</u>

<u>മി. സ്പീക്കർ</u>: 150, 151, 152, 153, 154 എന്നീ നമ്പർ ഭേദഗതികൾ മൂവ് ചെയ്യേണ്ടതില്ല.

<u>Shri. V. Sivankutty</u>: Sir, I move the following amendment:

155. In Section 35(1) of the principal Act, proposed to be amended by clause 8, for the words" The Board may with the prior approval of the Government make rules" substitute the words " The Board may propose rules"

<u>Shri. K. Suresh Kurup</u>: Sir, I move the following amendment;

156. Section 35(1) of the principal Act, proposed to be amended by clause 8, shall be recast as follows:

"(1) The Board may make or amend rules to carry out all or any of the pruposes of this Act not inconsistent therewith"

ഗവൺമെന്റിന്റെ അപ്രൂവലോടുകൂടി വേണം റൂൾ ഉണ്ടാക്കാനെന്ന് പറയുന്നത് എന്ത് കാര്യത്തിനാണ്? ബോർഡുകളെല്ലാം ഉണ്ടാക്കുന്ന റൂൾസ് സഭയുടെ മേശപ്പുറത്ത് വരും. ഇതിന് ഗവൺമെന്റിന്റെ ഒരു പ്രയർ അപ്രൂവൽ എന്തിനാണ്. ഒരു നിയമത്തിലുമില്ലാത്ത കാര്യം ഈ നിയമത്തിൽ എഴുതി ചേർക്കേണ്ടതിന്റെ കാര്യമെന്താണ്? അപ്പോൾ ദേവസ്വം ബോർഡിന് എന്തെങ്കിലും തരത്തിലുള്ള സ്വയംഭരണാവകാശം ഉണ്ടെങ്കിൽ ആ സ്വയംഭരണാവകാശവും ഗവൺമെന്റ് കവർന്നെടുക്കുന്നുവെന്നുള്ളതാണ്. അപ്പോൾ ഒരു റൂൾസ് വേണമെങ്കിൽ ആ റൂൾസ് ഉണ്ടാക്കി ഗവൺമെന്റിന് പ്രൊപ്പോസ് ചെയ്ത് ഗവൺമെന്റിന്റെ അംഗീകാരം വന്നതിനുശേഷം ഇങ്ങനെയൊരു പ്രയർ അപ്രൂവലിന്റെ ആവശ്യമെന്താണ്? മറ്റൊരു സ്വയംഭരണ സ്ഥാപനത്തെ സംബന്ധിച്ചും ഇല്ലാത്തൊരു കാര്യം ദേവസ്വം ബോർഡിന്മേൽ അടിച്ചേൽപ്പിക്കേണ്ട കാര്യമെന്താണ്? അതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല. ചട്ടങ്ങൾ ഉണ്ടാക്കുന്നത് ദേവസ്വം ബോർഡ് തന്നെയാണ്. ഗവൺമെന്റുമായി ഡിസ്കസ് ചെയ്യണമെന്നതാണ് പ്രയർ അപ്രൂവൽ വാങ്ങണമെന്നതുകൊണ്ടുദ്ദേശിക്കുന്നത്. പ്രസ്തുത നിയമത്തിൽ ചട്ടങ്ങൾ ഉണ്ടാക്കുന്നത് ഇപ്പോഴും ദേവസ്വം ബോർഡ് തന്നെയാണ്.

ശ്രീ. എ. കെ. ബാലൻ: ...............ഈ നിയമം ഇവിടെ വന്നതിനുശേഷം നാലുപ്രാവശ്യം ഭേദഗതിവന്നു. ഇന്നേവരെ ഒരു ഗവൺമെന്റിന്റേയും പ്രയർ അപ്രൂവൽ ചട്ടത്തിനുവേണ്ടി പറഞ്ഞിട്ടില്ല. ഇതിപ്പോൾ പുതുതായി കൊണ്ടുവരികയാണ്. ....................

ശ്രീ. വി. ഡി. സതീശൻ: ശ്രീ. ജി. സുധാകരൻ മന്ത്രിയായിരുന്ന കാലത്ത് അദ്ദേഹം പൈലറ്റ് ചെയ്ത ബില്ലിൽ ഈ വ്യവസ്ഥയുണ്ട്. ഞങ്ങളും അന്ന് അമെന്റ്മെന്റ് കൊടുത്തതാണ്. പിന്നെ എന്താണ് ഈ പറയുന്നത്. .....(ബഹളം)........

മി. സ്പീക്കർ: ആ ചോദ്യത്തിൽ അർത്ഥമില്ല, കൊടുക്കുന്ന ഭേദഗതികളെല്ലാം ഭരണകക്ഷി സ്വീകരിക്കാറുണ്ടോ; ഇല്ല, അങ്ങനെയൊന്നുമില്ല.

ശ്രീ. വി. ശിവൻകുട്ടി അവതരിപ്പിച്ച 155-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 156-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...............

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒമ്പതാം വകുപ്പ്

Shri. V. Sasi : Sir, I move the following amendments:

158. Delete clause 9(a)

164. Delete clause 9(b)

Smt. K.S. Saleekha : Sir, I move the following amendments:

163. In section 63 (1) proposed to be amended in the principal Act by clause 9 (a), for the words “One shall be a woman” substitute the words ‘a woman adept in religious rites or spiritual matters.”

165. Section 63 (2), of the principal Act, proposed to be substituted by clause 9(b), shall be recast as follows :

“(2) Of the three Members one Member belonging to Scheduled Caste/Scheduled Tribe shall be elected by the Hindus among the Members of the Legislative Assembly of Kerala”.

മി. സ്പീക്കർ: ശ്രീ. എ. കെ. ബാലന്റെ 159, ശ്രീ. ജി. സുധാകരന്റെ 160, ശ്രീ. ഇ. പി. ജയരാജന്റെ 161, ശ്രീ. കെ. രാധാകൃഷ്ണന്റെ 162 എന്നീ നമ്പർ ഭേദതികൾ അവതരിപ്പിക്കേണ്ടതില്ല. അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്.

ശ്രീ. എ. കെ. ബാലൻ: സെക്ഷൻ 63–ൽ ക്ലോസ് 9 (a) ഒഴിവാക്കുക എന്നതാണ് എന്റെ ഭേദഗതി. അതായത് വനിതാ പ്രാതിനിധ്യം ഒഴിവാക്കുന്നു. വനിതാ പ്രാതിനിധ്യം ഒഴിവാക്കുന്നത് ശരിയല്ലെന്നാണ് ഞങ്ങളെല്ലാം പറഞ്ഞത്. അത് ഗവൺമെന്റ് പുന:പരിശോധിക്കണം. എ.ഐ.സി.സി. അടക്കം വനിതകൾക്ക് 50 ശതമാനം സംവരണം ഉറപ്പുവരുത്തണമെന്ന് ഇതിന്റെ മുമ്പേ പറഞ്ഞതാണ്. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 50 ശതമാനം പ്രാതിനിധ്യം വനിതകൾക്കുണ്ട്. നിലവിൽ ഒരു വനിത ദേവസ്വം ബോർഡിൽ ഉള്ളതാണ്. അതിനെയാണ് നിങ്ങൾ ഒഴിവാക്കുന്നത്. എന്തിനാണ് അത് ഒഴിവാക്കുന്നത്; അതിന്റെ യാതൊരു ആവശ്യവും ഇല്ലാത്തതാണല്ലോ? അതുകൊണ്ട് വനിതാ സംവരണം ഒഴിവാക്കുന്ന ഈ സമീപന

ത്തോട് ഞങ്ങൾക്ക് യോജിക്കാനേ കഴിയില്ല. അതുകൊണ്ട് ഒറിജിനൽ ആക്ടിൽ 63–ാം വകുപ്പിലെ ക്ലോസ് 9 (a) ഒഴിവാക്കണം.

മി. സ്പീക്കർ: അത് പിന്നെ ആലോചിക്കേണ്ടതാണ്.

ശ്രീ. എ. കെ. ബാലൻ: ഗവൺമെന്റ് തീരുമാനിക്കുന്നത് രണ്ട് പേർ. അതുപോയി. പ്രതിപക്ഷത്തിനുള്ളത് ഒരു പട്ടികജാതി. ആ പട്ടികജാതിയിൽ പുരുഷന് പകരം നിങ്ങൾ എന്താണ് സ്ത്രീയെ എടുക്കാത്തത്; പിന്നെ ഇവർ എന്തിനാണ് ഇവിടെ ഇരിക്കുന്നത്; ഇവർ പിന്നെ എന്തിനാണ് നിയമനിർമ്മാണമുണ്ടാക്കുന്നത്? ഞങ്ങളാണോ ചെയ്യേണ്ടത്; നിയമമുണ്ടാക്കുന്നത് നിങ്ങളല്ലേ? അതിൽ കാബിനറ്റിലുള്ള അധികാരം രണ്ടും നിങ്ങളെടുത്തു. നിയമസഭാസാമാജികരിൽ ഒരാൾ പട്ടികജാതി ആയിരിക്കണം. അത് ഞങ്ങളെടുത്തു. അതിനകത്ത് വനിതകളെ എന്താണ് എടുക്കാത്തതെന്ന് ചോദിക്കുമ്പോൾ നിങ്ങളെന്താണ് എടുക്കാത്തതെന്ന് ഞങ്ങളോടാണോ ചോദിക്കേണ്ടത്?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. വി. ശശി അങ്ങയുടെ 158, 164 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ശശി: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. ശശി അവതരിപ്പിച്ച 158, 164 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ.എസ്. സലീഖ അങ്ങയുടെ 163, 165 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ.എസ്. സലീഖ അവതരിപ്പിച്ച 163, 165 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ.................

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പത്താം വകുപ്പ്

Smt. K.S. Saleekha : Sir, I move the following amendment:

(9) 168. In section 65 of the principal Act, proposed to be amended by clause 10, for the words , "forty five years" substitute the words "in between fifty five to sixty five years".

(10)

(11) മി. സ്പീക്കർ: ശ്രീ. കെ. രാധാകൃഷ്ണന്റെ 166-ാം നമ്പർ ഭേദഗതി അവതരിപ്പിക്കേണ്ടതില്ല. അങ്ങേയ്ക്ക് സംസാരിക്കാവുന്നതാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): ഭേദഗതി സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീമതി കെ.എസ്. സലീഖ അങ്ങയുടെ 168 – ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീമതി കെ.എസ്. സലീഖ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 168 – ാം നമ്പർ ഭേദഗതി നിരാകരിച്ചിരിക്കുന്നു.

10–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ................

10–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

10–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനൊന്നാം വകുപ്പ്

മി. സ്പീക്കർ: ശ്രീമതി കെ. എസ്. സലീഖയുടെ 169–ാം നമ്പർ ഭേദഗതി ക്ലോസ് നീക്കം ചെയ്യണമെന്നുള്ളതാകയാൽ ക്രമാനുസൃതമല്ല. അംഗത്തിന് സംസാരിക്കാവുന്നതാണ്.

ശ്രീമതി കെ. എസ്. സലീഖ : സർ, ഞാൻ സംസാരിക്കുന്നില്ല.

11–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ.................

11–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ്

മി. സ്പീക്കർ: 170, 171 എന്നീ ഭേദഗതികൾ ക്ലോസ് നീക്കം ചെയ്യണമെന്നുള്ളതാകയാൽ ക്രമാനുസൃതമല്ല.

12–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ................

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിമൂന്നാം വകുപ്പ്

മി. സ്പീക്കർ: 172, 173 എന്നീ ഭേദഗതികൾ ക്ലോസ് നീക്കം ചെയ്യണമെന്നുള്ളതാകയാൽ ക്രമാനുസൃതമല്ല.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ................

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനാലാം വകുപ്പ്

Sri. V. Sivankutty : Sir, I move the following amendment:

(12) 176. In section 122(1) of the principal Act, proposed to be amended by clause 14, for the word “make” substitute the word “propose”.

മി. സ്പീക്കർ: ശ്രീ. കെ. കെ. ജയചന്ദ്രന്റെ 174, ശ്രീ. വി. ശശിയുടെ 175 എന്നീ നമ്പർ ഭേദഗതികൾ ക്ലോസ് നീക്കം ചെയ്യണമെന്നുള്ളതാകയാൽ ക്രമാനുസൃതമല്ല. പക്ഷേ അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): ഭേദഗതി സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. വി. ശിവൻകുട്ടി അങ്ങയുടെ 176–ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. ശിവൻകുട്ടി അവതരിപ്പിച്ച 176–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

14–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............
പ്രതികൂലിക്കുന്നവർ...............

14–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

14–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനഞ്ചാം വകുപ്പ്

Sri. K. V. Vijayadas : Sir, I move the following amendment:

(13) 179. Section 127(A) of the principal Act, proposed to be amended by clause 15, shall be recast as follows:-
(14) "127A. Appointment of Administrative Staff and officers:
(15) All the Administrative Staff and officers of the Board shall be appointed from the Select list of candidates belonging to Hindu Religion furnished by the KPSC in accordance with the law for the purpose."
(16)

മി. സ്പീക്കർ: ശ്രീ. വി. ശശിയുടെ 177, ശ്രീമതി കെ. എസ്. സലീഖയുടെ 178 എന്നീ നമ്പർ ഭേദഗതികൾ മൂവ് ചെയ്യേണ്ടതില്ല. അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്.

ശ്രീമതി കെ. എസ്. സലീഖ: പി.എസ്.സി. യുമായി ബന്ധപ്പെട്ട വിഷയമാണ്. നമ്മുടെ സംസ്ഥാനത്തുള്ള 90 ശതമാനം നിയമനങ്ങളും

നടക്കുന്നത് പി.എസ്.സി. വഴിയാണ്. അതിലൊരു സുതാര്യത നിലനിൽക്കുന്നുണ്ട്. ഇത് ഇല്ലാതാകുന്നതോടുകൂടി ഈ രംഗത്തുള്ള സുതാര്യത നഷ്ടപ്പെടുന്ന സ്ഥിതിയാണ് വരുന്നത്. ഭരണഘടനാസ്ഥാപനമായ പി.എസ്.സി.യെ ഒഴിവാക്കുന്നതിന്റെ ഉദ്ദേശ്യമെന്താണെന്ന് മനസ്സിലാകുന്നില്ല. അതുമാത്രമല്ല, പി.എസ്.സി. ഒഴിവാക്കുന്നതുമൂലം സംവരണതത്വമടക്കം ലംഘിക്കപ്പെടുന്ന സ്ഥിതിയിലേക്ക് പോകുമെന്നതാണ് എന്റെ അഭിപ്രായം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): ഭേദഗതി സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കെ. വി. വിജയദാസ് അങ്ങയുടെ 179-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. വി. വിജയദാസ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. വി. വിജയദാസ് അവതരിപ്പിച്ച 179-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ.................

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനാറാം വകുപ്പ്

മി. സ്പീക്കർ: ശ്രീ. ജി. സുധാകരന്റെ 180, ശ്രീ. ആർ. രാജേഷിന്റെ 181, ശ്രീ. ഇ. പി. ജയരാജന്റെ 182 എന്നീ നമ്പർ ഭേദഗതികൾ ക്ലോസ് നീക്കം

ചെയ്യണമെന്നുള്ളതാകയാൽ ക്രമാനുസൃതമല്ല. പക്ഷേ അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്.

ശ്രീ. ജി. സുധാകരൻ: സർ, ഇല്ലാത്ത ഒരു രേഖ കൃത്രിമമായി ഉണ്ടാക്കി ഇവിടെ സമർപ്പിച്ചശേഷവും ഒരു തീരുമാനമില്ലാത്തതിന്റെ ഭാഗമായി മാത്രമാണ് ഞങ്ങൾ ഇവിടെ ഇരിക്കുന്നത്. ഞാൻ സംസാരിക്കുന്നില്ല.

16–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ................

16–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

16–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനേഴാം വകുപ്പ്

Minister for Health, Family Welfare and Devaswom (Shri. V. S. Sivakumar): Sir, I move the following amendment.

183. In sub-clause (1) of clause 17, for the figure "34" within the bracket, the figure "42" shall be substituted;

മി. സ്പീക്കർ: ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി ശ്രീ. വി. എസ്. ശിവകുമാർ അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 17–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്ത പ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

Minister for Health, Family Welfare and Devaswom (Shri. V. S. Sivakumar): Sir, I move the following amendment.

111. In sub-clause 1 (1) of clause 1, for the figure "2013", the figure "2014" shall be substituted.

2013-ലെ ബില്ലാണ് കൊണ്ടുവന്നത്. അത് 2014 എന്ന് മാറ്റണമെന്നുള്ളതാണ് ഭേദഗതി.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 111-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ...............

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മൂന്നാം വായന</u>

<u>മി. സ്പീക്കർ</u>: ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രിക്ക് 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമതസ്ഥാപനങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഈ ബിൽ മൂന്നാം വായനയിലേക്ക് കടക്കുകയാണ്. ഒന്നാം വായനയും രണ്ടാം വായനയും കഴിഞ്ഞിട്ട് മന്ത്രിക്ക് മനസ്സിലായിട്ടില്ല, ഇനി മൂന്നാം വായന കഴിഞ്ഞിട്ട് എന്തെങ്കിലും മനസ്സിലാകുമോയെന്നുള്ളത് എനിക്കറിയില്ല. രാവിലെ മുതൽ നടന്നുവരുന്ന ഈ ചർച്ചയുടെ രൂപം നോക്കിയാൽ ഇങ്ങനെയൊരു നിയമനിർമ്മാണത്തിന്റെ, ബില്ലിന്റെ ചർച്ച ഇതുവരെ ഞാൻ ഈ സഭയിൽ കണ്ടിട്ടില്ല.

<u>മി. സ്പീക്കർ</u>: അങ്ങനെ നമ്മൾ പറയണ്ട.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, അത്രമാത്രം ഈ ബിൽ അവതരിപ്പിച്ച ആളുകൾക്കും ഇതിനോട് നീതി പാലിക്കാൻ കഴിഞ്ഞില്ല. ഇത് കേരളത്തിലെ സ്ത്രീകളെ അപമാനിക്കുന്ന ഒരു ബില്ലാണ്. നമ്മുടെ സംസ്ഥാനത്തെ സ്ത്രീകൾ രാജ്യത്തുതന്നെ മാതൃക കാണിക്കുന്ന സ്ത്രീകളാണ്. അങ്ങനെയുള്ളവർക്ക് എല്ലാ സ്ഥലത്തും സംവരണം ഏർപ്പെടുത്തിക്കൊണ്ടിരിക്കുന്ന കാലത്ത് ഉണ്ടായ സംവരണംതന്നെ എടുത്തുകളയുകയാണ്. സ്ത്രീകൾക്ക് 50 ശതമാനം സീറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഏർപ്പെടുത്തിക്കൊണ്ട് ഇന്ത്യയ്ക്ക് മാതൃക കാണിച്ച ഒരു സംസ്ഥാനമാണ് കേരളം. ദേവസ്വം ബോർഡുകളിൽ സ്ത്രീകൾക്ക് സംവരണമുണ്ടായി. ആ സംവരണം എടുത്തു

കളയാൻ ശ്രീ. ഉമ്മൻ ചാണ്ടിയുടെ സർക്കാരല്ലാതെ ഇന്ത്യയിൽ ഒരു സംസ്ഥാന ഗവൺമെന്റും ഇങ്ങനെ ആലോചിക്കുകയില്ല. പുതിയ മേഖലക ളിൽ സ്ത്രീകൾക്ക് സംവരണം കൊടുക്കുന്ന ഈ കാലത്ത് ഉണ്ടായ സംവര ണംതന്നെ എടുത്തുകളയുന്ന ഒരു ബില്ലുമായി ഇന്ന് രംഗത്തുവന്ന ശ്രീ. വി. എസ്. ശിവകുമാറിനുതന്നെ മനസാക്ഷിക്കുത്തുണ്ട്. സ്ത്രീകളുടെ സംവരണം എടുത്തുകളയണമെന്ന് ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞു. അതിന് പറ്റുന്ന ഒരു ബില്ലുമായി ശ്രീ. വി. എസ്. ശിവകുമാർ വന്നു. അതുകൊണ്ട് അദ്ദേഹ ത്തിനുതന്നെ ഇന്ന് നിയമനിർമ്മാണത്തോട് നീതി പുലർത്താൻ സാധിക്കാത്ത നിലയിലാണ് ഇവിടെ സംഭവങ്ങൾ ഉണ്ടായിരിക്കുന്നത്. ഇതിന് ഈ ഗവൺമെന്റിനോട് കേരളത്തിലെ സ്ത്രീകൾ പകരം ചോദിക്കും. ഉണ്ടായ സംവരണം എടുത്തുകളയുന്ന സർക്കാരിനോട് ഈ കേരളത്തിലെ സ്ത്രീകൾക്ക് യോജിക്കാൻ സാധിക്കുമോ; യു.ഡി.എഫ്.-ലെ സ്ത്രീകൾക്ക് ഇതിനോട് യോജിക്കാൻ സാധിക്കുമോ; യു.ഡി.എഫ്.-ന്റെ മഹിളാ സംഘടന കളില്ലേ; ആ മഹിളാ സംഘടനകൾക്ക് ഇതിനോട് യോജിക്കാൻ സാധിക്കുമോ? നമ്മുടെ രാജ്യത്ത് പാർലമെന്റിലും നിയമസഭകളിലും സ്ത്രീകൾക്ക് സംവരണം വേണമെന്നുള്ള ആവശ്യം ശക്തമായിട്ട് ഉയർന്നുവ രുന്ന ഒരു കാലമാണ്. രാജ്യസഭ 33 ശതമാനം സംവരണം സ്ത്രീകൾക്ക് നിയ മസഭയിലും ലോകസഭയിലും വേണമെന്നുള്ള ബിൽ പാസ്സാക്കി. രാജ്യസഭ പാസ്സാക്കിയ ബിൽ ലോകസഭ പാസ്സാക്കുന്നതുകൊണ്ടാണ് ലോകസഭയിലും നിയമസഭയിലും സ്ത്രീകൾക്ക് സംവരണമില്ലാത്തത്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, കേരളത്തിൽ സ്ത്രീ സംവരണ

ത്തിന് പ്രത്യേകമായ വ്യവസ്ഥയില്ലാതിരുന്ന അവസരത്തിൽ സരസ്വതി കുഞ്ഞുകൃഷ്ണനെ പ്രസിഡന്റാക്കിയ പാർട്ടിയാണ് കോൺഗ്രസ് പാർട്ടി. അത് വിസ്മരിക്കരുത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അങ്ങനെ ഒരു സംവരണവു മില്ലാതെ ഇന്ദിരാഗാന്ധി ഇന്ത്യാ രാജ്യത്തിന്റെ പ്രധാനമന്ത്രിയായിട്ടുണ്ട്. സംവരണം കൊടുത്തിട്ടാണോ ഇന്ദിരാ ഗാന്ധി ഇന്ത്യാ രാജ്യത്തിന്റെ പ്രധാന മന്ത്രിയായത്? പാക്കിസ്ഥാൻ പാർലമെന്റിലുള്ള അത്ര അംഗസംഖ്യ ഇന്ത്യൻ പാർലമെന്റിൽ ഇല്ല. ബാംഗ്ലാദേശ് പാർലമെന്റിലുള്ള അംഗസംഖ്യ ഇന്ത്യൻ പാർലമെന്റിൽ ഇല്ല. നമ്മുടെ നിയമസഭയിൽ എത്ര സ്ത്രീകളാണുള്ളത്? അതുകൊണ്ട് സംവരണം കൊടുക്കുന്നില്ലെങ്കിൽ സ്ത്രീകൾക്ക് എവിടെയും പ്രാതിനിധ്യം കിട്ടാൻ പോകുന്നില്ല. ഈ നിയമസഭയിൽ എത്രയാണ് പ്രാതിനിധ്യം? പ്രതിപക്ഷത്ത് ഇത്രയേയുള്ളൂ. ഭരണപക്ഷത്ത് ഒന്നേയുള്ളൂ. സംവരണം കൊടുക്കുന്നില്ലെങ്കിൽ നമ്മൾ എല്ലാ രാഷ്ട്രീയ പാർട്ടികളും ഈ നിയമസഭയും ലോകസഭയും സ്ത്രീകൾക്ക് കൊടുക്കില്ലായെന്നുള്ളതിന് തെളിവല്ലേ? നമ്മുടെ എല്ലാ രാഷ്ട്രീയ പാർട്ടികളും പുരുഷമേധാവിത്തമുള്ള രാഷ്ട്രീയ പാർട്ടികളായിട്ടല്ലേ ഇപ്പോൾ തുടരുന്നത്. ഫ്യൂഡലിസത്തിന്റെ സ്ഥിതിവിശേഷം ഇന്ന് നിലനിൽക്കുന്നതുകൊണ്ട് സ്ത്രീകൾക്ക് സംവരണം കൊടുക്കുന്നില്ലായെങ്കിൽ എവിടെയും സ്ത്രീകൾക്ക് കടന്നുവരാൻ സാധിക്കു കയില്ല എന്നുള്ളതാണ് ഇന്നത്തെ അവസ്ഥ. ഇത് മാറ്റുന്നതിനുവേണ്ടിയാണ് സംവരണം വേണമെന്നുള്ള ശക്തമായ നിലപാട് ഇടതുപക്ഷം സ്വീകരി ക്കുന്നത്. പാർലമെന്റിൽ ആ ബിൽ കൊണ്ടുവന്നാൽ ഞങ്ങൾ പിന്താങ്ങാ മെന്ന് പറഞ്ഞിട്ടും എന്തുകൊണ്ടാണ് ആ ബിൽ കൊണ്ടുവന്ന് പാസ്സാക്കാ

ത്തത്? ഈ അടുത്ത കാലത്ത് 50 ശതമാനം സംവരണം വേണമെന്ന മുദ്രാവാക്യം വന്നിരിക്കുന്നത് ഇലക്ഷൻ അടുത്ത് വന്നപ്പോഴല്ലേ? ആ മുദ്രാവാക്യം ഉയർത്തിയിരിക്കുന്നത് കോൺഗ്രസ് പാർട്ടിയാണ്. ആ കോൺഗ്രസ് പാർട്ടി ഇവിടെ കൊണ്ടുവന്ന ബില്ലിനകത്ത് ഉണ്ടായ സംവരണംപോലും എടുത്തുകളഞ്ഞാൽ ഇതിനോട് എങ്ങനെ യോജിക്കാൻ സാധിക്കും; ഇത് കോൺഗ്രസ്സിന്റെ നിലപാടാണോ? ഇപ്പോഴത്തെ കെ.പി.സി.സി. പ്രസിഡന്റ് അവിടെയില്ല. കോൺഗ്രസ്സിന്റെ നിലപാടാണോ ഈ ബില്ലിൽക്കൂടി പ്രതിഫലിച്ചിരിക്കുന്നത്? ഉണ്ടായ സംവരണം എടുത്തുകളയുന്ന ഈ നീക്കത്തോട് കേരളത്തിലെ ജനങ്ങൾക്ക് ആർക്കും യോജിപ്പില്ല. അതുകൊണ്ട് ഈ നിയമനിർമ്മാണവുമായി കൂട്ടുനിൽക്കാൻ കേരളത്തിലെ പ്രതിപക്ഷത്തിന് സാധിക്കില്ല. കേരളത്തിലെ സ്ത്രീകൾക്കുവേണ്ടി ഞങ്ങൾക്ക് ഇതിനെ ശക്തമായി എതിർക്കേണ്ടിവരും. പബ്ലിക് സർവ്വീസ് കമ്മീഷന് ഓരോ നിയമനങ്ങളും വിട്ടുകൊണ്ട് ചരിത്രം സൃഷ്ടിക്കുന്ന സംസ്ഥാനമാണ് കേരളം. നിയമനം പി.എസ്.സി.-ക്ക് വിട്ടാലേ പിന്നോക്ക സമുദായത്തിൽപ്പെട്ടവർക്ക് സംവരണ പ്രകാരം ജോലി കിട്ടുകയുള്ളൂ. നമ്മുടെ എയ്ഡഡ് സ്കൂളുകളിലും കോളേജുകളിലും എത്ര പട്ടികജാതിക്കാർ അദ്ധ്യാപകരായിട്ടുണ്ട്; എയ്ഡഡ് കോളേജുകളിൽ എത്ര പട്ടികവർഗ്ഗക്കാർ അദ്ധ്യാപകരായിട്ടുണ്ട്? എവിടെയുമില്ല. ഒരു ശതമാനംപോലും കിട്ടുന്നില്ല. സംവരണമുള്ള മേഖലയിൽ മാത്രമേ എസ്.സി./എസ്.റ്റി. വിഭാഗത്തിന് ജോലി കിട്ടുന്നുള്ളൂ. സംവരണമുള്ള മേഖലയിൽ മാത്രമേ പിന്നോക്ക സമുദായക്കാർക്ക് ജോലി കിട്ടുന്നുള്ളൂ. ഹിന്ദു വിഭാഗത്തിൽപ്പെട്ട പിന്നോക്ക സമുദായക്കാർക്ക്, പട്ടികജാതി പട്ടികവിഭാഗത്തിൽപ്പെട്ടവർക്ക് ദേവസ്വം ബോർഡുകളിൽ കിട്ടുന്ന നിയമനം എന്തിനാണ്

ഈ ഗവൺമെന്റ് എടുത്തുകളയുന്നത്? പി.എസ്.സി.–ക്ക് വിട്ട നിയമനം എടുത്തുകളയാൻ ഈ ഗവൺമെന്റല്ലാതെ വേറെ ഏതെങ്കിലും ഗവൺമെന്റ് തയ്യാറാകുമോ; നമ്മുടെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയാണെങ്കിൽ നിയമനം പി.എസ്.സി.ക്ക് വിട്ടുവെന്ന് എപ്പോഴും അഭിമാനിക്കുന്ന മുഖ്യമന്ത്രിയല്ലേ? പി. എസ്.സി. വഴി നിയമനം നടത്തിയെന്ന് എല്ലാ ദിവസവും അദ്ദേഹം പറ യുന്നു. പി.എസ്.സി.–ക്ക് വിട്ട നിയമനം എടുത്തുകളഞ്ഞ ഈ ഗവൺമെന്റ് പി.എസ്.സി.–യെ ഇല്ലാതാക്കാൻവേണ്ടി കൂട്ടുനിൽക്കുന്ന സർക്കാരല്ലേ; എന്തി നാണ് പി.എസ്.സി.–ക്ക് വിട്ട നിയമനം എടുത്തുകളയുന്നത്? കേരളത്തിലെ ദേവസ്വം ബോർഡുവഴി 5000 നിയമനം നടത്താൻ പോകുകയാണ്. പി.എസ്. സി. വഴി നടത്തേണ്ട നിയമനം ബോർഡുവഴിയാക്കി സ്വന്തക്കാർക്കും സിൽപ്പ ന്തികൾക്കും കൊടുത്ത് വമ്പിച്ച അഴിമതിക്ക് കളമൊരുക്കുകയാണ്. ഒരു അഴിമതി ബില്ലാണ് ഇവിടെ കൊണ്ടുവരുന്നത്. ഈ അഴിമതി ബില്ലിന് കൂട്ടു നിൽക്കാൻ ഞങ്ങൾക്ക് സാധിക്കുകയില്ല. ഈ ബിൽ പട്ടികജാതി – പട്ടിക വർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് എതിരായിട്ടുള്ള ബില്ലാണ്, ഈ ബിൽ പിന്നോക്കജാതി ജനവിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്കെതിരായിട്ടുള്ള ബില്ലാണ്. ഈ ബില്ലിന് ഞങ്ങൾ എങ്ങനെ കൂട്ടുനിൽക്കും; ദേവസ്വം ബോർഡിനെ സർക്കാരിന്റെ ഒരു ഡിപ്പാർട്ടുമെന്റാക്കി മാറ്റാനാണോ നിങ്ങൾ പോകുന്നത്; ദേവസ്വം ബോർഡിന് ചട്ടം നിർമ്മിക്കാനുള്ള അധികാരം നിങ്ങൾ എന്തിനാണ് എടുത്തുകളയുന്നത്? ദേവസ്വം ബോർഡുകൾക്ക് ചട്ടം നിർമ്മിക്കാനുള്ള അധികാരംപോലും എടുത്തുകളഞ്ഞ ഈ സർക്കാർ, ദേവ സ്വം ബോർഡുകൾക്ക് സ്വയം പ്രവർത്തിക്കാനുള്ള അധികാരംതന്നെ ഇല്ലാതാ ക്കിയില്ലേ; നിങ്ങളാണോ വിശ്വാസികൾക്കുവേണ്ടി നിൽക്കുന്ന സർക്കാർ? ആ

വിശ്വാസികൾക്കുവേണ്ടി ദേവസ്വം ബോർഡ് നടത്തുന്ന പ്രവർത്തനത്തെ നിങ്ങൾ അട്ടിമറിച്ചുകൊണ്ട് ഈ സർക്കാർ ദേവസ്വം ബോർഡിന്റെ മുക ളിൽക്കയറിയിരിക്കാൻവേണ്ടി നടത്തുന്ന നീക്കത്തിന്റെ ഭാഗമായിട്ടല്ലേ ചട്ടങ്ങ ളുണ്ടാക്കാനുള്ള അധികാരംപോലും ദേവസ്വം ബോർഡ് എടുത്തുകളഞ്ഞിരി ക്കുന്നത്. ഇതിനുവേണ്ടി ഒരു ബിൽ കൊണ്ടുവന്നിട്ട് പ്രതിപക്ഷം അംഗീകരിച്ച് തരണമെന്ന് പറഞ്ഞാൽ ഞങ്ങൾക്ക് ഇതിനോട് യോജിക്കാൻ സാധിക്കുമോ? എന്നിട്ട് നിങ്ങൾ പറയുന്നു, നിങ്ങൾക്ക് ഒരാളെ കിട്ടിയിട്ടില്ലേ, നിങ്ങൾക്ക് അതിൽ സ്ത്രീകളെ എടുത്തുകൂടേയെന്ന്. അതിന്റെ അർത്ഥം എന്താണ്; നിങ്ങൾ ഒരു കാലത്തും എടുക്കുകയില്ല എന്നല്ലേ; നിങ്ങൾ രണ്ടാളെ മന്ത്രിസ ഭയിൽ എടുത്തില്ലേ; രണ്ടാളെ എടുക്കുമ്പോൾ ഒന്ന് സ്ത്രീയെ എടുത്തിരുന്നു വെങ്കിൽ നിങ്ങൾക്ക് പറഞ്ഞ് നിൽക്കാമായിരുന്നില്ലേ; നിങ്ങൾ എന്തുകൊണ്ട് എടുത്തില്ല? എന്നിട്ട് നിങ്ങൾ ഒരു സ്ത്രീയെ എടുത്തോളൂവെന്ന് ഇപ്പോൾ പറയുന്നു. സ്ത്രീത്വത്തിന് എതിരായി ഇങ്ങനെ വെല്ലുവിളിച്ച ഉമ്മൻ ചാണ്ടി സർക്കാരിനെപ്പോലെയൊരു സർക്കാർ ഈ കേരളത്തിലുണ്ടായിട്ടില്ല. അതു കൊണ്ട് ഞങ്ങൾക്ക് ഈ നിയമനിർമ്മാണവുമായി ഒരിക്കലും കൂട്ടു നിൽക്കാൻ സാധിക്കുകയില്ല. ഇത് സ്ത്രീവിരുദ്ധമായ ബില്ലാണ്, പട്ടികജാതി – പട്ടികവർഗ്ഗ വിഭാഗത്തിനെതിരായ ബില്ലാണ്, പിന്നോക്കജാതി വിഭാഗത്തി നെതിരായ ബില്ലാണ്, യുവാക്കൾക്ക് എതിരായ ബില്ലാണ്. അതുകൊണ്ട് ഈ ബില്ലിനെ ഞങ്ങൾ നഖശിഖാന്തം എതിർക്കുകയാണ്. ഞങ്ങൾക്ക് ഇതിന് കൂട്ടുനിൽക്കാൻ സാധിക്കുകയില്ല. രാവിലെ ഈ നിയമസഭയിൽ ഒരു രേഖ വയ്ക്കാമെന്ന് പറഞ്ഞ് ഞങ്ങളെ കബളിപ്പിച്ചു. ഇങ്ങനെയുള്ള ഒരു ഗവൺമെന്റുമായി എങ്ങനെയാണ് നിയമനിർമ്മാണ പ്രക്രിയയിൽ ഒന്നിച്ചു പോകാൻ സാധിക്കുന്നത്? അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഈ നിയമ

സഭയെത്തന്നെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് ഇതെല്ലാമൊരു മോക്കറിയാക്കി എങ്ങനെയെങ്കിലും പാസ്സാക്കിയെടുക്കാമെന്നുള്ള നിലപാടിനോട് ശക്തമായി പ്രതിഷേധിക്കുന്നു. ഞങ്ങൾ ഈ ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യുകയാണ്. ഞങ്ങൾക്ക് ഇതുമായി സഹകരിക്കാൻ സാധിക്കുകയില്ല.

(പ്രതിപക്ഷാംഗങ്ങൾ ബിൽ സഭാതലത്തിൽ കീറിയിട്ടശേഷം മുദ്രാ വാക്യവും വിളിച്ചുകൊണ്ട് ബാക്കിയുള്ള സഭാനടപടികൾ ബഹിഷ്ക്കരിച്ച് സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. പി. സി. ജോർജ്</u> : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ബില്ലിന്റെ ചർച്ചയിൽ വെറും രാഷ്ട്രീയ പ്രസംഗമാണ് നടത്തിയത് എന്ന ആരോപണമാണ് എനിക്കുള്ളത്. കാരണം 1950 മുതൽ 2007 വരെയുള്ള നിയമത്തിൽ സ്ത്രീ സംവരണം എന്നൊരു ഇടപാട് ഇല്ലായിരുന്നു. അതിനുശേഷമാണ് സ്ത്രീ സംവരണം വന്നത്. ഇവിടെ സ്ത്രീ സംവരണത്തെ പറ്റി, സ്ത്രീ സംവരണമില്ലായെന്ന് പരിതപി ക്കുന്ന കോടിയേരി ബാലകൃഷ്ണൻ മുൻകൂർ ജാമ്യമെടുക്കാൻ വേണ്ടി വേറെ ഒരു കാര്യംകൂടി പറഞ്ഞു. രണ്ട് അംഗങ്ങളെ ക്യാബിനറ്റെടുത്തപ്പോൾ ഒരു അംഗത്തെയെടുക്കാനുള്ള അവകാശം നിയമസഭാ അംഗങ്ങൾക്ക് കൊടുത്തു. അത് പട്ടികജാതിക്കാരനായിരിക്കണമെന്ന് നിയമത്തിൽ പറ ഞ്ഞിട്ടുണ്ട്. പക്ഷേ പട്ടികജാതി പുരുഷനായിരിക്കണമെന്ന് പറഞ്ഞിട്ടില്ല. അപ്പോൾ ഒരു പട്ടികജാതി സ്ത്രീയെ ഇടതുപക്ഷം നിശ്ചയിച്ചിരുന്നുവെങ്കിൽ സ്ത്രീ സംവരണത്തെക്കുറിച്ച് ബില്ലിൽ പരാമർശിക്കാതെതന്നെ ഒരു സ്ത്രീയെ വയ്ക്കാൻ കഴിയുമായിരുന്നു എന്ന സത്യം നിഷേധിക്കാൻ കഴിയു

കയില്ല. ആ സത്യം നിലനിൽക്കുമ്പോൾ വെറുതെ രാഷ്ട്രീയപ്രേരിതമായ പ്രസംഗം നടത്തി ഈ ബില്ലിന്റെ പവിത്രതയെ മോശമാക്കാൻ ശ്രമിക്കുന്നത് ശരിയാണെന്ന് അംഗീകരിക്കാൻ കഴിയില്ല. സ്ത്രീ സമത്വത്തെക്കുറിച്ചും സംവരണത്തെക്കുറിച്ചും ഇത്ര വീറോടെ ഇടതുപക്ഷം സംസാരിക്കുമ്പോൾ വളരെ പ്രധാനപ്പെട്ട ഒരു കാര്യമുണ്ട്. ഇവിടെ ഇന്നലെത്തെ പത്രത്തിൽ വന്ന ഒരു കാര്യമുണ്ട്. രാജ്യസഭയിലേയ്ക്ക് ബംഗാളിൽനിന്നും ശ്രീമതി വൃന്ദാ കാരാട്ടിനെ മത്സരിപ്പിക്കാൻ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പോളിറ്റ് ബ്യൂറോ നിശ്ചയിച്ചയച്ചു.

മി. സ്പീക്കർ : മൂന്നാം വായനയിലൊന്നും ഇതില്ല. പ്ലീസ്, അങ്ങുകൂടി ഇങ്ങനെ തുടങ്ങിയാലോ.

ശ്രീ. പി. സി. ജോർജ് : അവർ രാഷ്ട്രീയം പറഞ്ഞാൽ നമ്മളും രാഷ്ട്രീയം പറയണ്ടേ? ശ്രീമതി വൃന്ദാ കാരാട്ടിനെ പശ്ചിമബംഗാളിൽനിന്നും രാജ്യസഭയിലേക്ക് അയയ്ക്കാൻ പറ്റില്ലെന്ന നിലപാട് സംസ്ഥാന ഘടകം സ്വീകരിച്ചു. കേരളത്തിലെ ചരിത്രമെടുക്കാം. 1996-ൽ 'കേരം തിങ്ങും കേരള നാട്ടിൽ കെ. ആർ. ഗൗരിയമ്മ ഭരിക്കും' എന്നു പറഞ്ഞുകൊണ്ട് വോട്ടുപിടിച്ച് അധികാരത്തിൽ വന്നു. ഇവിടെ നായനാരെ പിടിച്ച് മുഖ്യമന്ത്രിയാക്കി. ഗൗരി യമ്മയെ ആക്കിയില്ല. അപ്പോൾ പിന്നെ സ്ത്രീ സംവരണത്തെപ്പറ്റിയുള്ള പ്രസംഗവും സ്ത്രീകളുടെ പ്രാതിനിധ്യത്തെപ്പറ്റിയുള്ള പ്രതിപക്ഷ ഉപനേതാ വിന്റെ പ്രസംഗവും വെറും ചാരിത്ര്യപ്രസംഗമാണ്. കേരളത്തിലെ ജനങ്ങൾ അതിനെ തള്ളിക്കളയും. ഈ നിയമം പാസാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013–ലെ തിരുവിതാംകൂർ–കൊച്ചി ഹിന്ദുമതസ്ഥാപനങ്ങൾ (ഭേദഗതി) ബിൽ പാസാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013 –ലെ തിരുവിതാംകൂർ–കൊച്ചി ഹിന്ദുമതസ്ഥാപനങ്ങൾ (ഭേദഗതി) ബിൽ പാസാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ..............................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസായിരിക്കുന്നു.

(മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ)

23.1.2014 JJ-SP 3

4.50-5.00

## 2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013–ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013–ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

മി. സ്പീക്കർ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013 –ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .......................

പ്രതികൂലിക്കുന്നവർ .........................

പ്രമേയം പാസായിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

(വിയോജനക്കുറിപ്പ് നൽകിയ പ്രതിപക്ഷാംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. കെ. ശിവദാസൻ നായർ : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013–ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇവിടെ കഴിഞ്ഞ ബില്ലിനെ എതിർത്തുകൊണ്ട് സംസാരിച്ച പല അംഗങ്ങളും യാഥാർത്ഥ്യങ്ങൾ മറച്ചു വച്ചുകൊണ്ടാണ് സംസാരിച്ചത്. ഇവിടെ ഇപ്പോൾ പ്രസക്തമായിട്ടുള്ളത് ഈ ബില്ലാണ്. മലബാർ ദേവസ്വം ബോർഡ് സർക്കാർ ഗ്രാന്റിലാണ് പ്രവർത്തിക്കുന്നത്. പല ക്ഷേത്രങ്ങളിലും നിത്യനിദാന ചെലവിനുപോലും പണമില്ലാത്ത ഒരു അവസ്ഥയുണ്ട്. ദേവസ്വം ബോർഡിനുതന്നെ പ്രത്യേകമായ അധികാരങ്ങൾ പല ക്ഷേത്രങ്ങളെ സംബന്ധിച്ചും ഇല്ലാത്ത ഒരു സ്ഥിതിയുണ്ട്. മറ്റ് ദേവസ്വങ്ങളെ അപേക്ഷിച്ച് ഏകീകൃത രീതിയിലുള്ള ഒരു നിയമം ഉണ്ടാകേണ്ടത് അനിവാര്യമാണ്. അതുപോലെ ഇപ്പോൾ 26 കോടി

രൂപയോളം മലബാർ ദേവസ്വം ബോർഡിന് ഗവൺമെന്റ് കൊടുത്തു എന്നുള്ളത് നല്ല കാര്യമാണ്. കൂടുതൽ തുക അവിടെ കൊടുത്തുകൊണ്ട് ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തണം. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ മിക്കവാറും എല്ലാ സ്വത്തുക്കളും അന്യാധീനപ്പെട്ടിരിക്കുകയാണ്. അത് തിരികെ ലഭിക്കുന്നതിനുവേണ്ടിയുള്ള സത്വരമായ നടപടികൾ റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഇവിടെ മുൻഭരണ സമിതിയിൽ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടാക്കിയ ദേവസ്വം ബോർഡിൽ ഒമ്പത് അംഗങ്ങളുണ്ട്. ദേവസ്വം ബോർഡ് അംഗങ്ങൾക്ക് ചില ക്വാളിഫിക്കേഷൻസ് നിശ്ചയിച്ചിട്ടുണ്ട്. ഒന്ന് ദാർശനികനായിരിക്കണം – ദേവസ്വം ബോർഡ് അംഗങ്ങളിൽ ഒരാൾ ഹിന്ദുമതത്തിലെ ദാർശനികനായിരിക്കണം. ആരെയാണ് ദാർശനികൻ എന്നുപറയുന്നത്? ആരെ ഉദ്ദേശിച്ചാണ് അത്തരത്തിലൊരു വിശേഷണം വച്ചതും നിയമിച്ചതും? ഒരു അഡ്വ. ചാത്തുക്കുട്ടി – എന്ത് ദാർശനികനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. മറ്റൊന്ന് വനിത – വനിതാ അംഗം ഭക്തിഗാനത്തിൽ പ്രാവീണ്യമുള്ള ആളായിരിക്കണം. ആരെയാണ് ഉദ്ദേശിക്കുന്നത്? ഇത്തരത്തിലുള്ള ചില ക്വാളിഫിക്കേഷൻസ് വച്ചിരിക്കുകയാണ്. നവോത്ഥാന പ്രസ്ഥാനങ്ങളിൽ നേതൃത്വം കൊടുത്ത ആൾ – എന്നിട്ട് നിയമിച്ചിരിക്കുന്നത് ബ്രാഞ്ച് കമ്മിറ്റി സെക്രട്ടറിയെ. എന്തൊരു വിരോധാഭാസമാണ്. ഇതൊക്കെ ചെയ്തുവച്ചിട്ട് ഇതെല്ലാം ശരിയാണെന്ന് പറയുന്നതിൽ എന്താണ് അർത്ഥം? കേരളത്തിൽ നവോത്ഥാന പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്ത ധാരാളം ആളുകളെ നമ്മളെല്ലാവരും കണ്ടതല്ലേ? പക്ഷേ ഇവിടെ ഇപ്പോൾ നവോത്ഥാനത്തിന്

നേതൃത്വം കൊടുത്തയാൾ എന്ന ഒരു വിശേഷണത്തോടുകൂടി ഒരു ഹരിദാസനെ കഴിഞ്ഞ ബോർഡിൽ നിയമിച്ചിരിക്കുന്നു. ഓരോ വിശേഷണം കൊടുത്ത് ഓരോ ആളുകളെ, തങ്ങളുടെ പാർട്ടിക്കാരെ കൊണ്ടുവരുന്നതിനു വേണ്ടി നിയമം കൊണ്ടുവന്ന ആളുകൾ തന്നെ അത് മറച്ചുവച്ചുകൊണ്ട് ഈ ഭേദഗതികളെ എതിർക്കുന്നതിൽ അർത്ഥമില്ലെന്നുമാത്രമാണ് എനിക്ക് അക്കാര്യത്തെ സംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്. ശബരിമലയിലെ ഇപ്രാവശ്യത്തെ മുഴുവൻ കാര്യങ്ങൾക്കും ദേവസ്വം വകുപ്പുമന്ത്രി വളരെ ശക്തമായ നേതൃത്വം കൊടുത്തു. വളരെ നല്ല നിലയിൽ അവിടത്തെ തീർത്ഥാടനം കഴിഞ്ഞിരിക്കുന്നു. കേരളത്തിലെ മുഴുവൻ വിശ്വാസികളും മുഴുവൻ ജനങ്ങളും അക്കാര്യത്തിൽ ദേവസ്വം ബോർഡിനെയും ഗവൺമെന്റിനെയും അഭിനന്ദിക്കും എന്ന കാര്യത്തിൽ എനിക്ക് സംശയമില്ല. ഞാൻ മറ്റ് ദീർഘമായ കാര്യങ്ങളിലേക്ക് കടക്കുന്നില്ല.

(പ്രതിപക്ഷാംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ 2 (ബി) ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല)

<u>വകുപ്പ് തിരിച്ചുള്ള പരിഗണന</u>

<u>2-ാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>3-ാം വകുപ്പ്</u>

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 127-ാം നമ്പർ ഭേദഗതി വകുപ്പ് നീക്കം ചെയ്യാനുള്ളതാകയാൽ ക്രമാനുസൃതമല്ല.

(മറ്റു ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>4-ാം വകുപ്പ്</u>

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി <u>(ശ്രീ. വി. എസ്. ശിവകുമാർ)</u>: സർ, ഏരിയ കമ്മിറ്റിയുടെ ചുമതലകൾ മാറ്റി സൂപ്പർ വിഷൻ എന്നാക്കുന്നതിനുള്ള താഴെപ്പറയുന്ന ഒഫിഷ്യൽ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു..

131. In section 7M(iii), proposed to be inserted in the principal Act by clause 4, for the words “the Board including the working of the Area Committee” the words “the Board including the function to supervise the working of the Area Committee” shall be substituted.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 132-ാം നമ്പർ ഭേദഗതി വകുപ്പ് നീക്കം ചെയ്യാനുള്ളതാകയാൽ ക്രമാനുസൃതമല്ല.

(മറ്റു ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>5-ാം വകുപ്പ്</u>

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 138, 139 എന്നീ നമ്പർ ഭേദഗതികൾ വകുപ്പ് നീക്കം ചെയ്യാനുള്ളതാകയാൽ ക്രമാനുസൃതമല്ല.

(മറ്റു ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>6–ാം വകുപ്പ്</u>

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 142–ാം നമ്പർ ഭേദഗതി വകുപ്പ് നീക്കം ചെയ്യാനുള്ളതാകയാൽ ക്രമാനുസൃതമല്ല.

(മറ്റു ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 6–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

6–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>7–ാം വകുപ്പ്</u>

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 149, 150 നമ്പർ ഭേദഗതികൾ വകുപ്പ് നീക്കം ചെയ്യാനുള്ളതാകയാൽ ക്രമാനുസൃതമല്ല.

(മറ്റു ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 7–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

7–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>8–ാം വകുപ്പ്</u>

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 152–ാം നമ്പർ ഭേദഗതി വകുപ്പ് നീക്കം ചെയ്യാനുള്ളതാകയാൽ ക്രമാനുസൃതമല്ല.

8–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

8–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 9–ാം വകുപ്പ്

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, നമ്പർ 35 എന്നുള്ളത് 43 ആക്കുന്നതിനുള്ള താഴെപ്പറയുന്ന ഒഫിഷ്യൽ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

153 കി ഔയരഹമൗലെ (1) ീള രഹമൗലെ 9, ളീൃ വേല ളശഴൗൃല □35□ ംശവേശി വേല യൃമരസലേ, വേല ളശഴൗൃല □43□ വെമഹഹ യല ൗയശെേശൗലേറ.

മി. ഡെപ്യൂട്ടി സ്പീക്കർ: 154–ാം നമ്പർ ഭേദഗതി 153–ന് തുല്യമാകയാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗികഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 9–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

ഭേദഗതി ചെയ്തപ്രകാരമുള്ള 9–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>1–ാം വകുപ്പും പീഠികയും പേരും</u>

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി <u>(ശ്രീ. വി. എസ്. ശിവകുമാർ):</u> സർ, 2013 എന്നുള്ളത് 2014 ആക്കുന്നതിനുള്ള താഴെപ്പറയുന്ന ഒഫിഷ്യൽ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

110. In sub-clause (1) of clause 1, for the figure,“2013”, the figure, “2014” shall be substituted.

(മറ്റു ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

ഭേദഗതി ചെയ്തപ്രകാരമുള്ള 1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മൂന്നാം വായന</u>

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി <u>(ശ്രീ. വി. എസ്. ശിവകുമാർ):</u> സർ, 2013–ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി <u>(ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):</u> സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, മലബാർ ദേവസ്വത്തിന്റെ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013–ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബില്ലാണ് ഇവിടെ അവതരിപ്പിച്ചത്. 1951–ലെ മദ്രാസ് ഹിന്ദുമത ധർമ്മസ്ഥാപന നിയമമനുസരിച്ചുള്ള സ്ഥാപനമാണിത്. 2008–ലാണ് ദേവസ്വം ബോർഡ് രൂപീകരിച്ചത്. 2008–ൽ കൊണ്ടുവന്ന ഭേദഗതികളിൽ ചില മാറ്റങ്ങൾ വരുത്തുന്നതിനാണ് ഈ ബില്ല് കൊണ്ടുവന്നത്. മലബാർ ദേവസ്വത്തിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ പുരോഗതിക്കുവേണ്ടി സമഗ്രമായിട്ടുള്ള പദ്ധതികൾ ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ട്. അക്കാര്യം നേരത്തെ ഞാൻ സൂചിപ്പിച്ചതാണ്. ഗ്രാന്റ് വർദ്ധിപ്പിച്ചിട്ടുണ്ട്. 26 കോടി രൂപയോളം ഗ്രാന്റായി ഗവൺമെന്റ് കൊടുക്കുന്നുണ്ട്. ഇവിടെ ചർച്ചകളിൽ വന്ന പ്രധാനപ്പെട്ട കാര്യം, മലബാർ ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം ലഭ്യമാകുന്നില്ല എന്നുള്ളതാണ്. കാടാമ്പുഴ, തിരുമാന്ധാംകുന്ന്, പിഷാരിക്കാവ്, മമ്മിയൂർ, പെരളശ്ശേരി എന്നീ അഞ്ച് ക്ഷേത്രങ്ങളിൽ മാത്രമാണ് സർക്കാർ നൽകുന്ന ഗ്രാന്റിൽ നിന്നുമെടുക്കാതെ അവിടത്തെ വരുമാനമനുസരിച്ച് ശമ്പളം നൽകുന്നത്. അതുപോലെ വരുമാനമുള്ള ക്ഷേത്രങ്ങളിൽ നിന്നും അവിടെയുള്ള ജീവനക്കാർക്ക് ശമ്പളം കൊടുക്കണമെന്നുള്ള ഒരു ആവശ്യം ഉണ്ടായിട്ടുണ്ട്. അത് പരിശോധിച്ച് അത്തരത്തിൽ വരുമാനമുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നൽകുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്. അതുപോലെ ആയിരക്കണക്കിന് ക്ഷേത്രഭൂമികൾ അന്യാധീനപ്പെട്ടുപോയതായിട്ടുള്ള പരാതികളുണ്ട്. അതുമായി ബന്ധപ്പെട്ട് ലാന്റ് കൺസർവൻസി യൂണിറ്റ് രൂപീകരിക്കുന്നതിന്

റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇവർക്കുള്ള ശമ്പളം നൽകുന്നതിന് മലബാർ ദേവസ്വം ബോർഡ് സമ്മതിച്ചിട്ടുള്ള സാഹചര്യത്തിൽ സർവ്വേ നടത്തുന്നതിനും എൻക്രോച്ച്മെന്റുണ്ടെങ്കിൽ കേരള ലാന്റ് കൺസർവൻസി ആക്ടനുസരിച്ച് കയ്യേറ്റമൊഴിപ്പിച്ച് ഭൂമി ഏറ്റെടുക്കുന്നതിനുമുള്ള സത്വര നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. അവിടെ ക്ഷേത്രകലാ അക്കാഡമി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിലേയ്ക്ക് 50 ലക്ഷം രൂപയുടെ ഭരണാനുമതി കൊടുത്തിട്ടുണ്ട്. ഫണ്ട് അനുവദിക്കുന്നതിനായി ധനകാര്യ വകുപ്പിലേയ്ക്ക് അത് അയച്ചിട്ടുണ്ട്. അത് വളരെ പെട്ടെന്നു പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ക്ഷേത്ര ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിന് ഒരു വെൽഫെയർ ഫണ്ട് ബോർഡ് രൂപീകരിക്കുകയും അവിടെ പെൻഷൻ കൃത്യമായി നൽകുകയും ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പെൻഷൻ പരിഷ്കരിക്കുന്നതിനുവേണ്ടി സർക്കാർ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. പെൻഷൻ പരിഷ്കരണ നടപടികൾ അന്തിമഘട്ടത്തിലാണ്. അതിനുള്ള നടപടികൾ സ്വീകരിക്കുമെന്നുകൂടി അറിയിക്കുകയാണ്. ഈ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 2013-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............................

പ്രതികൂലിക്കുന്നവർ.............................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ.... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ജനുവരി മാസം 24–ാം തീയതി വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.11–ന് പിരിഞ്ഞു.)